**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2281** **01-09-2022 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഗ്രാമ പഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും, സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയറായ Integrated Local Governance Management System (ILGMS) 04.04.2022 ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന ബാക്ക് ഓഫീസും കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ – ഗവേണൻസ് പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. വിഭിന്നങ്ങളായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവര സാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും, അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ് വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയുടെ പരിമിതിയെ മറികടക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇന്റലിജന്റ് ഗവേണൻസിന്റെ സാദ്ധ്യതകൾ സോഫ്റ്റ് വെയറിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ചു വരുന്ന വിവിധ സോഫ്റ്റ് വെയറുകൾ ഒറ്റ ലോഗിനിലൂടെ ലഭ്യമാക്കുകയും, സർക്കാർ സംവിധാനത്തിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ |

പഞ്ചായത്തുകൾ നൽകി വരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. നിയമാനുസൃതമായും സമയബന്ധിതമായും, കാര്യക്ഷതയോടെയും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേക്ക് ഉയർത്താനും സജ്ജമായ രീതിയിലാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്.

സമ്പൂർണ്ണ ഗുണമേന്മ നയം നടപ്പിലാക്കികൊണ്ട് പ്രതിബദ്ധതയുള്ള നേതൃത്വത്തിന്റെ കീഴിൽ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മികവുറ്റ സേവനം സമയബന്ധിതമായും അഴിമതി രഹിതമായും പൊതുജനങ്ങൾക്ക് നൽകി അവ തുടർച്ചയായി മെച്ചപ്പെടുത്തി അവരുടെ സമ്പൂർണ്ണ സംതൃപ്തി ഉറപ്പുവരുത്തുന്ന മാതൃകാ സ്ഥാപനമായി നിലകൊള്ളുക എന്ന നയം മുൻ നിർത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ISO അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്ക് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ISO അംഗീകാരം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ ISO അംഗീകാരം തുടർന്നും നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ സമയ ബന്ധിതമായി ലഭ്യമാകാനുതകുന്ന വിധത്തിൽ സേവനങ്ങൾ ലഭ്യമാക്കേണ്ട സമയ പരിധി, ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥൻ തുടങ്ങിയ വിവരങ്ങൾ ആയതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ത്വരിതഗതിയിലും കാര്യക്ഷമമായും നിർവഹിച്ച് ആയതിന്റെ പ്രയോജനം എത്രയും പെട്ടെന്ന് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുതകുന്ന വിധത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റ് തലത്തിലും ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടുകയും ആയത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട

| | | | |
|---|---|---|---|
| | | | പേയ്മെന്റുകൾ RTGS, PFMS തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ മുഖേന നടത്തുന്നതിനാൽ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പാക്കപ്പെടുകയും സേവന ദാതാക്കളുടെയും ഗുണഭോക്താക്കളുടെയും അക്കൗണ്ടിലേക്ക് വേഗത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനും മയക്കുമരുന്നു ലോബികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അവയ്ക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി ഗ്രാമസഭകളെ ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഗ്രാമപഞ്ചായത്തുകളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ജാഗ്രതാ സമിതികളും, വയോജനങ്ങൾക്ക് നേരെ ഉണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും, അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വേണ്ടി വയോജന ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുള്ളതാണ്. വ്യക്തിയെയും സമൂഹത്തെയും ശിഥിലമാക്കുന്ന ലഹരി എന്ന വിപത്തിനെക്കുറിച്ച് ജനങ്ങൾക്ക് പ്രത്യേകിച്ചും യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനായി കേരള സർക്കാർ ആരംഭിച്ച ലഹരി വിമുക്ത പ്രചരണ പരിപാടിയാണ് 'വിമുക്തി'. ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യം കേരള സർക്കാരും എക്സൈസ് വകുപ്പും കൂട്ടായ സാമൂഹിക പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കുകയാണ് വിമുക്തിയിലൂടെ. ലഹരി വിമുക്ത കേരളം എന്നതാണ് വിമുക്തി മുന്നോട്ട് വെയ്ക്കുന്ന പ്രധാന ലക്ഷ്യം. വിദ്യാർത്ഥികളിലും, യുവതലമുറയിലും പൊതു ജനങ്ങളിലും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള വിവിധ കർമ്മ പരിപാടികൾ എക്സൈസ് വകുപ്പ് സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്നു. വിമുക്തിയുടെ കീഴിൽ സ്കൂൾ കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത ക്ലബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, നാഷണൽ സർവ്വീസ് സ്കീമുകൾ, കുടുംബശ്രീ, റെസിഡൻസ് അസോസിയേഷനുകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, ലഹരി വിമുക്ത ഓർഗനൈസേഷനുകൾ, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മകൾ എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് വിമുക്തി മിഷൻ ലഹരിയ്ക്കെതിരെ പ്രവർത്തിക്കുന്നത്. വിമുക്തിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ, |

| | | | |
|---|---|---|---|
| | | | വാർഡ്, പഞ്ചായത്ത്, ലോക്കൽ സെൽഫ് ഗവൺമെന്റ് തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>സ.ഉ(കൈ.) നം.84/2022/ത.സ്വ.ഭ.വ തീയതി:19/04/2022-ലെ ഖണ്ഡിക. 8.8.1(3) പ്രകാരം സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി ഉപയോഗ വിപത്തുകൾക്കെതിരെയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരുടെയും ഇടയിൽ ബോധവൽക്കരണം നടത്തുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം — ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.84/2022/LSGD തീയതി,തിരുവനന്തപുരം, 19-04-2022

പരാമർശം:- 1. സ.ഉ(കൈ) നം. 275/2021/തസ്വഭവ; തീയതി 26/11/2021

2. സ.ഉ(കൈ) നം.68/2022/തസ്വഭവ; തീയതി 23/03/2022

<u>ഉത്തരവ്</u>

കേരളത്തിന്റെ അഭിമാനമായ ജനകീയാസൂത്രണം അഞ്ച് പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിരിക്കുന്നു. വൈവിധ്യമാർന്നതും ഭാവനാപൂർണ്ണവുമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള പ്രാപ്തി തദ്ദേശഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച് കഴിഞ്ഞു. കോവിഡാനന്തര നവകേരള സൃഷ്ടിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസനം ഉറപ്പാക്കുക, കാലാവസ്ഥ വ്യതിയാനത്തെയും പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക, സമഗ്രമായ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം എന്നിവയും പതിനാലാം പദ്ധതിയിലെ സുപ്രധാന ലക്ഷ്യങ്ങളാണ്.

സംസ്ഥാനത്തിന്റെ പതിനാലാം പദ്ധതി മുന്നോട്ട് വയ്ക്കുന്ന വികസന ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളും വലിയ വിജയമാകണം. അതിന് പര്യാപ്തമാകുന്നതരത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും വെവ്വേറെ മാർഗ്ഗരേഖകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
28. എല്ലാ സർവകലാശാലകളുടെയും വൈസ് ചാൻസലർമാർക്കും
29. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
30. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
31. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
32. കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
33. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
34. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
35. ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
36. മാനേജിങ് ഡയറക്ടർ, കേരള ജല അതോറിറ്റി
37. ഡയറക്ടർ, ഭൂജല വകുപ്പ്
38. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
39. എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക്
39. എല്ലാ വികസന വകുപ്പുകളുടെയും ഡയറക്ടർമാർക്ക്
40. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
41. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
42. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 19-04-2022 11:36:51

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 9 |
| 2 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യവും മുൻഗണനകളും | 11 |
| 2.1 | പൊതുലക്ഷ്യങ്ങൾ | 11 |
| 2.2 | സവിശേഷ വികസന ലക്ഷ്യങ്ങൾ | 12 |
| 2.3 | പൊതുമുൻഗണനകൾ | 14 |
| 2.4 | പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും പദ്ധതിയുടെ പൊതുവ്യവസ്ഥകളും | 20 |
| 2.5 | പഞ്ചവത്സര പദ്ധതി സമീപനം | 21 |
| 2.6 | ജില്ലാ പദ്ധതിയും ജില്ലാതല മുൻഗണനകളും | 22 |
| 2.7 | പ്രാദേശിക  പദ്ധതികളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ | 22 |
| 3 | പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും | 23 |
| 3.1 | ആസൂത്രണസമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ | 23 |
| 3.1.1 | ആസൂത്രണ സമിതികൾ | 23 |
| 3.1.2 | വർക്കിംഗ് ഗ്രൂപ്പുകൾ | 25 |
| 3.1.3 | റിസോഴ്സ് പേഴ്സൺമാർ | 30 |
| 3.2 | ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ | 31 |
| 3.2.1 | ഗ്രാമസഭാ യോഗങ്ങൾ | 31 |
| 3.2.2 | ഊരുകൂട്ട യോഗങ്ങൾ | 33 |
| 3.2.3 | ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങൾക്കുള്ള മറ്റ് നിർദ്ദേശങ്ങൾ | 34 |
| 3.2.4 | ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗങ്ങൾ | 35 |
| 3.3 | വികസന സെമിനാറും കരട് പദ്ധതി രേഖയും | 36 |
| 3.3.6 | വാർഷിക പദ്ധതി രേഖ | 37 |
| 3.4 | വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ | 41 |
| 3.4.1 | വാർഷിക പദ്ധതി അടങ്കൽ നിശ്ചയിക്കൽ | 41 |
| 3.4.2 | വാർഷികപദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ  സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക് | 43 |
| 3.4.3 | ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം | 44 |
| 3.5 | പ്രോജക്ടുകൾ തയ്യാറാക്കൽ | 44 |

| | | |
|---|---|---|
| 3.5.1 | പ്രോജക്ട് ഡാറ്റാ എൻട്രിയും നിർവ്വഹണ ഉദ്യോഗസ്ഥരും | 44 |
| 3.5.2 | ഏകവർഷ പ്രോജക്ടുകളും ബഹുവർഷ പ്രോജക്ടുകളും | 48 |
| 3.5.3 | പുതിയ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും | 48 |
| 3.5.4 | സംയുക്ത പ്രോജക്ടുകൾ | 48 |
| 3.5.5 | സംയോജിത പരിപാടികൾ/സമഗ്ര പരിപാടികൾ | 49 |
| 3.5.6 | സംയോജന സാദ്ധ്യതകൾ | 51 |
| 3.5.7 | സംയോജിത പരിപാടികൾക്കും സംയുക്ത പ്രോജക്ടുകൾക്കും പ്രോത്സാഹന ധനസഹായം | 55 |
| 3.5.8 | പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ നിയന്ത്രണം | 55 |
| 3.5.9 | കൺസൾട്ടൻസി സേവനങ്ങൾ ഉപയോഗപ്പെടുത്തൽ | 55 |
| 3.5.10 | സബ്സിഡി മാനദണ്ഡങ്ങൾ | 56 |
| 3.6 | വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം | 56 |
| 3.7 | വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 56 |
| 3.8 | പ്രോജക്ടുകളുടെ അംഗീകാരം | 59 |
| 3.8.1 | പ്രോജക്ട് പരിശോധനയും വെറ്റിംഗ് ഓഫീസർമാരും | 59 |
| 3.8.2 | വെറ്റിംഗ് ഓഫീസർമാരുടെ മുഖ്യചുമതലകൾ | 61 |
| 3.8.3 | നിർമ്മാണ പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതിയും | 62 |
| 3.8.4 | ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി മുതലായ കാര്യങ്ങൾ | 64 |
| 3.8.5 | നൂതന(Innovative) പ്രോജക്ടുകളുടെ അംഗീകാരത്തിന് പ്രത്യേക സംവിധാനം | 67 |
| 3.8.6 | പ്രോജക്ടുകളുടെ അനുമതി നിരീക്ഷണവും മോണിട്ടറിംഗും | 68 |
| 4 | പരാതി പരിഹാര സംവിധാനങ്ങൾ | 68 |
| 4.1 | പ്രോജക്ട് അംഗീകാരവുമായി ബന്ധപ്പെട്ട പരാതികൾ | 68 |
| 4.1.1 | ജില്ലാതല അപ്പലേറ്റ് കമ്മിറ്റി (ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും) | 69 |
| 4.1.2 | സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി (ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും) | 69 |
| 4.2 | ജില്ലാ ആസൂത്രണ സമിതികളുടെയും അപ്പലേറ്റ് കമ്മിറ്റികളുടെയും തീരുമാനങ്ങളിന്മേലുള്ള പരാതികൾ | 70 |
| 4.3 | നൂതന കമ്മിറ്റിയുടെ തീരുമാനങ്ങളിന്മേലുള്ള പരാതികൾ | 70 |
| 5 | വിഭവ സമാഹരണം, അനിവാര്യ വകയിരുത്തൽ, മേഖലാവിഭജനം | 70 |
| 5.1 | വിഭവസമാഹരണം : പൊതു നിർദ്ദേശങ്ങൾ | 70 |

| | | |
|---|---|---|
| 5.2 | അനിവാര്യ വകയിരുത്തലുകളും മുൻഗണനാ പ്രോജക്റ്റുകളും | 73 |
| 5.3 | പ്രോജക്റ്റുകളുടെ മേഖലാ തരംതിരിവ് | 75 |
| 5.4 | വികസന ഫണ്ടിന്റെ മേഖലാ വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതവും നിശ്ചയിക്കൽ | 76 |
| 6 | പ്രത്യേക വിഭാഗങ്ങൾക്കും പ്രത്യേക മേഖലകൾക്കുമുള്ള പദ്ധതികൾ | 77 |
| 6.1 | പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan) | 77 |
| 6.2 | പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan) | 80 |
| 6.3 | വനിതാഘടക പദ്ധതി | 85 |
| 6.4 | കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി | 89 |
| 6.4 (എ) | കുട്ടികളുടെ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി | 89 |
| 6.4 (ബി) | ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, | 90 |
| 6.4 (സി) | ട്രാൻസ് ജെൻഡർ  വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി | 91 |
| 6.5 | വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും | 92 |
| 6.6 | അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോ പ്ലാൻ | 93 |
| 6.7 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള ഉപപദ്ധതി (FFC Sub Plan) | 94 |
| 6.8 | ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) | 95 |
| 6.9 | സദ്ഭരണ പദ്ധതി | 98 |
| 7 | പ്രത്യേക സമീപനം വേണ്ട മേഖലകൾ/ /വിഷയങ്ങൾ/ പ്രദേശങ്ങൾ | 99 |
| 7.1 | സുസ്ഥിര വികസനലക്ഷ്യങ്ങൾ (SDGs) | 99 |
| 7.2 | ദുരന്ത മാനേജ്മെന്റ് പദ്ധതി | 100 |
| 7.3 | കാലാവസ്ഥാ വ്യതിയാനം – പ്രാദേശിക കർമ്മ പദ്ധതി | 102 |
| 7.4 | പതിനഞ്ചാം ധനകാര്യകമ്മീഷൻ അനുവദിച്ചിട്ടുള്ള ആരോഗ്യ മേഖലാ ഗ്രാന്റിന്റെ (Health Sector Grant) വിനിയോഗം | 103 |
| 7.5 | നഗരസഞ്ചയങ്ങൾക്കുള്ളിലെ പദ്ധതി രൂപീകരണത്തിന് പ്രത്യേക സമീപനം | 105 |
| 7.6 | പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local  Economic Development Plan - LED Plan) | 106 |
| 8. | വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ, നിബന്ധനകൾ | 109 |
| 8.1 | ഹരിതകേരളം മിഷൻ | 109 |
| 8.1 (എ) | കൃഷി വികസനം | 109 |
| 8.1 (ബി) | മണ്ണ്-ജല സംരക്ഷണ (ജലസമൃദ്ധി)വും കുടിവെള്ളവും | 112 |

| | | |
|---|---|---|
| 8.1 (സി) | ശുചിത്വ - മാലിന്യ സംസ്കരണം | 115 |
| 8.2 | മൃഗസംരക്ഷണം, ക്ഷീര വികസനം | 119 |
| 8.3 | മത്സ്യബന്ധനം | 120 |
| 8.4 | ചെറുകിട വ്യവസായങ്ങളും പരിശീലനവും | 120 |
| 8.5 | ഊർജ്ജം | 123 |
| 8.6 | വിദ്യാഭ്യാസം | 124 |
| 8.7 | ആരോഗ്യ സുരക്ഷ | 126 |
| 8.8 | സാമൂഹ്യനീതി | 128 |
| 8.8.1 | സാമൂഹ്യനീതി-പൊതു നിർദ്ദേശങ്ങൾ | 128 |
| 8.8.2 | അങ്കണവാടികൾ പരിപാലിക്കൽ | 129 |
| 8.8.3 | ഭക്ഷണ വിതരണ പരിപാടികൾ | 130 |
| 8.9 | അതിഥി തൊഴിലാളി ക്ഷേമം | 131 |
| 8.10 | പാർപ്പിടം | 132 |
| 8.11 | കായിക വിനോദ സൗകര്യങ്ങൾ | 132 |
| 8.12 | കലയും സംസ്ക്കാരവും | 133 |
| 8.13 | സഹകരണം | 134 |
| 8.14 | ഗതാഗതം | 135 |
| 8.15 | വിനോദ സഞ്ചാരം | 137 |
| 8.16 | പ്രവാസി ക്ഷേമം | 137 |
| 9 | പദ്ധതി ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾ | 138 |
| 10 | വാർഷിക പദ്ധതിയും ബജറ്റും | 138 |
| 11 | സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കൽ | 139 |
| 12 | പദ്ധതി നിർവ്വഹണം | 140 |
| 12.1 | നിർവ്വഹണ പദ്ധതി തയ്യാറാക്കി നിർവ്വഹണ നടപടികൾ ആരംഭിക്കൽ | 140 |
| 12.2 | നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണ നടപടികൾ | 140 |
| 12.3 | ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ-: | 142 |
| 12.4 | പൂർത്തീകരണ പത്രവും ഭൗതിക നേട്ടങ്ങളും | 144 |
| 13 | വാർഷിക പദ്ധതി ഭേദഗതി | 145 |
| 14 | മോണിട്ടറിംഗ് | 145 |
| 15 | പദ്ധതി അവലോകനത്തിന് സോഷ്യൽ ഓഡിറ്റ് സംവിധാനം | 146 |
| 16 | വാർഷിക പദ്ധതി രൂപീകരണ മുന്നൊരുക്കം | 147 |

| | | |
|---|---|---|
| 17 | വാർഷിക പദ്ധതി തയ്യാറാക്കൽ: സമയക്രമം | 147 |
| അനുബന്ധം 1 | ഗ്രാമ ജില്ലാ പഞ്ചായത്തുകളിലെ-ബ്ലോക്ക്-വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം | 151 |
| അനുബന്ധം 2 | ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം- എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രത്യേക ചുമതലതകൾ | 155 |
| അനുബന്ധം 3 | വികസന മുൻഗണന അഭിപ്രായ സർവേ - | 156 |
| അനുബന്ധം 4 | പദ്ധതി ആസൂത്രണ ഗ്രാമസഭാ യോഗത്തിന്റെ കാര്യപരിപാടി (മാതൃക) | 157 |
| അനുബന്ധം 5 | പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടേയും ചുമതലകൾ | 158 |
| അനുബന്ധം 6 | പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് പരിചരണ സേവനങ്ങളുടെ പാക്കേജ് | 159 |
| അനുബന്ധം 7 | ജെൻഡർ റിസോഴ്സ് സെന്ററുകൾ (GRC) - വിവിധ തലങ്ങളിൽ | 166 |
| അനുബന്ധം 8 | ജെൻഡർ ഡെസ്കുകൾ | 169 |
| അനുബന്ധം 9 | ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ : 2030 | 170 |
| ഫോറം 1 | ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ | 171 |
| ഫോറം 2 | വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ | 172 |
| ഫോറം 3 | പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും | 173 |
| ഫോറം 4 | മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ | 174 |
| ഫോറം 5 | തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ | 175 |
| ഫോറം 6 | ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്ന അടുത്ത വർഷത്തെ പ്രോജക്ടുകൾ | 176 |
| ഫോറം 7 | മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ | 177 |
| ഫോറം 8 | സമഗ്ര പരിപാടി തയ്യാറാക്കുന്നതിനുള്ള ഫോറം | 180 |
| ഫോറം 9 | വാർഷിക പദ്ധതിയ്ക്ക് ലഭ്യമാകുന്ന തനത് ഫണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | 182 |

# ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവൽസരപദ്ധതിയിലെ 2022-2023 മുതൽ 2026-2027 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

## 1. ആമുഖം

(1) കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഇരുപത്തിയഞ്ചുവർഷം പൂർത്തിയാകുന്ന ഘട്ടത്തിലാണ് പതിനാലാം പഞ്ചവൽസര പദ്ധതി ആരംഭിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിൽ കാൽ നൂറ്റാണ്ടുകാലം കൊണ്ടു നേടിയ അനുഭവപരിചയം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത ഗണ്യമായി വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. വൈവിദ്ധ്യമാർന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനുമുള്ള പ്രാപ്തി തദ്ദേശഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ചു കഴിഞ്ഞു.

(2) പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയമപരമായി നിക്ഷിപ്തമായ ചുമതലയാണ്. ഇവ ഉപയോഗപ്പെടുത്തി കേരളത്തിന്റെ വികസനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് സ്തുത്യർഹമാണ്. വിവിധ വികസന സൂചികകളിൽ കേരളത്തിന് ദേശീയതലത്തിൽ പ്രഥമ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന നിഷ്ഠയും മികവുമാണ്. കേരളം തുടർച്ചയായി രണ്ടു വർഷം നേരിട്ട പ്രളയങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങളും അതിജീവിക്കാൻ കേരള സമൂഹത്തിന് കഴിഞ്ഞത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം കൊണ്ടു കൂടിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും ഇനിയും പലമടങ്ങ് വർദ്ധിപ്പിക്കുന്നതിനാണ് പതിനാലാം പഞ്ചവൽസര പദ്ധതിയിലൂടെ ശ്രമിക്കുന്നത്. അനാവശ്യമായ കാലതാമസം വരുത്തുന്ന നടപടിക്രമങ്ങളും മറ്റ് നിയന്ത്രണങ്ങളും പരമാവധി ലഘൂകരിച്ച് വികസന പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും അനുബന്ധപ്രവർത്തനങ്ങളും ലളിതവും സുഗമവുമാക്കുകയാണ് ലക്ഷ്യം. ഈ പ്രക്രിയയിൽ വിവിധ തലങ്ങളിലുള്ള വികസനവകുപ്പുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഏകോപിതമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയെന്നതും പ്രധാനമാണ്.

(3) പുതിയ കാലത്തിന്റെ വികസനസാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കേണ്ടതുണ്ട്. ഇതിനായി വിവിധ വൈജ്ഞാനിക മേഖലകളിലെ വിദഗ്ദ്ധരുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തവും സേവനവും പ്രാദേശികാസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും വിലയിരുത്ത ലിന്റെയും എല്ലാ ഘട്ടങ്ങളിലും ഉറപ്പുവരുത്തണം. സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ വികസിപ്പിക്കുക എന്നതാണ് പതിനാലാം പദ്ധതിയുടെ പൊതു സമീപനം.

(4) വികേന്ദ്രീകൃതാസൂത്രണത്തിന്റെ സവിശേഷത വിവിധ തട്ടുകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന ബഹുതല ആസൂത്രണമാണ്. ഇതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമപ്രകാരം, ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ, ഓരോ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും വിഭജിച്ചു നൽകുകയും അവ തമ്മിൽ വിവിധ തലങ്ങളിൽ സംയോജിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ നിർവചിക്കുകയും ചെയ്തിട്ടുണ്ട്. വിപുലവും സമഗ്രവുമായ വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിന് ഒരേതട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ തിരശ്ചീനമായും (Horizontal) മറ്റുതട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ലംബമാനമായുമുള്ള (Vertical) പരസ്പര ബന്ധവും സംയോജനവും ആവശ്യമാണ്. വിവിധതട്ടുകളിലെ സാമ്പത്തികവിഭവങ്ങൾ, മനുഷ്യവിഭവങ്ങൾ, അധികാരം എന്നിവ നിർദ്ദിഷ്ട വ്യവസ്ഥകൾക്കനുസരിച്ച് സംയുക്തമായി ഉപയോഗിക്കുകയും വേണം.

(5) വിവിധ വികസന ഏജൻസികൾ വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കുന്നതിന് (Integration) പ്രാധാന്യം നൽകണം. ഇല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും സമാന്തരമായ മറ്റുവികസന പ്രവർത്തനങ്ങളും തമ്മിലുള്ള ഏകോപനം നഷ്ടപ്പെടുകയും വൻതോതിൽ വിഭവശോഷണം ഉണ്ടാവുകയും ചെയ്യും. ഒരു പ്രദേശത്ത് സാദ്ധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വിഭവങ്ങൾ ഉപയോഗപ്പെടുത്തി കാര്യക്ഷമമായി വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതായിരിക്കണം ലക്ഷ്യം.

(6) ഇതോടൊപ്പം ജില്ലാതലത്തിലുള്ള ആസൂത്രണത്തിന്റെ ഫലമായി തയ്യാറാക്കപ്പെടുന്ന ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക – ദീർഘകാല പദ്ധതികളിൽ പ്രതിഫലിക്കുന്നുവെന്നും ഉറപ്പാക്കണം.

(7) മേൽപ്പറഞ്ഞ പൊതുസമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങളാണ് ഈ മാർഗ്ഗരേഖയിൽ പൊതുവായി വിശദീകരിക്കുന്നത്. ഈ മാർഗ്ഗരേഖയിൽ നിർബന്ധമായും (Mandatory) പാലിക്കേണ്ട കാര്യങ്ങളും അഭികാമ്യമായ (Desirable) കാര്യങ്ങളും സംബന്ധിച്ച് വ്യക്തത വരുത്താൻ ശ്രമിച്ചിട്ടുണ്ട്. പൊതുവികസന ലക്ഷ്യങ്ങൾ മുൻ നിർത്തിയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ള അനുകരണീയമായ മാതൃകകളെ അടിസ്ഥാനമാക്കിയുമാണ് ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ പലതും സ്വരൂപിച്ചിട്ടുള്ളത്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പ്രാദേശിക സാഹചര്യങ്ങ ൾക്കനുസരിച്ച് നവീനമായ ആശയങ്ങൾ വികസന പദ്ധതികളായി ആവിഷ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ പൊതു നയത്തിന് അനുരൂപമായും സഹായകമായും പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വിഭവലഭ്യത, സാങ്കേതിക സഹായലഭ്യത, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി വ്യത്യാസങ്ങൾ വരുമെങ്കിലും പൊതുവായ വികസന ലക്ഷ്യങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(8) പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വികസനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ സ്വീകരിക്കേണ്ട പൊതുലക്ഷ്യങ്ങളും മുൻഗണനകളും താഴെ നൽകുന്നു.

## 2. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യവും മുൻഗണനകളും

### 2.1 പൊതുലക്ഷ്യങ്ങൾ

(1) കേരളത്തിന്റെ സുസ്ഥിരമായ വികസനമാണ് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നത്. സാമൂഹ്യ വികസനരംഗത്ത് കേരളം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന് സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പാക്കേണ്ടതുണ്ട്. ഇതിന് സമ്പദ് വ്യവസ്ഥ വിജ്ഞാനാധിഷ്ഠിതമായി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കണം. ആധുനിക വൈജ്ഞാനിക മേഖലകളുടെ പിൻബലത്തോടെ ഉൽപ്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നതാണ് പതിനാലാം പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാമത്തേത്. കേരളം ഇന്നേവരെ ആർജ്ജിച്ചിട്ടുള്ള സാമൂഹിക – സാമ്പത്തിക വികസനത്തിന് കാരണമായ ഘടകങ്ങളെ ശക്തിപ്പെടുത്തുകയും ഓരോ വ്യക്തിയുടെയും സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനം ഉറപ്പുവരുത്തുകയും വേണം. ഈ നേട്ടങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിന് നമ്മുടെ പ്രകൃതിവിഭവങ്ങൾ ശ്രദ്ധയോടെ ഉപയോഗിക്കുകയും മനുഷ്യ വിഭവങ്ങൾ വൻതോതിൽ വികസിപ്പിക്കുകയും ചെയ്യണം.

(2) കേരളത്തിന്റെ സാമ്പത്തികവികസനത്തിന് ഗതിവേഗം നൽകുകയെന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യങ്ങളിൽ പ്രധാനം. പ്രാദേശിക സാമ്പത്തികവികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് മറ്റ് ലക്ഷ്യങ്ങൾ. ഇതോടൊപ്പം കേരളത്തിന്റെ മികവുറ്റ മാനവ വികസനനേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിരവികസനം ഉറപ്പാക്കുക, കാലാവസ്ഥാവ്യതിയാനത്തെയും തൽഫലമായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക എന്നിവയും പതിനാലാം പദ്ധതിയുടെ പൊതു ലക്ഷ്യങ്ങളിൽപ്പെടുന്നു.

(3) പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് ലക്ഷ്യമാക്കുന്നത്. എല്ലാവരുടേയും മൗലികാവകാശങ്ങളുടെ സംരക്ഷണം, സമഗ്രമായ സാമൂഹികസുരക്ഷ, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം, മതസൗഹാർദ്ദത, സമാധാനം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, എല്ലാ വികസന മേഖലകളിലും ആധുനികവും പരിസ്ഥിതിസൗഹൃദവുമായ സാങ്കേതികവിദ്യകളുടെ ഉപയോഗം, മാലിന്യ നിർമ്മാർജ്ജനം, തൊഴിൽ, ഉപജീവന സുരക്ഷ എന്നിവ പ്രധാനപ്പെട്ട വികസന ലക്ഷ്യങ്ങളിൽപ്പെടുന്നു. വികസന പ്രക്രിയയിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് വളരെ പ്രധാനമാണ്. സർവ്വാശ്ളേഷിതമായ വികസനമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം.

(4) ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിനു മുമ്പ് തന്നെ കൈവരിക്കുകയെന്നതും പ്രധാനമാണ്. നിർദ്ദിഷ്ട ഫലങ്ങൾ (outcomes) മുൻകൂട്ടി നിശ്ചയിച്ച് അവ

കൈവരിക്കുന്നതിനുള്ള ഭാവനാ പൂർണ്ണമായ പ്രോജക്ടുകൾക്ക് രൂപം നൽകണം. അവയുടെ നിർവ്വഹണ പുരോഗതി സുസ്ഥിര വികസന സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള മോണിട്ടറിംഗിലൂടെ വിലയിരുത്തി ലക്ഷ്യങ്ങൾ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കണം.

(5) സമഗ്രമായ വികസന ഇടപെടലുകളിലൂടെ കേരളീയരുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും തദ്വാരാ സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നത് പതിനാലാം പദ്ധതിയുടെ അന്തിമ ലക്ഷ്യമാണ്.

## 2.2. സവിശേഷ വികസന ലക്ഷ്യങ്ങൾ

(1) കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വ്യവസായം എന്നീ മേഖലകളിലെ ഉൽപാദനവും ഉൽപ്പാദന ക്ഷമതയും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോഗ ത്തിലൂടെ വർദ്ധിപ്പിക്കുക.

(2) ചെറുകിട – പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, ഊർജ്ജം, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിൽ വർദ്ധിച്ചതോതിലുള്ള വളർച്ച ഉറപ്പാക്കുക.

(3) മേൽപ്പറഞ്ഞ മേഖലകളിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി നവീനമായ ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക

(4) മേൽപ്പറഞ്ഞ മേഖലകളിലെ പൊതു-സ്വകാര്യ മൂലധനനിക്ഷേപം പരമാവധി വർദ്ധിപ്പിക്കുക; സഹകരണസ്ഥാപനങ്ങളുടെ സാമ്പത്തികവിഭവങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുക.

(5) എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക; ഇതിനായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും സൗകര്യമൊരുക്കുക; കോവിഡ് മുഖാന്തിരം ആവിർഭവിച്ചിട്ടുള്ള പുതിയ തൊഴിൽ സാഹചര്യങ്ങൾ മുൻനിർത്തി വിദൂരത്തുള്ള തൊഴിലുകൾ ഡിജിറ്റലായി ചെയ്യുന്ന ആശയം പ്രോത്സാഹിപ്പിക്കുകയും അത്തരം തൊഴിലുകൾ കരസ്ഥമാക്കുന്നതിന് വർക്ക് നിയർ ഹോം പോലെയുള്ള സാദ്ധ്യതകൾ ഉപയോഗിക്കുന്ന തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

(6) വിവിധ വികസന മേഖലകളിലെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സംരംഭകത്വ വികസനത്തിനും പ്രോത്സാഹനം നൽകുന്നതിനാവശ്യമായ ഭരണപരമായ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ആവിഷ്ക്കരിക്കുക.

(7) സംസ്ഥാനത്തെ മുഖ്യ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സാങ്കേതിക സഹായം വികസന പദ്ധതികളിൽ ഉറപ്പാക്കുക

(8) അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതിക്ക് നേതൃത്വം നൽകുക. അതിദരിദ്രരുടെ വരുമാനം, ആരോഗ്യരക്ഷ, ജീവനോപാധികൾ, മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള സൂക്ഷ്മപദ്ധതികൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കുകയും ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക

(9) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ടവർക്ക് അനിവാര്യ സേവനങ്ങൾ അവരുടെ വാതിൽപ്പടിയിൽ എത്തിക്കുക.

(10) മണ്ണും ജലവും അന്തരീക്ഷവും മാലിന്യരഹിതമായും ശുദ്ധമായും നിലനിർത്തുന്നതിനായി ഖരമാലിന്യ പരിപാലന പരിപാടികൾ വികേന്ദ്രീകൃത മാതൃകയിൽ ആവിഷ്കരിച്ച് നടപ്പാക്കണം. അതേ പ്രാധാന്യത്തോടെ ദ്രവ മാലിന്യ പരിപാലനം ഗാർഹിക-സ്ഥാപന-പൊതു തലങ്ങളിൽ സാദ്ധ്യമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

(11) കേരളത്തെ ഭൂരഹിതരും ഭവനരഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക.

(12) വർദ്ധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെ സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള പശ്ചാത്തല വികസന പരിപാടികൾ, ശുചിത്വ പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുക.

(13) പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും കോവിഡ്-19 ന്റെ അനുഭവ പാഠങ്ങളുടെ അടിസ്ഥാനത്തിൽ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനൊപ്പം വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും അമിത വണ്ണം (obesity) പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക.

(14) പൊതുവിദ്യാഭ്യാസരംഗത്ത് പതിമൂന്നാം പദ്ധതിക്കാലത്തുണ്ടായ മികവ് വർദ്ധിപ്പിക്കുക; പൊതു വിദ്യാലയങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പഠനനിലവാരം ഉയർത്തുകയും ചെയ്യുക

(15) കല, സംസ്കാരം എന്നീ മേഖലകളുടെ ബഹുമുഖവും പുരോഗമനാത്മകവുമായ വികസനവും ജനകീയവൽക്കരണവും ഉറപ്പാക്കുന്നതിനൊപ്പം പൈതൃക സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുക.

(16) കാലാവസ്ഥാമാറ്റത്തിന്റെ ഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങളുടെയും മുന്നറിയിപ്പുകളുടെയും അടിസ്ഥാനത്തിൽ അവയെ ഫലപ്രദമായി നേരിടുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ദുരന്താഘാത സാദ്ധ്യതകൾ പരിഗണിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുകയും കാലാവസ്ഥാ മാറ്റത്തെ അഭിമുഖീകരിക്കുന്നതിനുള്ള ഹ്രസ്വകാല-ദീർഘകാല വികസന ഇടപെടലുകൾക്ക് രൂപം നൽകുകയും ചെയ്ത് അതിജീവനക്ഷമത കൈവരിക്കാൻ കേരളത്തെ പ്രാപ്തമാക്കുക.

(17) ആഗോള സുസ്ഥിര വികസനലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുകയും കേരളത്തിന്റെ ഉയർന്ന സുസ്ഥിര വികസന സൂചികകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സവിശേഷ ശ്രദ്ധ പുലർത്തുകയും ചെയ്യുക.

(18) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ്ജ വിളക്കുകൾ ഉൾപ്പെടെയുള്ള സൗരോർജ്ജ സാങ്കേതികവിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

(19) കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതക ബഹിർഗമനം സാദ്ധ്യമാകുന്നത്ര കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാന സർക്കാരിനോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളും ഒന്നിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. വിവിധ വികസന വകുപ്പുകളുടെ പദ്ധതികളുമായി ചേർന്നുകൊണ്ടാണ് ഓരോ മേഖലയിലെയും കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടത്. കേരളസർക്കാർ ആവിഷ്കരിക്കുന്ന നവകേരള കർമ്മപദ്ധതി 2-ന്റെ ആസൂത്രണവും നിർവ്വഹണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ വികസന ദൗത്യങ്ങൾ ഏകോപിപ്പിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനതലത്തിലാണ്.

## 2.3 പൊതു മുൻഗണനകൾ

ദേശീയതലത്തിൽ വിവിധ ക്ഷേമ-വികസന മേഖലകളിൽ ഒന്നാം സ്ഥാനം നിലനിർത്തിക്കൊണ്ടാണ് പതിനാലാം പദ്ധതിക്കാലയളവിലെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. സാമ്പത്തിക വളർച്ച, ഉപജീവന സുരക്ഷ, സുസ്ഥിര വികസനം, സാമൂഹ്യനീതി, തുല്യത എന്നിവ ഉറപ്പ് വരുത്തുകയും ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളുടെ സഹായത്തോടെ കേരളത്തെ ജ്ഞാനസമൂഹമായി വളർത്തുകയും ചെയ്യുക എന്ന മഹത്തായ ലക്ഷ്യമാണ് നമുക്ക് മുന്നിലുള്ളത്. കോവിഡാനന്തര സാമ്പത്തികമാന്ദ്യം പരിഹരിക്കുക, വിവിധ മേഖലകളിൽ ദേശീയ ശരാശരിയെക്കാൾ കുറഞ്ഞു നിൽക്കുന്ന മൂലധന നിക്ഷേപം ഉയർത്തി വേഗതയേറിയ സാമ്പത്തിക വളർച്ച സൃഷ്ടിക്കുക, ഉയർന്നതോതിലുള്ള തൊഴിലില്ലായ്മയും (unemployment) യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യവും (under employment) പരിഹരിക്കുക എന്നിവയാണ് പതിനാലാം പഞ്ചവൽസര പദ്ധതിക്കാലത്തെ പ്രധാന വെല്ലുവിളികൾ. പതിനാലാം പദ്ധതിയുടെ പ്രധാന മുൻഗണനകൾ താഴെ നൽകുന്നു.

### 2.3.1 ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക

(1) കാർഷിക, മൃഗ സംരക്ഷണ, മത്സ്യ, ക്ഷീര മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റ് സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കണം. ഇതിനായി ശാസ്ത്രീയമാർഗ്ഗങ്ങളും ആധുനിക സാങ്കേതികവിദ്യകളും ഉപയോഗിക്കണം. സർവകലാശാലകൾ, ശാസ്ത്ര-സാങ്കേതിക/ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ ശാസ്ത്ര-സാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും കഴിയണം. കടൽ-ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. ഈ ലക്ഷ്യങ്ങൾ മുൻ നിർത്തി 2020-ൽ

പ്രഖ്യാപിക്കുകയും വിജയം കൈവരിക്കുകയും ചെയ്ത സുഭിക്ഷകേരളം പദ്ധതി കൂടുതൽ മികവോടെ നടപ്പാക്കണം.

(2) ഉൽപാദകരുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് കാർഷികോല്പന്നങ്ങളുടെ മൂല്യ ശൃംഖല (value chain) വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങളിലധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകണം.

### 2.3.2. പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, നൈപുണ്യ വികസനം

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള വിപുലമായ സംവിധാനങ്ങളാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ വൻതോതിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.

(2) വർക്ക് ഫ്രം ഹോം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനും സൈബർ ജോലിയിടങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പരിപാടികൾ ആവിഷ്കരിക്കണം. പ്രാദേശിക തലത്തിലുള്ള ഉത്പന്ന – സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ്സ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തോണുകൾ സംഘടിപ്പിക്കണം. നൈപുണ്യ പരിശീലനം ആവശ്യമുള്ളവരെ കണ്ടെത്തി തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമവും ഉണ്ടാകണം. സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതിനു വേണ്ട ഇടപെടൽ നടത്തുകയും പലിശ സബ്സിഡി ലഭ്യമാക്കുകയും വേണം.

(3) സംരംഭകത്വ പദ്ധതികളുടെ സാക്ഷാത്ക്കാരത്തിനായി തദ്ദേശീയ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും പുതിയ ആശയങ്ങൾ സംരംഭകത്വമായി വികസിപ്പിക്കുന്നതിന് ഇന്നവേഷൻ ചലഞ്ച്, സംരംഭകത്വത്തിനുള്ള സാങ്കേതികോപദേശ സംവിധാനം മുതലായവ ആവിഷ്കരിക്കുകയും ചെയ്യണം.

(4) വ്യവസായ സംരംഭകർക്ക് അനായാസം സംരംഭങ്ങൾ തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുകയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനുള്ള സഹായക സംവിധാനങ്ങൾ ഒരുക്കുകയും വേണം.

### 2. 3. 3 തൊഴിൽ സൃഷ്ടി

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുവേണ്ട നൈപുണ്യവികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകണം. സംരംഭകത്വവുമായി ബന്ധപ്പെടുത്തി സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന നൈപുണീ വികസന പരിപാടികളുമായി പൂർണ്ണമായി സഹകരിക്കണം. തൊഴിൽ നൈപുണ്യ പരിശീലനം, തൊഴിലവസരങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയിൽ വനിതകൾക്കും ദുർബല വിഭാഗങ്ങൾക്കും പ്രാമുഖ്യം നൽകണം.

### 2.3.4 അതിജീവനക്ഷമത

(1) കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ, ഉൽപ്പാദന വ്യവസ്ഥയിലെ മാറ്റങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രത്യാഘാതങ്ങൾ അതിജീവിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം.

(2) കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള ഹ്രസ്വ-ദീർഘകാല പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുകയും അവയിലെ പ്രവർത്തനഘടകങ്ങൾ പൊതു വികസനപരിപാടികളിൽ ഉൾച്ചേർക്കുകയും വേണം.

(3) നിലവിലുള്ള ദുരന്ത നിവാരണ പദ്ധതി അവലോകനം ചെയ്ത്, അവസ്ഥാ വിശകലനം കൂടി നടത്തി കാലികമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണത്തിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകുയും വേണം. മുന്നറിയിപ്പ് സംവിധാനം, രക്ഷാപ്രവർത്തന സൗകര്യങ്ങൾ, അഭയ കേന്ദ്രങ്ങൾ, പുനരധിവാസം, ദുരന്താഘാത ലഘൂകരണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കണം.

(4) ദുരന്തനിവാരണത്തിനും, പ്രകൃതിദുരന്തങ്ങൾക്ക് വിധേയരായവരുടെ ജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനും പ്രത്യേക പരിഗണന നൽകണം. ഇതിനായി തയ്യാറാക്കിയിട്ടുള്ള ദുരന്തനിവാരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ബാദ്ധ്യസ്ഥരാണ്. പ്രകൃതിദുരന്ത സാദ്ധ്യതകളുള്ള പ്രദേശങ്ങളിൽ ആവശ്യമുള്ള ശാസ്ത്രീയമായ വികസന ഇടപെടലുകൾ വിദഗ്ധരുടെ സഹായത്തോടെ നടപ്പാക്കണം.

### 2.3.5 കാലാവസ്ഥാ വ്യതിയാനം – പ്രാദേശിക കർമ്മപദ്ധതി

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പ്രാദേശിക കർമ്മപദ്ധതിക്ക് രൂപം നൽകണം. ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനും, കാർബൺ ആഗിരണം ചെയ്യാൻ കഴിയുന്ന വിധത്തിൽ പ്രകൃതിയെ സംപുഷ്ടമാക്കി പരിപാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണം. ജൈവ വൈവിധ്യ സംരക്ഷണം, ഹരിത ഇടങ്ങളുടെ സൃഷ്ടിയും സംരക്ഷണവും മുതലായ പ്രവർത്തനങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ പ്രതിരോധിക്കാൻ കഴിയണം.

### 2.3.6 പ്രകൃതി വിഭവ സംരക്ഷണം

ഉൽപ്പാദനം വർദ്ധിപ്പിക്കുക, പ്രളയമുൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളുടെ സാദ്ധ്യത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നീർത്തട വികസന പദ്ധതികൾ പുനരാരംഭിക്കേണ്ടതുണ്ട്. വിവിധ ജല സ്രോതസ്സുകൾ പുനരുദ്ധരിക്കുകയും മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുകയും വേണം. പൂർത്തിയാക്കാത്ത നീർത്തടപദ്ധതികൾ പൂർത്തീകരിക്കുകയും പുതിയ നീർത്തടവികസന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭൂവിനിയോഗം സംബന്ധിച്ച് പഠനം നടത്തുകയും അവയുടെ നിഗമനങ്ങൾ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ പരിഗണിക്കുകയും ചെയ്യണം. തദ്ദേശഭരണ സ്ഥാപനം

ഉൾപ്പെടുന്ന കാർഷിക കാലാവസ്ഥാ മേഖലകളുടെ സവിശേഷതകളും കണക്കിലെടുക്കണം. ഇതിനോടോപ്പം പ്രാദേശിക ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും അതീവ ശ്രദ്ധ പുലർത്തണം.

### 2.3.7. സുസ്ഥിര വികസന ലക്ഷ്യങ്ങൾ

(1) സംസ്ഥാനം സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഇതുവരെ ആർജ്ജിച്ച നേട്ടങ്ങൾ തുടരുകയും എല്ലാ മേഖലകളിലും പ്രഥമ സ്ഥാനം കൈവരിക്കുന്നതിനുള്ള ഭാവനപൂർണ്ണമായ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. വികസന പദ്ധതികളിൽ ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാധാന്യത്തോടെ പരിഗണിക്കണം. സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള വിവിധ വികസനപരിപാടികൾ ആവിഷ്കരിക്കുകയും അവയുടെ ഫലങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും വേണം.

(2) പദ്ധതി ആസൂത്രണ ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓരോ വികസന പ്രോജക്ടും അഭിസംബോധന ചെയ്യുന്ന സുസ്ഥിര വികസനലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് മുൻകൂട്ടി വിലയിരുത്തണം.

### 2.3.8. അതിദാരിദ്ര്യ നിർമ്മാർജ്ജനം

ദാരിദ്ര്യ ലഘൂകരണത്തിൽ നാം ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. ഇതിന്റെ അടുത്ത ഘട്ടമാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനം. ഓരോ അതിദരിദ്ര കുടുംബത്തിന്റെയും സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സൂക്ഷ്മ വികസന പരിപാടികൾ തയ്യാറാക്കേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. ഈ സൂക്ഷ്മ വികസന പരിപാടികൾ പ്രധാന പദ്ധതിയുമായി സംയോജിപ്പിച്ച് ഈ കുടുംബങ്ങൾക്ക് ഉപജീവനസുരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തണം.

### 2.3.9. ശുചിത്വം – മാലിന്യ സംസ്കരണം

(1) തദ്ദേശഭരണ സ്ഥാപനത്തിലെ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് പൂർണ്ണവും ഫലപ്രദവും സുസ്ഥിരവുമായ മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ കഴിയണം. ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

(2) സാനിട്ടറി വേസ്റ്റ്, അപകടസ്വഭാവമുള്ള മാലിന്യം, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ്, പുനഃചംക്രമണം സാദ്ധ്യമല്ലാത്ത വസ്തുക്കൾ എന്നിവ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കണം. കക്കൂസ് മാലിന്യം, മലിന ജലം എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കണം. പൊതു സ്ഥലങ്ങളിലും വഴിയോരങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നില്ല എന്നുറപ്പാക്കുന്നതിന് ഫലപ്രദമായ നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തണം. ഈ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അമൂല്യമായ ജലസ്രോതസ്സുകൾ ശുദ്ധമാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ ആവിഷ്കരിക്കണം.

(3) ദ്രവമാലിന്യസംസ്കരണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ പഠിക്കുകയും ഉചിതമായ നിർമ്മാർജ്ജന/ സംസ്കരണ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും ചെയ്യണം. പ്രധാനമായും ഉറവിട മാലിന്യ സംസ്കരണമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണം, പ്രാദേശിക സ്വീവേജ്/സെപ്റ്റേജ് സംസ്കരണം എന്നിവ നടപ്പാക്കണം.

### 2.3.10. സാമൂഹ്യനീതി ഉറപ്പാക്കൽ

പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, പരമ്പരാഗത തൊഴിൽമേഖലയിൽ പണിയെടുക്കുന്നവർ) പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യ നീതി ഉറപ്പാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ അതീവ ശ്രദ്ധ പുലർത്തണം. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി, പാർപ്പിടം, മികച്ച വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, നൈപുണ്യവികസന പരിശീലനം, തൊഴിൽ എന്നിവ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകണം. ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന വിവിധ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കണം.

### 2.3.11 ലിംഗ സമത്വം

(1) സ്ത്രീപക്ഷ നവകേരളം-സമൂഹത്തിലുണ്ടാകുന്ന സ്ത്രീവിരുദ്ധമായ പ്രവർത്തനങ്ങളെയും ചിന്തകളെയും പ്രതിരോധിക്കുന്നതിനും അവ പൂർണ്ണമായും ഇല്ലാതാക്കുന്നതിനുമുള്ള സർവ്വതല സ്പർശിയായ പ്രചാരണ–ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ടു വരണം.

(2) എല്ലാ മേഖലകളിലും സ്ത്രീകളുടെ സർവ്വോന്മുഖമായ ശാക്തീകരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണം.

(3) ലിംഗസമത്വമെന്ന വിശാലമായ കാഴ്ചപ്പാടിലൂന്നിയുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. വിവിധ വിഭാഗങ്ങൾക്ക് ഉപജീവനസുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുമുള്ള പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്.

(4) സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ 2015 ലെ ട്രാൻസ് ജെൻഡർ പോളിസി ഫലപ്രദമായി നടപ്പിലാക്കുന്നതിലും പ്രാദേശിക സർക്കാരുകൾ സഹകരിക്കണം.

### 2.3.12 അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

(1) സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(2) വർഷം മുഴുവൻ ശുദ്ധമായ കുടിവെള്ള ലഭ്യത, മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ, മറ്റു പൊതുസൗകര്യങ്ങൾ, ഊർജ്ജസംരക്ഷണം, പാരമ്പര്യേതര ഊർജ്ജോല്പാദനം, ശുചിത്വമുള്ള പരിസരം എന്നിവ ഉറപ്പ് വരുത്തുക.

### 2.3.13 വിദ്യാഭ്യാസരംഗം

(1) കേരളം പൊതു വിദ്യാഭ്യാസ രംഗത്ത് ആർജ്ജിച്ച വൻനേട്ടങ്ങൾ നിലനിർത്തുകയും വിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യം, ബോധനനിലവാരം, അദ്ധ്യയന-അനുബന്ധ പ്രവർത്ത നങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും വേണം. ഡിജിറ്റൽ, ഓൺലൈൻ സാങ്കേതിക വിദ്യകൾ ബോധന പ്രക്രിയയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യണം. പ്രൊഫഷണൽ വിദ്യാഭ്യാസമുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് ആത്മവിശ്വാസ ത്തോടെ കൂടുതൽ വിദ്യാർത്ഥികൾ പ്രവേശിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണം.

(2) എല്ലാവർക്കും മുന്നേറാൻ കഴിയുന്നതിന് അവസരം ലഭിക്കുന്നതിനുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും സൃഷ്ടിക്കണം. ഇംഗ്ലീഷ് ഭാഷയിലും ഗണിതം തുടങ്ങിയ വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും ആശയ വിനിമയ നൈപുണ്യം (communication skills) മെച്ചപ്പെടുത്തുന്നതിനും പ്രത്യേക ഇടപെടൽ ഉണ്ടാകണം. കുട്ടികളിൽ പൗരബോധം വളർത്തുന്നതിനുള്ള പ്രവർത്തന പരിപാടികൾക്കും രൂപം നൽകണം.

### 2.3.14 ആരോഗ്യ സംരക്ഷണം

(1) നമ്മുടെ സംസ്ഥാനത്തിൽ വിവിധ തലങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ചികിത്സയും ലോകോത്തരനിലവാരത്തിൽ കൂടുതൽ മെച്ചപ്പെട്ടുകൊണ്ടിരി ക്കുകയാണ്. ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ഇനിയും വർദ്ധിപ്പിക്കണം. വിവിധ ആരോഗ്യ സൂചികകളിൽ നമുക്ക് ആർജ്ജിക്കാവുന്ന ലക്ഷ്യം നിശ്ചയിച്ചുകൊണ്ട് അവ നിരന്തരമായി മോണിട്ടർ ചെയ്യുകയും ലക്ഷ്യങ്ങൾ സമയബന്ധിതമായി കൈവരിക്കുന്നതിനുള്ള വികേന്ദ്രീകൃത ജനകീയപങ്കാളിത്ത സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യണം.

(2) ഓരോ തദ്ദേശഭരണ സ്ഥാപനവും വിദഗ്ധരുമായി ചർച്ച ചെയ്ത് സമഗ്ര ആരോഗ്യ പദ്ധതികൾക്ക് രൂപം നൽകണം

### 2.3.15 വാതിൽപ്പടി സേവനങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അർഹരായ എല്ലാവർക്കും പ്രധാനപ്പെട്ട സേവനങ്ങൾ വാതിൽ പ്പടിയിലെത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടി കൂടുതൽ സന്നദ്ധ പ്രവർത്തകരെ അണിനിരത്തി കാര്യക്ഷമമായും വ്യാപകമായും നടപ്പാക്കണം. ജീവൻരക്ഷാ മരുന്നുകൾ, റേഷൻ സാധനങ്ങൾ, പെൻഷനുകൾ തുടങ്ങി തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള സഹായ സംവിധാനങ്ങൾ ഒരുക്കണം.

### 2.3.16 കാര്യക്ഷമവും പ്രതികരണാത്മകവുമായ സദ്ഭരണം

(1) ജനകീയാസൂത്രണത്തിന്റെ 25 വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ജനപങ്കാളിത്തവും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും സദ്ഭരണത്തിനും അഴിമതി നിർമ്മാർജ്ജനത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ട ഘട്ടമാണിത്. തദ്ദേശഭരണ സ്ഥാപനത്തിലൂടെയും ഘടക സ്ഥാപനങ്ങളിലൂടെയും (കൃഷി ഭവനുകൾ, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ മുതലായവ) ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേന്മയിലും സമയ ബന്ധിതമായും ലഭ്യമാക്കണം. ഇ-ഗവേണൻസ് അടക്കമുള്ള വിവരസാങ്കേതിക വിദ്യയിലധിഷ്ഠി തമായ സംവിധാനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

(2) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സേവനഗുണനിലവാരം ഐ.എസ്.ഒ മാനദണ്ഡ പ്രകാരം മെച്ചപ്പെടുത്തണം.

## 2.4 പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും പദ്ധതിയുടെ പൊതുവ്യവസ്ഥകളും

(1) സാമ്പത്തികവികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്.

(2) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3, 4, 5 പട്ടികകളിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ, തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ച നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. ആസൂത്രണ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലെങ്കിൽ പോലും അവയ്ക്കുവേണ്ടി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

(3) തദ്ദേശഭരണ സ്ഥാപന ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി പാർശ്വവത്കരിക്കപ്പെട്ടവർ കൂടി ഉൾപ്പെട്ട വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയുള്ള ആസൂത്രണമായിരിക്കണം സാദ്ധ്യമാക്കേണ്ടത്. അതായത് പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്രവികസ നമായിരിക്കണം പൊതു സമീപനം.

(4) പ്രാദേശിക പദ്ധതികൾ തയ്യറാക്കുമ്പോൾ ഓരോ വികസന മേഖലയിലും സംസ്ഥാന സർക്കാരിന്റെ പ്രധാന വികസന മുൻഗണനകൾ പരിഗണിക്കണം

(5) എല്ലാ വികസനപദ്ധതികൾക്കും സ്ഥലപരമായ (Spatial) മാനങ്ങൾ ഉണ്ട്. ഏത് പ്രദേശത്തേക്കാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് ആ പ്രദേശത്തിലെ താമസക്കാർക്കും അവിടത്തെ നിലവിലെ ഭൂഉപയോഗത്തിനും അനുയോജ്യമായിരിക്കണം പ്രസ്തുത പദ്ധതി. ഭൂപ്രകൃതി, ജൈവവൈവിദ്ധ്യം, ജലലഭ്യത, മഴവെള്ള നിർഗമന-സംഭരണ രീതികൾ,

ദുരന്തസാദ്ധ്യതകൾ എന്നിവയെല്ലാം പരിഗണിച്ച കൊണ്ടുള്ള പദ്ധതികൾ വേണം തയ്യാറാക്കേണ്ടത്. വികസനപ്രശ്നങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിന് സഹായകമായ രീതിയിൽ സ്പേഷ്യൽപ്ലാൻ തയ്യാറാക്കാൻ കഴിയുന്ന ഇടങ്ങളിൽ അതിന് മുൻകൈ എടുക്കേണ്ടതാണ്.

(6) തദ്ദേശഭരണ സ്ഥാപനം അതിന്റെ അതിർത്തിക്കുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും പ്രാദേശിക പദ്ധതിയുമായും സംയോജിപ്പിക്കേണ്ടതാണ്.

(7) തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്.

(8) ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയതോതിലുള്ള വിന്യാസവും (thin spread of resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണം.

(9) പദ്ധതിരൂപീകരണ, നിർവ്വഹണ കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനം ഉൾക്കൊള്ളുന്ന പ്രദേശത്തു നിന്നും മറ്റു സംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും ജോലിതേടിപോയ വ്യക്തികളുടെ അഭിപ്രായങ്ങൾ ആരായാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവരുടെ സഹകരണത്തോടെ പ്രശ്നപരിഹാരത്തിനും ശ്രദ്ധിക്കേണ്ടതാണ്.

(10) അതിഥി തൊഴിലാളികളുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ചും അവരുടെ താമസസ്ഥലത്തെ ശുചിത്വം, ആരോഗ്യം അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ശ്രദ്ധ നൽകി വേണം ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കേണ്ടത്.

(11) പദ്ധതി ആസൂത്രണത്തിന് സാമൂഹ്യസംഘടനാ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താവുന്നതും പ്രോജക്ട് തയ്യാറാക്കുന്നതിന് വിവിധ സ്റ്റേക്ക്ഹോൾഡർമാർ, പഠന ഗവേഷണ സ്ഥാപനങ്ങൾ, ബാങ്ക്-സഹകരണ സംഘം പ്രതിനിധികൾ എന്നിവരുമായുള്ള കൂടിയാലോചനകൾ സംഘടിപ്പിക്കാവുന്നതുമാണ്.

(12) ജനകീയാസൂത്രണ പ്രക്രിയയെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തിൽ കാൽ നൂറ്റാണ്ടുകൊണ്ട് കേരളം നേടിയ ഗണ്യമായ നേട്ടങ്ങളെക്കുറിച്ചും ക്യാമ്പയിൻ രൂപത്തിൽ ബോധവൽക്കരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾക്ക് വിപുലമായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി ഇന്റർനെറ്റ്, മറ്റു വിവരസാങ്കേതികവിദ്യകൾ, നവമാധ്യമങ്ങൾ തുടങ്ങിയവയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗിക്കണം.

### 2.5 പഞ്ചവത്സര പദ്ധതി സമീപനം

**(1)** വാർഷിക പദ്ധതിയും പ്രോജക്ടുകളും വിവരാധിഷ്ഠിതവും ലക്ഷ്യാധിഷ്ഠിതവുമാകണം. ഈ കാഴ്ചപ്പാട് കണക്കിലെടുത്താണ് നിലവിലെ വികസനാവസ്ഥ, സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനമാക്കി വിശകലനം ചെയ്തതിനു ശേഷം, അതിന്റെ അടിസ്ഥാനത്തിൽ ദീർഘകാല ലക്ഷ്യങ്ങളും (10 വർഷം) പഞ്ചവത്സര പദ്ധതി കാലത്തേക്കുള്ള ലക്ഷ്യങ്ങളും നിശ്ചയിച്ച് വികസന രേഖ

തയ്യാറാക്കണമെന്ന് നിർദേശിച്ചിട്ടുള്ളത്. ഇപ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വികസനരേഖയുടെ അദ്ധ്യായം 5-ൽ ലക്ഷ്യമിടുന്ന കാര്യങ്ങൾ കൈവരിക്കുന്നതിനുള്ള ഉപാധിയായി വാർഷിക പദ്ധതിയെ കാണണം. ആ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അവലംബിക്കാൻ കഴിയുമെന്ന് വികസനരേഖയിൽ തന്നെ പ്രതിപാദിച്ചിട്ടുള്ള വികസനനയവും വികസനതന്ത്രവും കൂടി കണക്കിലെടുത്തുകൊണ്ട് മുൻഗണനാക്രമത്തിൽ ഓരോ വാർഷിക പദ്ധതിയിലെയും പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. ഇവയിലുൾപ്പെടുന്ന മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കുകയും വേണം.

**(2)** പ്രാദേശിക പ്രശ്നങ്ങളും സാദ്ധ്യതകളും കണക്കിലെടുത്ത് നിശ്ചയിക്കുന്ന തനത് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടി പ്രയത്നിക്കുന്നതിനൊപ്പം തന്നെ ദേശീയ, സംസ്ഥാന, ജില്ലാതലങ്ങളിൽ നിശ്ചിത കാലയളവിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ (ഉദാ. കുടിവെള്ളം, ശുചിത്വം, ഭവനനിർമ്മാണം തുടങ്ങിയവ) കൈവരിക്കുന്നതിനുള്ള ശ്രമവും ഉണ്ടാകണം. ഇതിനായി കേന്ദ്ര–സംസ്ഥാന പദ്ധതികൾ ഉൾപ്പെടെ ലഭ്യമാകാവുന്ന എല്ലാ വിഭവങ്ങളുടെയും ഏകോപനവും ഉറപ്പാക്കണം. മേല്പറഞ്ഞ പ്രകാരം വികസന പ്രശ്നങ്ങളെ സമഗ്രമായി കണ്ട് പരിഹരിക്കുന്നതിന് ശ്രമിക്കുകയും അതിന് ഏകവർഷവും ബഹുവർഷവും ആയ പ്രോജക്ടുകൾക്ക രൂപം നൽകുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള സമീപനം വികസനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കും.

## 2.6 ജില്ലാ പദ്ധതിയും ജില്ലാതല മുൻഗണനകളും

(1) ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതി എല്ലാ ജില്ലകളിലും തയ്യാറാക്കിയിട്ടുണ്ട്. ജില്ലയുടെ സംയോജിത വികസന കാഴ്ചപ്പാട് വ്യക്തമാക്കുന്ന ഈ രേഖ വിവിധ തട്ട് സർക്കാരുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്ന സമഗ്രരേഖയാണ്.

(2) ജില്ലാ പദ്ധതിയിലെ മുൻഗണനകളും വികസനപരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ച വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കേണ്ടത്. ജില്ലാ പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള കീഴ്ത്തട്ട് നിർദ്ദേശങ്ങൾ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇപ്രകാരം ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് നൽകുന്നതിന് 2017-18-ൽ ജില്ലാപദ്ധതി തയ്യാറാക്കിയതിനുശേഷം ഉണ്ടായിട്ടുള്ള മാറ്റങ്ങൾകൂടി നിർബന്ധമായും പരിഗണിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളോടൊപ്പം ജില്ലാ ആസൂത്രണ സമിതിപുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പ്രാദേശിക സർക്കാരുകൾ പാലിക്കേണ്ടതുണ്ട്. [സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 19/2017/ പ്ലാനിംഗ് തീയതി : 23.09.2017 കാണുക]

## 2.7 പ്രാദേശിക പദ്ധതികളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ

ജില്ലാ ആസൂത്രണസമിതികൾ രൂപീകരിച്ചിട്ടുള്ള ജില്ലാ റിസോഴ്സ് സെന്ററുകളുടെ സേവനം പ്രാദേശിക പദ്ധതികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെടുത്തണം. ജില്ലാതല

മുൻഗണനകൾ നിശ്ചയിക്കുന്നതിലും മികച്ച പ്രോജക്റ്റ് ആശയങ്ങൾക്ക് രൂപം നൽകുന്നതിലും ജില്ലാ റിസോഴ്സ് സെന്ററുകൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. വാർഷിക പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ ജില്ലാആസൂത്രണ സമിതി ജില്ലാ റിസോഴ്സ് സെന്ററിലെ ഉപസമിതികളുടെ യോഗം വിളിച്ചുചേർത്ത് ഇത്തരം ആശയങ്ങൾക്ക് രൂപം നൽകണം. പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും ശ്രമിക്കണം. ഒപ്പം 24.09.2019-ലെ സ.ഉ.(അ)നം.26/2019/ആ.സാ.വ പ്രകാരമുള്ള ജില്ലാ റിസോഴ്സ് സെന്ററുകളുടെ മറ്റ് ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ ജില്ലാ ആസൂത്രണ സമിതിനടത്തുകയും വേണം.

## 3. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 2022-2023 മുതൽ 2026-2027 വരെയുള്ള വർഷങ്ങളിൽ വാർഷിക പദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ അനുവർത്തിക്കേണ്ടതാണ്.

### 3.1 ആസൂത്രണസമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ

#### 3.1.1 ആസൂത്രണ സമിതികൾ

**(എ) പുനഃസംഘടന**

(1) തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ, ആവശ്യമെങ്കിൽ, പുനഃസംഘടിപ്പിക്കേണ്ടതാണ്. പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണസമിതിയിലെ അംഗങ്ങളുടെ വിവരം ഈ മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1 ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധ പ്പെടുത്തേണ്ട തുമാണ്.

(2) തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. മറ്റൊരു ചുമതല ആസൂത്രണ, നിർവഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നതാണ്. അതിനാൽ ആസൂത്രണ സമിതിയിൽ അംഗങ്ങളാകുന്ന ജനപ്രതിനിധികളും വിദഗ്ദ്ധരും സന്നദ്ധ പ്രവർത്തകരും മേൽപ്പറഞ്ഞ തരത്തിലുള്ള പങ്കാളിത്തം ഉറപ്പാക്കാൻ പ്രവർത്തിക്കണം.

(3) ആസൂത്രണ സമിതിയുടെ ഘടന ചുവടെ വിവരിക്കുന്ന രീതിയിൽ ആയിരിക്കണം.

| | | |
|---|---|---|
| അദ്ധ്യക്ഷ(ൻ) | : | തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് |
| ഉപാദ്ധ്യക്ഷ (ൻ) | : | ആസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധ / വിദഗ്ദ്ധൻ |

| | | |
|---|---|---|
| അംഗങ്ങൾ | : | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷർ, സന്നദ്ധ സേവകരായ വിദഗ്ദ്ധർ |
| കൺവീനർ | : | തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി. |

(4) ആസൂത്രണ സമിതിയിൽ 12 അംഗങ്ങൾ എന്നതാണ് അഭികാമ്യം. കൂടുതൽ പ്രാതിനിധ്യം വേണമെന്ന് ഭരണസമിതിക്ക് തോന്നുന്നപക്ഷം 12-ൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണ്. ആസൂത്രണ സമിതിയുടെ കാലാവധി ഭരണസമിതിയുടെ കാലാവധിക്ക് സഹവർത്തകമായിരിക്കുന്നതാണ്. സമിതിയിൽ ഉണ്ടാകുന്ന ഒഴിവുകൾ കാലതാമസം കൂടാതെ നികത്തണം.

(5) ആസൂത്രണ സമിതിയിൽ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന് പുറത്തുള്ള വിദഗ്ദ്ധരെയും ഉൾപ്പെടുത്താവുന്നതാണ്.

(6) തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പ്ലാൻ കോഓർഡിനേറ്ററുടെ ചുമതല വഹിക്കണം. ആസൂത്രണവുമായി ബന്ധപ്പെട്ട ഓഫീസ് ചുമതലകൾ നിർവഹിക്കാൻ മറ്റൊരു ഉദ്യോഗസ്ഥയെ/ ഉദ്യോഗസ്ഥനെ അസിസ്റ്റന്റ് പ്ലാൻ കോഓർഡിനേറ്ററായി നിയോഗിക്കാവുന്നതാണ്.

(7) ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണം. പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനുശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണ സമിതി യോഗം ചേരണം.

**(ബി) ആസൂത്രണ സമിതിയുടെ ചുമതലകൾ**

(1) തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടുകളിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും ബാഹ്യസഹായ ഏജൻസികളുടെയും വികസന മിഷനുകളുടെയും വികസന പദ്ധതികളുമായുള്ള, സംയോജന സാദ്ധ്യതകളെല്ലാം കണ്ടെത്തുക, അവ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുക, സംയോജനം നടക്കുന്നുവെന്ന് ആസൂത്രണഘട്ടത്തിലും നിർവ്വഹണഘട്ടത്തിലും നിർബന്ധമായും ഉറപ്പാക്കുക. (ഖണ്ഡിക 3.5.6 കാണുക).

(2) പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക.

(3) തദ്ദേശഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക.

(4) തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായം നൽകുക.

(5) പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക.

(6) അധിക വിഭവസമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക.

(7) പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പ് വരുത്തുക.

(8) വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക.

(9) പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനം സംഘടിപ്പിക്കുന്ന ആലോചനാ യോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കി നൽകുക.

(10) പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക.

(11) വിവിധ വിഷയങ്ങളിലും മേഖലകളിലും പഠനഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക.

(12) വികസനപദ്ധതിയിൽ തൽപരരായ സ്റ്റേക്ക്ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക.

(13) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് – സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക.

(14) പദ്ധതിനിർവ്വഹണം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക.

(15) സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(16) കാലാവസ്ഥാവ്യതിയാനം പ്രതിരോധിക്കുന്നതിനായി പ്രാദേശികമായി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ കണ്ടെത്തുന്നതിന് സഹായിക്കുക.

(17) പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടക പദ്ധതി, പ്രത്യേക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ, പ്രാദേശിക സാമ്പത്തിക വികസന പദ്ധതി, അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ, സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രാദേശിക പദ്ധതികളിൽ ഉൾച്ചേർക്കൽ (SDG Localization), ദുരന്ത നിവാരണ പദ്ധതി, കാലാവസ്ഥാവ്യതിയാന പ്രാദേശിക കർമ്മ പദ്ധതി, വാതിൽപ്പടി സേവനം, ഖരമാലിന്യ പദ്ധതികൾ, ദ്രവമാലിന്യ പദ്ധതികൾ തുടങ്ങിയ ഉപപദ്ധതികൾ/പ്രത്യേകപദ്ധതികൾ/മുൻഗണനാ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അവയുടെ നടത്തിപ്പ് യഥാസമയം മോണിട്ടർ ചെയ്യുന്നതിനും നേതൃത്വം നൽകുക.

### 3.1.2 വർക്കിംഗ് ഗ്രൂപ്പുകൾ

**(എ) പുനസംഘടന**

(1) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ന് മുൻപ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ, ആവശ്യമെങ്കിൽ, പുനഃസംഘടിപ്പിക്കേണ്ടതാണ്.

(2) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം (വർക്കിംഗ് ഗ്രൂപ്പുകൾ, ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ എന്നിവ) അനുബന്ധം 1 ൽ നൽകിയിട്ടുണ്ട്.

(3) എന്നാൽ ഏതെങ്കിലും പ്രത്യേക വികസനമേഖലകൾ പരിഗണിക്കണമെന്ന് ഭരണസമിതി തീരുമാനിക്കുകയാണെങ്കിൽ കൂടുതൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

(4) തീരദേശമേഖലകളിലും ഫിഷറീസ് ഉദ്യോഗസ്ഥൻ നിലവിലുള്ള തദ്ദേശഭരണ സ്ഥാപനത്തിലും മത്സ്യമേഖലാ വികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം.

(5) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്നതോ 50 പട്ടികവർഗ്ഗ വിഭാഗക്കാരോ ഒരു പട്ടികവർഗ്ഗ ഊരെങ്കിലുമോ ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ വികസനത്തിന് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കണം.

(6) ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ട താണ്.

(7) ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ ആ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗം എന്നിവരിൽ ആരെയെങ്കിലും വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ ആയി ഭരണ സമിതിക്ക് തീരുമാനിക്കാവുന്നതാണ്. ബന്ധപ്പെട്ട വിഷയമേഖലയിലെ ഒരു വിദഗ്ദ്ധ(ൻ) വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർപേഴ്സൺ ആയിരിക്കണം.

(8) 'ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും', പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ യഥാക്രമം വനിത, പട്ടികജാതി, പട്ടികവർഗ്ഗ ജനപ്രതിനിധികളായിരിക്കണം. പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് രൂപീകരി ക്കേണ്ടതായ ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ പട്ടികവർഗ്ഗ ജനപ്രതിനിധി ഇല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ആകേണ്ടതാണ്.

(9) 'ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷ/അദ്ധ്യക്ഷൻ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ആയിരിക്കണം.

(10) ബന്ധപ്പെട്ട മേഖലയിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥയെ (നെ) പ്രസ്തുത മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ ആയി നിയോഗിക്കണം. കൺവീനറെ കൂടാതെ ബന്ധപ്പെട്ട മേഖലയിലെ മറ്റൊരു ഉദ്യോഗസ്ഥയെ(നെ) കൂടി വർക്കിംഗ് ഗ്രൂപ്പിൽ അംഗമാക്കേണ്ടതാണ്.

(11) ഓരോ വർക്കിംഗ് ഗ്രൂപ്പിലും 10 മുതൽ 15 വരെ അംഗങ്ങൾ ആകാവുന്നതാണ്. അവരിൽ അതത് വികസനമേഖലയിലെ വിദഗ്ദ്ധരും ഉൾപ്പെടണം.

(12) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, ആവശ്യമെങ്കിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ ഉപസമിതിക്കും ബാധകമാണ്. ഉപസമിതിക്ക് ചെയർപേഴ്സണും കൺവീനറും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിക്കുന്ന അംഗങ്ങളും ഉണ്ടായിരിക്കണം.

(13) ഓരോ വർക്കിംഗ് ഗ്രൂപ്പിലും വനിതാ പ്രാതിനിധ്യവും പട്ടികജാതി പ്രാതിനിധ്യവും, പട്ടികവർഗ്ഗ വികസനത്തിന് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ പ്രാതിനിധ്യവും ഉണ്ടായിരിക്കണം.

(14) വർക്കിംഗ് ഗ്രൂപ്പിന്റെ ക്വോറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്.

(15) എസ്.സി./എസ്.റ്റി പ്രമോട്ടർമാർ, കുടുംബശ്രീ എസ്.റ്റി അനിമേറ്റർമാർ, സി.ഡി.എസ്. അംഗങ്ങൾ, സാക്ഷരതാ പ്രേരക്, യുവജനക്ഷേമ ബോർഡ് നിശ്ചയിച്ചിട്ടുള്ള യൂത്ത് കോർഡിനേറ്റർമാർ, ആശാ പ്രവർത്തകർ, ബാങ്ക് പ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ജൈവവൈവിദ്ധ്യ പരിപാലന കമ്മിറ്റിയിലെയും ദുരന്തനിവാരണ വുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സമിതികളിലെയും അംഗങ്ങൾ തുടങ്ങിയവരെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളാക്കേണ്ടതാണ്.

(16) വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ, ദുരന്തമാനേജ്മെന്റ് പ്ലാൻ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ സ്കിൽ കോ-ഓർഡിനേറ്റർ, ബയോ ഡൈവേഴ്സിറ്റി ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരെ ജില്ലാ പഞ്ചായത്തിന്റെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

(17) ഭരണസമിതിയുടെ പൊതുവായ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതെങ്കിലും ഓരോ വർക്കിംഗ് ഗ്രൂപ്പിനേയും അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുമായി ബന്ധപ്പെടുത്തിയിട്ടുള്ളതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കണം വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്.

(18) പുനഃസംഘടിപ്പിക്കുന്ന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പട്ടിക ഫോറം 2-ൽ തയ്യാറാക്കുകയും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ഉത്തരവായി പുറപ്പെടുവിക്കുകയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വെബ് സൈറ്റ് എന്നിവയിൽ പ്രസിദ്ധപ്പെടുത്തുകയും വേണം.

(19) പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ഭരണസമിതിയുടേയും ആസൂത്രണ സമിതിയുടേയും നിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗം ചേരണം.

**(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ**

(1) പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണപ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജന പ്പെടുത്തുന്നതിനും ശ്രമിക്കുക.

(2) സ്റ്റേക്ക്ഹോൾഡർ കൂടിയാലോചനകൾ, ബാങ്ക്/സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച, ഗ്രാമസഭാ യോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾ തുടങ്ങിയവയ്ക്ക് അക്കാദമിക് സഹായവും നേതൃത്വവും നൽകുക.

(3) അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക.

(4) വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക.

(5) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള പ്രാഥമിക വിവരങ്ങളും തദ്ദേശസ്ഥാപനതല സ്ഥിതി വിവരകണക്കുകൾ, ജനസംഖ്യാ റിപ്പോർട്ട് എന്നിവയിൽ നിന്നുള്ള ദ്വിതീയ വിവരങ്ങളും ശേഖരിച്ച് വിവരാടിത്തറ ഒരുക്കുവാൻ സഹായിക്കുക.

(6) വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുക.

(7) ഗ്രാമസഭയിൽ അച്ചടിച്ച് നൽകുന്നതിനാവശ്യമായ വിവരങ്ങളും (ഫോറം 4, 5, 6) പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കുക. (ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവുമാദ്യം നടക്കുന്ന ഗ്രാമസഭാ യോഗത്തിൽത്തന്നെ അവതരിപ്പിക്കേണ്ടതാണ്.)

(8) സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതിനൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, ഗ്രാമസഭായോഗത്തിൽ ചർച്ചയ്ക്ക് നൽകേണ്ട പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളെ സഹായിക്കുക.

(9) ഗ്രാമസഭായോഗം, ഊരുകൂട്ട യോഗം, മത്സ്യസഭായോഗം എന്നിവയിലും സമാന യോഗങ്ങളിലും വികസന സെമിനാറിലും വിഷയഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചർച്ചയ്ക്ക് നേതൃത്വം നൽകുക.

(10) നവകേരളം കർമ്മപദ്ധതി - 2 ന്റെ ഭാഗമായുള്ള ഹരിത കേരളം, ലൈഫ്, ആർദ്രം, വിദ്യാകിരണം എന്നീ വികസന ദൗത്യങ്ങളുമായി പ്രാദേശിക പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

(11) വിവിധ മേഖലകളുടെ സംയോജിതമായ ഇടപെടൽ വേണ്ട ഉപപദ്ധതികളുടെയും പ്രത്യേക പദ്ധതികളുടെയും കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉപപദ്ധതിയുടെ/പ്രത്യേക പദ്ധതിയുടെ രൂപീകരണ ചുമതലയുള്ള മുഖ്യ വർക്കിംഗ് ഗ്രൂപ്പ് ഉറപ്പാക്കണം. [ഉദാ: അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാനുകൾ (ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ്), പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ്), ദുരന്ത നിവാരണ പ്ലാൻ, കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി (ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ്)]

(12) ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ നിശ്ചിത ഫോറങ്ങളിൽ പൂർണ്ണമായും എഴുതി തയ്യാറാക്കുകയും അവ സുലേഖ ആപ്ലിക്കേഷനിൽ പൂർണ്ണമായും ഡാറ്റാ എൻട്രി ചെയ്യിക്കുകയും ചെയ്യുക.

(13) വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിഅംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യുക. (ഖണ്ഡിക 14 കാണുക)

(14) വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്.

(15) 'ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതിസംരക്ഷണം, ദുരന്ത നിവാരണം' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രത്യേക ചുമതലകൾ അനുബന്ധം 2 ൽ നൽകിയിട്ടുണ്ട്.

## (സി) അവസ്ഥാരേഖയെ (Status Report) അടിസ്ഥാനമാക്കി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതി രൂപവൽക്കരണത്തിന് മുന്നോടിയായി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 26.11.2021 ലെ സർക്കാർ ഉത്തരവ്(കൈ) നം.275/2021/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്. അപ്രകാരം തയ്യാറാക്കപ്പെട്ട അവസ്ഥാരേഖയേയും വികസന രേഖയേയും അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതിയിലെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ഫോറം 6-ൽ തയ്യാറാക്കേണ്ടതാണ്. [2023-24 മുതൽ അവസ്ഥാരേഖ കാലികമായി പരിഷ്കരിച്ചതിന് ശേഷമാവണം വർക്കിംഗ് ഗ്രൂപ്പുകൾ കരടുപ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.]

(2) കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡുതലത്തിലും തുടർന്ന് തദ്ദേശഭരണ സ്ഥാപനതലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും തയ്യാറാക്കുന്നുണ്ട്. ഇങ്ങനെ രൂപപ്പെടുന്ന ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകേണ്ടതാണ്. ഈ പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.

(3) ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ പ്രതിഫലിക്കേണ്ട ജില്ലാപദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിനൽകുന്ന നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുവേണം കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.

(4) ജി.ഐ.എസ് അധിഷ്ഠിത വിവരവ്യൂഹം വികസിപ്പിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ അത് ഭരണ നിർവ്വഹണത്തിനും പദ്ധതി ആസൂത്രണ-നിർവ്വഹണത്തിനും ഉപയോഗപ്പെടുത്തേണ്ടതാണ്.

(5) 23.03.2022ലെ സ.ഉ(കൈ)നം.68/2022/തസ്വഭവ പ്രകാരം ആദ്യഘട്ടമായി ഏറ്റെടുത്ത പ്രോജക്ടുകളും 23.12.2021-ലെ സ.ഉ.(സാധാ)നം.2632/2021/തസ്വഭവ ഉത്തരവ് പ്രകാരം 2022-23-ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് ഏറ്റെടുത്ത പ്രോജക്ടുകളും ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പൂർണ്ണവാർഷിക പദ്ധതിയുടെ ഭാഗമാക്കണം. ഒപ്പം നിർവ്വഹണം തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകളും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. ആദ്യഘട്ടമായി ഏറ്റെടുത്ത പ്രോജക്ടുകൾ ഗ്രാമസഭയുടെ അറിവിലേയ്ക്കായി അവതരിപ്പിക്കേണ്ടതാണ്.

(6) കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ തയ്യാറാക്കേണ്ടതുണ്ട്. അതിനാൽ ഈ രണ്ടുദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്.

### 3.1.3 റിസോഴ്സ് പേഴ്സൺമാർ

ജനകീയാസൂത്രണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, ആവശ്യമെങ്കിൽ, ജനകീയാസൂത്രണത്തിൽ പരിചയ സമ്പന്നനായ/സമ്പന്നയായ ഒരു സന്നദ്ധ പ്രവർത്തകയുടെ / പ്രവർത്തകന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ നിയോഗിക്കപ്പെടുന്നവർക്ക് നിയോഗിക്കപ്പെടുന്ന കാലയളവിൽ പ്രതിമാസം 9,000 രൂപ നിരക്കിൽ ഓണറേറിയം, പദ്ധതി – ആസൂത്രണ മോണിട്ടറിംഗ് ചെലവുകൾക്ക് മാറ്റിവെയ്ക്കുന്ന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്. പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ, ആസൂത്രണത്തിനാവശ്യമായ അടിസ്ഥാന വിവരശേഖരണം, ആസൂത്രണവുമായി ബന്ധപ്പെട്ട യോഗങ്ങൾ യഥാസമയം കാര്യക്ഷമമായി വിളിച്ചുകൂട്ടുന്നതും പദ്ധതി മോണിട്ടറിംഗും ആയി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സഹായിക്കൽ, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷാ ഫോറങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുക, അവ ശേഖരിക്കുക, തരം തിരിക്കുക, ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ സഹായ സംവിധാനമായി പ്രവർത്തിക്കുക, ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രസിഡന്റും സെക്രട്ടറിയും നൽകുന്ന നിർദ്ദേശങ്ങൾ ഏറ്റെടുത്ത് പ്രാവർത്തികമാക്കുക എന്നിവ റിസോഴ്സ്പേഴ്സന്റെ ചുമതലയും ഉത്തരവാദിത്തവുമാണ്.

## 3.2 ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗംചേരൽ

### 3.2.1 ഗ്രാമസഭായോഗങ്ങൾ

(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ നിർണായകമായ പങ്കുവഹിക്കാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാകുന്നുവോ അത്രമാത്രം നല്ലത്. വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

(2) ഗ്രാമസഭയിലേയ്ക്ക് പോകുന്നതിന് മുമ്പ് തന്നെ അവ അയൽസഭകളിലും ഇതര വേദികളിലും ചർച്ച ചെയ്ത് വേണ്ട മാറ്റം വരുത്താവുന്നതാണ്. പ്രാദേശിക പദ്ധതിയെ ജനകീയമാക്കു ന്നതിനുള്ള ഇത്തരം പ്രവൃത്തികൾ ഓരോ പ്രദേശത്തിന്റേയും സാദ്ധ്യതകൾക്കും ഭരണസമിതിയുടെ പ്രതിബദ്ധതയ്ക്കും അനുസരിച്ച് വിപുലമായി നടത്താവുന്നതാണ്. എന്നാൽ അവ ഓരോന്നും നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ എന്ന നിലയ്ക്ക് ഇവിടെ നിഷ്കർഷിക്കുന്നില്ല. അവ അഭികാമ്യമായ കാര്യങ്ങളാണ്. ഇത്തരത്തിൽ അയൽസ ഭകൾക്കൊപ്പം കൂടിയാലോചന നടത്താവുന്ന ഏതാനും വിഭാഗങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

(i) കർഷകർ, കർഷക തൊഴിലാളികൾ

(ii) വ്യവസായ സംരംഭങ്ങളിലും (പരമ്പരാഗതം, കുടിൽ, ഗ്രാമ, ആധുനികം) സേവനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ/അവരുടെ സംഘടനകൾ

(iii) പാടശേഖരസമിതികൾ, മത്സ്യ കർഷക ക്ലബ്ബുകൾ എന്നിവയുടെ പ്രതിനിധികൾ

(iv) എ.ഡി.എസ്, സി.ഡി.എസ് പ്രതിനിധികൾ

(v) പി.ടി.എ, സ്കൂൾ വികസന സമിതി പ്രതിനിധികൾ

(vi) അങ്കണവാടി പ്രവർത്തകർ, മാതൃസമിതി ചെയർപേഴ്സൺമാർ, അങ്കണവാടി തല മോണിട്ടറിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി ഭാരവാഹികൾ, ആശാവർക്കർമാർ

(vii) ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ, സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ പ്രൊഫഷണലുകൾ, ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ രക്ഷകർത്താക്കൾ / പ്രതിനിധികൾ

(viii) യുവജനക്ലബ്ബുകൾ, വായനശാലകൾ, കലാസാംസ്കാരിക സംഘടനകൾ, ബാല കൗൺസിലുകൾ, റസിഡൻസ് അസോസിയേഷനുകൾ, യൂത്ത് ക്ലബ്ബ് ഏകോപന സമിതി.

(ix) വനസംരക്ഷണ സമിതി ഭാരവാഹികൾ, പരിസ്ഥിതി പ്രവർത്തകർ

(x) രാഷ്ട്രീയ സംഘടനകൾ, തൊഴിലാളി സംഘടനകൾ, യുവജനസംഘടനകൾ, മഹിളാ സംഘടനകൾ

(xi) അക്കാദമിക് സ്ഥാപനങ്ങളിലെ പ്രതിനിധികൾ

(xii) ധനകാര്യസ്ഥാപനങ്ങളിലെ പ്രതിനിധികൾ

(xiii) പ്രവാസികൾ, പ്രവാസി സംഘടനകൾ

(xiv) ദുരന്തനിവാരണത്തിനായി തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതികൾ, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി, പ്രാദേശികതല നിരീക്ഷണ സമിതി

(xv) മറ്റ് സ്റ്റേക്ക്ഹോൾഡർമാർ

(3) പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഗ്രാമസഭാ വിൻഡോ സൗകര്യം ലഭ്യമാണ്. അതിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭയിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്തതരത്തിൽ അവശതയനുഭവിക്കുന്നവർ, സ്ഥലത്തില്ലാത്തവർ, പ്രവാസികൾ (മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്നവരടക്കം) തുടങ്ങിയവരുമായി ഓൺലൈൻ കൂടിയാലോചനകളും നടത്താവുന്നതാണ്.

(4) പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭകൾ യോഗം ചേരുന്നതിന് മുമ്പ് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ ഗ്രാമപഞ്ചായത്തിലുടനീളം സംഘടിപ്പിക്കണം. ദൃശ്യ-ശ്രാവ്യ-സമൂഹ മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീ ശൃംഖല എന്നിവയെ പ്രചരണ പരിപാടിയുടെ ഉപാധികളായി ഉപയോഗിക്കാവുന്നതാണ്. സന്നദ്ധ പ്രവർത്തകരുടെ സേവനം ഗ്രാമസഭയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഗ്രാമസഭായോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്.

(5) ഗ്രാമസഭായോഗങ്ങൾ ജനപങ്കാളിത്തത്തോടെയും കാര്യക്ഷമമായും ആണ് സംഘടിപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ ആസൂത്രണ സമിതികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി പെർഫോമൻസ് ആഡിറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) ഗ്രാമസഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതിയോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(6) ഗ്രാമസഭായോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ/ വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ ചർച്ചകൾ വിശദമായി സംഘടിപ്പിക്കണം.

(7) ഗ്രാമസഭായോഗങ്ങളിൽ വികസന പ്രശ്നങ്ങൾ തരം തിരിച്ച് കൃത്യമായി മുൻഗണന നിശ്ചയിക്കണം. പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ ആദ്യം വാർഡ് തലത്തിൽ മുൻഗണന നിശ്ചയിച്ചതിനുശേഷം എല്ലാ വാർഡുകളിലെയും നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഗ്രാമപഞ്ചായത്ത്തല മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണ്.

(8) ഗ്രാമസഭായോഗത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം സംബന്ധിച്ച് ഒരു അഭിപ്രായസർവേ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നത് അഭികാമ്യമാണ്; നിർബന്ധമല്ല. ഓരോരുത്തർക്കും അവരുടെ

മുൻഗണന രേഖപ്പെടുത്തുന്നതിന് ബാലറ്റ് പേപ്പർ വിതരണം ചെയ്ത് പൂരിപ്പിച്ച് വാങ്ങണം. മുൻഗണനകൾ വാർഡ് അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും ക്രോഡീകരിച്ച് പദ്ധതിയിലെ പൊതുമുൻഗണനകൾ നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ അഭിപ്രായ സർവ്വേ നടത്തുന്ന ഗ്രാമപഞ്ചായത്തുകൾ സർവ്വേ വിവരങ്ങൾ ക്രോഡീകരിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. അഭിപ്രായസർവ്വേ നടത്തുന്നതിനുള്ള ബാലറ്റ് പേപ്പറിന്റെ മാതൃക അനുബന്ധം 3 –ൽ നൽകുന്നു.

(9) യുവജനങ്ങൾ, വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ട്രാൻസ്ജെൻഡേഴ്സ് എന്നീ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കുന്നതിന് ഗ്രാമസഭായോഗങ്ങൾക്ക് മുമ്പ് ഗ്രാമപഞ്ചായത്തുതല യോഗങ്ങൾ സംഘടിപ്പിക്കുന്നത് അഭികാമ്യമാണ്. ഗ്രാമപഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുന്ന പ്രത്യേക യോഗത്തിൽ വച്ച് ഈ വിഭാഗങ്ങളുടെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ക്രോഡീകരിക്കാവുന്നതാണ്. ഇവ അഭിലഷണീയമാണെങ്കിലും ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തുതലത്തിൽ പ്രത്യേകം യോഗം ചേരണമെന്നത് നിർബന്ധ വ്യവസ്ഥയാണ്. അതുപോലെ മത്സ്യ വകുപ്പിന്റെ പ്രഖ്യാപിത മത്സ്യ ഗ്രാമങ്ങൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കായി മത്സ്യസഭകൾ സംഘടിപ്പിക്കണമെന്നുള്ളതും നിർബന്ധമാണ്. കുറഞ്ഞത് 25 മത്സ്യതൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭകൾക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

(10) ഓരോ ഗ്രാമസഭയിൽ നിന്നും രണ്ട് വനിതകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നിവർ ഉൾപ്പെടെ അഞ്ച് പ്രതിനിധികളെ വികസന സെമിനാറിൽ പങ്കെടുക്കുന്നതിന് തിരഞ്ഞെടു ക്കേണ്ടതാണ്. അതുപോലെ തദ്ദേശഭരണ സ്ഥാപനതലത്തിൽ ചേരുന്ന പ്രത്യേക ഗ്രാമസഭയോഗങ്ങളിൽ പങ്കെടുത്തവരിൽ നിന്നും ഒരു വനിത ഉൾപ്പെടെ രണ്ട് പ്രതിനിധികളെ വികസനസെമിനാറിൽ പങ്കെടുക്കുന്നതിലേയ്ക്ക് തിരഞ്ഞെടുക്കണം.

### 3.2.2 ഊരുകൂട്ട യോഗങ്ങൾ

(1) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുന്നതിനുമുമ്പായി പട്ടികവർഗ്ഗ ഊരുകളിൽ ഗ്രാമസഭായോഗത്തിന് നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിനുള്ള മറ്റ് വ്യവസ്ഥകൾ ചുവടെ നൽകുന്നു.

(i) ഊരിലെ ആകെ വോട്ടർമാരിൽ അൻപത് ശതമാനത്തിലധികം അംഗങ്ങൾ ഊരുകൂട്ട യോഗത്തിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം.

(ii) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗം എല്ലാ ഊരുകൂട്ടയോഗങ്ങളിലും നിർബന്ധമായും പങ്കെടുക്കണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് കഴിയുന്നത്ര ഊരുകൂട്ട യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

(iii) ഊരുകൂട്ടയോഗം വിളിച്ച് ചേർക്കുന്നതിനുള്ള സഹായക പ്രവർത്തനങ്ങൾ എസ്.റ്റി. പ്രമോട്ടർ ഏറ്റെടുക്കണം. എന്നിരുന്നാലും ഊരുകൂട്ടയോഗങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

(iv) എസ്.റ്റി പ്രമോട്ടർ ചുമതലയുള്ള ഊരുകൂട്ടയോഗത്തിൽ നിർബന്ധമായും പങ്കെടുക്കണം

(v) ഊരുകൾക്ക് പുറത്ത് അങ്ങിങ്ങായി താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ പ്രായപൂർത്തിയായ വരെയും ഊരുകൂട്ട യോഗത്തിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

(vi) നടപ്പാക്കേണ്ട പ്രോജക്ടുകളുടെ മുൻഗണന ഊരുകൂട്ടയോഗം നിശ്ചയിക്കേണ്ടതും അത് രേഖപ്പെടുത്തേണ്ടതുമാണ്.

(vii) ഓരോ ഊരുകൂട്ടയോഗത്തിൽ നിന്നും ഒരു വനിത ഉൾപ്പെടെ രണ്ട് പേരെ തദ്ദേശഭരണ സ്ഥാപനത്തിലെ വികസന സെമിനാർ പ്രതിനിധികളായി തിരഞ്ഞെടുക്കേണ്ടതാണ്.

(2) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഊരുകൂട്ടയോഗം ചേർന്നുവേണം ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തിരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.

(3) ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിന് മുമ്പേ ഓരോ ഊരിലും വ്യപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം.

(4) ഊരുകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനമായിരിക്കണം ഊരുകൂട്ട യോഗത്തിലെ മുഖ്യചർച്ചാവിഷയം.

(5) ഊരുകളിൽ നടപ്പാക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ മുൻഗണന അതത് ഊരുകൂട്ടങ്ങളിൽ നിശ്ചയിക്കണം. ഊരുക്കൂട്ടം നിശ്ചയിക്കുന്ന മുൻഗണനകൾ ഗ്രാമസഭാ യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 3.2.3 ഗ്രാമസഭാ /ഊരുകൂട്ട യോഗങ്ങൾക്കുള്ള മറ്റ് നിർദ്ദേശങ്ങൾ

(1) പദ്ധതി ആസൂത്രണ ഗ്രാമസഭകളുടെ/ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ, ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, എന്നിവരിൽ ഒരാളെ ഗ്രാമസഭാ/ഊരുകൂട്ടത്തിന്റെ കോഓർഡിനേറ്ററായി ഭരണസമിതി നിശ്ചയിച്ച് ചുമതല ഏൽപ്പിക്കണം.

(2) ഗ്രാമസഭ/ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കുക, ചർച്ചകൾ ഫലപ്രദമാക്കുക, തീരുമാനങ്ങൾ ക്രോഡീകരിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്കും മുകൾതട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള ശുപാർശകൾ തയ്യാറാക്കുക എന്നീ കാര്യങ്ങൾക്ക് ഗ്രാമ പഞ്ചായത്തുതല ആസൂത്രണ സമിതിഅംഗങ്ങൾ നിർണ്ണായക പങ്ക് വഹിക്കേണ്ടതാണ്.

(3) മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ (ഫോറം 4 ൽ തയ്യാറാക്കിയത്), നടപ്പ് വാർഷിക പദ്ധതിയുടെ അവലോകനം (ഫോറം 5-ൽ തയ്യാറാക്കിയത്), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ (ഫോറം 6-ൽ തയ്യാറാക്കിയത്), ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച അവസ്ഥാരേഖയുടെ (Status Report) രത്നച്ചുരുക്കം എന്നിവ അച്ചടിച്ച് ഗ്രാമസഭാ/ഊരുകൂട്ട യോഗത്തിൽ വിതരണം ചെയ്യണം.

(4) ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ ഗ്രാമസഭ/ഊരുകൂട്ടം നിശ്ചയിക്കുന്ന മുൻഗണനകൾ അനുസരിച്ചുള്ളതാവണം. എന്നാൽ അനിവാര്യ പ്രോജക്ടുകൾക്കും സർക്കാർ നിർദ്ദേശിക്കുന്ന പ്രോജക്ടുകൾക്കും ഈ വ്യവസ്ഥ ബാധകമല്ല.

(5) കുടുംബശ്രീ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ തയ്യാറാക്കുന്ന ഊരുതല കർമ്മ പദ്ധതിയിലെ പ്രോജക്ടുകൾ ഊരുകൂട്ടത്തിന്റെ അംഗീകാരത്തിന് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(6) ഗ്രാമസഭാ/ഊരുകൂട്ടയോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, ഗ്രാമസഭ/ഊരുകൂട്ട യോഗത്തിൽ പങ്കെടുത്ത 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട ചുമതല ഗ്രാമസഭ/ഊരുകൂട്ടം കോ-ഓർഡിനേറ്ററുടേതാണ്.

(7) ഗ്രാമസഭാ/ഊരുകൂട്ടയോഗത്തിലെ ഹാജർ രജിസ്റ്റർ, ഗ്രൂപ്പ് ചർച്ചകളിലെ നിർദ്ദേശങ്ങൾ, ലഭിച്ച ചോദ്യങ്ങൾ, മിനിട്സ്/ തീരുമാനങ്ങൾ എന്നിവ യോഗം നടന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ കോ-ഓർഡിനേറ്റർ, സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. ഫോട്ടോഗ്രാഫുകൾ അതത് മിനിട്സ് ബുക്കുകളിൽ ഒട്ടിച്ചു വയ്ക്കണം. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യോഗത്തിന്റെ തൊട്ടടുത്ത പ്രവൃത്തിദിവസം തന്നെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

(8) ഗ്രാമസഭാ/ഊരുകൂട്ടയോഗത്തിന്റെ കാര്യപരിപാടിയുടെ മാതൃക അനുബന്ധം 4 –ൽ നൽകുന്നു.

### 3.2.4 ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗങ്ങൾ

(1) ഗ്രാമസഭയ്ക്ക് സമാനമായി ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികളേയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ജില്ലാ പഞ്ചായത്തിലേയും ഗ്രാമപഞ്ചായത്തുകളിലേയും ജനപ്രതിനിധികളേയും ഗ്രാമപഞ്ചായത്തുകളിലെ ആസൂത്രണ സമിതിഉപാദ്ധ്യക്ഷൻമാരെയും ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

(2) ഗ്രാമസഭയ്ക്ക് സമാനമായി ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തുകളിലെ ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാർ, ജില്ലാപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കണം.

(3) ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭകൾ പൂർത്തിയാക്കിയതിനുശേഷം ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമസഭ വിളിച്ചുചേർക്കുന്നതിനും അതിനുശേഷം ജില്ലാ പഞ്ചായത്തിന്റെ ഗ്രാമസഭ വിളിച്ചു ചേർക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

(4) ബ്ലോക്ക് പഞ്ചായത്തുകളുടേയും ജില്ലാപഞ്ചായത്തുകളുടേയും ഗ്രാമസഭയ്ക്ക് സമാനമായ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യണം. ചർച്ചകൾ ഫെസിലിറ്റേറ്റ് ചെയ്യുന്നതിനായി പ്രത്യേകം ഫെസിലിറ്റേറ്റർമാരെ ബന്ധപ്പെട്ട ഭരണസമിതികൾ നിശ്ചയിച്ച് നൽകണം.

(5) ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ഫോറം 6-ൽ തയ്യാറാക്കി ചർച്ചയ്ക്കായി നൽകേണ്ടതാണ്. ചർച്ചയ്ക്ക് ലഭിക്കുന്ന കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും ജില്ലാ പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിലും ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

(7) ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പരിഗണനയ്ക്ക് തയ്യാറാക്കി അയച്ചിട്ടുള്ള നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ഗ്രാമസഭയ്ക്ക് സമാനമായി സംഘടിപ്പിക്കുന്ന യോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കണം.

(8) ഗ്രാമസഭായോഗങ്ങൾക്ക് മുമ്പ് കൂടിയാലോചന നടത്തുന്നതിന് ഖണ്ഡിക 3.2.1.(2)ൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത സമൂഹവിഭാഗങ്ങളിൽ ബാധകമായ വിഭാഗങ്ങളുമായും സമാനമായ മറ്റ് വിഭാഗങ്ങളുമായും ബ്ലോക്ക് / ജില്ല പഞ്ചായത്തുകൾക്ക് കൂടിയാലോചന നടത്താവുന്നതാണ്.

### 3.3 വികസന സെമിനാറും കരട് പദ്ധതി രേഖയും

**3.3.1** ഗ്രാമസഭായോഗങ്ങൾക്ക് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ഗ്രാമസഭാ/ഊരുകൂട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിക്ക് സമർപ്പിക്കണം. ഭരണ സമിതി ഗ്രാമസഭകളുടെയും ഊരുകൂട്ടങ്ങളുടേയും മുൻഗണനകൾ പരിഗണിച്ചുകൊണ്ടും വിഭവലഭ്യത പരിഗണിച്ചും കരട് വാർഷിക പദ്ധതി തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടതാണ്.

**3.3.2** വാർഷിക പദ്ധതിയിലെ മുൻഗണനകൾക്കും വികസനതന്ത്രങ്ങൾക്കും രൂപം നൽകുന്ന തിനായാണ് വികസന സെമിനാർ ചേരുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്തുതല ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, പ്രത്യേക ഗ്രാമസഭകളുടെ പ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഊരുക്കൂട്ടം ഉണ്ടെങ്കിൽ അവയുടെ പ്രതിനിധികൾ, മിഷനുകളുടെ പ്രതിനിധികൾ, എസ്.സി/എസ്.റ്റി പ്രമോട്ടർമാർ, എ.ഡി.എസ് പ്രതിനിധികൾ, സി.ഡി.എസ് അംഗങ്ങൾ, ബാങ്കുകളിലേയും

സഹകരണ സ്ഥാപനങ്ങളിലേയും പ്രതിനിധികൾ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധപ്രവർത്തകർ മുതലായ എല്ലാ വിഭാഗം ജനങ്ങളെയും വികസന സെമിനാറിൽ പങ്കെടുപ്പിക്കണം.

**3.3.3** ബ്ലോക്ക് പഞ്ചായത്തുകളിലെ വികസനസെമിനാറിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ്കമ്മിറ്റി അദ്ധ്യക്ഷൻമാർ, ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ബ്ലോക്ക്തല ആസൂത്രണ സമിതിഅംഗങ്ങൾ, ഗ്രാമപഞ്ചായത്ത്തല ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാർ, ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, സിഡി.എസ് അംഗങ്ങൾ, മിഷനുകളുടെ പ്രതിനിധികൾ, സ്റ്റേക്ക്ഹോൾഡർമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധപ്രവർത്തകർ മുതലായ എല്ലാ വിഭാഗങ്ങളെയും ക്ഷണിക്കേണ്ടതാണ്.

**3.3.4** ജില്ലയിലെ ഗ്രമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത്അംഗങ്ങൾ, ജില്ലാപഞ്ചായത്ത് ആസൂത്രണ സമിതിഅംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്തു ആസൂത്രണ സമിതിഉപാദ്ധ്യക്ഷൻമാർ, ജില്ലാ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റേക്ക്ഹോൾഡർമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ മുതലായ എല്ലാ വിഭാഗങ്ങളേയും ജില്ലാ പഞ്ചായത്തിന്റെ വികസനസെമിനാറിലേയ്ക്ക് ക്ഷണിക്കണം.

**3.3.5** 2022-23 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന വികസന സെമിനാറിനൊപ്പം വികസനരേഖയും പൂർണ്ണമാക്കേണ്ടതുണ്ട്. അവസ്ഥാരേഖയും വികസനരേഖയും തയ്യാറാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ [സ.ഉ.(കൈ)നം.275/2021/തസ്വഭവ തീയതി 26.11.2021] ഖണ്ഡിക 4.7-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം വികസനരേഖ പൂർണ്ണമാക്കുകയും കരട് വികസനരേഖയോ അല്ലെങ്കിൽ അതിന്റെ സംഗ്രഹമോ അച്ചടിച്ച് വികസന സെമിനാറിൽ വിതരണം ചെയ്യുകയും വേണം.

**3.3.6** **വാർഷിക പദ്ധതിരേഖ – ഘടന :-** കരട് വാർഷിക പദ്ധതിരേഖ വികസനസെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യണം. വാർഷിക പദ്ധതിരേഖയ്ക്ക് ചുവടെ വിവരിക്കുന്ന രീതിയിൽ 10 അദ്ധ്യായങ്ങൾ ഉണ്ടായിരിക്കണം. ഇതിൽ ആദ്യത്തെ നാല് അദ്ധ്യായങ്ങൾ പരിഷ്കരിച്ച അവസ്ഥാരേഖയും (Status Report) വികസനരേഖയും ഉപയോഗിച്ച് തയ്യാറാക്കാവുന്നതാണ്.

(1) തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി –അവസ്ഥാ വിശകലനം (അദ്ധ്യായം1) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകൾ, മനുഷ്യ-പ്രകൃതി വിഭവങ്ങൾ, പൊതു സാമൂഹിക-സാമ്പത്തിക അവസ്ഥ, ഓരോ മേഖലയുടേയും പ്രത്യേക വിഭാഗങ്ങളുടേയും അവസ്ഥ, നിലനിൽക്കുന്ന വികസന പ്രശ്നങ്ങൾ, വെല്ലുവിളികൾ എന്നിവ ഹ്രസ്വമായി ഈ ഭാഗത്ത് നൽകണം.

(2) വാർഷിക പദ്ധതി അവലോകനം (അദ്ധ്യായം 2)

ആദ്യവർഷം (2022-23) പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവലോകനവും തുടർന്നുള്ള വർഷങ്ങളിൽ വാർഷികപദ്ധതിയുടെ അവലോകനവുമാണ് ഈ ഭാഗത്ത് ചേർക്കേണ്ടത്. അതത് വർഷം പരിഷ്കരിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിലെ ഫോറം 5 അവലംബമാക്കാമെങ്കിലും വിശകലനം അതിൽ പരിമിതപ്പെടുത്തേണ്ടതില്ല. ഏറ്റെടുത്ത പ്രോജക്ടുകളിൽ ഏതൊക്കെ ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞു, പ്രതീക്ഷിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവോ, ഏതൊക്കെ പ്രോജക്ടുകൾ ഇതിനകം ഉപേക്ഷിച്ചു, ഉപേക്ഷിക്കാനിടയായ സാഹചര്യം, ഏതൊക്കെ പ്രോജക്ടുകൾ ഭേദഗതി ചെയ്തു, ഭേദഗതി ചെയ്യാനിടയായ സാഹചര്യം, നിർവ്വഹണം ആരംഭിക്കാത്ത പ്രോജക്ടുകളുണ്ടോ, ഉണ്ടെങ്കിൽ വൈകുന്നതിനുള്ള കാരണം, ഇനിയും പ്രോജക്ടുകൾ ഭേദഗതി ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നുണ്ടോ, വിഭവ സമാഹരണ സാദ്ധ്യതകൾ ലക്ഷ്യമിട്ടതുപോലെ തന്നെ ലഭിക്കുന്നുണ്ടോ, പ്രോജക്ടുകൾക്ക് ലക്ഷ്യമിട്ട അത്രയും ഗുണഭോക്താക്കളെ ലഭിച്ചുവോ, സംയുക്ത പ്രോജക്ടുകൾ വിഭാവനം ചെയ്തതുപോലെ തന്നെ നടപ്പാക്കാൻ കഴിയുന്നുണ്ടോ എന്നിങ്ങനെ നടപ്പ് വാർഷിക പദ്ധതിയുടെ ജയപരാജയങ്ങളുടെ ഒരു ഇടക്കാല വിലയിരുത്തൽ നടത്തി അതിൽ നിന്നും അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് അടുത്ത വാർഷിക പദ്ധതി കൂടുതൽ മികച്ച രീതിയിൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്ന സമീപനമാകണം ഈ ഭാഗത്ത് വേണ്ടത്. അതോടൊപ്പം സംയോജന സാദ്ധ്യതകളുടെ അവലോകനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളും ഏജൻസികളും തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് നടപ്പുവർഷം നടപ്പാക്കിയതോ നടപ്പാക്കിവരുന്നതോ ആയ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയുടെ വിവരങ്ങൾ കൂടി കൂട്ടിച്ചേർത്ത് ഈ ഭാഗം മെച്ചപ്പെടുത്തേണ്ടതാണ്.

(3) പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും (അദ്ധ്യായം 3)

അതത് വർഷം പരിഷ്കരിക്കുന്ന അവസ്ഥാരേഖയെ (Status Report) അടിസ്ഥാനമാക്കിയാണ് ഈ ഭാഗം തയ്യാറാക്കേണ്ടത്. ഇതിനായി ഈ മാർഗ്ഗരേഖയിലെ ഫോറം നമ്പർ 3 ഉപയോഗിക്കണം. ഓരോ മേഖലയുടേയും ഗുരുതരവും അതീവ ഗുരുതരവുമായ പ്രശ്നങ്ങൾ മാത്രം വിശകലനം ചെയ്താൽ മതിയാകുന്നതാണ്.

(4) വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം (അദ്ധ്യായം 4)

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ തയ്യാറാക്കുന്ന വികസനരേഖയുടെയും അതാത് വർഷം പരിഷ്കരിക്കുന്ന അവസ്ഥാരേഖയുടെയും അടിസ്ഥാനത്തിൽ ഓരോ മേഖലയുടേയും വികസന കാഴ്ചപ്പാട്, നയസമീപനം, തന്ത്രം എന്നിവ വിശദമാക്കിയതിനു ശേഷം ആ നിഗമനങ്ങൾ ക്രോഡീകരിച്ച് വാർഷിക പദ്ധതിയിൽ ഉദ്ദേശിക്കുന്ന വികസന കാഴ്ചപ്പാടിനും ലക്ഷ്യങ്ങൾക്കും തന്ത്രത്തിനും രൂപം നൽകണം. പ്രാദേശിക വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വലിയ പ്രധാന്യമുള്ള വികസന കാഴ്ചപ്പാട് (പരിപ്രേക്ഷ്യം), ലക്ഷ്യങ്ങൾ, വികസനതന്ത്രം എന്നിവയുടെ വിശദീകരണം ചുവടെ നൽകുന്നു.

(i) വികസനകാഴ്ചപാട്:- പ്രദേശത്തിന്റെ അഥവാ വിഷയ മേഖലയുടെ വികസനത്തിൽ തദ്ദേശഭരണ സ്ഥാപനം നടത്തുന്ന ഇടപെടലുകളെ നയിക്കേണ്ട അടിസ്ഥാന സമീപനം അഥവാ പൊതുനയം എന്താണ് എന്നതാണ് വികസന കാഴ്ചപ്പാട് (പരിപ്രേക്ഷ്യം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഉദാ: മണ്ണും ജലവും അന്തരീക്ഷവും എന്നും ശുചിത്വത്തോടെ നിലനിർത്തുന്നതാണ് മാലിന്യ പരിപാലന രംഗത്തെ വികസന കാഴ്ചപ്പാട് എന്ന് പറയാം.

(ii) ലക്ഷ്യങ്ങൾ:- വികസനകാഴ്ചപ്പാടിനെ അഥവാ വികസനപരിപ്രേക്ഷ്യത്തെ യാഥാർത്ഥ്യമാക്കുന്നതിന് അതിനെ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങളാക്കി മാറ്റി കൃത്യതയോടെ നിർവചിക്കേണ്ടതുണ്ട്. ഉദാ:- മാലിന്യ പരിപാലന രംഗത്ത് ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, അന്തരീക്ഷ മലിനീകരണത്തിന്റെ തോത് കുറയ്ക്കൽ തുടങ്ങിയ ലക്ഷ്യങ്ങളിൽ ഏതൊക്കെ പതിനാലാം പദ്ധതിക്കാലയളിൽ ഏറ്റെടുത്ത് പൂർത്തിയാക്കുമെന്നും അതിൽതന്നെ ഓരോ വർഷവും ഏതൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും വ്യക്തമാക്കണം.

(iii) വികസനതന്ത്രം :- വികസന കാഴ്ചപ്പാടിനോട് നീതി പുലർത്തിക്കൊണ്ട് വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പ്രദേശത്തിന്റെ സാദ്ധ്യതകൾക്കും പരിമിതികൾക്കും അനുസൃതമായി സ്വീകരിക്കുന്ന മുൻഗണനകൾ, മാർഗ്ഗങ്ങൾ എന്നിവയെയാണ് വികസനതന്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഉദാ: ഹരിതകർമ്മസേന വഴിയുള്ള അജൈവ മാലിന്യശേഖരണവും കൈയ്യൊഴിയലും, ജൈവമാലിന്യങ്ങളുടെ ഉറവിടസംസ്കരണം ഗാർഹിക-സ്ഥാപന-പൊതു തലങ്ങളിൽ ദ്രവമാലിന്യ പരിപാലന പദ്ധതികൾ, മാലിന്യസംസ്കരണ മേഖലയിലെ സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ പ്രോത്സാഹനം എന്നിവ വികസന തന്ത്രത്തിൽ സ്വീകരിക്കാവുന്നതാണ്.

(5) വിഭവസ്രോതസ്സുകളും വകയിരുത്തലുകളും (അദ്ധ്യായം 5)

വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകാവുന്ന ധനവിഭവങ്ങൾ പ്രോജക്ടുകൾക്ക് വകയിരുത്തുന്നത് കൂടാതെ പ്രദേശത്ത് ലഭ്യമാക്കാൻ കഴിയുന്ന മനുഷ്യ-പ്രകൃതി വിഭവങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നത് സംബന്ധിച്ച വിശകലനവും നടത്തേണ്ടതാണ്. ഇതിനായി ഈ മാർഗ്ഗരേഖയ്ക്ക് അനുബന്ധമായി കൊടുത്തിട്ടുള്ള ഫോറം 7 ഉപയോഗിക്കേണ്ടതാണ്.

(6) പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും (അദ്ധ്യായം 6)

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ പദ്ധതി രേഖയിൽ ഉണ്ടായിരിക്കണം. ഓരോ പ്രോജക്ടിനേയും സംബന്ധിച്ച സുപ്രധാന വിവരങ്ങൾ പ്രതിപാദിക്കുന്ന പ്രോജക്ട് സംഗ്രഹം അനിവാര്യമാണ്. പ്രോജക്ട് നമ്പർ, പേര്, വിഭാഗം, വികസന മേഖല, വിഭവ സ്രോതസ്സ്, ഭൗതിക ലക്ഷ്യങ്ങൾ, പ്രോജക്ടിന്റെ പ്രത്യേക സവിശേഷതകൾ എന്നിവ സംഗ്രഹ കുറിപ്പിൽ വ്യക്തമായി രേഖപ്പെടുത്തണം.

(7) പ്രത്യേക പദ്ധതികൾ/പരിപാടികൾ (അദ്ധ്യായം 7)

പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടകപദ്ധതി, സാമൂഹ്യ സുരക്ഷാ പദ്ധതി (കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ പദ്ധതിയും, വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും), അതിദരിദ്രർക്ക വേണ്ടിയുള്ള മൈക്രോ പ്ലാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള ഉപപദ്ധതി, ആസ്തിസംരക്ഷണ പദ്ധതി, സദ്ഭരണ പദ്ധതി, പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED Plan), ദുരന്തമാനേജ്മെന്റ് പദ്ധതി, കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി എന്നിവയ്ക്കായി പ്രത്യേക ഭാഗങ്ങൾ പദ്ധതിരേഖയിൽ ഉണ്ടായിരിക്കണം. സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ കാഴ്ചപ്പാടുകളും പൊതു സമീപനവും തന്ത്രങ്ങളും ഈ അദ്ധ്യായത്തിൽ സംക്ഷിപ്തമായി ഉൾപ്പെടുത്തേണ്ടതാണ്.

(8) വായ്പാ ബന്ധങ്ങൾ (അദ്ധ്യായം 8)

പദ്ധതിയിലെ വായ്പാ സാദ്ധ്യതകളെ സംബന്ധിച്ച ഒരു ലഘു വിവരണം തയ്യാറാക്കണം. അതോടൊപ്പം കേരള ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളും അതാത് പ്രദേശത്തെ പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ വായ്പാബന്ധിതമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും വിശദാംശങ്ങളും ഉൾപ്പെടുത്തണം.

(3.4.1 (7), (8) എന്നീ ഖണ്ഡികകൾ കാണുക)

(9) സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും (അദ്ധ്യായം 9)

അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചാണ് സമഗ്ര പരിപാടികൾക്ക് രൂപം നൽകേണ്ടത് (ഖണ്ഡിക 3.5.5 കാണുക). നിർദ്ദേശിക്കുന്ന സമഗ്രപരിപാടികൾ ഏതെല്ലാം, ഓരോ സമഗ്ര പരിപാടിയുടെയും ലക്ഷ്യങ്ങൾ എന്തൊക്കെ, ഉൾപ്പെടുന്ന പ്രോജക്ടുകൾ ഏതെല്ലാം, പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പുകളും ഏജൻസികളും ഏതൊക്കെയാണ്, പ്രധാന പ്രവർത്തനങ്ങൾ, അവയുടെ മുൻ-പിൻ ബന്ധങ്ങൾ, ഏകോപനം എന്നിവ വിശദമായി നൽകണം. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, നവകേരളം കർമ്മ പദ്ധതി – 2, വിവിധ സ്ഥാപനങ്ങൾ, ഏജൻസികൾ, സംഘടനകൾ എന്നിവ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് നടത്തുന്ന പ്രവർത്തനങ്ങൾ, എന്നിവ കൂടി പരമാവധി ഉൾപ്പെടുത്തണം (ഖണ്ഡിക 3.5.6 കാണുക). ഖണ്ഡിക 3.5.4 പ്രകാരമുള്ള സംയുക്തപ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും നൽകണം..

(10) മോണിട്ടറിംഗ് (അദ്ധ്യായം 10)

മോണിട്ടറിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രവർത്തനരീതിയും ഈ അദ്ധ്യായത്തിൽ വ്യക്തമാക്കണം.

**3.3.7** പദ്ധതിരേഖയും വികസനരേഖയും തയ്യാറാക്കുന്നതിനുള്ള പൂർണ്ണചുമതല ഭരണസമിതിക്കാണ്. തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതിഇക്കാര്യത്തിൽ ഭരണസമിതിയെ സഹായിക്കണം.

**3.3.8** വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുകയും ചുവടെ വിവരിക്കുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

(1) വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസനതന്ത്രവും സമീപനവുമാണ് സ്വീകരിച്ചിട്ടുള്ളത്.

(2) പദ്ധതിയുടെ പൊതുവികസന കാഴ്ചപ്പാട് ദീർഘവീക്ഷണത്തോടെയുള്ളതും മുൻഗണനകൾ യുക്തിസഹവും വികസന മേഖലകൾക്ക് നിർദ്ദേശിച്ചിട്ടുള്ള സമീപനം അനുയോജ്യവുമാണ്.

(3) വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, വികസനതന്ത്രം എന്നിവയ്ക്ക് അനുയോജ്യമായ പ്രോജക്ട് ആശയങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്.

(4) ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുള്ള ശുപാർശകൾ പരിഗണിച്ചാണ് പ്രോജക്ട് നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്.

(5) ജില്ലാപദ്ധതി നിർദ്ദേശങ്ങൾ കണക്കിലെടുത്തും സംയോജനസാദ്ധ്യതകൾ പരിഗണിച്ചുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

**3.3.9** ഗ്രാമസഭാ യോഗം ചേരുന്നതിന് നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി വികസന സെമിനാർ യോഗം ചേരുന്നതിന് അനുവർത്തിക്കേണ്ടതാണ്.

## 3.4 വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ

### 3.4.1 വാർഷിക പദ്ധതി അടങ്കൽ നിശ്ചയിക്കൽ

(1) ഗ്രാമസഭാ/ഊരുകൂട്ട യോഗങ്ങളിലെയും ഗ്രാമസഭയ്ക്ക് സമാനമായ മറ്റ് യോഗങ്ങളിലെയും വികസന സെമിനാറിലെയും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന നിർദ്ദേശങ്ങൾ രണ്ടായി തരംതിരിക്കണം – ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി പരിഹാരം കാണേണ്ടവയെന്നും അല്ലാത്തവയെന്നും. ആദ്യവിഭാഗത്തിൽപ്പെടുന്ന നിർദ്ദേശങ്ങൾ പ്രോജക്ട് റിപ്പോർട്ടുകളായി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകുകയും അന്തിമ പദ്ധതിരേഖയുടെ ഭാഗമാക്കുകയും വേണം. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, സംസ്ഥാന തലങ്ങളിൽ നടപടി ആവശ്യമുള്ളവ അതത് തലത്തിലേയ്ക്ക് കൈമാറേണ്ടതാണ്.

(2) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിനു മുമ്പ് വിഭവലഭ്യത സംബന്ധിച്ച് കൃത്യമായ ഒരു ധാരണ ഉണ്ടാക്കണം. കരട് പദ്ധതിയിലെ പ്രോജക്ട് നിർദ്ദേശങ്ങളെ സംബന്ധിച്ച് വികസനസെമിനാറിൽ ഉണ്ടായിട്ടുള്ള ശുപാർശകളും തദ്ദേശഭരണ സ്ഥാപനത്തിന്റെ മുൻഗണനകളും കണക്കിലെടുത്തുകൊണ്ട് വിവിധ വിഭാഗങ്ങളിൽ ഓരോ വിഷയമേഖലയ്ക്കും ഉപമേഖലയ്ക്കും വകയിരുത്താവുന്ന അടങ്കൽതുക എത്രയെന്ന് വിവിധ വിഭവസമാഹരണ സാദ്ധ്യതകൾ പരിഗണിച്ച് ഭരണസമിതി തീരുമാനിക്കേണ്ടതാണ്.

വിഭവപരിധികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രോജക്ടുകൾ തിരഞ്ഞെടുത്ത് വേണം വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകേണ്ടത്.

(3) വാർഷികപദ്ധതി വിഭവവകയിരുത്തൽ വിവരങ്ങൾ ഫോറം7-ൽ തയ്യാറാക്കേണ്ടതാണ്.

(4) വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ അടങ്കൽതുകയുടെ കാര്യത്തിൽ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുകയോടൊപ്പം സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021 പ്രകാരം ലഭ്യമാകാവുന്ന ക്യാരിഓവർ തുക കൂടി ഉൾപ്പെടുത്താവുന്നതാണ്. ഈ ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ചില നിബന്ധനകൾക്ക് വിധേയമായി തൊട്ടടുത്ത വർഷം ക്യാരിഓവർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒപ്പം, പട്ടികജാതി ഉപപദ്ധതി വിഹിതത്തിലെയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലെയും ഒരു വർഷത്തെ വിനി യോഗത്തിലെ കുറവ് തൊട്ടടുത്ത വർഷം പരിഹരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷംഅനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) ക്യാരിഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.

(ii) പട്ടികജാതി ഉപപദ്ധതി വിഹിതത്തിലെയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലെയും വിനിയോഗ ശതമാനം 80-ൽ കുറവാണെങ്കിൽ, മേല്പറഞ്ഞ പ്രകാരം ക്യാരിഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം. ഉദാഹരണത്തിന് ഒരു തദ്ദേശഭരണ സ്ഥാപനത്തിന് പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ ഒരു വർഷം അനുവദിച്ച തുകയുടെ 65 ശതമാനം തുകയേ ആ വർഷം ചെലവഴിക്കാൻ കഴിഞ്ഞുള്ളു എന്നിരിക്കട്ടെ. ചെലവഴിക്കാൻ ബാക്കിയുള്ളത് 35 ശതമാനമാണ്. അങ്ങനെയെങ്കിൽ ആ തദ്ദേശഭരണ സ്ഥാപനത്തിന് 20 ശതമാനം തുക ക്യാരിഓവർ ആയി സർക്കാർ അനുവദിക്കും. ബാക്കി 15 ശതമാനം തുക എത്രയാണോ ആ തുക തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പട്ടികജാതി ഉപപദ്ധതിയിലേയ്ക്ക് പരിഹാര വകയിരുത്തൽ നടത്തണം.

(iii) പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാത്ത ഫണ്ട് പൂർണ്ണമായും ക്യാരിഓവർ ചെയ്യാവുന്നതാണ്.

(iv) മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിതം എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) ക്യാരിഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.

(5) മുകളിൽ പ്രതിപാദിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് വേണം ഓരോ വിഭാഗം പദ്ധതിയിലെയും (പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി) അടങ്കൽ തുക നിശ്ചയിക്കേണ്ടത്. ക്യാരിഓവർ ആയി ലഭ്യമാകുന്നതിൽ കൂടുതൽ സ്പിൽഓവർ ബാധ്യത ഉണ്ടെങ്കിൽ അത് തൻ വർഷത്തെ വിഹിതത്തിൽ നിന്നും മേഖലാ നിബന്ധനകൾക്ക് വിധേയമായി കണ്ടെത്തേണ്ടതാണ്.

(6) ഭരണസമിതിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾക്ക് പ്രോജക്ടുകൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

(7) വായ്പാബന്ധിത പ്രോജക്ടുകളുടെ വായ്പാ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുവാൻ തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും നേതൃത്വത്തിൽ ലീഡ് ബാങ്ക് (Lead Bank) പ്രതിനിധികളുമായും അതാത് തലത്തിലെ ബാങ്കേഴ്സ് കമ്മിറ്റികളുമായും ചർച്ച നടത്തേണ്ടതാണ്. അതുപോലെ തദ്ദേശഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം പ്രതിനിധികളുമായി സഹകരണാടിസ്ഥാനത്തിൽ യോജിച്ച് നടപ്പിലാക്കാവുന്ന പ്രോജക്ടുകളെക്കുറിച്ച് കൂടിയാലോചനകളും നടത്തേണ്ടതാണ്. ഇപ്രകാരം നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം വായ്പാബന്ധിത പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി അന്തിമാക്കുന്നതിന് മുൻപ് ഇത്തരം ചർച്ചകൾ പൂർത്തിയാക്കേണ്ടതാണ്.

(8) പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾക്ക് വായ്പാസാദ്ധ്യതകൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി രണ്ട് കാര്യങ്ങൾ മുൻകൂറായി ചെയ്യാവുന്നതാണ്.

(എ) ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടേയും സംയുക്ത യോഗത്തിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തന മേഖലയുള്ള ബാങ്ക് പ്രതിനിധികളുമായി പ്രോജക്ടുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾ ചർച്ച ചെയ്ത് നിലവിലുള്ള സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തത വരുത്തുക.

(ബി) തദ്ദേശഭരണ സ്ഥാപനത്തിന്റെ വായ്പാ ആവശ്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഖാന്തിരം ബി.എൽ.ബി.സി യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും വരും വർഷത്തെ ക്രെഡിറ്റ് പ്ലാനിൽ അത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുകയും വേണം. മുൻകൂട്ടി ഈ പ്രവർത്തനം നടത്താൻ കഴിഞ്ഞാൽ മാത്രമേ വായ്പാ ആവശ്യങ്ങൾ ക്രെഡിറ്റ് പ്ലാനിൽ ഉൾപ്പെടുകയുള്ളൂ.

### 3.4.2 വാർഷികപദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക്

(1) പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി, മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക, ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖലാ, ഉപമേഖലാ

വിഹിതങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്.

(2) അപ്രകാരം ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെകൊണ്ട് വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്.

(3) സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രോജക്റ്റ് അംഗീകാര തീരുമാന നമ്പർ, തീയതി എന്നിവ പ്രോജക്റ്റ് രേഖയിൽ രേഖപ്പെടുത്തി ഡാറ്റാ എൻട്രി ചെയ്യണം. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും സ്റ്റിയറിംഗ് കമ്മിറ്റികൾക്കുമുള്ള ചുമതലകൾ അനുബന്ധം 5 – ൽ നൽകിയിട്ടുണ്ട്.

### 3.4.3 ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം

(1) ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള എല്ലാ നടപടികളും സമുചിതമായ മാറ്റങ്ങളോടെ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അനുവർത്തിക്കേണ്ടതാണ്.

(2) ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് നൽകുന്ന നിർദ്ദേശങ്ങൾ, ഗ്രാമ സഭകൾക്ക് സമാനമായി ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിക്കുന്ന യോഗത്തിലെ ശുപാർശകൾ, ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിച്ച് രൂപം നൽകുന്ന നിർദ്ദേശങ്ങൾ, ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വികസന ആവശ്യങ്ങൾ എന്നിവ പരിഗണിച്ചാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കണക്കിലെടുത്ത് വേണം ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കേണ്ടത്.

(3) അതുപോലെ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തിന്റെ പരിഗണനയ്ക്ക് നൽകുന്ന ശുപാർശകൾ, ഗ്രാമസഭകൾക്ക് സമാനമായി ജില്ലാ പഞ്ചായത്ത് സംഘടിപ്പിക്കുന്ന യോഗത്തിലെ ശുപാർശകൾ, ജില്ലാ പഞ്ചായത്ത് വികസന സെമിനാറിലെ നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടും ജില്ലാ പഞ്ചായത്തിന്റെ തനത് വികസന ലക്ഷ്യങ്ങൾ കണക്കിലെടുത്തും ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണ്. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കണക്കിലെടുത്ത് വേണം ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കേണ്ടത്

(4) ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിരേഖ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിരേഖ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകണം.

## 3.5 പ്രോജക്റ്റുകൾ തയ്യാറാക്കൽ

### 3.5.1 പ്രോജക്റ്റ് ഡാറ്റാ എൻട്രിയും നിർവ്വഹണ ഉദ്യോഗസ്ഥരും

(1) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടുന്ന ചുമതല അതത് വിഷയ മേഖലയുടെ

നിർവ്വഹണ ഉദ്യോഗസ്ഥർക്കാണ്. ഡാറ്റാഎൻട്രി നടത്തുമ്പോൾ പ്രോജക്ട് ഫോറങ്ങളിലെ എല്ലാ കോളങ്ങളും പൂർണ്ണമായി പൂരിപ്പിച്ചിട്ടുണ്ടെന്നും അതുപ്രകാരം ഡാറ്റാഎൻട്രി നടത്തിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണം. ഏതൊരു വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശമായിരുന്നാലും പ്രോജക്ടിന്റെ നിർവ്വഹണ ചുമതല ഏൽപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥയാണ്(നാണ്) പ്രസ്തുത പ്രോജക്ട് തയ്യാറാക്കേണ്ടത്.

(2) നിർവ്വഹണ ഉദ്യോഗസ്ഥരായി നിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകുകയും ധനകാര്യവകുപ്പ് ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് പദവി നൽകുകയും ചെയ്തിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥയെയും(നെയും) നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്. നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന വിശദീകരണങ്ങൾ നൽകുന്നു.

(i) നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്.

(ii) കാർഷിക മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടത് കാർഷിക മേഖലയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരാണ്.

(iii) ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നിവയിലെ ഭവനനിർമ്മാണം, വീട് പുനരുദ്ധാരണം, ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ, നിർമ്മാണ പ്രവൃത്തികളും യന്ത്രസാമഗ്രികൾ സ്ഥാപിക്കലും ഒഴികെയുള്ള ശുചിത്വ – മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരിക്കും. കാർഷിക മേഖലാ പ്രോജക്ടുകൾ കൃഷി ഓഫീസറും മൃഗസംരക്ഷണ പ്രോജക്ടുകൾ വെറ്ററിനറി സർജനും വിദ്യാഭ്യാസ പ്രോജക്ടുകൾ ഹെഡ്മാസ്റ്ററും/ഹെഡ്മിസ്ട്രസും, ആരോഗ്യ പ്രോജക്ടുകൾ മെഡിക്കൽ ഓഫീസർമാരും നിർവ്വഹണം നടത്തണം. ഇവ ഒഴികെയുള്ള എസ്.സി.എസ്.പി, റ്റി.എസ്.പി വിഭാഗങ്ങളിലെ മറ്റെല്ലാ പ്രോജക്ടുകളുടേയും നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ആയിരിക്കുന്നതാണ്.

(iv) നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ നിശ്ചയിക്കാവുന്നതാണ്. അതുപോലെ ജില്ലാ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറേയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ നിശ്ചയിക്കാവുന്നതാണ് .

(v) വൈദ്യുതിബോർഡ്, ജലഅതോറിറ്റി, ഭൂജല വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ഡെപ്പോസിറ്റ് മാതൃകയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന തിനുവേണ്ട തുടർനടപടികൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതു ള്ളതുകൊണ്ട് അത്തരം പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി (യായി) തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെ നിശ്ചയിക്കേണ്ടതാണ്. അത്തരം

ഡെപ്പോസിറ്റ് പ്രവർത്തികളുടെ നിർവ്വഹണ പുരോഗതി തദ്ദേശഭരണ സ്ഥാപനത്തിലെ അതത് വർക്കിംഗ് ഗ്രൂപ്പകൾ മോണിട്ടർ ചെയ്യേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പവരുത്തേണ്ടതുമാണ്.

(vi) ബഡ്സ് സ്കൂളുകളിലെയും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളിലെയും നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) അസിസ്റ്റന്റ് എഞ്ചിനീയർ ആയിരിക്കും. ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ബഡ്സ് സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ, ബഡ്സ് സ്കൂൾ വാഹനത്തിന്റെ പരിപാലനം, ബഡ്സ് സ്കൂളുകളിലെ ഫർണിച്ചർ വാങ്ങൽ എന്നീ പ്രോജക്ടുകളുടെയും വിദഗദ്ധ പരിശോധന ആവശ്യമില്ലാതെ വിതരണം ചെയ്യാൻ കഴിയുന്ന ട്രൈസൈക്കിൾ, വീൽചെയർ മുതലായ പ്രോജക്ടുകളുടെയും നിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി നടത്തേണ്ടതാണ്. ഇവ ഒഴികെ ബഡ്സ് സ്കൂളുകൾക്കും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾക്കുമായുള്ള മറ്റെല്ലാ പ്രോജക്ടുകളും വനിതാ-ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതാണ്.

(vii) ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ മാത്രം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ വൈദഗ്ദ്ധ്യമേഖല കണക്കിലെടുത്ത് അനുയോജ്യരായ മറ്റ് ഉദ്യോഗസ്ഥർക്കോ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഭരണസമിതി തീരുമാന പ്രകാരം നൽകാവുന്നതാണ്.

(3) സുലേഖ സോഫ്റ്റ് വെയറിൽ പതിവു രീതിയിൽ പ്രോജക്ടിന്റെ വിവരങ്ങൾ നൽകുന്നതിനോടൊപ്പം ലളിതമായ ഭാഷയിൽ ഒരു പ്രോജക്ട് സംഗ്രഹം കൂടി തയ്യാറാക്കി ചേർക്കേണ്ടതാണ്. പ്രോജക്ടിനെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനു വേണ്ടിയാണ് സംഗ്രഹം ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നത്. പ്രോജക്ട് സംഗ്രഹങ്ങൾ ക്രോഡീകരിച്ചാണ് പദ്ധതി രേഖയുടെ ആറാമത്തെ അദ്ധ്യായം പൂർത്തിയാക്കേണ്ടത്.

(4) ഓരോ പ്രോജക്ടും ഡാറ്റാ എൻട്രി ചെയ്യുതിനു മുൻപ് ചുവടെ വിവരിക്കുന്ന കാര്യങ്ങൾ ഉറപ്പു വരുത്തണം

(i) പ്രോജക്ട് പൂർണ്ണമായും വിഭാവനം ചെയ്യുകയും എഴുതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ii) പ്രോജക്ട് നിയമാനുസൃതമാണ്.

(iii) പ്രോജക്ടിൽ പ്രതിപാദിക്കുന്ന വികസന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ഉള്ളതാണ്.

(iv) സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്.

(v) എസ്റ്റിമേറ്റുകൾ അംഗീകൃത നിരക്കു പ്രകാരമാണ്.

(vi) പ്രോജക്ട് സാങ്കേതിക ക്ഷമത ഉള്ളതും പ്രായോഗികമായി നടപ്പിലാക്കാവുന്നതും ആണ്.

(vii) നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

(viii) പ്രോജക്ട് ഗുണമേന്മ ഉള്ളതാണ്.

(ix) പ്രോജക്ട് സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടുണ്ട്.

(5) പ്രോജക്ട് ഫോറങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ [സ.ഉ. (എം.എസ്) 233/2012/ ത.സ്വ.ഭ.വ. തീയതി 7.09.2012] യിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രോജക്ട് പൂർണ്ണമായും നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കിയതിന് ശേഷം മാത്രമേ സുലേഖാ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്താവൂ. ഇത്തരത്തിൽ എഴുതി തയ്യാറാക്കിയ ഫോറങ്ങൾ പരിശോധനകൾക്കും ആഡിറ്റിനു മായി തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. മാർഗ്ഗരേഖ പ്രകാരം ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി കമ്പ്യൂട്ടറിൽ സേവ് ചെയ്തശേഷം പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

(6) പുതിയ കെട്ടിടനിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ, നിർജ്ജീവ ആസ്തിയുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിക്കണം.

(7) നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ വിശദമായ എസ്റ്റിമേറ്റ് കൂടി തയ്യാറാക്കി അതിന് അനുസൃതമായി പ്രോജക്ട് ഡാറ്റാ എൻട്രി വരുത്തേണ്ടതാണ്.

(8) കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, പ്രോജക്ടിന്റെ ഭാഗമായുള്ള യന്ത്രസാമഗ്രികളുടെ സ്ഥാപനം എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത്.

(9) സ്ത്രീകൾ, ട്രാൻസ് ജെൻഡർ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ സവിശേഷതകൾ പരിഗണിച്ച് അവർക്ക് സൗഹൃദമായ രീതിയിൽ രൂപകൽപന ചെയ്തു വേണം പൊതുകെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

(10) പ്രവൃത്തിയുടെ നടത്തിപ്പ് രീതി (ടെണ്ടർ/ഗുണഭോക്തൃ സമിതി/നേരിട്ട്/ഡെപ്പോസിറ്റ്/ അംഗീകൃത/ അക്രഡിറ്റഡ് ഏജൻസി) പ്രോജക്ട തയ്യാറാക്കുമ്പോൾ തന്നെ തീരുമാനിച്ച് പ്രോജക്ടിൽ രേഖപ്പെടുത്തണം.

(11) വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തണം. പ്രോജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകളും വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധനാ വിധേയമാക്കേണ്ടതാണ്. അതുപോലെ ഓരോ പ്രോജക്ടിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാദ്ധ്യത എന്നിവയും വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പ് വരുത്തണം.

(12) പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

(13) ഡാറ്റാഎൻട്രിക്ക് ശേഷം ഭരണസമിതിയുടെ അംഗീകാര വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ച് കൊടുക്കണം. സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ പേര്, ഭരണസമിതി തീരുമാനം, തദ്ദേശഭരണ സ്ഥാപന പ്രസിഡന്റിന്റെ പേര്, സെക്രട്ടറിയുടെ പേര് എന്നിവ സെക്രട്ടറി രേഖപ്പെടുത്തേണ്ടതാണ്.

### 3.5.2ഏകവർഷ പ്രോജക്ടുകളും ബഹുവർഷ പ്രോജക്ടുകളും

(1) ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന പ്രോജക്ടുകളെ ഏകവർഷ പ്രോജക്ടുകളെന്നും നിർവ്വഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്നവയെ ബഹുവർഷ പ്രോജക്ടുകളെന്നും തരംതിരിക്കാവുന്നതാണ്.

(2) ബഹുവർഷ പ്രോജക്ടിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനു വേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കണം.

(3) ബഹുവർഷ പ്രോജക്ടുകൾ പതിനാലാം പദ്ധതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നവയായിരിക്കണം.

(4) ബഹുവർഷ പ്രോജക്ടിന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി, പരിശോധന നടത്തി സാങ്കേതികാനുമതി വാങ്ങുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അതായത് ഒരു ബഹുവർഷ നിർമ്മാണ പ്രോജക്ടിനോടൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടാകണം. മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യ വർഷം തന്നെ വാങ്ങേണ്ടതാണ്.

### 3.5.3 പുതിയ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും

(1) ഒരു വാർഷിക പദ്ധതിയിൽ പുതുതായി ഏറ്റെടുത്ത് നിർവ്വഹണം ആരംഭിക്കുന്ന പ്രോജക്ടുകളാണ് പുതിയ പ്രോജക്ടുകൾ. ഇത് ഏകവർഷമോ ബഹുവർഷമോ ആകാം. എന്നാൽ അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ചെങ്കിലും ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവും ആയ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാൽ അവ പൂർത്തീകരിക്കുന്ന തിന് അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുളായി പരിഗണിക്കേണ്ടതാണ്.

(2) സ്പിൽഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഖണ്ഡിക 11 ൽ നൽകിയിട്ടുണ്ട്.

### 3.5.4 സംയുക്ത പ്രോജക്ടുകൾ (Joint Projects)

(1) ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തി അതിൽ ഒരു തദ്ദേശഭരണ സ്ഥാപനത്തെ മുഖ്യ പങ്കാളിയായി നിശ്ചയിച്ച് നിർവ്വഹണം നടത്തുന്നതാണ് സംയുക്ത പ്രോജക്ട്. ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ ജില്ലാ പദ്ധതിയുടെ ഭാഗമായി ഉയർന്നുവന്നതും അല്ലാത്തതുമായ സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ജില്ലയിലെ വകുപ്പ് മേധാവികളുടെയും ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നി വരുടെയും ഒരു സംയുക്തയോഗം ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കേണ്ടതാണ്.

(2) യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ സംയുക്ത പ്രോജക്ടുകളെയും പങ്കാളികളായ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതത്തെയും സംബന്ധിച്ച് ധാരണയാകേണ്ടതും വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. അതിൽ സംയുക്ത പ്രോജക്ടുകൾ ഏതൊക്കെ, പങ്കാളികൾ ആരൊ ക്കെയാണ്, മുഖ്യപങ്കാളി ആരാണ്, പങ്കാളികൾ വകയിരുത്തേണ്ട വിഹിതം മുതലായ വിവരങ്ങൾ ഉണ്ടാകണം.

(3) സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും യോഗത്തിൽ തീരുമാനിച്ച പ്രകാരം വിഹിതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കേണ്ടതും സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി ചെയ്യേണ്ടതുമാണ്.

(4) സംയുക്ത പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനമാണ് വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടത്. മറ്റ് പങ്കാളികൾ അവരുടെ വിഭവം കൈമാറുന്നതിന് സഹായകരമായ പ്രോജക്ടുകൾ തയ്യാറാക്കണം.

(5) സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

(6) ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിനും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും തമ്മിൽ ധാരണയാ കാമെങ്കിലും അതിന്റെ വിശദാംശങ്ങൾ മേൽ ഖണ്ഡിക (1) പ്രകാരം ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

(7) സംയുക്ത പ്രോജക്ടിന്റെ വിഭവ വിനിയോഗം ധനകാര്യവകുപ്പ് അതത് സമയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം.

### 3.5.5 സംയോജിത പരിപാടികൾ / സമഗ്രപരിപാടികൾ

(1) വികസനപ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽ കണ്ട് ധനപരവും അല്ലാത്തതുമായ എല്ലാ സംയോജന സാദ്ധ്യതകളും പരിഗണിച്ച് പരിഹരിക്കുന്നതിനു വേണ്ടി രൂപപ്പെടുത്തുന്ന പരിപാടികളെയാണ് സംയോജിത പരിപാടികൾ അഥവാ സമഗ്രപരിപാടികൾ എന്നു പറയുന്നത്. സമഗ്രപരിപാടികൾ ഒരു പ്രദേശത്തിന്റെ വികസന രംഗത്ത് വലിയമാറ്റത്തിന് കാരണമാകുന്നതോ ഒരു കൂട്ടം പ്രശ്നങ്ങളെ ഒരുമിച്ച് പരിഹരിക്കുന്നതോ ആകാം. ഇവിടെ സ്ഥലപരമായ സംയോജനം (Spatial Integration), ഒന്നിലേറെ വിഷയമേഖലകളുടെ സംയോജനം (ഉദാ. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ മേഖലകളുടെ സംയോജനം), വിഭവങ്ങളുടെ സംയോജനം (കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിഹിതം, എം.പി/എം.എൽ.എ മാരുടെ പ്രാദേശിക ഫണ്ട് വിഹിതം, മിഷനുകളുടെ വിഹിതം, പ്രാദേശിക സർക്കാരുകളുടെ വിഹിതം, മറ്റ് ഏജൻസികളുടെ വിഹിതം എന്നിവയുടെ സംയോജനം), നിർവ്വഹണത്തിലെ ഏകോപനം തുടങ്ങിയ സംയോജന സാദ്ധ്യതകൾ എല്ലാം പരിഗണിക്കണം. അതോടൊപ്പം മുൻ-പിൻ

ബന്ധങ്ങളും പരിഗണിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ സമഗ്ര പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്. ജില്ലാ പദ്ധതിയുടെ പശ്ചാത്തലത്തിൽ സമഗ്രപരിപാടികൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഇത്തരത്തിലുള്ള സമഗ്ര പരിപാടികളുടെ വിശദാംശങ്ങളും സംയോജനസാദ്ധ്യതകളുമാണ് പദ്ധതി രേഖയുടെ അദ്ധ്യായം 9 ൽ ഉൾപ്പെടുത്തേണ്ടത്.

(2) ഒരു സമഗ്രപരിപാടിയിൽ വിവിധ മേഖലകളിലെ പ്രോജക്ടുകൾ ഉണ്ടാകാം. ഉദാ:- സമഗ്രകോളനി വികസനം എന്ന പരിപാടിയിൽ റോഡ് വികസനം, കുടിവെള്ളം, വീട് നിർമ്മാണം/ പുനരുദ്ധാരണം, മണ്ണ് സംരക്ഷണം തുടങ്ങിയ പ്രോജക്ടുകൾ ആകാം. വ്യത്യസ്ത മേഖലകളിലെ പ്രോജക്ടുകൾ ഓരോന്നും പ്രത്യേക പ്രോജക്ടുകളായി അവ നിർവ്വഹണം നടത്തുന്ന സ്ഥാപനങ്ങൾ തന്നെ തയ്യാറാക്കണം. ഒരു സമഗ്രപരിപാടിയിലെ ഒന്നിലേറെ പ്രോജക്ടുകൾ ഒരു തദ്ദേശഭരണ സ്ഥാപനം തന്നെ നിർവ്വഹണം നടത്തുകയാണെങ്കിൽപോലും അവയെല്ലാം കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്ട് ആയി തയ്യാറാക്കാൻ പാടില്ല.

(3) ഒരു സമഗ്രപരിപാടിയിലെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസർ ഉണ്ടാകണം. പ്രോജക്ട് പ്രാഥമികമായി ആവിഷ്കരിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ ആ തദ്ദേശഭരണ സ്ഥാപനം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ ഒരാളെയോ നോഡൽ ഓഫീസറായി നിശ്ചയിക്കേണ്ടതാണ്. അനുയോജ്യമായ മോണിട്ടറിംഗ് സംവിധാനവും ഏർപ്പെടുത്താവുന്നതാണ്.

(4) ഒരു സമഗ്രപരിപാടിയിൽ, അത് പ്രാഥമികമായി ആവിഷ്കരിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും പങ്കാളികളാകുന്ന മറ്റ് സ്ഥാപനങ്ങളോ വ്യക്തികളോ, സർക്കാർ വകുപ്പുകളോ ചെയ്യുന്ന പ്രവർത്തനങ്ങളും ഉണ്ടാകാം. ഓരോ പ്രവർത്തനവും നിർവഹിക്കുന്നത് ആരാണെന്നും വിഹിതം എത്രയാണെന്നും ഉൾപ്പെടെ ഓരോ സമഗ്ര പരിപാടിയുടെയും വിശദാംശങ്ങൾ ഫോറം8-ൽ തയ്യാറാക്കണം. ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ പങ്കാളികളാകുന്ന സമഗ്ര പരിപാടിയാണെങ്കിൽ അത് പ്രാഥമികമായി ആവിഷ്കരിക്കുന്ന തദ്ദേശഭരണ സ്ഥാപനമാണ് വിശദാംശങ്ങൾ ഫോറം 8 ൽ തയ്യാറാക്കേണ്ടത്. പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

(5) ഒരു സമഗ്രപരിപാടിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഏതൊക്കെയെന്ന് പ്രത്യേകം തിരിച്ചറിയുന്നതിനും അവയുടെ സംഗ്രഹ വിവരങ്ങൾ ഒരു റിപ്പോർട്ട് രൂപത്തിൽ തയ്യാറാക്കുന്നതിനും (ഫോറം 8) സഹായകമാകുന്ന തരത്തിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രത്യേക കോഡ് കൊടുത്ത് തയ്യാറാക്കുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(6) ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ പങ്കാളികളാകുന്നുണ്ടെങ്കിൽ ഖണ്ഡിക 3.5.4(1) പ്രകാരം വിളിച്ചു ചേർക്കുന്ന യോഗത്തിൽ ചർച്ചചെയ്ത് ധാരണയാകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുകയും വേണം.

### 3.5.6 സംയോജന സാദ്ധ്യതകൾ

(1) ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിന് വേണ്ടി ലഭ്യമാക്കാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നും പണമോ, സേവനമോ, സാങ്കേതിക വിദ്യയോ, ഭൂമി ഉൾപ്പെടെയുള്ള മറ്റ് വിഭവങ്ങളോ ലക്ഷ്യ പൂർത്തീകരണത്തിനു വേണ്ടി ആവശ്യത്തിനനുസരിച്ച് ഒന്നിച്ച ചേർക്കുന്ന പ്രക്രിയയാണ് സംയോജനം. ലഭ്യമായ വിഭവങ്ങളിൽ നിന്നും പരമാവധി പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ വേണം വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടത്. സംയോജനത്തിന് ഉതകുന്ന പദ്ധതികളുടെ മാർഗ്ഗരേഖകൾ, അതിലെ സാദ്ധ്യതകൾ എന്നിവ തദ്ദേശഭരണ സ്ഥാപനം വിശദമായി പരിശോധിക്കണം.

(2) തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതിഓരോ വാർഷിക പദ്ധതിയിലെയും സംയോജന സാദ്ധ്യതകൾ പ്രത്യേകം പരിശോധിക്കേണ്ടതാണ്. പദ്ധതി രൂപവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽതന്നെ ഈ പരിശോധന നടത്തണം. വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മുമ്പ് ആസൂത്രണസമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ തങ്ങളുടെ വിഷയ മേഖലകളുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന പദ്ധതികളെയും ബാഹ്യസഹായ ഏജൻസികളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചശേഷം സംയോജന സാദ്ധ്യതകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപന പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ചർച്ച ചെയ്ത് തീരുമാനമെടുക്കണം. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സംയോജനം നടക്കുന്നുവെന്ന് പ്രോജക്ട് രൂപവൽക്കരണ ഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും ആസൂത്രണ സമിതിഉറപ്പുവരുത്തേണ്ടതാണ്. ഈ അജണ്ട ചർച്ച ചെയ്യുന്നതിന് മാത്രമായി ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം വിളിച്ചു ചേർക്കണമെന്നത് നിർബന്ധിത വ്യവസ്ഥ യാണ്.

(3) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുമായുള്ള സംയോജന സാദ്ധ്യതകൾക്കുള്ള ചില ഉദാഹരണങ്ങൾ ചുവടെ പ്രതിപാദിക്കുന്നു. സമാന മാതൃകയിൽ വികസന മിഷനുകളും മറ്റ് വികസന ഏജൻസികളും കേന്ദ്രസംസ്ഥാന പദ്ധതി കളുമായുള്ള സംയോജന സാദ്ധ്യതകളും ആവിഷ്കരിക്കണം. അത്തരത്തിലുള്ള സംയോജന സാദ്ധ്യതകൾ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തി ഭരണ സമിതിക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും കൈമാറേണ്ടതാണ്.

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം

(1) ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേ ണ്ടതാണ്. പ്രകൃതിവിഭവ പരിപാലനം, കൃഷി, മൃഗസംരക്ഷണം, മത്സ്യ വികസനം, ഭവന നിർമ്മാണം, ശുചിത്വ പരിപാലനം, മാലിന്യ സംസ്കരണം, സൂക്ഷ്മസംരംഭ വികസനം, വിപണനം,

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം മുതലായ വിവിധ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(2) തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനു വേണ്ടി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായിട്ടുള്ള ഭൂമി തട്ടുതിരിക്കൽ, നിരപ്പാക്കൽ, പുതിയ ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതും കൃഷിയിറക്കുന്ന തിനുവേണ്ടിയുള്ള മറ്റ് ആവർത്തന ചിലവുകൾ വികസനഫണ്ട് വിഹിതം, കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ, ഗുണഭോക്തൃ വിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്താവുന്നതുമാണ്. കാർഷിക വികസനത്തിന് സഹായകരമാകുംവിധം ഫാം പോണ്ടുകളുടെയും ജലസേചന കിണറുകളുടെയും നിർമ്മാണം, ചെറുതും വലുതുമായ പുതിയ ജലസേചന കനാലുകളുടെ നിർമ്മാണം, നിലവിലുള്ള കനാലുകളുടെ സമഗ്രമായ പുനരുദ്ധാരണ പ്രവൃത്തികൾ, വെള്ളക്കെട്ടുള്ള കൃഷി ഭൂമിയിൽ ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണം എന്നിവയും തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ അത് ഗ്രാമപഞ്ചായത്തിലെ മറ്റ് കാർഷിക വികസന പ്രവർത്തനങ്ങൾക്ക് അനുപൂരകമായിരിക്കേണ്ടതും വിവിധതരം ഫണ്ടുകളുടെ സംയോജനം പരമാവധി ഉറപ്പ് വരുത്തേണ്ടതുമാണ്.

(3) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഷെഡ്യൂൾ I, ഖണ്ഡിക 5 പ്രകാരമുള്ള പാർശ്വവൽകൃത വിഭാഗങ്ങളുടെ ഭൂമിയിൽ നാളികേര കൃഷി വികസനത്തിനായി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ, വളം തുടങ്ങിയവ വികസനഫണ്ട് വിഹിതമോ മറ്റു കാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയോ വാങ്ങുകയും തൈകൾ നടുന്നതും രണ്ടു വർഷം വരെയുള്ള പരിപാലന പ്രവൃത്തികളും തൊഴിലുറപ്പ പദ്ധതിയിലൂടെ നിർവ്വഹിക്കാവുന്നതാണ്. തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് നാളികേര നഴ്സറികളും തൊഴിലുറപ്പ് പദ്ധതിയിൽ സജ്ജമാക്കാവുന്നതാണ്.

(4) മൃഗസംരക്ഷണ മേഖലയിൽ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട്, അസോളാടാങ്ക് എന്നിവയുടെ നിർമ്മാണം, തീറ്റപ്പുൽകൃഷി, കമ്പോസ്റ്റിങ്ങ് സംവിധാനം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നതാണ്. മെച്ചപ്പെട്ടയിനം പശു, ആട്, കോഴിക്കുഞ്ഞ് എന്നിവയെ വികസനഫണ്ട് വിഹിതം, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, ബാങ്കുവായ്പ, ഗുണഭോക്തൃവിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്താവുന്നതുമാണ്.

(5) മത്സ്യ വികസനത്തിനായി പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതും മറ്റനുബന്ധ ചെലവുകളും വികസനഫണ്ട് വിഹിതമോ മത്സ്യവികസന വകുപ്പ് വിഹിതമോ ഗുണഭോക്തൃ വിഹിതമോ ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതുമാണ്.

(6) സൂക്ഷ്മസംരംഭ വികസനത്തിനായി കുടുംബശ്രീ സംരംഭക ഗ്രൂപ്പുകൾക്ക് ആവശ്യമായ വർക്ക് ഷെഡ്ഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചു നൽകാവുന്നതും ആവശ്യമായ പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ടായി തദ്ദേശഭരണ സ്ഥാപനത്തിന്റേയോ കുടുംബശ്രീയുടെയോ ഫണ്ടിൽ നിന്നു ലഭ്യമാക്കാവുന്നതുമാണ്.

(7) ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനത്തിനായി വിപണന-ശുചിത്വ സൗകര്യങ്ങളോടുകൂടിയ ഗ്രാമചന്തകളുടെ (റൂറൽ ഹട്ട്) നിർമ്മാണം തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും അവയുടെ ദൈനംദിന പ്രവർത്തനമേൽനോട്ടം ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസിന്റെയും നേതൃത്വത്തിൽ നടത്താവുന്നതുമാണ്.

(8) അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 5 ലക്ഷം രൂപയും വനിത-ശിശുവികസന വകുപ്പിന്റെ വിഹിതമായി 2 ലക്ഷം രൂപയും ലഭ്യമാണ്. എസ്റ്റിമേറ്റ് പ്രകാരം കൂടുതൽ തുക ആവശ്യമുള്ള പക്ഷം ത്രിതല പഞ്ചായത്തുകളുടെ വികസനഫണ്ട് വിഹിതം സംയോജിപ്പിച്ച് മെച്ചപ്പെട്ട സൗകര്യങ്ങളുള്ള അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അങ്കണവാടികൾ കേന്ദ്രീകരിച്ച് പോഷകത്തോട്ടങ്ങൾ (ന്യൂട്രീ ഗാർഡൻ) സ്ഥാപിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടു ത്താവുന്നതാണ്.

(9) സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഭക്ഷണഹാൾ, ശുചിമുറികൾ, കിണർ റീച്ചാർജ്ജിംഗ്, കളിസ്ഥലം (ഒരു ഗ്രാമ പഞ്ചായത്തിൽ ഒന്ന് മാത്രം), ഫലവൃക്ഷവൽക്കരണം എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കുവാൻ സാധിക്കും. ഇതിനോടൊപ്പം വികസനഫണ്ട് വിഹിതം, വകുപ്പുതല പദ്ധതികൾ എന്നിവ കൂടി പ്രയോജനപ്പെടുത്തിയാൽ എല്ലാ സർക്കാർ സ്കൂളുകളിലും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്താൻ സാധിക്കും.

(10) വീടുകളിൽ കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ്, വാർഡു തലത്തിൽ മിനി എം.സി.എഫ് തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനത്തിന്റേയും ശുചിത്വ മിഷന്റെയും ഫണ്ടുകളുടെ സംയോജനം ഉറപ്പാക്കി ഹരിതകർമ്മസേന, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയെ ഏകോപിപ്പിച്ചാൽ ശുചിത്വമേഖലയിൽ വലിയ മുന്നേറ്റം സാദ്ധ്യമാകും.

(11) പട്ടികവർഗ്ഗ മേഖലയിൽ സംസ്ഥാന സർക്കാർ 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ അതുകൂടി പ്രയോജനപ്പെടുത്തി ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഉപപദ്ധതി പഞ്ചായത്തുകൾ തയ്യാറാക്കേണ്ടതാണ്. പട്ടികവർഗ്ഗ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾക്ക് പുറമെ ഫലവൃക്ഷത്തോട്ടങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാവുന്നതാണ്. കൂടാതെ വ്യക്തിഗത ആസ്തികളായ കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയും നിർമ്മിച്ച് നൽകാൻ സാധിക്കും. ഗതാഗത സൗകര്യമില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡുകളും തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാവുന്നതാണ്. ഇതിനോടൊപ്പം വികസന ഫണ്ട് വിഹിതവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടും സംയോജിപ്പിച്ച് പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്.

(12) പട്ടികജാതി കോളനികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ശുചിത്വ പരിപാലനം ഉറപ്പുവരുത്തുന്നതിനും സോക്പിറ്റുകൾ, ഓവുചാലുകൾ, ഉമ്പൂർമൂഴി യൂണിറ്റുകൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിച്ച് മറ്റു ഫണ്ടുകളുടെ സംയോജനം കൂടി ഉറപ്പാക്കി സമഗ്ര ശുചിത്വ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

(13) തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കു മോയെന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകി അവരെ അർദ്ധ വിദഗ്ദ്ധ/ വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുന്ന പ്രവർത്ത നവും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

(14) മേൽപ്പറഞ്ഞ പ്രകാരം സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി രൂപീകരണ വേളയിൽത്തന്നെ ഒരു സമഗ്ര വികസന പദ്ധതി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം രൂപപ്പെടുന്ന സമഗ്ര വികസന പദ്ധതിയുടെ ഒരു അനിവാര്യ ഘടകമായി വേണം തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതി രൂപപ്പെടുത്തേണ്ടത്.

(ബി) കുടുംബശ്രീ പരിപാടികളുമായുള്ള സംയോജനം

(1) കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ സേവനം സുഭിക്ഷ കേരളം പദ്ധതിയിൽ പ്രയോജന പ്പെടുത്തൽ

(2) കുടുംബശ്രീ മാസ്റ്റർ കർഷകരെ ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖലയിൽ സേവനങ്ങൾ നൽകൽ

(3) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കുടുംബശ്രീയുടെ സംഘങ്ങളെ പ്രയോജനപ്പെടുത്തൽ

(4) കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്കാവശ്യമായ സേവനങ്ങളും അടിസ്ഥാന സൗകര്യ വികസനവും ഒരുക്കിക്കൊടുക്കൽ.

(5) നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ ലഭിക്കാനുള്ള കഴിവ് (എംപ്ലോയബിലിറ്റി) ആർജ്ജിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് കുടുംബശ്രീയുടെ സഹായം ഉപയോഗപ്പെടുത്തൽ

(6) നിലാവ് പോലുള്ള പ്രോജക്ടുകളിലെ അറ്റകുറ്റപ്പണികൾ (ഉദാ:സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്) കുടുംബശ്രീയെ ഏൽപ്പിക്കൽ

(7) കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ വീടുകളുടെ നിർമ്മാണ ചുമതല ഏൽപ്പിക്കൽ

(8) ജലജീവൻ മിഷന്റെ ഐ.ഇ.സി ക്യാമ്പെയിനും മറ്റ് സേവനങ്ങൾക്കും വേണ്ടി കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കൽ

(9) മൃഗസംരക്ഷണ മേഖലയിൽ ഉപജീവന പദ്ധതികൾ കുടുംബശ്രീയിലൂടെ യാഥാർത്ഥ്യമാക്കൽ

(10) കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളിൽ പരിശീലനം ലഭിച്ച ആളുകളെ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതികളിലെ സ്കിൽഡ് ലേബർ ജോലികൾക്ക് ഉപയോഗിക്കൽ

(11) ടേക്ക് എ ബ്രേക്ക് സേവന കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തിപ്പും

(12) ജനകീയ ഹോട്ടലിന് വേണ്ട സൗകര്യങ്ങൾ ഒരുക്കൽ

### 3.5.7 സംയോജിത പരിപാടികൾക്കും സംയുക്ത പ്രോജക്ടുകൾക്കും പ്രോത്സാഹന ധനസഹായം

സംയോജിത പരിപാടികളെയും സംയുക്ത പ്രോജക്ടുകളെയും പ്രോത്സാഹിപ്പിക്കുക എന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾക്കും സംയുക്ത പ്രോജക്ടുകൾക്കും പ്രോത്സാഹന ധനസഹായം നൽകുന്നതിന് സംസ്ഥാന വാർഷിക പദ്ധതിയിൽ പ്രത്യേകം തുക വർഷംതോറും മാറ്റി വയ്ക്കുന്നുണ്ട്. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ 06.08.2018-ലെ സ.ഉ.(എം.എസ്) നമ്പർ 106/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വികസനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്ന സംയോജിത പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാരിൽ നിന്നുള്ള സഹായം ലഭ്യമാക്കുന്നതിനുമുള്ള ബോധപൂർവ്വമായ ഇടപെടൽ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണസമിതിയും നടത്തേണ്ടതാണ്.

### 3.5.8 പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ നിയന്ത്രണം

(1) ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ വ്യവസ്ഥ ബാധകമല്ല. അതുപോലെ ഘടക സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കോ വാങ്ങലുകൾക്കോ വേണ്ടിയുള്ള പ്രോജക്ടുകൾക്കും ഈ നിബന്ധന ബാധകമല്ല.

(2) ജില്ലാ പഞ്ചായത്തുകൾ കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ കൈമാറിക്കിട്ടിയതുൾപ്പടെ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടേയും സ്ഥാപനങ്ങളുടേയും അറ്റകുറ്റപണികളും പൂർത്തീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ വ്യവസ്ഥ ബാധകമല്ല. അതുപോലെ ജില്ലാ പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കോ വാങ്ങലുകൾക്കോ വേണ്ടിയുള്ള പ്രോജക്ടുകൾക്കും ഈ നിബന്ധന ബാധകമല്ല.

(3) അടങ്കൽ തുകയുടെ പരിധി പാലിക്കുന്നതിനുവേണ്ടി വ്യത്യസ്ത പ്രദേശങ്ങളിൽ നടത്തുന്ന പ്രവൃത്തികൾ ഒരു പ്രോജക്ടായി തയ്യാറാക്കുന്ന രീതി അനുവദനീയമല്ല.

### 3.5.9 കൺസൾട്ടൻസി സേവനങ്ങൾ ഉപയോഗപ്പെടുത്തൽ

പ്രത്യേക വൈദഗ്ധ്യം ആവശ്യമായതും നവീനവുമായ പ്രോജക്ട് ആശയങ്ങളുടെ വിശദ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനും ഗ്രീൻ ഫീൽഡ് പ്രോജക്ടുകൾക്കും നൂതനാശയങ്ങളിലധിഷ്ഠിതമായ പ്രോജക്ടുകളുടെ നിർവ്വഹണത്തിനും കൺസൾട്ടൻസി സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ കൺസൾട്ടൻസി സേവനം ഉപയോഗ പ്പെടുത്താവുന്ന മേഖലകൾ, ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകൽ, അക്രഡിറ്റേഷൻ ലഭിച്ച ഏജൻസികളുടെ സേവനം ഉപയോഗപ്പെടു ത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

### 3.5.10 സബ്സിഡി മാനദണ്ഡങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ അതു സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക്/ഉത്തരവുകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

## 3.6 വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം

(1) സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമരൂപം നൽകിയ പദ്ധതിയും പ്രോജക്ടുകളും ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കേണ്ടതാണ്. യോഗ സമയത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഹാജരില്ലെങ്കിൽ ആ സമിതിയിലെ ഒരു അംഗത്തെ അതിനായി പ്രസിഡന്റ് നിർദ്ദേശിക്കേണ്ടതാണ്.

(2) ഓരോ പ്രോജക്ടിന്റേയും പേരും വകയിരുത്തൽ വിശദാംശങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങളു മടങ്ങുന്ന കരട് പദ്ധതിരേഖയുടെ പകർപ്പ് എല്ലാ ജനപ്രതിനിധികൾക്കും വിതരണം ചെയ്യേണ്ടതാണ്.

(3) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി യോഗം ചേർന്ന് ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾക്കും വാർഷിക പദ്ധതിയ്ക്കും അംഗീകാരം/ഭരണാനുമതി നൽകണം. അതിനുശേഷം പ്രോജക്ട് രേഖകളിൽ ഖണ്ഡിക 3.5.1 (13) ലെ വിവരങ്ങൾ സെക്രട്ടറി രേഖപ്പെടുത്തേണ്ടതാണ്.

(4) ഭരണസമിതിയുടെ അന്തിമ അംഗീകാരത്തെത്തുടർന്ന് ആദ്യം അച്ചടിച്ച കരട് പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതിരേഖ അച്ചടിക്കേണ്ടതും അതിന്റെ പകർപ്പ് ജില്ലാ ആസൂത്രണ സമിതി, ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് നൽകേണ്ടതുമാണ്.

(5) 2022-23 വാർഷിക പദ്ധതിക്ക് അംഗീകാരം നൽകുന്നതിനൊപ്പം വികസനരേഖയ്ക്കും അംഗീകാരം നൽകണം.

## 3.7 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം

3.7.1 ഭരണ സമിതി വാർഷിക പദ്ധതിക്ക് അംഗീകാരം നൽകി കഴിഞ്ഞാൽ അത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് മുമ്പ് പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർമാർക്ക് അയച്ച് പ്രാഥമിക പരിശോധന (പ്രീ-വെറ്റിംഗ്) നടത്തി അവ അംഗീകാര യോഗ്യമാണെന്ന് ഉറപ്പാക്കുന്നത് നന്നായിരിക്കും. വെറ്റിംഗ് ഓഫീസർക്ക് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയെ(നെ)/വർക്കിംഗ് ഗ്രൂപ്പ് കൺവീനറെ വിളിച്ചു വരുത്തി പ്രോജക്ട് ക്ലിനിക് മാതൃകയിൽ ന്യൂനതകൾ പരിഹരിച്ച് പ്രോജക്ടുകൾ കുറ്റമറ്റതാക്കുന്ന സമീപനം സ്വീകരിക്കാവുന്നതാണ്. പ്രോജക്ടിന്റെ എഴുതി തയ്യാറാക്കിയ ഫോറങ്ങൾ കൂടി ഉപയോഗിച്ചു കൊണ്ടുവേണം ന്യൂനതകൾ പരിഹരിക്കേണ്ടത്. ഉദാ. ഗ്രാമപഞ്ചായത്തുകളുടെ കാർഷിക മേഖലാ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസറായ അസിസ്റ്റന്റ് ഡയറക്ടർ (കൃഷിവകുപ്പ്), നിർവ്വഹണ ഉദ്യോഗസ്ഥരായ ബന്ധപ്പെട്ട കൃഷി ഓഫീസർമാരെ ഈ ഘട്ടത്തിൽ വിളിച്ചു ചേർത്ത്

പ്രോജക്ടുകൾ പരിശോധിക്കുകയും ന്യൂനതകൾ പരിഹരിച്ച് അംഗീകാരയോഗ്യമാക്കുകയും ചെയ്യുകയാണെങ്കിൽ വാർഷിക പദ്ധതി അംഗീകാരത്തെ തുടർന്ന് പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്ന പ്രക്രിയ കാലവിളംബം കൂടാതെ പൂർത്തിയാക്കാൻ കഴിയും. പ്രാഥമിക പരിശോധനാ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഇടപെടൽ ജില്ലാ ആസൂത്രണ സമിതിനടത്തണം.

3.7.2 വാർഷിക പദ്ധതി അംഗീകാരത്തിന് ചുവടെ പ്രതിപാദിക്കുന്ന രേഖകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

(1) വികസനരേഖ 5 കോപ്പിയും സോഫ്റ്റ് കോപ്പിയും (പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം മാത്രം)

(2) തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിഷ്കരിച്ച അവസ്ഥാരേഖയുടെ (Status Report) രണ്ട് കോപ്പികളും സോഫ്ട് കോപ്പിയും

(3) അന്തിമ പദ്ധതിരേഖ (20 കോപ്പി)

(4) തനത് ഫണ്ട് സ്റ്റേറ്റ്മെന്റ് (ഫോറം 9)

(5) ഭരണ സമിതി തീരുമാനം

(6) വാർഷിക പദ്ധതിയിലെ പ്രോജക്ടുകളും അനുബന്ധ റിപ്പോർട്ടുകളും (ഓൺലൈൻ രീതി)

3.7.3 ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത് വാർഷിക പദ്ധതിക്കാണ്. പ്രോജക്ടുകളുടെ വിശദമായ പരിശോധന നടത്തി അംഗീകാരവും സാങ്കേതികാനുമതിയും നൽകേണ്ടത് അതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആണ്. വാർഷിക പദ്ധതി അംഗീകരിക്കുന്നതിന് ശേഷമാണ് ഈ പ്രക്രിയ നടക്കുക.

3.7.4 പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകേണ്ടത് അതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആണെങ്കിലും വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും പ്രോജക്ടിന്റെ അംഗീകാരം സംബന്ധിച്ചോ അപാകതകൾ പരിഹരിച്ച് അംഗീകാര യോഗ്യമാക്കുന്നത് സംബന്ധിച്ചോ ജില്ലാ ആസൂത്രണ സമിതിക്ക് ഉചിതമായ തീരുമാനം എടുക്കുന്നതിന് തടസമില്ലെന്ന് വ്യക്തമാക്കുന്നു. ഇത്തരത്തിൽ ഏതെങ്കിലും മാറ്റങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ വരുത്തുവാൻ ജില്ലാ ആസൂത്രണ സമിതിനിർദ്ദേശിക്കുകകയാണെങ്കിൽ അപ്രകാരമുള്ള മാറ്റങ്ങൾ വരുത്തുവാനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

3.7.5 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ജില്ലാ ആസൂത്രണ സമിതി ചുവടെ വിവരിക്കുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(1) സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി ഒൺലൈനായി സമർപ്പിച്ചിട്ടുള്ള എല്ലാ പ്രോജക്ടുകളും പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(2) പദ്ധതിയും പ്രോജക്ടുകളും പരിശോധിക്കുന്നതിന് അനുപേക്ഷണീയമായ എല്ലാ രേഖകളും, അവ നൽകേണ്ടതായ രീതിയിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്.

(3) പദ്ധതി തയ്യാറാക്കിയിട്ടുള്ളത് വികസനഫണ്ടിന്റെ മേഖലാ വകയിരുത്തലിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ്.

(4) നിർദ്ദിഷ്ട ഉപപദ്ധതികളും പ്രത്യേക പദ്ധതികളും സമഗ്രമായി തന്നെയാണ് തയ്യാറാക്കി യിട്ടുള്ളത്.

(5) മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ളത്.

(6) വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായും തദ്ദേശഭരണ സ്ഥാപനം ആവിഷ്കരിച്ചിട്ടുള്ള വികസന പരിപ്രേക്ഷ്യം, സമീപനം, തന്ത്രം എന്നിവ പ്രതിഫലിപ്പിക്കുന്ന തരത്തിലുമാണ് പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ളത്.

(7) അവസ്ഥാരേഖയിലെ ലഘു-ഗുരുത്വ മുൻഗണന പ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കി യിട്ടുള്ളത്.

(8) പ്രോജക്ട് ഫോറങ്ങളുടെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്.

(9) പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നീ വിഭാഗങ്ങളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾക്ക് ഖണ്ഡികകൾ 6.1., 6.2 പ്രകാരമുള്ള സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും സമർപ്പിച്ചിട്ടുണ്ട്.

3.7.6 ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വാർഷിക പദ്ധതിയേയും പ്രോജക്ടുകളേയും സംബന്ധിച്ച് മുൻ ഖണ്ഡികയുടെ അടിസ്ഥാനത്തിൽ ഒരു പരിശോധനാ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയേറ്റ് തയ്യാറാക്കേണ്ടതാണ്.

3.7.7 പരിശോധനാ റിപ്പോർട്ട് ജില്ലാആസൂത്രണ സമിതിയോഗത്തിന്റെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യണം.

3.7.8 ചുവടെ വിവരിക്കുന്ന സാഹചര്യങ്ങളിൽ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകാൻ പാടില്ല.

(1) ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ വാർഷിക പദ്ധതി തയ്യാറാക്കുക

(2) എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരാതിരിക്കുക, ചില വാർഡുകളിൽ ഗ്രാമസഭായോഗങ്ങൾ ചേർന്നെങ്കിലും ക്വാറം തികയാത്ത അവസ്ഥ ഉണ്ടാകുക

(3) പ്രഖ്യാപിത മത്സ്യ ഗ്രാമങ്ങൾ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ മത്സ്യസഭാ യോഗം ചേരാതെ പദ്ധതി തയ്യാറാക്കുക

(4) ഭിന്നശേഷിയുള്ളവരുടെ ഗ്രാമപഞ്ചായത്തുതല യോഗം ചേരാതെ ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കുക.

(5) ഊരുകൂട്ടയോഗങ്ങൾ ചേരാൻ ബാദ്ധ്യതയുള്ള ഗ്രാമപഞ്ചായത്തുകൾ അപ്രകാരമുള്ള ഊരുകൂട്ടയോഗങ്ങൾ ചേരാതെ പദ്ധതി തയ്യാറാക്കുക

(6) നിശ്ചിത ഘടനയിലും നിർദ്ദേശിച്ച ഉള്ളടക്കത്തിലുമല്ലാതെ പദ്ധതിരേഖ തയ്യാറാക്കുക.

(7) സർക്കാർ നിർദ്ദേശിച്ച തീയതിക്കുശേഷം പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുക.

## 3.8 പ്രോജക്ടുകളുടെ അംഗീകാരം

### 3.8.1 പ്രോജക്ട് പരിശോധനയും വെറ്റിംഗ് ഓഫീസർമാരും

(1) വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ഡി.പി.സി ക്ലിയർ ചെയ്യാത്തതും ഭേദഗതി നിർദ്ദേശിച്ചതും ഒഴികെയുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തിനായി സെക്രട്ടറി അയയ്ക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ(ന്റെ) മേലുദ്യോഗസ്ഥയോ(നോ) അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥയുടെ (ന്റെ) ജില്ലാതല/ സംസ്ഥാന തല ഉദ്യോഗസ്ഥ(ൻ) ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥയോ(നോ) ചുവടെയുള്ള ഖണ്ഡികളിലെ നിബന്ധനകൾക്ക് വിധേയമായി വെറ്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകേണ്ടത്. ഉദാ:- ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ തയ്യാറാക്കുന്ന കാർഷിക വികസന പ്രോജക്ടുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് അംഗീകാരം നൽകണം. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ സേവനം ഒരു ബ്ലോക്കിൽ ലഭ്യമല്ല എങ്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ നിശ്ചയിക്കുന്ന അടുത്ത ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഈ ചുമതല നിർവഹിക്കണം. ഈ വ്യവസ്ഥകൾക്ക് വിധേയമായി:-

(i) ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ അതത് മേഖലയിലെ ബ്ലോക്ക്തല ഉദ്യോഗസ്ഥ(ൻ) അല്ലെങ്കിൽ അതത് മേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥയോ(നോ) ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥയോ(നോ) ആയിരിക്കണം പരിശോധിച്ച് അംഗീകാരം നൽകേണ്ടത്.

(ii) ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ടുകൾ അതത് മേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥയോ(നോ) അല്ലെങ്കിൽ അതത് മേഖലയിലെ സംസ്ഥാനതല ഉദ്യോഗസ്ഥ(ൻ) ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥയോ(നോ) ആണ് അംഗീകാരം നൽകേണ്ടത്.

(iii) ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം നൽകേണ്ടത് അതത് മേഖലയിലെ സംസ്ഥാനതല ഉദ്യോഗസ്ഥയോ(നോ) അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥയോ(നോ) ആയിരിക്കണം.

(2) ഒരു പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത് ആ പ്രോജക്ട് ഉൾപ്പെടുന്ന മേഖലയിലെ ഒരു ഉദ്യോഗസ്ഥ(ൻ) ആയിരിക്കണം. നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നതിന് ഒരു വിഷയമേഖലയിൽ ഉദ്യോഗസ്ഥ(ൻ) ഇല്ലാത്തതുകൊണ്ട് മറ്റൊരു മേഖലയിലെ ഉദ്യോഗസ്ഥയെ(നെ) ചുമതലപ്പെടുത്തുന്ന സന്ദർഭത്തിൽ, ആ പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകാൻ നിയോഗിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ(ന്റെ) മേലുദ്യോഗസ്ഥയെ(നെ) അല്ല, മറിച്ച് പ്രോജക്ട് ഉൾപ്പെടുന്ന മേഖലയിലെ ഉചിതമായ തലത്തിലെ ഒരു ഉദ്യോഗസ്ഥയെ(നെ) ആണ്.

ഉദാ: മത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നതിന് മത്സ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥ(ൻ) ഇല്ലാത്ത ഒരു തദ്ദേശഭരണ സ്ഥാപനം, കൃഷി

ഓഫീസറെയാണ് ആ ചുമതല ഏൽപ്പിക്കുന്നതെങ്കിലും പ്രസ്തുത പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത് മത്സ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥ(ൻ) തന്നെയാണ്.

(3) ഒരു പ്രോജക്ട് യാതൊരു കാരണവശാലും ആ പ്രോജക്ട് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ(ൻ) തന്നെ അംഗീകാരം നൽകാൻ പാടില്ല. അതായത് പ്രോജക്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥയും(നും) നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥയും(നും) ഒരാളാകാൻ പാടില്ല.

(4) പരിശോധനയ്ക്കായി വെറ്റിംഗ് ഓഫീസർക്ക് ലഭിച്ച പ്രോജക്ട് തന്റെ സാങ്കേതിക വൈദഗ്ധ്യ പരിധിയിൽ വരുന്നതല്ലെങ്കിൽ വെറ്റിംഗ് ഓഫീസർക്ക് അത് തിരിച്ചയക്കാവുന്നതാണ്. അതുപോലെ പരിശോധനയ്ക്കായി ലഭിച്ച ഒരു പ്രോജക്ട് തന്റെ ചുമതലാ പരിധിയിൽ ഉൾപ്പെടാത്തതോ, അംഗീകാരം നൽകുന്നതിന് മറ്റേതെങ്കിലും ഉദ്യോഗസ്ഥരുടെയോ സ്ഥാപന ങ്ങളുടെയോ സമിതികളുടെയോ ശുപാർശ കൂടി ആവശ്യമാണെങ്കിലോ അക്കാര്യം രേഖപ്പെടുത്തി പ്രോജക്ട് തിരികെ നൽകേണ്ടതാണ്.

(5) ഒരു പ്രോജക്റ്റിന്റെ സാങ്കേതിക പ്രായോഗിക ക്ഷമത സാക്ഷ്യപ്പെടുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥ(ൻ) ബ്ലോക്ക് തലത്തിൽ ഇല്ലായെങ്കിൽ അത്തരം പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകാൻ ആവശ്യമായ സംവിധാനം ജില്ലാതലത്തിൽ ഉണ്ടാക്കേണ്ടതാണ്.

(6) ജില്ലാതലത്തിൽ പരിശോധിച്ച് അംഗീകാരം നൽകാൻ കഴിയാത്തതോ/ഉയർന്ന തലത്തിലെ സാങ്കേതിക പരിശോധന ആവശ്യമായതോ ആയ പ്രോജക്ടുകൾ ബന്ധപ്പെട്ട സംസ്ഥാന തല സ്ഥാപനങ്ങളിലേക്ക് (ഉദാ:ശുചിത്വമിഷൻ) ഓൺലൈനായി അയച്ചു കൊടുക്കേണ്ടതാണ്.

(7) ഒരു പ്രോജക്ട് യോജിച്ചതാണോ എന്നത് സംബന്ധിച്ച തീരുമാനമെടുക്കാൻ സ്ഥലം സന്ദർശനം ആവശ്യമാണെങ്കിൽ അപ്രകാരം ചെയ്ത് അനുയോജ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

(8) പ്രോജക്ടിലെ അപാകതകൾ പരിശോധനാ വേളയിൽ തന്നെ പരിഹരിച്ച് അംഗീകാര യോഗ്യമാക്കുക എന്ന സമീപനമായിരിക്കണം വെറ്റിംഗ് ഓഫീസർമാർ സ്വീകരിക്കേണ്ടത്. പ്രോജക്ടിൽ അപാകതയുണ്ടെങ്കിൽ അത് തയ്യാറാക്കിയ ഉദ്യോഗസ്ഥയെ(നെ) കൊണ്ട് അവ പരിഹരിച്ച് അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ പ്രോജക്ട് വെറ്റിംഗ് കാര്യക്ഷ മമാക്കുന്നതിന് വെറ്റിംഗ് ഓഫീസർമാരുടെ സൗകര്യാർത്ഥം അവരുടെ ഓഫീസുകളിൽ പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കാവുന്നതാണ്.

(9) അപാകതകളുള്ളതും നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായതുമായ ഒരു പ്രോജക്ട് അംഗീകാരം നൽകാതെ തിരിച്ചയയ്ക്കുകയാണെങ്കിൽ അതിനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധം, അപ്രായോഗികം, നിയമാനുസൃതമല്ല, സർക്കാർ അനുമതിക്ക് വിധേയം, സർക്കാർ അനുമതിക്ക് ശുപാർശ ചെയ്യുന്നു എന്നിങ്ങനെ അവ്യക്തമായ കുറിപ്പുകൾ എഴുതാൻ പാടുള്ളതല്ല.

(10) പ്രോജക്ട് ലഭിച്ച് ഒരാഴ്ച്ചയ്ക്കകം അംഗീകാരമോ സാങ്കേതികാനുമതിയോ നൽകാൻ കഴിയുന്നില്ലെങ്കിൽ വെറ്റിംഗ് ഓഫീസർ അതിന്റെ കാരണം കാണിച്ച് പ്രോജക്ട് തിരിച്ചയയ്ക്കണം.

(11) പ്രോജക്ട് അംഗീകാരത്തിന് ചുവടെ വിവരിക്കുന്ന നടപടിക്രമം ബാധകമായിരിക്കും.

(i) വിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല. പകരം അംഗീകാര യോഗ്യമാണെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥയുടെ(ന്റെ) സാക്ഷ്യപത്രം മാത്രം മതിയാകും.

ഉദാ: സമഗ്രശിക്ഷാ കേരളം (എസ്.എസ്.കെ), ഇൻഫർമേഷൻ കേരളാ മിഷൻ എന്നിവയ്ക്ക് കൈമാറേണ്ട തുക.

(ii) നിർമ്മാണ പ്രവൃത്തികൾ ഒഴികെയുള്ള മറ്റ് പ്രോജക്ടുകൾക്ക് അതത് മേഖലയിലെ വെറ്റിംഗ് ഓഫീസറിൽ നിന്നുള്ള അംഗീകാരം തേടേണ്ടതാണ്.

(iii) നിർമ്മാണ പ്രവൃത്തികൾക്ക് ഖണ്ഡിക 3.8.3 പ്രകാരം നിശ്ചയിച്ചിട്ടുള്ള എഞ്ചിനീയറിൽ നിന്ന് പ്രോജക്ട് അംഗീകാരവും സാങ്കേതിക അനുമതിയും വാങ്ങേണ്ടതാണ്.

(12) കൃഷി, നീർത്തട പരിപാലനം മുതലായ മഴക്കാലവുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ടുന്ന പ്രോജക്ടുകൾക്ക് നിർവ്വഹണ അനുമതി ഉചിത സമയത്തു തന്നെ നൽകുകയെന്നത് ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥയുടെ(ന്റെ) ചുമതലയാണ്. ആ വിഭാഗം പ്രോജക്ടുകൾക്ക് കാലതാമസം കൂടാതെ നിർവ്വഹണ അനുവാദം നേടിയെടുക്കുകയെന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ(ന്റെ) കടമയാണ്.

(13) നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) തനിക്ക് അനുവദിച്ചിട്ടുള്ള യൂസർ നെയിമിന്റേയും പാസ് വേർഡിന്റേയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്.

### 3.8.2 വെറ്റിംഗ് ഓഫീസർമാരുടെ മുഖ്യ ചുമതലകൾ

പ്രോജക്ടുകളിൽ ചുവടെ വിവരിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്ന് വെറ്റിംഗ് ഓഫീസർമാർ ഉറപ്പുവരുത്തണം.

(1) മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

(2) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവും തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ വരുന്ന കാര്യങ്ങൾ നിർവഹിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്

(3) ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിത്തന്നെയാണ് പ്രോജക്ടുകൾ തയ്യാറാക്കി യിട്ടുള്ളത്.

(4) പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് ഓരോ പ്രോജക്ടും തയ്യാറാക്കിയിട്ടുള്ളത്.

(5) മരാമത്ത് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾക്കും നിബന്ധനകൾക്കും ഒപ്പം മരാമത്ത് പണികൾ സംബന്ധിച്ച് ഈ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങളും പാലിച്ചു കൊണ്ടാണ് നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

(6) സാങ്കേതിക പ്രോജക്ടുകൾ സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കുന്നതും സാമ്പത്തിക ക്ഷമതയുള്ളതും ആണ്.

(7) പ്രോജക്ടിൽ ചെലവിനങ്ങൾ നിശ്ചയിച്ചിട്ടുള്ളത് ഔചിത്യപൂർണ്ണവും പ്രവർത്തനങ്ങളുടെ ഘട്ട നിർണ്ണയം ന്യായവുമാണ്.

### 3.8.3 നിർമ്മാണ പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതിയും

(1) നിർമ്മാണ പ്രവൃത്തികൾക്ക് ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഞ്ചിനീയർമാരാണ് വെറ്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് അംഗീകാരം നൽകേണ്ടത്. പ്രോജക്ടിന് അംഗീകാരം നൽകുന്നതിനൊപ്പം തന്നെ വെറ്റിംഗ് ഓഫീസർ വിശദമായ പരിശോധന നടത്തി സാങ്കേതികാനുമതിയും നൽകേണ്ടതാണ്.

(2) നിർവ്വഹണ ഉദ്യോഗസ്ഥനായ(യായ) എഞ്ചിനീയറുടെ തൊട്ടുമുകളിലുള്ള പദവിയിലെ എഞ്ചിനീയറാണ് പ്രോജക്ടിന് അംഗീകാരവും സാങ്കേതികാനുമതിയും നൽകേണ്ടതെങ്കിലും ചുവടെ നൽകിയിട്ടുള്ള പട്ടികയിലെ സാമ്പത്തിക പരിധികൂടി കണക്കിലെടുത്ത് വേണം വെറ്റിംഗ് ഓഫീസർ ആരെന്ന് തീരുമാനിക്കേണ്ടത്.

| **വിഭാഗം** | **റോഡ് പ്രവൃത്തികൾ/ കെട്ടിട നിർമ്മാണം എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാര പരിധി (ലക്ഷം രൂപ)** |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 125 |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 250 |
| ചീഫ് എഞ്ചിനീയർ | പരിധിയില്ല |

(3) സാങ്കേതികാനുമതി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക പരിധി കണക്കിലെടുത്തുകൊണ്ട് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കുകയാണെങ്കിൽ സ്വന്തം സ്ഥാപനത്തിലെ എഞ്ചിനീയറിൽ നിന്ന് തന്നെ പ്രോജക്ട് അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയും. ഉദാഹരണത്തിന് ഒരു ബ്ലോക്ക് പഞ്ചായത്തിലെ 30 ലക്ഷം രൂപയിൽ താഴെ അടങ്കൽ തുക വരുന്ന ഒരു റോഡ് പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥയായി(നായി) അസിസ്റ്റന്റ് എഞ്ചിനീയറെ നിശ്ചയിക്കുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തിലെ തന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പ്രോജക്ട് അംഗീകാരവും സാങ്കേതികാനുമതിയും നൽകാൻ കഴിയും.

(4) നിർവ്വഹണ ഉദ്യോഗസ്ഥനായ(യായ) എഞ്ചിനീയർ താൻ നിർവ്വഹണം നടത്തുന്ന പ്രോജക്ടിനു ഒരു കാരണവശാലും അംഗീകാരമോ സാങ്കേതിക അനുമതിയോ നൽകാൻ പാടില്ല.

(5) ഒരു തലത്തിലെ എഞ്ചിനീയറുടെ സാമ്പത്തിക അധികാര പിരിധിക്കപ്പുറമുള്ള അടങ്കൽ തുകയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി ലഭിക്കുകയാണെങ്കിൽ അതിന് അദ്ദേഹം സാങ്കേതികാനുമതി നൽകാൻ പാടില്ല.

(6) സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് ഓരോ ജില്ലയിലും കെ.എസ്.ഇ.ബിയിലെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിലെ എഞ്ചിനീയർ, അനെർട്ട് പ്രോജക്ട് മാനേജർ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൺവീനർ) എന്നിവർ അടങ്ങുന്ന കമ്മിറ്റി ജില്ലാകളക്ടർ രൂപീകരിക്കേണ്ടതാണ്.

(7) താരതമ്യേന വലിയ പ്രോജക്ടുകൾ സാദ്ധ്യതാ പഠനം നടത്തിയതിനു ശേഷം മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇത്തരമൊരു പഠനം നടത്തുന്നതിന് ജില്ലാ റിസോഴ്സ് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. സാദ്ധ്യതാ പഠനത്തിന് ശേഷം തയ്യാറാക്കുന്ന സ്ഥല പരിശോധനാ റിപ്പോർട്ട്, പ്ലാൻ, ഡിസൈൻ എന്നിവ ചീഫ് എഞ്ചിനീയർ കൺവീനറായുള്ള ഒരു സാങ്കേതിക സമിതി മുൻപാകെ (ഓൺലൈൻ മുഖേന) അവതരിപ്പിച്ച് സമിതിയുടെ അഭിപ്രായവും ഉപദേശവും കൂടി പരിഗണിച്ചുകൊണ്ട് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകാവുന്നതും തുടർനടപടികളിലേക്ക് കടക്കാവുന്നതുമാണ്. ഈ ചർച്ചയിൽ/അവതരണത്തിൽ സാദ്ധ്യതാ പഠനം നടത്തിയ ജില്ലാ റിസോഴ്സ് സെന്റർ അംഗങ്ങളെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രോജക്ടുകൾക്കും നിർബന്ധമായും ഈ സംവിധാനം ബാധകമായിരിക്കും. ഒരു കോടി രൂപയ്ക്ക് താഴെയുള്ള പ്രോജക്ടുകളുടെ കാര്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

(8) സാങ്കേതികാനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരുടെ ചുമതലകളും മറ്റ് നിബന്ധനകളും ചുവടെ വിവരിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(i) ബിൽ തയ്യാറാക്കുക, സൂക്ഷ്മ പരിശോധന നടത്തുക (scrutiny) മുതലായ ജോലികളുമായി നേരിട്ട് ബന്ധമുള്ള Drawing Branch ലെ സാങ്കേതിക വിഭാഗം ജീവനക്കാരെ പ്രോജക്ട് നിർവ്വഹണ ചുമതലയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

(ii) എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് PRICE Software മുഖേന തയ്യാറാക്കണം.

(iii) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

(iv) ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ചുവടെ വിവരിക്കുന്ന കാര്യങ്ങളിൽ ഏതെങ്കിലും സംഗതികൾ കൂടി ഉൾപ്പെടുന്നുവെങ്കിൽ ആ നിർമ്മാണ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് (Revised Estimate) തയ്യാറാക്കേണ്ടതാണ്.

(a) ഒറിജിനൽ പ്രോജക്ടിൽ (Original Project) വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിച്ചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടി വരുന്ന സാഹചര്യം,

(b) അംഗീകാരം ലഭിച്ച ഒറിജിനൽ നിർമ്മാണ പ്രവൃത്തിയുടെ രൂപകൽപനയിൽ (Design) ഘടനപരമായ വലിയ മാറ്റം (Major Structural Changes) ആവശ്യമാണെങ്കിൽ,

(c) ഒരു പ്രവൃത്തിയുടെ ചെലവ് സാങ്കേതിക അനുമതി ലഭിച്ച തുകയുടെ 5 ശതമാനത്തിൽ അധികം ആകാൻ സാദ്ധ്യതയുണ്ടെങ്കിൽ.

(v) ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ മുകളിൽ വിവരിച്ച സാഹചര്യങ്ങൾ പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് (Revised Estimate) കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തി യായതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ (Advanced Stage of Completion) സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല.

(vi) എസ്റ്റിമേറ്റ് വീണ്ടും കണക്കാക്കുക (Recast the Estimate), ഭേദഗതി ചെയ്യുക (Revised Estimate) എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകുവാൻ ഓരോ തലത്തിലെയും എഞ്ചിനീയർമാർക്ക് അനുവദനീയമായ അധികാര പരിധി ബാധകമാണ്.

(9) എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന്റെ ഭാഗമായുള്ള സൂക്ഷ്മ പരിശോധ നയുടെ തട്ടുകൾ പരമാവധി കുറയ്ക്കണം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിക്ക് മുകളിൽ സാങ്കേതികാനുമതി നൽകേണ്ട സന്ദർഭത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം എസ്റ്റിമേറ്റും ബന്ധപ്പെട്ട രേഖകളും സാങ്കേതിക അനുമതി നൽകാൻ അധികാരപ്പെട്ട എഞ്ചിനീയർക്ക് PRICE സോഫ്റ്റ് വെയർ വഴി അയയ്ക്കേണ്ടതാണ്. ഇടത്തട്ടിലുള്ള സൂക്ഷ്മ പരിശോധന ഒഴിവാക്കണം.

(10) മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ നഷ്ടോത്തരവാദിത്വം വെറ്റിംഗ് ഓഫീസർക്കും പ്രോജക്ട് നിർവ്വഹണ ത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വീഴ്ചകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കും(നും) നഷ്ടോത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

### 3.8.4 ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി മുതലായ കാര്യങ്ങൾ

**(എ) ഇലക്ട്രിക്കൽ പ്രവൃത്തികൾ**

(i) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ),

കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിരമിച്ച അനുയോജ്യരായ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായിരിക്കണം. സമാനരീതിയിൽ കോർപ്പറേഷന്റെ പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് മാത്രമായി കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായി മറ്റൊരു കമ്മിറ്റിയും (ആറ് ജില്ലകളിൽ) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്.

(ii) വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ സേവനം ആവശ്യമായത്ര ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന ജില്ലകളിൽ പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ), കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിരമിച്ച അനുയോജ്യനായ ഒരു എൻജിനീയറോ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒരു അധ്യാപകനോ അംഗമായി ഉണ്ടാകണം എന്ന നിബന്ധനയോടെ ബി.ടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസും ഉള്ളവരെ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിക്ക് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും.

(iii) ടെക്നിക്കൽകമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങൾ എടുക്കേണ്ടതും യോഗത്തിന്റെ മിനിട്ട്സ് കൺവീനർ സൂക്ഷിക്കേണ്ടതുമാണ്. കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ സാങ്കേതികമാനുമതി നൽകുന്നതിനുള്ള പരിശോധന നടത്തണം. തുടർന്ന് കമ്മിറ്റി തീരുമാന പ്രകാരം കൺവീനർ സാങ്കേതികാനുമതി നൽകണം.

(iv) ടെക്നിക്കൽ കമ്മിറ്റികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി രണ്ടു കോടി രൂപയായിരിക്കും. രണ്ടു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും വാങ്ങേണ്ടതാണ്.

(v) ടെക്നിക്കൽ കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് ഒരു യോഗത്തിന് 750 രൂപ നിരക്കിൽ സിറ്റിംഗ് ഫീസ് അനുവദിക്കാവുന്നതാണ്. യോഗത്തിന്റെ മിനിട്സ്, ഹാജർ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സിറ്റിംഗ് ഫീസ് അനുവദിക്കുന്നതിനുള്ള ക്ലെയിം കമ്മിറ്റിയുടെ കൺവീനർ ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന് നൽകേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ ഫണ്ടിൽ നിന്നും അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് അനുവദിക്കേണ്ടതുമാണ്,

(vi) ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ടെക്നിക്കൽ കമ്മിറ്റി അംഗമായ ഒരു എഞ്ചിനീയറെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതും മേൽപ്പറഞ്ഞ ചുമതലകൾ നിറവേറ്റുന്നതിന് പ്രസ്തുത എൻജിനീയറുമായി കരാറിൽ ഏർപ്പെടാവുന്നതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ 0.5 ശതമാനം

തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50,000 രൂപ) പ്രതിഫലം/ഓണറേറിയം ആയി നൽകാവുന്നതാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയവയ്ക്ക് 1.5 ശതമാനം തുകയും (കുറഞ്ഞത് 2000 രൂപ, പരമാവധി 2,00,000 രൂപ) പ്രതിഫലം നൽകാം.

(vii) ചെക്ക്മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് .എന്നാൽ നിർവ്വഹണ മേൽനോട്ടം നടത്തി അളവുകൾ രേഖപ്പെടു ത്തിയ അതേ അംഗത്തെ തന്നെ ചെക്ക്മെഷർമെന്റ് നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. മറ്റൊരു അംഗത്തെ നിയോഗിക്കാവുന്നതാണ്. എസ്റ്റിമേറ്റിന്റെ 0.5 ശതമാനം തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50,000 രൂപ) ഇതിന് പ്രതിഫലമായി നൽകാവുന്നതാണ്.

**(ബി) ഇലക്ട്രോണിക്സ് പ്രവൃത്തികൾ**

ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മാതൃകയിലെ സമാന സംവിധാനം ഇലക്ട്രോണിക്സ് പ്രവൃത്തികൾക്കും ആവിഷ്കരിക്കേണ്ടതാണ്. അതായത് ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പൊതുമരാമത്ത്(ഇലക്ട്രോണിക്സ്), കെ.എസ്.ഇ.ബി, കെൽട്രോൺ എന്നിവിട ങ്ങളിൽ നിന്നും വിരമിച്ച അനുയോജ്യരായ ഇലക്ട്രോണിക്സ് എഞ്ചിനീയർമാർ അംഗങ്ങളും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായിരിക്കണം. എസ്റ്റിമേറ്റ് തയ്യാറാക്കുക, സാങ്കേതികാനുമതി വാങ്ങുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക, ചെക്ക്മെഷർമെന്റ് നടത്തുക എന്നിവയ്ക്ക് 3.8.4 (എ) (iii) മുതൽ 3.8.4 (എ) (vii) വരെയുള്ള ഖണ്ഡികകൾ പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ ഇലക്ട്രോണിക്സ് പ്രവൃത്തികൾക്കും ബാധകമായിരിക്കും. ജില്ലാ തലത്തിൽ ഒരു കമ്മിറ്റി മതിയാകും. കോർപ്പറേഷന് വേണ്ടി പ്രത്യേക കമ്മിറ്റി ആവശ്യമില്ല.

(**സി**) രണ്ടു കോടി രൂപയ്ക്ക് മുകളിലുള്ള ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട വിഭാഗങ്ങൾ മുഖേന നിർവഹണം നടത്തേണ്ടതാണ്. രണ്ടു കോടി രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികളും ആവശ്യമെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട വിഭാഗങ്ങൾ (ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്) മുഖേന നിർവഹണം നടത്താവുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട വിഭാഗങ്ങൾ മുഖേന നിർവഹണം നടത്തുന്ന സംഗതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ തുടങ്ങിയ ചുമതലകൾ പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട വിഭാഗങ്ങൾ മുഖേന നിർവഹിക്കേണ്ടതാണ്.

**(ഡി)** ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ കാര്യത്തിലും മറ്റ് പൊതുമരാമത്ത് പ്രവൃത്തികളിലെന്നതു പോലെ ഈ മാർഗ്ഗരേഖയുടെ ഖണ്ഡിക 14 (4) ൽ വിവരിച്ചിരിക്കുന്നത് പ്രകാരം ഒരു ശതമാനം പ്രവൃത്തികളെങ്കിലും റാൻഡം രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണനിലവാര പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

### 3.8.5 നൂതന (Innovative) പ്രോജക്ടുകളുടെ അംഗീകാരത്തിന് പ്രത്യേക സംവിധാനം

(1) പ്രാദേശിക വികസന പ്രശ്നങ്ങളുടെ പ്രത്യേകതകൾ വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിന് അതാതിടങ്ങളിലെ വിഭവസാദ്ധ്യതകൾക്കനുസരിച്ച് സമുചിതമായ പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയാണ് വികേന്ദ്രീകൃതാസൂത്രണ ലക്ഷ്യങ്ങളിൽ പ്രധാനമായത്. നൂതനമായ ആശയങ്ങൾ, നവീന സാങ്കേതിക വിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവ്വഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചുകൊണ്ടുള്ള വികസന പ്രോജക്ടുകളെയാണ് നൂതന പ്രോജക്ടുകൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. അവയ്ക്ക് സാധാരണ പ്രോജക്ട് അംഗീകാര രീതിയിൽ നിന്നും വ്യത്യസ്തമായി സബ്സിഡിയുൾപ്പെടെയുള്ള ഘടകങ്ങൾ പരിശോധിച്ച് അനുമതി നൽകുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേണ്ടി ജില്ലാ ആസൂത്രണ സമിതി ഒരു വിദഗ്ധസമിതിയെ നിയോഗിക്കേണ്ടതാണ്.

(2) ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയുള്ള പ്രസ്തുതസമിതിയിൽ ജില്ലാ പ്ലാനിംഗ് ആഫീസർ കൺവീനറും, ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി, ജില്ലാ വികസന കമ്മീഷണർ, ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ജില്ലാടൗൺപ്ലാനർ എന്നിവർ അംഗങ്ങളും ആയിരിക്കുന്നതാണ്. പ്രോജക്ട് ഉൾപ്പെടുന്ന വികസന മേഖലയുടെ/വിഷയമേഖലയുടെ ജില്ലാതല ആഫീസർ, ജില്ലാ തലത്തിൽ ലഭ്യമായ രണ്ടിൽ കുറയാതെയുള്ള വിഷയമേഖല വിദഗ്ധർ എന്നിവരെ ബന്ധപ്പെട്ട മേഖലയിലെ ചർച്ച നടക്കുന്ന യോഗത്തിലേക്ക് ക്ഷണിതാക്കളായി പങ്കെടുപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട മേഖലയിലുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ധരേയും ക്ഷണിക്കാവുന്നതാണ്. ഇപ്രകാരം ക്ഷണിതാക്കളായി പങ്കെടുപ്പിക്കേണ്ട വിദഗ്ധരുടെ ഒരു പാനൽ അംഗീകരിച്ച് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(3) പ്രസ്തുത വിദഗ്ധ സമിതി ചുവടെ പറയുന്ന കാര്യങ്ങൾ പരിശോധിക്കണം.

(i) നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലകളിൽപ്പെടുന്ന താണോ?

(ii) സാമ്പത്തിക-സാങ്കേതിക-പ്രായോഗിക ക്ഷമതയുള്ള പ്രോജക്ട് ആണോ?

(iii) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സബ്സിഡി മാർഗ്ഗരേഖയിലേയോ സംസ്ഥാന സർക്കാർ വകുപ്പിലെയോ മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണോ?

(iv) നിർദ്ദേശിക്കപ്പെടുന്ന ചെലവുകളും പ്രതീക്ഷിക്കുന്ന സബ്സിഡികളും അനുയോജ്യവും നീതീകരിക്കാവുന്നതുമാണോ?

(v) നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ജെൻഡർ സൗഹൃദമാണോ?

(vi) തദ്ദേശഭരണ സ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെ തന്നെ സ്വകാര്യ വ്യക്തികൾ/ സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖലയാണോ? (അല്ലെങ്കിൽ മാത്രമേ തദ്ദേശഭരണ സ്ഥാപനം ഇടപെടേണ്ടതുള്ളൂ).

(4) ക്രമനമ്പർ (3)ലെ കാര്യങ്ങൾ പ്രോജക്ട് വിഭാവനം ചെയ്തവരുമായി ചർച്ച ചെയ്ത് ഭേദഗതി ആവശ്യമാണെങ്കിൽ അവകൂടി ഉൾപ്പെടുത്തി സാങ്കേതിക മികവുള്ള പ്രോജക്ടുകളാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകുകയാണ് സമിതിയുടെ ചുമതല. നിർദ്ദേശിക്കപ്പെടുന്ന നൂതനാശയം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശിക്കപ്പെടുന്ന ചെലവും സബ്സിഡിയും നീതികരിക്കുന്നതിനുള്ള യുക്തിയും മിനിട്ട്സിൽ രേഖപ്പെടുത്തണം.

### 3.8.6 പ്രോജക്ടുകളുടെ അനുമതി നിരീക്ഷണവും മോണിട്ടറിംഗും

(1) പ്രോജക്ടുകൾക്ക് അനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വേണ്ടി ജില്ലാ ആസൂത്രണ സമിതിചെയർപേഴ്സൺ അദ്ധ്യക്ഷനായും ജില്ലാ കളക്ടർ സെക്രട്ടറിയായും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായും, ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി, ജില്ലാ വികസന കമ്മീഷണർ, ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്), ജില്ലാ ടൗൺ പ്ലാനർ, ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർ എന്നിവർ അംഗങ്ങളുമായുള്ള ഒരു നിരീക്ഷണ സമിതി ഓരോ ജില്ലയിലും പ്രവർത്തിക്കേണ്ടതാണ്.

(2) വെറ്റിംഗ് ഓഫീസർമാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് യഥാസമയം അനുമതി നൽകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും ആവശ്യാനുസരണം യോഗം ചേരേണ്ടതാണ്. സമിതിയുടെ യോഗ മിനിറ്റ്സ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(3) ജില്ലാപഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും അനുമതിയുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി നിർവഹിക്കേണ്ടതാണ്.

## 4 പരാതി പരിഹാര സംവിധാനങ്ങൾ

### 4.1 പ്രോജക്ട് അംഗീകാരവുമായി ബന്ധപ്പെട്ട പരാതികൾ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് അംഗീകാരവും സാങ്കേതികാനുമതിയും സംബന്ധിച്ച് വെറ്റിംഗ് ഓഫീസറുടെ തീരുമാനത്തിന്മേലുള്ള പരാതികൾ പരിഗണിക്കുന്നതിന് ചുവടെ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം അപ്പലേറ്റ് കമ്മിറ്റികൾ പ്രവർത്തിക്കേണ്ടതാണ്. വാർഷിക പദ്ധതി പരിഗണിച്ച് അംഗീകാരം നൽകിയപ്പോൾ ജില്ലാ ആസൂത്രണ സമിതി ഏതെങ്കിലും പ്രോജക്ടിന് അനുമതി നൽകിയിട്ടില്ലെങ്കിൽ ആ പ്രോജക്ട് അപ്പലേറ്റ് കമ്മിറ്റിക്ക് സമർപ്പിക്കാൻ പാടില്ല. അത്തരം

പരാതികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

### 4.1.1 ജില്ലാതല അപ്പലേറ്റ് കമ്മിറ്റി (ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും)

(1) ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രോജക്ടുകളുടെ അംഗീകാരം/സാങ്കേതികാനുമതി സംബന്ധിച്ച് വെറ്റിംഗ് ഓഫീസറുടെ തീരുമാനത്തിന്മേലുള്ള പരാതികൾ പരിഗണിക്കുന്നതിന് ജില്ലാതലത്തിൽ ഒരു അപ്പലേറ്റ് കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

(2) ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ കമ്മിറ്റിയുടെ അദ്ധ്യക്ഷയും(നും) ജില്ലാ കളക്ടർ സെക്രട്ടറിയും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായിരിക്കും. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി, ജില്ലാ വികസന കമ്മീഷണർ, ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ജില്ലാ ടൗൺ പ്ലാനർ, പരാതിയുള്ള പ്രോജക്ടിനെ കുറിച്ച് വിദഗ്ദ്ധോപദേശം നൽകാൻ ചുമതലപ്പെട്ട വകുപ്പിലെ/വകുപ്പുകളിലെ ജില്ലയിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരായിരിക്കും ജില്ലാതല കമ്മിറ്റിയിലെ അംഗങ്ങൾ. ആവശ്യമുള്ളപക്ഷം മറ്റ് വിദഗ്ദ്ധരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഈ കമ്മിറ്റിയിലേക്ക് ക്ഷണിക്കാവുന്നതാണ്.

### 4.1.2 സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി (ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും)

(1) ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടേയും കാര്യത്തിൽ പ്രോജക്ടുകളുടെ അംഗീകാരം/സാങ്കേതികാനുമതി സംബന്ധിച്ച് വെറ്റിംഗ് ഓഫീസറുടെ തീരുമാനത്തിന്മേലുള്ള പരാതികൾ പരിഗണിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു അപ്പലേറ്റ് കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

(2) പ്രിൻസിപ്പൽ ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ഡയറക്ടർ (റൂറൽ), ഡയറക്ടർ (അർബൻ) എന്നിവർ അംഗങ്ങളായുള്ള സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷ/ൻ തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയും കൺവീനർ സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫും ആയിരിക്കും. സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയുടെ യോഗത്തിലേക്ക് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന വിഷയ മേഖലയുമായി ബന്ധപ്പെട്ട വകുപ്പ് ഡയറക്ടറെ ക്ഷണിക്കേണ്ടതാണ്.

**4.1.3** അപ്പീൽ പരാതി ലഭിച്ചാൽ 14 ദിവസത്തിനകം കമ്മിറ്റി യോഗം ചേർന്ന് പരാതിസംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുക്കേണ്ടതാണ്.

**4.1.4** അപ്പീൽ ലഭിച്ചു എന്നതുകൊണ്ട് മാത്രം മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഒരു പ്രോജക്ടിനും ജില്ലാതല/ സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി അനുമതി നൽകാൻ പാടില്ല.

**4.1.5** പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച് ഖണ്ഡിക 3.8.2 ൽ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അപ്പലേറ്റ് കമ്മിറ്റികൾക്കും ബാധകമാണ്.

## 4.2 ജില്ലാ ആസൂത്രണ സമിതികളുടെയും അപ്പലേറ്റ് കമ്മിറ്റികളുടെയും തീരുമാനങ്ങളിന്മേലുള്ള പരാതികൾ

(1) വാർഷിക പദ്ധതി അംഗീകാരം സംബന്ധിച്ചോ വാർഷിക പദ്ധതി പരിഗണിച്ച് അംഗീകാരം നൽകിയപ്പോൾ ജില്ലാ ആസൂത്രണ സമിതി ക്ലിയർ ചെയ്യാത്ത പ്രോജക്ടുകൾ സംബന്ധിച്ചോ അപ്പീൽ കമ്മിറ്റികളുടെ തീരുമാനങ്ങൾ സംബന്ധിച്ചോ തദ്ദേശഭരണ സ്ഥാപനത്തിന് പരാതികളു ണ്ടെങ്കിൽ അപ്രകാരമുള്ള പരാതികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേ ഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നിലവിൽ സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമായ ഓൺലൈൻ സംവിധാനം ഉപയോഗിക്കേണ്ടതാണ്.

(2) വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുന്ന ഒരു പ്രോജക്ട് ബന്ധപ്പെട്ട അപ്പീൽ കമ്മിറ്റിയുടെ പരിശോധനയും തീരുമാനവും ഇല്ലാതെ നേരിട്ട് കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കാൻ പാടില്ല. അങ്ങനെ പ്രോജക്ടുകൾ സമർപ്പിക്കുകയാണെങ്കിൽ അവ കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കാനും പാടില്ല.

## 4.3 നൂതനകമ്മിറ്റിയുടെ തീരുമാനങ്ങളിന്മേലുള്ള പരാതികൾ

ഖണ്ഡിക 3.8.5 പ്രകാരമുള്ള നൂതന കമ്മിറ്റിയുടെ തീരുമാനങ്ങൾ സംബന്ധിച്ചുള്ള പരാതികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് ഓൺലൈൻ മുഖേന നൽകേണ്ടതാണ്.

# 5. വിഭവ സമാഹരണം, അനിവാര്യ വകയിരുത്തൽ, മേഖലാവിഭജനം

### 5.1 വിഭവസമാഹരണം : പൊതു നിർദ്ദേശങ്ങൾ

(1) ഇൻസെന്റീവ് ഗ്രാന്റ്:- ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി-നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവെയ്ക്കുന്ന പൊതു വിഭാഗം സാധാരണ വിഹിതം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർദ്ധനവിന് 15 ശതമാനം വെയിറ്റേജ് ആണ് നൽകിയിട്ടുള്ളത്. അതുകാരണം തനത് വരുമാനം വർധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തനത് വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ലഭിക്കും. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തനത് വരുമാനം (Own Source Revenue) വർദ്ധിപ്പിക്കുവാൻ എല്ലാ ഗ്രാമപഞ്ചായത്തുകളും ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

(2) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിക്കേണ്ടതുണ്ട്. ഇതിനായി തനത് വരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി ലഭിക്കേണ്ട മുഴുവൻ നികുതി – നികുതിയേതര വരവുകളും പൂർണ്ണമായി നിർണ്ണയിക്കുകയും അവ മുഴുവനായും പിരിച്ചെടുത്ത് തദ്ദേശഭരണ

സ്ഥാപനങ്ങളുടെ ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. തനത് വരുമാനത്തിലെ മിച്ചം തുക വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം.

(3) വസ്തു നികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ് അധിഷ്ഠിത വിവരസങ്കേതങ്ങൾ ഉപയോഗിക്കാവുന്നതാണ്.

(4) വസ്തു നികുതിയുടെ കാര്യത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ യഥാർത്ഥ വിവരം കൃത്യമാക്കേണ്ടതാണ്. അതിനെത്തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്. ഫീൽഡ് പരിശോധനയ്ക്കായി കുടുംബശ്രീ സംവിധാനത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

(5) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTEOS ലൈസൻസ് ഫീസുകൾ അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാവുന്നതാണ്.

(6) തൊഴിൽ നികുതി ഉടങ്ങിയ മറ്റ് നികുതികളും മാർക്കറ്റ് ഫീസ്, രജിസ്ട്രേഷൻ ഫീസ് ഉടങ്ങിയ ഫീസുകളും കെട്ടിട വാടക, കുത്തകപ്പാട്ടം, പിഴ, പെനാൽറ്റി ഉടങ്ങിയ മറ്റു വരവുകളും കൃത്യമായി ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിയ്ക്കേണ്ടതാണ്.

(7) ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും തദ്ദേശഭരണ സ്ഥാപനങ്ങൾ കർശനമായി സ്വീകരിക്കേണ്ടതാണ്. മുഴുവൻ തെരുവ് വിളക്കുകൾക്കും വൈദ്യുത മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതു വാട്ടർടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(8) സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായ ത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

(9) ജനകീയ സംഘടനാ സംവിധാനങ്ങളായ പി.ടി.എ.കൾ, എച്ച്.എം.സി.കൾ പാടശേഖര സമിതികൾ, നീർത്തട സമിതികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് ജനകീയ സംഘടനകൾ മുതലായവയിലൂടെ സമാഹരിക്കാൻ കഴിയുന്ന വിഭവ സമാഹരണ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

(10) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്താറുണ്ട്. (ഉദാ: Corporate Social Responsibility Fund - CSR Fund). ആ ഫണ്ട് തദ്ദേശഭരണ സ്ഥാപനം മുഖേന ചെലവഴിക്കപ്പെടുന്നതിന് പ്രോജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

(11) തനത്/പൊതു ആവശ്യ ഫണ്ടിൽനിന്നും നിർവഹിക്കേണ്ടതായ ഭരണ ചെലവുകൾക്കും നിർബന്ധിത ചെലവുകൾക്കും അസാധാരണ ചെലവുകൾക്കും ആവശ്യമായ തുക കഴിച്ച് ബാക്കിയുള്ള തുകയുടെ 25 ശതമാനം വരെ വാർഷിക പദ്ധതിയുടെ ഭാഗമായല്ലാതെയുള്ള അടിയന്തിര പ്രോജക്ടുകൾക്കായി നീക്കിവയ്ക്കാവുന്നതാണ്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതോ സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പ്രോജക്ടുകൾ ഈ തുക ഉപയോഗിച്ച് ഏറ്റെടുക്കാം. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തന്നെ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ഇല്ലാതെ തന്നെ വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിർവ്വഹണം നടത്താവുന്നതുമാണ്. ഇതിനുള്ള സംവിധാനം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

(12) തനത് ഫണ്ട്/പൊതു ആവശ്യ ഫണ്ടിൽ ഇതിനു ശേഷം ബാക്കിയുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിൽ ഉൾപ്പെടുത്തണം.

(13) ഒരു വാർഷിക പദ്ധതിയിൽ തനത് ഫണ്ട് ഇനത്തിൽ വിനിയോഗിച്ച തുകയുടെ 15 ശതമാനത്തിൽ അധികരിച്ച തുക അടുത്ത വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓഡിറ്റ് ചുമതലയുള്ള ജില്ലാ/മേഖലാ/സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നുള്ള ഫോറം 9 ലെ സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങി വാർഷിക പദ്ധതി സമർപ്പിക്കുമ്പോൾ തന്നെ ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതാണ്.

(14) തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രോജക്ടുകളിൽ തനത് ഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. അപ്രകാരമുള്ള പ്രോജക്ട് ഭേദഗതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുവാനും പാടില്ല.

(15) തനത് വരുമാനത്തിലെ മിച്ചവും ബാങ്ക് വായ്പയും യുക്തിസഹമായ രീതിയിലായിരിക്കണം കണക്കാക്കേണ്ടത്.

(16) വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ പരമാവധി കാര്യക്ഷമതയും മിതവ്യയവും പാലിക്കണം. ഫലപ്രദമല്ലാത്തതോ പാഴ്ചെലവ് വരുത്തുന്നതോ ആയ രീതിയിലുള്ള വിഭവവിനിയോഗം ഒഴിവാക്കണം.

(17) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പൊതുമേഖലാ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പാധിഷ്ഠിത വിഭവസമാഹരണം നടത്തുന്നതിന് ശ്രമിക്കേണ്ടതാണ്. [3.4.1 (7), (8) എന്നീ ഖണ്ഡികകൾ കാണുക].

(18) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി അവയ്ക്ക് പഞ്ചായത്ത്-സ്വകാര്യ പങ്കാളിത്തം (PPP), പഞ്ചായത്ത്-സഹകരണ സ്ഥാപന പങ്കാളിത്തം (PCP), പഞ്ചായത്ത്-സ്വകാര്യ-സഹകരണ സ്ഥാപന പങ്കാളിത്തം (PPCP) എന്നീ രീതികളിൽ ഉല്പാദന, സേവന, അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ വികസന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

## 5.2 അനിവാര്യ വകയിരുത്തലുകളും മുൻഗണനാ പ്രോജക്ടുകളും

### (എ) അനിവാര്യ വകയിരുത്തലുകൾ

വികസനഫണ്ടിൽ നിന്നും അനിവാര്യമായും വിഹിതം നീക്കിവയ്ക്കേണ്ടതായ ഇനങ്ങൾ ചുവടെ നൽകുന്നു.

(1) അങ്കണവാടി പോഷകാഹാര വിതരണം

അങ്കണവാടികളിൽ വരുന്ന കുട്ടികൾക്ക് പൂരകപോഷകാഹാരം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, എന്നിവർക്ക് പോഷകാഹാരം അങ്കണവാടികൾ മുഖേന നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുന്ന മറ്റ് പോഷകാഹാര വിതരണ പരിപാടികൾ എന്നിവയ്ക്കെല്ലാം വേണ്ട വിഹിതം കണക്കാക്കി ഒരു പ്രോജക്ടായി തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകളാണ് തുക വകയിരുത്തേണ്ടത്. എന്നാൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം സംയോജിപ്പിക്കാവുന്നതാണ്.

കുറിപ്പ് – അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിന്റെ ഗുണഭോക്താക്കളായ പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ആഹാരത്തിന്റെ ചെലവ് പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പോഷകാഹാരം വിതരണം നടത്തുന്നതിനുള്ള ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ

നിന്നും വഹിക്കാവുന്നതാണ്. പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും വിനിയോഗിക്കുന്നുണ്ടെങ്കിൽ അവ പ്രത്യേക പ്രോജക്ടുകളായി തയ്യാറാക്കേണ്ടതാണ്.

(2) എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിഹിതം നൽകൽ

കുറിപ്പ്:- ഗ്രാമപഞ്ചായത്തുകൾ വകയിരുത്തുന്ന എസ്.എസ്.കെ. പ്രോജക്ടുകളുടെ വിഹിതങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(3) പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം

(4) പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വേണ്ട അധിക വിഹിതം. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ തുക വകയിരുത്തണം.

(5) അഗതി രഹിത കേരളം പദ്ധതിയുടെ (ആശ്രയ) വിഹിതം (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ)

കുറിപ്പ്:- അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും അഗതികൾക്ക് ലഭ്യമാക്കേണ്ട പരിചരണ സേവന പാക്കേജിന്റെ വിശദാംശങ്ങളും 12.12.2017 – ലെ സ.ഉ.(എം.എസ്)252/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആകെ അടങ്കൽ തുകയുടെ 40% കുടുംബശ്രീ, 35% ഗ്രാമപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് 10% ജില്ലാ പഞ്ചായത്ത് എന്ന ക്രമത്തിൽ വകയിരുത്തി നടപ്പാക്കേണ്ടതാണ്.

(6) ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് സർക്കാർ നിശ്ചയിക്കുന്ന തുക

കുറിപ്പ്:- ഗ്രാമപഞ്ചായത്തുകൾ വികസനഫണ്ടിന്റെ 0.25 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും 0.1 ശതമാനവും തുകയാണ് നൽകേണ്ടത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള നഗരസഞ്ചയ ഗ്രാന്റും ആരോഗ്യഗ്രാന്റും ഒഴികെയുള്ള വികസനഫണ്ട് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തുക കണക്കാക്കി അത് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും നീക്കിവെയ്ക്കണം.

(7) അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ (ഖണ്ഡിക 6.6 കാണുക)

**(ബി) മുൻഗണനാ പ്രോജക്ടുകൾ**

(1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ശുചിത്വ-മാലിന്യസംസ്കരണം ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. അതുകൊണ്ടു തന്നെ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും മാലിന്യ ശേഖരണ-സംസ്കരണ പ്രവർത്തനങ്ങളിലെ മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഖരമാലിന്യ സംസ്കരണത്തിനും ദ്രവമാലിന്യ സംസ്കരണത്തിനും ഇതര മാലിന്യങ്ങളുടെ സംസ്കരണത്തിനുമുള്ള

പ്രോജക്ടുകൾ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ മറ്റൊരു അനിവാര്യ ചുമതലയാണ് തെരുവ് വിളക്കുകളുടെ പരിപാലനം. പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് പ്രോജക്ട് എടുത്ത ഗ്രാമപഞ്ചായത്തുകൾ കിഫ്ബിക്ക് തിരിച്ചടവ് നടത്തുന്നതിനുള്ള തുക നിർബന്ധമായും നീക്കിവെയ്ക്കേണ്ടതാണ്.

(2) നിലവിലുള്ള ദുരന്തമാനേജ്മെന്റ് പ്ലാൻ കാലികമാക്കി പരിഷ്കരിക്കണമെന്നും കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കണമെന്നും നിർബന്ധമാണ്. ഇതിൽ നിന്നുമുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾച്ചേർക്കേണ്ടതാണ്.

## 5.3 പ്രോജക്ടുകളുടെ മേഖലാ തരംതിരിവ്

5.3.1 ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലായിട്ടാണ് പ്രോജക്ടുകൾ തരം തിരിക്കേണ്ടത്. ഓരോ മേഖലയിലും ഉൾപ്പെടുന്ന പ്രോജക്ടുകൾ ചുവടെ വിവരിക്കുന്ന പ്രകാരമായിരിക്കണം.

### (1) ഉത്പാദന മേഖലാ പ്രോജക്ടുകൾ

(i) കൃഷി, ജലസേചന പ്രവൃത്തികൾ, മണ്ണ്- സംരക്ഷണം. ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിലെ ഉൽപ്പന്ന സംസ്കരണം/മൂല്യവർദ്ധനവ്/വിപണനം, പരമ്പരാഗത ചന്തകൾ, വ്യവസായം, ഊർജോത്പാദനം, ജൈവവള നിർമ്മാണം എന്നിവ ഉത്പാദന മേഖലാ പ്രോജക്ടുകളാണ്.

(ii) കൃഷി ഭവൻ, മത്സ്യഭവൻ, മൃഗാശുപത്രി, ക്ഷീര വികസന ഓഫീസ് എന്നിവയുടെ കെട്ടിട നിർമ്മാണങ്ങളും അവയിൽ ഏർപ്പെടുത്തുന്ന വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ മുതലായ പശ്ചാത്തല സൗകര്യ വികസനവും ഉത്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.

(iii) ഉല്പാദന-സേവന മേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകളും തൊഴിൽ/ നൈപുണ്യ വികസന പ്രോജക്ടുകളും ഉല്പാദന മേഖലയിലാണ് ഉൾപ്പെടുത്തേണ്ടത്.

(iv) കുട്ടനാടൻ പാടശേഖരങ്ങൾ (അപ്പർ കുട്ടനാട് മേഖലയുൾപ്പെടെ), കോൾ നിലങ്ങൾ, പൊക്കാളിപ്പാടങ്ങൾ എന്നിവയുടെ പാർശ്വഭിത്തിനിർമ്മാണം ഉല്പാദനമേഖലയിൽ ഉൾപ്പെടുത്താം. മറ്റെല്ലാ പാർശ്വഭിത്തി നിർമ്മാണ പ്രോജക്ടുകളും പശ്ചാത്തല മേഖലയിലാണ് വകയിരുത്തേണ്ടത്.

### (2) സേവന മേഖലാ പ്രോജക്ടുകൾ

വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായിക വികസനം, യുവജന ക്ഷേമം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, മാലിന്യസംസ്കരണം, (ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം), സാമൂഹ്യനീതി, വയോജനക്ഷേമം, പാലിയേറ്റീവ് പരിചരണം, പാർപ്പിടം, ഗാർഹിക വൈദ്യുതീകരണം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, സ്കൂൾ കെട്ടിടങ്ങൾ, അങ്കണവാടി

കെട്ടിടങ്ങൾ എന്നിവയും അവയ്ക്കാവശ്യമായ വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ മുതലായവ പ്രദാനം ചെയ്യുന്ന പ്രോജക്ടുകളും സേവന മേഖലയിൽ ഉൾപ്പെടുത്തണം.

**(3) പശ്ചാത്തല മേഖലാ പ്രോജക്ടുകൾ**

റോഡ്, പാലങ്ങൾ, ബസ് സ്റ്റാന്റുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ, കവലകൾ, ചത്വരങ്ങൾ എന്നിവയുടെ നിർമ്മാണം/നവീകരണം, ഓഫീസ് കെട്ടിടങ്ങൾ, ഓഫീസ് ആവശ്യത്തിനുള്ള വാഹനങ്ങൾ, ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുതീകരണം, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഉത്പാദന സേവന മേഖലയുമായി നേരിട്ട് ബന്ധമില്ലാത്ത ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പാർശ്വഭിത്തി സംരക്ഷണം (തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ, ചോലകൾ എന്നിവയുടേതുൾപ്പെടെ), ഫാം റോഡ്, ട്രാക്ടർ റാമ്പ് എന്നിവ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 5.4 വികസന ഫണ്ടിന്റെ മേഖലാ വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതവും നിശ്ചയിക്കൽ

5.4.1 പൊതു വിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങൾ വിഭജിപ്പിച്ച് ഉത്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിബന്ധനകൾ പാലിക്കണം.

(1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗത്തിലെ സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം ലൈഫ് പാർപ്പിട സുരക്ഷാപദ്ധതി, പി.എം.എ.വൈയുടെ അധിക വിഹിതം എന്നിവ ഉൾപ്പെടെയുള്ള പാർപ്പിട മേഖലയ്ക്ക് വകയിരുത്തണം. ഇങ്ങനെ വകയിരുത്തുമ്പോൾ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 20 ശതമാനത്തിൽ കുറയാതെ നീക്കിവയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

(2) പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പാർപ്പിട മേഖലയ്ക്ക് വകയിരുത്തുന്ന 20 ശതമാനം തുക കുറവു ചെയ്ത് ബാക്കി തുകയ്ക്ക് മാത്രം മേഖലാ വകയിരുത്തലിന്റെ കുറഞ്ഞ/കൂടിയ പരിധിയും പ്രത്യേക പദ്ധതികളുടെ കുറഞ്ഞ വിഹിതവും കണക്കാക്കേണ്ടതാണ്. ഇരുപത് ശതമാനത്തിൽ കൂടുതൽ തുക വകയിരുത്തുന്ന സന്ദർഭത്തിൽ പ്രസ്തുത തുക (20 ശതമാനത്തിൽ അധികംവരുന്ന തുക) മേഖലാ വിഭജന നിബന്ധനകൾക്ക് വിധേയമായി കണ്ടെ ത്തേണ്ടതാണ്.

(3) ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും (Normal Share under General Sector Fund) ഏറ്റവും കുറഞ്ഞത് 30 ശതമാനമെങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം.

(4) ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(5) ബ്ലോക്ക് പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് 25 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(6) ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് 45 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല

(7) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(8) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല.

(9) ഗ്രാമ-ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്. പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം.

(10) ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.

5.4.2 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മേഖലാ വകയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 6.7-ൽ നൽകിയിട്ടുണ്ട്.

## 6 പ്രത്യേക വിഭാഗങ്ങൾക്കും പ്രത്യേക മേഖലകൾക്കുമുള്ള പദ്ധതികൾ

### 6.1 പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan)

(1) പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി കൂടി തയ്യാറാക്കണം. പട്ടികജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം വകയിരുത്തി നൽകുന്നതു പ്രകാരമായിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്. പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. ഉപപദ്ധതിക്ക് മറ്റ് സ്രോതസുകളിലെ സാദ്ധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്.

(2) പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം.

(3) വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതി വിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.

(4) 2010-11- ൽ പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പട്ടികജാതി സാങ്കേതങ്ങളുടേയും കുടുംബങ്ങളുടേയും

സർവ്വേ വിവരങ്ങൾ കഴിയുന്നിടത്തോളം പുതുക്കി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

(5) കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശം ഒരു പട്ടികജാതി സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(6) വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. അതുപോലെ മൊത്തം കൃഷി ഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികജാതി വിഭാഗക്കാരുടേതായിട്ടുള്ള ജലസേചന പ്രോജക്ടിനും പട്ടികജാതി ഉപപദ്ധതി വിഹിതം പൂർണ്ണമായും വകയിരുത്താവുന്നതാണ്.

(7) മുൻ ഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം സാധാരണ വിഹിതം /തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25 ശതമാനത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം സാധാരണ വിഹിതം /തനത് ഫണ്ട്/ ലഭ്യമായ മറ്റ് ഫണ്ടുകൾ തന്നെ വകയിരുത്തണം.

(8) പട്ടികജാതി കോളനി/സങ്കേതങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക്, കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച്, ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ മാത്രമേ മേൽ (6),(7) ഖണ്ഡികകളിലെ നിബന്ധനകൾ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ.

(9) പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടേയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാള പ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടികജാതി വിഭാഗക്കാരുടെ കൃഷി സ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികജാതി കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യ ഭൂപടവും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി

ബോദ്ധ്യപ്പെടേണ്ടതും അത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

"............................... തദ്ദേശഭരണ സ്ഥാപനത്തിന്റെ ................... വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള .................... പ്രോജക്ട് ഞാൻ പരിശോധിക്കുകയും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും ഞാൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ/ജലസേചനം നടത്തുന്ന കൃഷി സ്ഥലത്തിന്റെ ഉടമസ്ഥരിൽ -------- ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്ന് /പട്ടികജാതിക്കാരുടേതാണെന്ന് ഞാൻ നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ നിന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രോജക്ടിനുവേണ്ടി തയ്യാറാക്കിയ സാമൂഹ്യ ഭൂപടവും പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും പ്രയോജനം ലഭിക്കുന്ന പട്ടികജാതി വിഭാഗ കുടുംബങ്ങളുടെ പട്ടികയും ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു."

(10) കൃഷി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടക്കൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്. ധനസഹായത്തിന് ബാങ്ക് വായ്പ നിർബന്ധമല്ല,

(11) പട്ടികജാതി യുവതീയുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

(12) പട്ടികജാതി യുവതീയുവാക്കൾ വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും (കുറഞ്ഞത് രണ്ട് വ്യക്തികൾ ഉള്ള ഗ്രൂപ്പ്) ആരംഭിക്കുന്ന വരുമാന വർദ്ധന പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ തരപ്പെടുത്തുന്നതിനും അനുവദനീയമായ സബ്സിഡി നൽകുന്നതിനും മുൻഗണനയും പ്രാധാന്യവും നൽകണം.

(13) പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും വീടുകളിൽ കക്കൂസ്, ശുചിത്വ – മാലിന്യ സംസ്കരണ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. അവ ഏറ്റെടുത്തതിനുശേഷം മാത്രമേ പട്ടികജാതി ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.

(14) പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ഉയർന്നു വരുന്ന പ്രതിഭകൾക്ക് വിശേഷിച്ചും ജില്ലാ – സംസ്ഥാന - ദേശീയ – അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി, എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാവുന്നതാണ്. ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പാക്കാൻ മുൻകൈ എടുക്കാവുന്നതുമാണ്.

(15) പട്ടികജാതി വിഭാഗക്കാർക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഉണ്ടാവാം. ഇവ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ല. എന്നാലും ഇത്തരം ശ്മശാനങ്ങളിൽ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റു സൗകര്യമൊരുക്കൽ തുടങ്ങിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.

(16) പട്ടികജാതി മേഖലയിൽ സാങ്കേതിക/പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും തൊഴിൽ സാദ്ധ്യതാ കോഴ്സുകൾ പാസ്സായവർക്കും സർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലും/തദ്ദേശഭരണ സ്ഥാപനങ്ങളിലും, അവയുടെ കീഴിലുള്ള ഓഫീസുകളിലും ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും സ്റ്റൈപ്പന്റോടു കൂടി അപ്രന്റീസ്/ഇന്റേൺഷിപ്പ് പരിശീലനം നൽകുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാം.

(17) പഠനം ഉപേക്ഷിച്ച ഗ്രാമപ്രദേശങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികളിൽ തുടർപഠനം നടത്തുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി റസിഡൻഷ്യൽ സൗകര്യത്തോടെ പ്രവൃത്തിയ്ക്കുന്ന ബ്രിഡ്ജ് സ്കൂൾ പദ്ധതി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇതിനായി നിർമ്മാണ പ്രവർത്തനം ഒഴികെയുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാവുന്നതുമാണ്.

### 6.2 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)

(1) സംസ്ഥാന ബജറ്റിലൂടെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഓരോ തദ്ദേശഭരണ സ്ഥാപനവും വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കണം. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. മറ്റ് സ്രോതസുകളിലെ സാദ്ധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്.

(2) പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം.

(3) വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതു സൗകര്യവികസനത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.

(4) അഗതിരഹിത കേരളം പദ്ധതി (ആശ്രയ) തയ്യാറാക്കിയിട്ടില്ലെങ്കിലോ, പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതിൽ അർഹരായ പട്ടികവർഗ്ഗ അഗതികൾ ഒഴിവായി പോയിട്ടുണ്ടെങ്കിലോ, അവർക്ക് വേണ്ടി പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കേണ്ടതാണ്. പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും അവർക്കുവേണ്ടി തയ്യാറാക്കേണ്ടുന്ന പരിചരണ സേവനങ്ങളുടെ പാക്കേജിന്റെ മാർഗ്ഗരേഖയും അനുബന്ധം 6 –ൽ നൽകുന്നു.

(5) 2008-10ൽ പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയതും 2020-21-ൽ പുതുക്കിയതുമായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവേയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

(6) കുറഞ്ഞത് 5 പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികവർഗ്ഗ ഊര് എന്ന് കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം, എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

(7) വൈദ്യുതി, കുടിവെള്ളം, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. അതുപോലെ മൊത്തം കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗ വിഭാഗക്കാരുടേതായിട്ടുള്ള ജലസേചന പ്രോജക്ടിനും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പൂർണ്ണമായും വകയിരുത്താവുന്നതാണ്.

(8) മുൻ ഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം സാധാരണ വിഹിതം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം 25 ശതമാനത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം സാധാരണ വിഹിതം/തനത് ഫണ്ട്/മറ്റ് ഫണ്ടുകൾ തന്നെ വകയിരുത്തണം.

(9) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടേയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൃഷി സ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യ ഭൂപടവും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും അത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ട തുമാണ്.

"............................. തദ്ദേശഭരണ സ്ഥാപനത്തിന്റെ .................. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ...................... പ്രോജക്ട് ഞാൻ പരിശോധിക്കുകയും പ്രോജക്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും ഞാൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ/ജലസേചനം നടത്തുന്ന കൃഷി സ്ഥലത്തിന്റെ ഉടമസ്ഥരിൽ -------- ശതമാനത്തിലധികം പട്ടികവർഗ്ഗക്കാരാണെന്ന് /പട്ടികവർഗ്ഗക്കാരുടേതാണെന്ന് ഞാൻ നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ നിന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രോജക്ടിനുവേണ്ടി തയ്യാറാക്കിയ സാമൂഹ്യ ഭൂപടവും പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും പ്രയോജനം ലഭിക്കുന്ന പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങളുടെ പട്ടികയും ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു."

(10) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ല. എന്നാൽ പട്ടികവർഗ്ഗ ഊരുകൾക്ക് ഉള്ളിൽ 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും പട്ടികവർഗ്ഗ ഊരുകളിലേയ്ക്ക് എത്തിച്ചേരുന്നതിന് 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും നടപ്പാലങ്ങളും പടവുകളും നിർമ്മിക്കാവുന്നതാണ്.

(11) കൃഷി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാട്ടക്കൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്. ധനസഹായത്തിന് ബാങ്ക് വായ്പ നിർബന്ധമല്ല.

(12) പട്ടികവർഗ്ഗ യുവതീയുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

(13) പട്ടികവർഗ്ഗ യുവതീയുവാക്കൾ വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും (കുറഞ്ഞത് 2 വ്യക്തികൾ ഉള്ള ഗ്രൂപ്പ്) ആരംഭിക്കുന്ന വരുമാന വർദ്ധന പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ തരപ്പെടുത്തുന്നതിനും സബ്സിഡി അനുവദിക്കുന്നതിനും മുൻഗണനയും പ്രാധാന്യവും നൽകണം.

(14) പട്ടികവർഗ്ഗ ഊരുകളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. അവ ഏറ്റെടുത്തതിനുശേഷം മാത്രമേ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തികൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.

(15) പട്ടികവർഗ്ഗ വിഭാഗങ്ങളിൽ കണ്ടു വരുന്ന സിക്കിൾ സെൽ അനീമിയ പോലുള്ള രോഗങ്ങൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ, പോഷകാഹാര കുറവ് എന്നിവ പരിഹരിക്കാൻ പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(16) സിക്കിൾ സെൽ അനീമിയ രോഗ നിർണ്ണയ ക്യാമ്പുകളും, അത് നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്.

(17) പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങൾ, ഭക്ഷണം, കൃഷി, പരമ്പരാഗത ഉല്പന്നങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉല്പന്നങ്ങളുടെ വിപണനത്തിനുമായി നഗര/ഗ്രാമ പ്രദേശങ്ങളിലും ടൂറിസ്റ്റ് പ്രദേശങ്ങളിലും പ്രത്യേക വിപണന/പ്രദർശന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുൾ ഏറ്റെടുക്കാവുന്നതാണ്.

(18) ഗ്രാമപഞ്ചായത്തുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി, വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പ്രോജക്ടുകൾ (ഗോത്രസാരഥി) ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് തികയാതെ വരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കും ഇതിനായി വിഹിതം വകയിരുത്താവുന്നതാണ്.

(19) പ്രകൃതിക്ഷോഭങ്ങൾ, പട്ടികവർഗ്ഗ മേഖലയിലെ ദുരന്തങ്ങൾ എന്നിവയെ നേരിടുന്നതിനും അതിജീവിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് അടിയന്തിര സഹായങ്ങൾ/ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(20) ധാന്യങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്ന മേഖലകളിൽ അവ ഭക്ഷ്യയോഗ്യ മാക്കുന്നതിന് ഊര് അടിസ്ഥാനത്തിൽ ധാന്യ മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്.

(21) പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ഉയർന്നു വരുന്ന പ്രതിഭകൾക്ക് വിശേഷിച്ചും ജില്ലാ – സംസ്ഥാന - ദേശീയ – അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി, എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാവുന്നതാണ്. ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പാക്കാൻ മുൻകൈ എടുക്കാവുന്നതുമാണ്.

(22) പട്ടികവർഗ്ഗ ഊരുകളിൽ പരിസ്ഥിതി സൗഹൃദമായ മിനി ഹൈഡ്രോ പവർ യൂണിറ്റ് സ്ഥാപിച്ച് ഊരുകളിലും വീടുകളിലും, പൊതു സ്ഥാപനങ്ങളിലും വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ ആവശ്യമായ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(23) പഠനം ഉപേക്ഷിച്ച ഗ്രാമപ്രദേശങ്ങളിലെ പട്ടികവർഗ്ഗവിദ്യാർത്ഥികളിൽ തുടർപഠനം നടത്തുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി റസിഡൻഷ്യൽ സൗകര്യത്തോടെ പ്രവൃത്തിയ്ക്കുന്ന ബ്രിഡ്ജ് സ്കൂൾ പദ്ധതി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇതിനായി നിർമ്മാണ പ്രവർത്തനം ഒഴികെയുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാവുന്നതുമാണ്.

(24) പ്രകൃതി ദുരന്തങ്ങൾ/മറ്റ് പ്രതിസന്ധികൾ ഉണ്ടാകുന്ന സമയത്ത് പട്ടികവർഗ്ഗ മേഖലയിൽ അനുഭവിക്കുന്ന ദുരിതം അടിയന്തിരമായി മാനേജ് ചെയ്യുന്നതിന് പ്രാദേശിക തലത്തിൽ എസ്.റ്റി പ്രമോട്ടർ കൺവീനറായി ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

(25) പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പഠന സൗകര്യത്തിനായി നിലവിലുള്ള ഉപയോഗപ്രദമായ കെട്ടിടങ്ങൾ ആവശ്യമെങ്കിൽ പുനഃരുദ്ധാരണം നടത്തി ഹോസ്റ്റലുകളായി പ്രവർത്തിപ്പിക്കാവുന്നതാണ്. ഇത്തരം പ്രവൃത്തികൾ സംയുക്ത പ്രോജക്ടായും ഏറ്റെടുക്കാവു ന്നതാണ്.

(26) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഉണ്ടാവാം. ഇവ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ല. എന്നാലും ഇത്തരം ശ്മശാനങ്ങളിൽ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ മറ്റു സൗകര്യമൊരുക്കൽ തുടങ്ങിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.

(27) പട്ടികവർഗ്ഗ മേഖലയിൽ സാങ്കേതിക/പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും തൊഴിൽ സാദ്ധ്യതാ കോഴ്സുകൾ പാസ്സായവർക്കും സർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലും/തദ്ദേശഭരണ സ്ഥാപനങ്ങളിലും, അവയുടെ കീഴിലുള്ള ഓഫീസുകളിലും ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും സ്റ്റൈപ്പന്റോടു കൂടി അപ്രന്റീസ്/ ഇന്റേൺഷിപ്പ് പരിശീലനം നൽകുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാം..

(28) നിലവിൽ അങ്കണവാടി ഇല്ലാത്തതും 5 ൽ കൂടുതൽ കുട്ടികൾ ഉള്ളതുമായ ഊരുകളിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് നഴ്സറി സ്കൂളുകൾ ആരംഭിക്കാവുന്നതാണ്. അങ്കണവാടി കളിലെപ്പോലെ ടീച്ചറുടെയും ഹെൽപ്പറുടെയും വേതനം, കുട്ടികൾക്ക് പോഷകാഹാരം, ഭക്ഷണം എന്നിവയ്ക്ക് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. കുട്ടികളുടെ എണ്ണം 5-ൽ കുറവാണെങ്കിൽ മെന്റർ ടീച്ചറുടെ സഹായത്തോടുകൂടി കുട്ടികൾക്ക് പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഇവയ്ക്കായി കോളനികളിൽ/ ഊരു കളിലുള്ള സാമൂഹ്യ പഠനമുറി/കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.

(29) ഊരുകളിലെ സ്കൂൾ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് അധികപഠന സൗകര്യം ഏർപ്പെടുത്തുന്ന തിനായി ഊരിൽ തന്നെയുള്ള വിദ്യാസമ്പന്നരായവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

(30) പ്രധാനപ്പെട്ട എല്ലാ ഊരുകളിലും ഘട്ടംഘട്ടമായി സാമൂഹ്യ പഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തു കൾക്ക് ഈ പ്രോജക്ടുകൾക്ക് വിഹിതം നൽകാവുന്നതുമാണ്.

(31) ചില നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കുന്ന റ്റി.എസ്.പി വിഹിതം അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് കെട്ടിടം, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് താമസിക്കുന്നതിന് സൗകര്യം ഒരുക്കുന്നതിനായി Stay homes/Hostels എന്നിവ നിർമ്മിക്കാൻ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ജില്ലാ കേന്ദ്രങ്ങൾ, മറ്റ് അനുയോജ്യ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പൊതുവായി പ്രയോജനപ്പെടുമെന്നതിനാൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ റ്റി.എസ്.പി വിഹിതം മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്ന നഗരസഭകൾക്ക് നൽകാവുന്നതാണ്.

(32) അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കളുണ്ടായിരിക്കേ അവർക്കായി ഏറ്റെടുക്കേണ്ട ഏതെങ്കിലും പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം (റ്റി.എസ്.പി) ലഭിക്കുന്നില്ലെന്ന കാരണത്താൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാതിരിക്കാൻ പാടില്ല. പൊതുവിഭാഗം

വികസനഫണ്ടോ, തനത്ഫണ്ടോ ഉപയോഗിച്ച് അത്തരം പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്.

(33) ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ അഭ്യസ്തവിദ്യരും സാമൂഹ്യബോധവുമുള്ള പരമാവധി 50 പേരടങ്ങിയ പട്ടികവർഗ്ഗ യുവതീയുവാക്കളുടെ ഒരു ജില്ലാതല പട്ടികവർഗ്ഗ യുവജന സേന (Tribal Youth Force) ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കേണ്ടതാണ്. ഊരുകളിലെ സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും പൊതു പ്രവർത്തനങ്ങളിൽ നേതൃത്വ രംഗത്ത് നിൽക്കാനുള്ളവരായും ഉതകുന്ന തരത്തിൽ ഇവർക്ക് പരിശീലനം നൽകേണ്ടതാണ്. ജില്ലയിലെ പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനും മോണിട്ടറിംഗിനും ഊരുകളിലെ വിവിധതരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഇവരുടെ സേവനം ഉപയോഗപ്പെടുത്താം. ഇവർക്ക് പരിശീലനം നൽകുന്നതിനുൾപ്പെടെയുള്ള ചെലവുകൾക്കായി ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

### 6.3 വനിതാഘടക പദ്ധതി

6.3.1 സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്ന തിനാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യസാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. [ഖണ്ഡിക 5.4.1 (9) കാണുക]. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന സഹായക സംവിധാന ങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കേണ്ടതാണ്.

#### (1) ജെൻഡർ റിസോഴ്സ് സെന്റർ

ലിംഗപദവിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനും വിവിധ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് എജൻസികളുടെയും ജെൻഡർ അനുബന്ധ ഇടപെടലുകൾ ഏകോപിപ്പിയ്ക്കുന്നതിനുമായി ജില്ലാതലത്തിലും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ജെൻഡർ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. ജെൻഡർ റിസോഴ്സ് സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ, മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപയിലും ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒന്നര ലക്ഷം രൂപയിലും ജില്ലാ പഞ്ചായത്തുകൾക്ക് 2 ലക്ഷം രൂപയിലും അധികരിക്കാത്ത പ്രോജക്ടുകൾ തയ്യറാക്കാവുന്നതാണ്. ജില്ലാതല ജെൻഡർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ പ്രോജക്ട് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. (ജെൻഡർ റിസോഴ്സ് സെന്ററുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-7ൽ നൽകിയിട്ടുള്ളത് കാണുക).

### (2) കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ

എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനത്തിനും വനിതാ വികസന പ്രവർത്തനങ്ങളും, ജാഗ്രതാസമിതി, ജി.ആർ.സി.കൾ തുടങ്ങിയ വിവിധസംവിധാനങ്ങളും ഏകോപിപ്പിക്കുന്നതിനും ഫെസിലിറ്റേറ്റ് ചെയ്യുന്നതിനുമായി വിമൻ സ്റ്റഡീസ്/ ജെൻഡർ സ്റ്റഡീസ്, സോഷ്യൽ വർക്ക്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തര ബിരുദമുള്ള ഒരു വനിതയെ കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ ആയി നിയോഗിക്കാവുന്നതാണ്. കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർക്ക് പ്രതിമാസം 17,000/- രൂപയിൽ അധികരിക്കാത്ത ഓണറേറിയം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്.

### (3) ജെൻഡർ ഡെസ്കുകൾ

വിദ്യാർത്ഥികളുടെ സുരക്ഷ, പരാതി പരിഹാരം, കൗൺസിലിംഗ് തുടങ്ങിയവയും ആൺകുട്ടികൾ ഉൾപ്പെടെയുള്ള മുഴുവൻ കുട്ടികൾക്കും ലിംഗപദവി കാഴ്ചപ്പാടിൽ അധിഷ്ഠിതമായ ലൈംഗിക വിദ്യാഭ്യാസം, Effective/Equal Parenting, ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം മുതലായവയുമായി ഹൈസ്കൂൾ/ഹയർസെക്കൻഡറി സ്കൂൾ തലങ്ങളിൽ ജെൻഡർ ഡെസ്കുകൾ അനുബന്ധം 8 ൽ പറയും പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ജെൻഡർ ഡെസ്കുകളുടെ പ്രവർത്തനം അനുബന്ധം 8 ൽ സൂചിപ്പിച്ചിട്ടുള്ള ജില്ലാതല മോണിട്ടറിംഗ് സമിതി വിലയിരുത്തുകയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

### (4) ജാഗ്രതാ സമിതി

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നിവയ്ക്കായി ജി.ഒ(എം എസ്)31/2007/സ.ക്ഷേ.വ തീയതി : 23/6/2007 പ്രകാരം വാർഡ് തലത്തിലും ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങളിലും ജില്ലാതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതും ആവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ജില്ലാതല ജാഗ്രതാ സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം ജില്ലാ ആസൂത്രണ സമിതിക്കായിരിക്കും. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തണം.

## 6.3.2 ലിംഗപദവി/സ്ത്രീപദവി പഠനം

ഒരു പ്രദേശത്തെ ലിംഗപദവി സൗഹൃദമാക്കുന്നതിന് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും എല്ലാ ലിംഗ വിഭാഗങ്ങളുടെയും പ്രത്യേക പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ജനകീയമായി നടപ്പിലാക്കാനും പൊതു സമൂഹത്തെക്കൂടി അക്കാര്യങ്ങൾ ബോധ്യപ്പെടുത്തി ഉത്തരവാദിത്വങ്ങൾ വിഭജിച്ച് ഏറ്റെടുക്കുന്നതിനുമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അഞ്ചു വർഷത്തിൽ ഒരിക്കലെങ്കിലും ലിംഗപദവി/സ്ത്രീപദവി പഠനം

നടത്തേണ്ടതും ആയത് ഓരോ വർഷവും ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കേണ്ടതുണ്ട്.

6.3.3 സ്ത്രീപക്ഷ നവകേരളം:- സമൂഹത്തിലുണ്ടാകുന്ന സ്ത്രീവിരുദ്ധമായ പ്രവർത്തനങ്ങളെയും ചിന്തകളെയും മറ്റും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'സ്ത്രീപക്ഷ നവകേരളം കാമ്പയിൻ' വിജയിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

6.3.4 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജെൻഡർ ബജറ്റിംഗ്, ജെൻഡർ പ്ലാനിംഗ്, ജെൻഡർ ഓഡിറ്റിംഗ് എന്നിവ നടപ്പിലാക്കാവുന്നതാണ്

6.3.5 ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായ ത്തോടെ ആരംഭിക്കാനുള്ള പ്രോജക്ടുകൾ എറ്റെടുക്കാവുന്നതാണ്. ഇതിനായി കുടുംബശ്രീയുടെ അംഗീകാരമുള്ള ഏജൻസികൾ/ സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജന പ്പെടുത്താവുന്നതാണ്.

6.3.6 സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ, ലേബർ ബാങ്ക്, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്.

6.3.7 ലാബ് ടെക്നീഷ്യൻ കോഴ്സ് പാസായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭമെന്ന രീതിയിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്. വായ്പാബന്ധിതമായി നടപ്പാക്കാവുന്ന ഇത്തരം പ്രോജക്ടുകൾ കുടുംബശ്രീ യൂണിറ്റുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്.

6.3.8 സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കി അതിക്രമ രഹിത ഗ്രാമപഞ്ചായത്തായി മാറ്റുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

6.3.9 യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എല്ലാ സർക്കാർ സ്കൂളുകളിലും ഇത്തരം യൂണിറ്റുകൾ ഉറപ്പാക്കിയതിനുശേഷം എയ്ഡഡ് സ്കൂളുകളിലും അവ സ്ഥാപിക്കാവുന്നതാണ്. കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗരേഖ അവലംബിച്ച് വേണം യൂണിറ്റുകൾ സ്ഥാപിക്കേണ്ടത്.

6.3.10 കൗമാരക്കാരായ പെൺകുട്ടികളും സ്ത്രീകളും നേരിടുന്ന അനീമിയ തുടങ്ങിയ പ്രശ്നങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ ലക്ഷ്യാധിഷ്ഠിതമായി പരിഹരിക്കുന്നതിന് പോഷകാഹാര പദ്ധതികൾ ഉൾപ്പെടെയുള്ള സമഗ്ര പരിപാടികൾ ഏറ്റെടുക്കേണ്ടതാണ്.

6.3.11 വനിതകൾക്ക് ജൂഡോ, കരാട്ടെ എന്നിവയിലും യോഗയിലും പരിശീലനം നൽകുന്ന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

6.3.12 സ്ത്രീകൾ ധാരാളമായി എത്തുന്ന തദ്ദേശഭരണ സ്ഥാപന ഓഫീസ്, ആശുപത്രികൾ, തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ബസ് സ്റ്റാന്റുകളിലും അതുപോലെ സ്ത്രീകൾ ധാരാളമായി വന്നെത്തുകയും തൊഴിലിൽ ഏർപ്പെടുകയും ചെയ്യുന്ന മാർക്കറ്റുകൾ, ചന്തകൾ എന്നിവിടങ്ങളിലും സ്ത്രീകൾക്ക് മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാം. മൂത്രപ്പുരകൾ, കക്കൂസുകൾ എന്നിവ നിർമ്മിച്ച് അനുയോജ്യമായ ഏജൻസികൾക്ക് ഇവയുടെ പരിപാലന ചുമതലയ്ക്കായി കൈമാറേണ്ടതാണ്.

6.3.13 തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും ബസ് സ്റ്റാന്റ് പോലുള്ള പൊതുസ്ഥലങ്ങളിലും മുലയൂട്ടുന്ന അമ്മമാർക്ക് അവരുടെ സ്വകാര്യത കാത്തുസൂക്ഷിക്കും വിധമുള്ള സുരക്ഷിതമായ മുറികൾ സജ്ജമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താം. കൂടുതൽ സ്ത്രീകൾ തൊഴിൽ എടുക്കുന്ന സ്ഥാപനങ്ങളിൽ ഈ സംവിധാനം കൂടുതൽ പേർക്ക് ഉപയോഗിക്കാവുന്ന തരത്തിൽ ഏർപ്പെടുത്താവുന്നതാണ്.

6.3.14 വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന തരത്തിലുള്ള പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്.

I. പൊതു ഇടങ്ങൾ (ഗ്രൗണ്ട്, പാർക്ക്, ലൈബ്രറികൾ, വിശ്രമകേന്ദ്രം, ഇരിപ്പിടങ്ങൾ, മുതലായവ) എന്നിവ ജെൻഡർ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ.

II. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമായി കലാ-സാംസ്കാരിക പരിപാടികൾ, കായിക മത്സരങ്ങൾ

III. വനിതകൾക്കായുള്ള ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ, ബാഡ്മിന്റൺ, കബഡി തുടങ്ങിയ മത്സരങ്ങൾ

IV. ജീവിതശൈലീ രോഗങ്ങൾ കുറച്ച് കൊണ്ട് വരുന്നതിന് വേണ്ടി ദൈനംദിന വ്യായാമം ഉറപ്പ് വരുത്തുന്നതിനു വാക്കിംഗ് ക്ലബുകൾ, സൈക്കിൾ ക്ലബ്, ഫിറ്റ്നസ് സെന്റർ എന്നിവ.

V. വനിതകൾക്ക് തൊഴിൽ പരിശീലനം, നൈപുണ്യം ആർജ്ജിക്കുന്നതിനുള്ള പരിശീലനം, തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഫിനിഷിംഗ് സ്കൂൾ എന്നിവ നടത്താവുന്നതാണ്.

VI. ഉന്നത വിദ്യാഭ്യാസമുള്ളവരും എന്നാൽ വീട്ടമ്മമാരായി ഒതുങ്ങി കൂടുകയും ചെയ്യുന്ന വനിതകൾക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുവാനുള്ള പിന്തുണയും പരിശീലനവും നൽകുക

VII. അഭ്യസ്തവിദ്യരായ യുവതികൾക്ക് അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുക.

6.3.15 വനിതകളുടെ മാനസികാരോഗ്യം ഉറപ്പ് വരുത്തുന്നതിനുള്ള നിരന്തര ഇടപെടലിനായി കൗമാര പ്രായക്കാർക്കുള്ള കൗൺസിലിംഗ്, പ്രീ മാര്യേജ് കൗൺസിലിംഗ്, ദമ്പതികൾക്കുള്ള കൗൺസിലിംഗ്, കരിയർ കൗൺസിലിംഗ്, ഇഫക്ടീവ് പാരന്റിംഗ്, മദ്യം, മയക്ക് മരുന്ന് എന്നിവയ്ക്ക് എതിരെയുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

6.3.16 കക്കൂസ് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കൽ, ഭവന നിർമ്മാണം, വീട് വൈദ്യുതീകരണം, അങ്കണവാടി കെട്ടിട നിർമ്മാണം, അങ്കണവാടി പോഷകാഹാരം, അങ്കണവാടി ജീവനക്കാർക്കുള്ള അധിക വേതനം മുതലായവയും സമാന സ്വഭാവമുള്ള പ്രോജക്ടുകളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. അതുപോലെ വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

6.3.17 പെൺകുട്ടികളുടെ വിവാഹ ധനസഹായം (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം/ജനറൽ) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

### 6.4 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി

കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയിൽ മേൽപ്പറഞ്ഞ മൂന്ന് വിഭാഗങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ ഉണ്ടാകേണ്ടതും അവ പദ്ധതിരേഖയുടെ ഭാഗമാക്കേണ്ടതുമാണ്. [ഖണ്ഡിക 5.4.1 (10) കാണുക].

**(എ) കുട്ടികളുടെ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി**

**(1)** കുട്ടികൾക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പ്രധാനമായും അവരുടെ സമഗ്ര വികാസം, സംരക്ഷണം, അതിജീവനം, പങ്കാളിത്തം തുടങ്ങിയ നാല് അടിസ്ഥാന അവകാശങ്ങളും ലക്ഷ്യമിട്ടായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ നിർമ്മിക്കുമ്പോൾ നാഷണൽ എഡ്യൂക്കേഷൻ പോളിസി 2020, നാഷണൽ ഏർലി ചൈൽഡ്ഹുഡ് കെയർ ആൻഡ് എഡ്യുക്കേഷൻ പോളിസി 2013 എന്നിവ പ്രകാരം ശിശു സൗഹൃദമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കുട്ടികളുടെ വികസനം, സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ പ്രാദേശികതല സംവിധാനമായ ഗ്രാമപഞ്ചായത്തുതല ശിശു സംരക്ഷണ സമിതിയുമായി ചേർന്നുള്ള പ്രവർത്തനമാണ് ഗ്രാമപഞ്ചായത്തുകൾ നടത്തേണ്ടത്.

(2) മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ തുടർച്ചയായ ചികിത്സയും സംരക്ഷണവും ഉറപ്പാക്കുന്നതിനായി അവരുടെ രക്ഷിതാക്കളുടെ പ്രത്യേകിച്ചും സ്ത്രീരക്ഷിതാക്കൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(3) കുട്ടികളുടെ കലാ – കായിക – മാനസിക – സാംസ്ക്കാരിക – പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ബാല പഞ്ചായത്ത്, ബാലസഭ മുതലായവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ബാലപഞ്ചായത്ത്/ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. ബാലാവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.

(4) എല്ലാ സർക്കാർ സ്കൂളുകളിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വേണ്ടി ആവശ്യാനുസരണം ജലലഭ്യതയുള്ള പ്രത്യേകം മൂത്രപ്പുര, കക്കൂസ് എന്നിവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. എയ്ഡഡ് വിദ്യാലയങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള ഇടപെടലുകൾ നടത്താവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ ഈ സൗകര്യം ഏർപ്പെടുത്തിയതിനു ശേഷമാകണം എയ്ഡഡ് സ്കൂളുകളെ പരിഗണിക്കേണ്ടത്.

(5) കുട്ടികളിലുണ്ടാകാനിടയുള്ള വൈകല്യങ്ങൾ നേരത്തേ കണ്ടുപിടിച്ച് അതിന്റെ ആഘാതം ഇല്ലാതാക്കാനോ ലഘൂകരിക്കാനോ വേണ്ട നടപടികൾ ആരോഗ്യ സ്ഥാപനങ്ങളിലൂടെ നടത്തേണ്ടതാണ്. District Early Intervention Center-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും വിപുലപ്പെടുത്താനും ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(6) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ബാല സൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(7) സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കുട്ടികൾക്ക് കായിക പരിശീലനങ്ങൾ നൽകാവുന്നതാണ്.

(8) കുട്ടികളുടെ പാർക്ക് ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾക്ക് സജ്ജമാക്കാവുന്നതാണ്.

(9) കുട്ടികൾക്ക് യോഗ പരിശീലന പ്രോജക്ടുകൾ ആയുഷ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കാവുന്നതാണ്.

(10) കുട്ടികളുടെ ഇടയിലുള്ള മദ്യം, മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം, മൊബൈൽ ഫോൺ ദുരുപയോഗം, ബാലവേല, ശൈശവ വിവാഹം, കുടുംബങ്ങളിലും പൊതു ഇടങ്ങളിലും വിദ്യാലയങ്ങളിലും ആൺ/പെൺ വ്യത്യാസമില്ലാതെ കുട്ടികൾക്ക് ഏൽക്കേണ്ടി വരുന്ന ശാരീരിക മാനസിക, ലൈംഗിക പീഢനങ്ങൾ എന്നിവ തടയുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ജീവിത നൈപുണ്യ വിദ്യാഭ്യാസം, പാരന്റിംഗ് ക്ലിനിക്ക് എന്നിവയും ഏറ്റെടുക്കാവുന്നതാണ്.

(11) സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളെ ശാക്തീകരിക്കുകയും പ്രസ്തുത കമ്മിറ്റികളുടെ മേൽനോട്ടത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾ സംസ്ഥാന എക്സൈസ് വകുപ്പിന്റെ വിമുക്തി എന്ന ബോധവത്കരണ മിഷനുമായി സഹകരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(12) അങ്കണവാടി പോഷകാഹാര വിതരണം, എസ്.എസ്.കെ. പ്രോജക്ട് വിഹിതങ്ങൾ മുതലായവയ്ക്ക് വേണ്ട വിഹിതം കണ്ടെത്തുന്നതിന് ഖണ്ഡിക 5.4.1 (10) പ്രകാരം നിർബന്ധമായും നീക്കിവെയ്ക്കേണ്ട 5 ശതമാനം തുക ഉപയോഗിക്കാൻ പാടില്ല.

**(ബി) ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി**

(1) ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ – വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

(2) സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ഭിന്നശേഷിയുള്ളവർക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 60:30:10 എന്ന അനുപാതത്തിൽ വകയിരുത്തി നൽകാവുന്നതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണ്.

(3) 2016-ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട വ്യക്തികൾക്ക്, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കണം ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തി സാക്ഷ്യ പ്പെടുത്തേണ്ടത ഒരു പ്രാവശ്യം ഉപകരണം ലഭിച്ചവർക്ക് ആ ഉപകരണത്തിന്റെ ഉപയോഗ കാലാവധി കഴിയുംമുമ്പ് വീണ്ടും ഉപകരണം നൽകാൻ പാടില്ല. ആവശ്യകതാ നിർണ്ണയ ഘട്ടത്തിൽ ഇക്കാര്യം കൂടി പരിശോധിക്കണം.

(4) 2016-ലെ ഭിന്നശേഷി അവകാശ നിയമത്തെപ്പറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവൽക്ക രണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണം.

(5) ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തു കൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(6) ഭിന്നശേഷിയുള്ളവരുടെ സവിശേഷതകൾ പരിഗണിച്ച് അവർക്ക് സൗഹൃദമായ രീതിയിൽ വേണം കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. നിലവിലുള്ള കെട്ടിടങ്ങൾ ഭിന്നേശഷി സൗഹൃദമാക്കി മാറ്റുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്. .

(7) ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ വിഹിതം കണ്ടെത്തുന്നതിന് ഖണ്ഡിക 5.4.1 (10) പ്രകാരം നിർബന്ധമായും നീക്കിവെയ്ക്കേണ്ട 5 ശതമാനം തുക ഉപയോഗിക്കാൻ പാടില്ല.

**(സി) ട്രാൻസ് ജെൻഡർ വിഭാഗക്കാർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി**

(1) ട്രാൻസ് ജെൻഡർ വിഭാഗക്കാരുടെ പ്രത്യേക യോഗം വിളിച്ചുചേർത്ത് അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും വിലയിരുത്തി ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

(2) ട്രാൻസ് ജെൻഡർ വിഭാഗകാർക്കു വേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ-വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

(3) ട്രാൻസ് ജെൻഡർ വിഭാഗക്കാർക്ക് വേണ്ടിയുള്ള ഷെൽറ്റർ ഹോമുകൾ, ലിംഗമാറ്റ ശസ്ത്രക്രിയയെ തുടർന്നുള്ള ചികിത്സാ ധനസഹായം എന്നീ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്നതാണ്.

## 6.5 വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും

(1) ഖണ്ഡിക 5.4.1 (10) ൽ പറഞ്ഞ പ്രകാരം നിശ്ചിതഫണ്ട് വകയിരുത്തി വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് വയോജനക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്.

(2) വയോജനങ്ങൾക്ക് ശാരീരിക – മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.

(3) വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പ്രോജക്ടുകൾ ആയുഷുമായി സഹകരിച്ച് സംഘടിപ്പിക്കാവുന്നതാണ്.

(4) വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(5) വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ് ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം "ക്യൂ"വിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(6) പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കിയതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ, ഇതിനായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളു. പകൽ വീടുകൾ തുടർച്ചയായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. പുതിയ പകൽ വീടുകളുടെ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ മാത്രം ഏറ്റെടുത്താൽ മതിയാകും.

(7) വയോജന പരിപാലനകേന്ദ്രം (Old Age Home) ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ അതിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തന ചെലവുകൾ എങ്ങനെ കണ്ടെത്തും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ പദ്ധതി റിപ്പോർട്ട് കൂടി സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

(8) വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ. സ.ഉ(സാധാ)നം.553/2019/ തസ്വഭവ; തീയതി 07.03.2019 പ്രകാരം ഏറ്റെടുക്കാവുന്നതാണ്.

(9) ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ ഉപകരണങ്ങൾ, പരിഹാര സംവിധാനങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

(10) പുതിയ പൊതു കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവ വയോജന സൗഹൃദമാണെന്ന് ഉറപ്പ വരുത്തേണ്ടതാണ് .

(11) വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ അടൽ വയോ അഭ്യുദയ യോജന (AVYAY) കേന്ദ്രപദ്ധതിയുമായി സംയോജിപ്പിച്ച് നടത്താവുന്നതാണ്.

(12) വയോ ക്ലബുകൾ: സമ്പൂർണ്ണ വയോ സൗഹൃദ തദ്ദേശഭരണ സ്ഥാപനമായി മാറുന്നതിന്റെ ഭാഗമായി മൂന്ന് വീതം വയോ ക്ലബുകൾ (പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ-വിനോദകേന്ദ്രങ്ങൾ), വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണ്. വയോക്ലബിന് പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതാണ്. ഒരു കെയർടേക്കർക്ക് 4,000 രൂപ കുടുംബശ്രീയിൽ നിന്നും 500 രൂപ വീതം ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമാകും. ഇത്തരത്തിൽ തുക നൽകുന്നതിനായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്. വയോക്ലബുകളുടെ കെട്ടിടവാടക, വൈദ്യുതി, വാട്ടർചാർജ്ജ് എന്നിവയ്ക്കായി ഗ്രാമപഞ്ചായ ത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാം. [06.03.2020-ലെ സ.ഉ.(കൈ)നം.45/2020/ തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖയുടെ ഖണ്ഡിക 2 കാണുക]

### 6.6 അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോ പ്ലാനുകൾ

1) സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ശബ്ദമുയർത്താൻ കഴിയാത്തതും അടിസ്ഥാന അതിജീവന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസസ്ഥലം, അടിസ്ഥാന വരുമാനം എന്നിവ ലഭിക്കാത്തവരും പരസഹായം ഇല്ലാതെ ദൈനംദിന ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതുമായ അതിദരിദ്രരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി, അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി ബൃഹത്തായ പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഉപജീവനവും അതിജീവനവും നേടാനുള്ള ശാരീരികവും മാനസികവുമായ ശേഷി നേടിക്കൊടുത്ത് ഈ വിഭാഗത്തെ അതിദാരിദ്ര്യത്തിൽ നിന്നും കരകയറ്റുക എന്നത് സമൂഹത്തിന്റെ സുപ്രധാന ഉത്തരവാദിത്വമാണ്. അതിദരിദ്രരെ സമൂഹ പങ്കാളിത്തത്തോടെ കണ്ടെത്തുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ട്. അതിദാരിദ്ര്യത്തിൽ നിന്നും അവരെ കരകയറ്റുന്നതിനുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കുക എന്നതാണ് അടുത്ത ഘട്ടം.

2) അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി എല്ലാവിധ ഘടകങ്ങളും ഉൾക്കൊള്ളി ച്ചുവേണം മൈക്രോ പ്ലാനുകൾ തയ്യാറാക്കേണ്ടത്. മൈക്രോ പ്ലാനുകൾ തയ്യാറാക്കു ന്നതിന്റെയും നിർവ്വഹണത്തിന്റെയും ചുമതല ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ആയിരിക്കും. മൈക്രോ പ്ലാനുകളിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർവ്വഹണ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതും ലഭ്യമായ സ്രോതസ്സുകളിൽ നിന്നും വിഹിതം കണ്ടെത്തി ഓരോ വർഷത്തെയും പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകണം. മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

## 6.7 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള ഉപപദ്ധതി (FFC Sub Plan)

(1) ഓരോ തദ്ദേശഭരണ സ്ഥാപനവും പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി (FFC Sub Plan) തയ്യാറാക്കേണ്ടതാണ്. ഉപപദ്ധതിയ്ക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കണം. ആദ്യഭാഗം ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന ജല-ശുചിത്വ സേവനങ്ങൾക്കുള്ള പദ്ധതിയും രണ്ടാം ഭാഗം ജല-ശുചിത്വ സേവനങ്ങൾ ഒഴികെയുള്ള വികസന –ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള പദ്ധതിയും ആയിരിക്കണം.

(2) ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ് എന്നിങ്ങനെ രണ്ട് വിഭാഗമായാണ് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നത്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള ആകെ ഗ്രാന്റിന്റെ 40 % ബേസിക് ഗ്രാന്റും ബാക്കി 60% ടൈഡ് ഗ്രാന്റും ആയിരിക്കും. ബേസിക് ഗ്രാന്റിന്റെ വിഹിതത്തിന്റെ വിനിയോഗത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ആവശ്യങ്ങൾക്കെല്ലാം ബേസിക് ഗ്രാന്റ് വിനിയോഗിക്കാം. എന്നാൽ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും വാഹനങ്ങൾ വാങ്ങുന്നതും ഈ വിഹിതത്തിൽ നിന്നും അനുവദനീയമല്ല.

(3) ടൈഡ് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന വിഹിതത്തിന്റെ 50% വീതം താഴെപ്പറയുന്ന രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതാണ്. ഇതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമാണെങ്കിൽ ആ വിഹിതം പൂർണ്ണമായും മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

(a) ശുചിത്വം- മാലിന്യ സംസ്കരണം

(i) ശുചിത്വം, വെളിയിട വിസർജന വിമുക്തമാക്കുന്നതിനും അത് )ODF Status) നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ

(ii) ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ

(iii) കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പെടെയുള്ള ദ്രവമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

(b) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്, ജലത്തിന്റെ പുനഃചംക്രമണം (Water Recycling) എന്നിവ.

(4) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽതട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

(5) ശുചിത്വ-മാലിന്യ സംസ്കരണം ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നവയല്ലെങ്കിലും അതിനായി ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(6) ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വിഭവങ്ങൾ ഉപയോഗിച്ച് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ നേതൃത്വപരമായ പങ്ക് ജില്ലാ സൂത്രണ സമിതികൾ വഹിക്കേണ്ടതാണ്.

(7) എഫ്.എഫ്.സി ഉപപദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്കൊപ്പം മറ്റ് വിഭവങ്ങളും അവയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി കൂട്ടിച്ചേർക്കാവുന്നതാണ്.

(8) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനൊപ്പം കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും തയ്യാറാക്കി അപ് ലോഡ് ചെയ്യേണ്ടതാണ്. [29.07.2021-ലെ സ.ഉ.(സാധാ)നം.427/2021/തസ്വഭവ പ്രകാരമുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കും].

## 6.8 ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan)

(1) മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

(3) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും ജെൻഡർ സൗഹൃദമാക്കിയും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം.

(4) മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും സർക്കുലറുകളിലേയും വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ടത്.

(5) റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത്. ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് പുറമെ ചുവടെ വിവരിക്കുന്ന പ്രവൃത്തികൾ നടത്തുന്നതിനും റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്താവുന്നതാണ്.

(i) സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുക.

(ii) സ്ഥാപനങ്ങൾ മുഖേന പ്രദാനം ചെയ്യുന്ന സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള സാധനസാമഗ്രികളും ഉപകരണങ്ങളും വാങ്ങുക, അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

(6) റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ ഉപയോഗത്തിൽ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും മുൻഗണന നൽകണം .ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുക, അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ടോയിലറ്റുകൾ നിർമ്മിക്കുക, മോർച്ചറി സൗകര്യം മെച്ചപ്പെടുത്തുക, ഫർണിച്ചറും, കമ്പ്യൂട്ടറുകളും വാങ്ങുക മുതലായ പ്രവൃത്തികൾ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി നടപ്പാക്കാവുന്നതാണ്.

(7) പൊതു സ്ഥാപനങ്ങളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണത്തിന് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(8) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള തനത് ആസ്തികളുടെ മെയിന്റനൻസിന് റോഡിതര സംരക്ഷണ ഫണ്ട് വിനിയോഗിക്കുവാൻ പാടില്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ലൈബ്രറികൾ, നഴ്സറി സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, വയോജന പരിപാലന കേന്ദ്രങ്ങൾ (Old Age Homes) എന്നിവയുടെ മെയിന്റനൻസിന് റോഡിതര സംരക്ഷണ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(9) റോഡ് മെയിന്റൻസ് ഫണ്ട് പുതിയ റോഡ് നിർമ്മാണത്തിനായി വിനിയോഗിക്കാൻ പാടില്ലാത്തതാണ്.

(10) ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണം. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

(11) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്ന പ്രോജക്ട് അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാകത്തക്ക രീതിയിൽ ക്രമീകരിക്കണം.

(12) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, ആവശ്യമെങ്കിൽ, മെയിന്റനൻസ് ഫണ്ടിൽ നിന്നും താഴെ പറയുന്നത് പ്രകാരമുള്ള തുക അടിയന്തിര മെയിന്റനൻസ് ആവശ്യങ്ങൾക്കായി പ്രത്യേകം മാറ്റിവയ്ക്കാവുന്നതാണ്. ഇപ്രകാരം മാറ്റി വയ്ക്കുന്ന തുക, മുൻകൂട്ടി കാണാൻ കഴിയാത്തതും ആകസ്മികമായി ഉണ്ടാകുന്നതുമായ അടിയന്തിര മെയിന്റനൻസ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

(a) റോഡിതര മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും ബജറ്റ് വിഹിതത്തിന്റെ അഞ്ച് ശതമാനം വരെയുള്ള തുക, താഴെ പറയുന്ന പരിധിക്ക് വിധേയമായി അടിയന്തിര സ്വഭാവമുള്ള മെയിന്റനൻസ് പ്രോജക്ടുകൾക്കായി മാറ്റിവയ്ക്കാം.

(i) റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് 50 ലക്ഷം രൂപയും ആയിരിക്കും പരിധി. അഞ്ച്

ശതമാനം തുക കണക്കാക്കുമ്പോൾ ഒരു ലക്ഷം രൂപയിൽ കുറവ് വരുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വരെ മാറ്റിവയ്ക്കാം.

(ii) റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപയും ആയിരിക്കും പരിധി. അഞ്ച് ശതമാനം തുക ഒരു ലക്ഷം രൂപയിൽ കുറവ് വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വരെ മാറ്റിവയ്ക്കാം.

(b) മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള തുക മെയിന്റനൻസ് ഫണ്ടിൽ നിന്നും പ്രത്യേകം മാറ്റിവയ്ക്കുന്നതിനും അവയുടെ വിനിയോഗത്തിനും താഴെ പറയുന്ന നടപടിക്രമങ്ങൾ ബാധകമായിരിക്കും.

(i) വാർഷിക പദ്ധതി രൂപീകരണ സമയത്ത് 'അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വിഹിതം (റോഡിതരം)', 'അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വിഹിതം (റോഡ്)' എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി അനുവദനീയമായ തുക മാറ്റിവയ്ക്കാവുന്നതാണ് .

(ii) അടിയന്തിര സ്വഭാവത്തിൽ ഒരു പ്രോജക്ട് ഏറ്റെടുക്കേണ്ടി വരുന്ന സന്ദർഭത്തിൽ അതിനുള്ള വിഹിതം മാറ്റിവയ്ക്കപ്പെട്ട വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതും ഭരണ സമിതി തീരുമാന പ്രകാരം സുലേഖ സോഫ്റ്റ്‌വെയറിൽ അതിനുള്ള പ്രോജക്ട് തയ്യാറാക്കി വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി നിർവ്വഹണം നടത്താവുന്നതുമാണ്.

(iii) സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ട് ആണെങ്കിൽ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങണം.

(iv) മെയിന്റനൻസ് ഫണ്ടിന്റെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾക്ക് മാത്രമേ മാറ്റിവെയ്ക്കപ്പെട്ട തുക വിനിയോഗിക്കുന്നുള്ളൂവെന്ന് സെക്രട്ടറി ഉറപ്പാക്കണം.

(v) ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇത്തരം പ്രോജക്ടുകൾക്ക് ആവശ്യമില്ല. എന്നാൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണം.

(vi) ഇവയ്ക്കുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

(c) നവംബർ 30-ന് ശേഷം വാർഷിക പദ്ധതിയിൽ ഭേദഗതി അനുവദിക്കുന്നത് വരെ, മാറ്റിവയ്ക്കപ്പെട്ട വിഹിതത്തിൽ നിന്നുള്ള തുക വകയിരുത്തി അടിയന്തിര പ്രോജക്ടുകൾ രൂപീകരിച്ച് നിർവഹണം നടത്താവുന്നതാണ്. വിഹിതം ബാക്കിയുണ്ടെങ്കിൽ നവംബർ 30-ന് ശേഷമുള്ള വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ബാക്കി തുക വിനിയോഗിക്കുന്നതിനുള്ള വിവിധ പ്രോജക്ടുകൾ രൂപീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും നിർവ്വഹണം നടത്തേണ്ടതുമാണ്.

### 6.9 സദ്ഭരണ പദ്ധതി

(1) സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സദ്ഭരണ നിർവ്വഹണം സാദ്ധ്യമാക്കുന്നതിനും ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു സദ്ഭരണ നിർവ്വഹണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി, തദ്ദേശഭരണ സ്ഥാപനം ഇടപെടേണ്ട അടിയന്തിര പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള സംവിധാനം ഓരോ വാർഡിലും പൊതുജനങ്ങൾക്ക് വേണ്ടി ഉണ്ടാക്കുകയും പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുകയും വേണം.

(2) പൊതുജനങ്ങൾക്ക് അവരുടെ പരാതികളും നിർദ്ദേശങ്ങളും ഉന്നയിക്കുന്നതിനുള്ള അവസരം ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടതാണ്. ഇതിലേക്ക് ആധുനിക സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പരാതികൾ പരിഹരിക്കുന്നതിനായി മാസം തോറും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയ ശേഷം ആദ്യത്തെ ബുധനാഴ്ച ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്ന ഒരു അദാലത്ത് നടത്തി ജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേൾക്കേണ്ടതാണ്. യോഗത്തിലെ തീരുമാനങ്ങൾ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ അടുത്ത അടുത്ത യോഗത്തിൽ അവലോകനം ചെയ്യേണ്ടതാണ്. 12.05.2017 ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1558/2017/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ പരാതി പരിഹാര സംവിധാനത്തിനായുള്ള മാന്വൽ ഇക്കാര്യത്തിൽ അവലംബമാക്കാവുന്നതാണ്.

(3) സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷമവും നീതിപൂർവ്വകവും നിയമവാഴ്ചയിലധിഷ്ഠിതവുമായ ഒരു ഭരണം കാഴ്ചവയ്ക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളാകണം പദ്ധതിയിൽ ഉണ്ടാകേണ്ടത്. മേൽപറഞ്ഞ പ്രവർത്തനങ്ങൾ സമ്പൂർണ്ണ ഗുണമേന്മാ പരിപാലന സംവിധാന (Total Quality Management) ത്തിന് അധിഷ്ഠിത മായിരിക്കേണ്ടതും അത് കാലികമായി പരിഷ്കരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾ നേടിയിട്ടുള്ള ഐ.എസ്.ഒ നിലവാരം നിലനിർത്തുന്നതിനാവശ്യമായ പ്രവൃത്തികൾ ഏറ്റെടുക്കുകയും കൂടാതെ ഘടക സ്ഥാപനങ്ങളെ കൂടി അതേ നിലവാരത്തിൽ എത്തിക്ക ന്നതിനുള്ള പ്രവർത്തന ങ്ങൾ ആവിഷ്കരിക്കേണ്ടതുമാണ്.

(4) സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി വികസിപ്പിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS), സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്ന തിനുമായുള്ള സിറ്റിസൺസ് സർവീസ് പോർട്ടൽ തുടങ്ങിയ ഓൺലൈൻ പ്ലാറ്റ് ഫോമുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണ്. അതിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ (ഹെൽപ്പ് ഡസ്ക് അടക്കം) ഏർപ്പെടുത്തേണ്ടതാണ്.

(5) സദ്ഭരണ തത്വങ്ങൾക്ക് പുറമേ പൗരാവകാശരേഖ, അറിയാനുള്ള അവകാശം, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ചുവടെ പ്രതിപാദിച്ചിട്ടുള്ള വാതിൽപ്പടി സേവന പദ്ധതി, മുതലായവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത്.

(6) റസിഡന്റ്സ് അസോസിയേഷനുകൾ, അയൽസഭകൾ, ഗ്രാമസഭകൾ, തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതി സംവിധാനം, ജനകീയ സമിതികൾ, യോഗങ്ങൾ മുതലായവ എങ്ങനെയെല്ലാം ഫലപ്രദമായി ഉപയോഗപ്പെടുത്തിയും ഭൗതിക സൗകര്യങ്ങൾ, ഇ-ഗവേണൻസ്, രേഖകളുടെ സൂക്ഷിപ്പ് തുടങ്ങിയവ എത്രമാത്രം മെച്ചപ്പെടുത്തിയും സദ്ഭരണം സാദ്ധ്യമാക്കാം എന്ന് പ്രത്യേകം പരിശോധിച്ച് അവ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതിയുടേയും പദ്ധതിരേഖയുടെയും ഭാഗമാക്കണം.

(7) വാതിൽപ്പടി സേവനം: പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുകയാണിതിന്റെ ലക്ഷ്യം. സേവനങ്ങൾ സംബന്ധിച്ച കൃത്യമായ അറിവില്ലായ്മ, സേവനങ്ങൾ നേടുന്നതിന് ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിപ്പെടാൻ കഴിയാതെ വരുക തുടങ്ങിയ വ്യത്യസ്ത ഘടകങ്ങളാണ് ഇവർക്ക് അവകാശപ്പെട്ട സേവനങ്ങൾ നേടിയെടുക്കുന്നതിന് പലപ്പോഴും തടസ്സമായി നിൽക്കുന്നത്. ഇത്തരത്തിൽ അർഹരായ ജനങ്ങൾക്ക് സേവനങ്ങൾ അവരുടെ വീടുകളിൽ സന്നദ്ധ പ്രവർത്തകർ വഴി എത്തിക്കുന്നതിനുള്ള തുടർച്ചയായുള്ള പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'വാതിൽപ്പടി സേവനം'. നിരാലംബരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും സുരക്ഷിതത്വവും ആത്മവിശ്വാസവും വർദ്ധിപ്പിക്കാൻ ഈ പദ്ധതി വഴി സാധിക്കും. വാതിൽപ്പടി സേവനത്തിന് ആവശ്യമായ ലാപ് ടോപ്പ്, ബയോമെട്രിക് ഉപകരണങ്ങൾ, അക്ഷയകേന്ദ്രം മുഖേന സേവനങ്ങൾ നൽകുമ്പോൾ അവർക്ക് നൽകേണ്ട ഫീസ്, സന്നദ്ധ പ്രവർത്തകർക്ക് നൽകേണ്ടുന്ന ഇന്ധന/യാത്രാചെലവ്, വാഹനം ഏർപ്പാടാക്കേണ്ടി വന്നാലുള്ള ചെലവ് എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ വിഹിതത്തിന് പുറമേ സി.എസ്.ആർ ഫണ്ട്, സംഭാവന, സ്പോൺസർഷിപ്പ് തുടങ്ങിയവയിലൂടെ ലഭിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്. [സ.ഉ(സാധാ)നം.1821/2021/തസ്വഭവ തീയതി 22.09.2021 കാണുക]

## 7. പ്രത്യേക സമീപനം വേണ്ട മേഖലകൾ/വിഷയങ്ങൾ/പ്രദേശങ്ങൾ

### 7.1 സുസ്ഥിര വികസനലക്ഷ്യങ്ങൾ (SDGs)

(1) ഐക്യരാഷ്ട്രസംഘടന മാനവരാശിയുടെ ഐശ്വര്യപൂർണ്ണമായ ഭാവി ലക്ഷ്യമാക്കി പ്രഖ്യാപിച്ചിട്ടുള്ള സുസ്ഥിരവികസന ലക്ഷ്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളിലും സന്നിവേശിപ്പിക്കേണ്ടതാണ്. ആഗോളവ്യാപകമായി ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക, നമ്മുടെ ഗ്രഹമായ ഭൂമിയെ സംരക്ഷിക്കുക, 2030-ഓടെ എല്ലാവർക്കും സന്തോഷവും സമൃദ്ധിയുമുണ്ടാക്കുക എന്നീ ബൃഹത് ലക്ഷ്യങ്ങൾ മുൻനിർത്തി 17 സുസ്ഥിരവികസന ലക്ഷ്യങ്ങളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിനോടനുബന്ധിച്ച് നീതി ആയോഗ് ഇന്ത്യയിലെ സംസ്ഥാനങ്ങൾ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിൽ കൈവരിച്ച പുരോഗതി ദേശീയതലത്തിൽ രേഖപ്പെടുത്തുന്നുണ്ട്. ആകെ 169 ഉപലക്ഷ്യങ്ങളും അവ വിലയിരുത്തുന്നതിന് 306 ദേശീയ

സൂചികകളുമാണ് വികസിപ്പിച്ചിരിക്കുന്നത്. മൊത്തം സൂചികകളുടെ അടിസ്ഥാനത്തിൽ, കേരളം ഇതുവരെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിൽ ഒന്നാം സ്ഥാനം നിലനിർത്തി ക്കൊണ്ടിരിക്കുകയാണ്.

(2) 1996ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനവും അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളും ഈ നേട്ടം കൈവരിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. 2016 ൽ പ്രഖ്യാപിച്ച നവകേരളകർമ്മ പദ്ധതിയും അതിലെ വികസന മിഷനുകളും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഭൂരിഭാഗവും 'സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ' ഉൾപ്പെടുന്നവയാണ്. ഇത് കൂടാതെ പൊതു ചുമതലകളിലും മേഖലാ ചുമതലകളിലും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഉപലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നു. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ലക്ഷ്യമിടുന്ന പരിപാടികളിലും പ്രോജക്ടുകളിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2022 ൽ തന്നെ കൈവരിക്കുന്നതിനുള്ള കർമ്മ പദ്ധതിയ്ക്ക് രൂപം നൽകണം.

(3) ഈ നേട്ടം കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ സൂക്ഷ്മമേഖലയിലും നടത്തുന്ന ഇടപെടലുകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. പ്രാദേശിക വികസനപദ്ധതികളിൽ സുസ്ഥിരവികസന ലക്ഷ്യങ്ങളായ ദാരിദ്ര്യലഘൂകരണം, വിശപ്പ് രഹിത സമൂഹം, ആരോഗ്യവും ക്ഷേമവും, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം, ശുദ്ധമായതും ലാഭകരവുമായ ഊർജ്ജം, അസമത്വ ലഘൂകരണം, സുസ്ഥിര നഗരങ്ങളും സമൂഹവും, കാലാവസ്ഥാ വ്യതിയാന പരിശോധന എന്നിവയൊക്കെ അഭിസംബോധന ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിലനിൽക്കുന്ന തദ്ദേശീയമായ സാദ്ധ്യതകൾ തിരിച്ചറിയുകയും അവ രേഖപ്പെടുത്തുകയും വേണം.

(4) വികസന പദ്ധതികൾ രൂപവത്ക്കരിക്കുമ്പോൾ ഈ വികസനമേഖലകളിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകണം. മാത്രമല്ല കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ഇവിടെ വികസിപ്പിച്ചെടുത്തിട്ടുള്ള സുസ്ഥിര വികസന സൂചികകളെ ഐക്യരാഷ്ട്രസംഘടനയുടെ സൂചികകളുമായി താരതമ്യപ്പെടുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ കർമ്മ പദ്ധതികൾക്ക് രൂപം കൊടുക്കുകയും വേണം. ഇതിനു വേണ്ടി ശേഖരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ഓരോ വികസന മേഖലയിലും കണ്ടെത്തിയിട്ടുള്ള സുസ്ഥിരവികസന സൂചികകൾ, എന്തുതരം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കേണ്ടത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പിന്നീട് ലഭ്യമാക്കുന്നതാണ്. സുസ്ഥിര വികസനലക്ഷ്യങ്ങൾ അനുബന്ധം 9 ആയി ചേർത്തിരിക്കുന്നു.

### 7.2 ദുരന്ത മാനേജ്മെന്റ് പദ്ധതി

(1) തദ്ദേശഭരണ സ്ഥാപനങ്ങൾ 2020-ൽ തയ്യാറാക്കിയ ദുരന്തമാനേജ്മെന്റ് പദ്ധതി പതിനാലാം പഞ്ചവൽസര പദ്ധതിയിൽ കാലികമായി പരിഷ്കരിക്കേണ്ടതാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായും അല്ലാതെയും ഉണ്ടാകാവുന്ന ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും ദുരന്തങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനും അതിജീവനക്ഷമത

നേടുന്നതിനും ഹ്രസ്വകാല – ദീർഘകാല ഇടപെടലുകൾ വിഭാവനം ചെയ്യണം. ഈ പ്രവർത്തനങ്ങൾ 'ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിലാണ് നടത്തേണ്ടത്.

(2) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദുരന്തനിവാരണ പ്ലാനിലെ പ്രോജക്ട് നിർദ്ദേശങ്ങൾ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഉതകുന്നതാണോ എന്നും വരുംകാലങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ദുരന്തങ്ങളെ ചെറുക്കാനും അവയുടെ ആഘാതം കുറയ്ക്കാനും സഹായകമാണോ എന്നും പരിശോധിക്കേണ്ടതുണ്ട്. ദുരന്തസാദ്ധ്യതാപഠനത്തിൽ കണ്ടെത്തിയിട്ടുള്ള ദുർബലമായ പ്രദേശങ്ങളെ പ്രത്യേകം പരിഗണിച്ചുവേണം ദുരന്തമാനേജ്മെന്റ് പദ്ധതി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത്.

(3) കാലാവസ്ഥാനുസൃത ദുരന്തലഘൂകരണ പദ്ധതിയിലേയ്ക്കുള്ള നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ പ്രോജക്ടുകളായി ഉൾപ്പെടുത്തുന്നതിന് പരിഷ്കരിച്ച ദുരന്തമാനേജ്മെന്റ് പ്ലാനിന്റെ പകർപ്പ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വിവിധ വികസനമേഖലകളിൽ രൂപവൽക്കരിക്കാവുന്ന പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

(4) സമീപപ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജില്ല-ബ്ലോക്ക് പഞ്ചായത്തുകളുടെയും ദുരന്തമാനേജ്മെന്റ് പ്ലാനുകളും ഇതിനായി പരിശോധിക്കുന്നത് അഭികാമ്യമാണ്. വിവിധതലങ്ങളിൽ കൂടിയാലോചനകളും നടത്താവുന്നതാണ്.

(5) ദുരന്തമാനേജ്മെന്റ് പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ [സ.ഉ.(കൈ)നം.156/2019/തസ്വഭവ തീയതി 04.12.2019] പ്ലാനുകൾ പരിഷ്കരിക്കുന്ന പ്രവർത്തനങ്ങളിലും പൊതുവെ അനുവർത്തിക്കേണ്ടതാണ്.

(6) ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള പ്രോജക്ടുകൾ ഓരോ മേഖലയിലും ഏറ്റെടുക്കാനാകും. ഉല്പാദന മേഖലയിൽ പ്രളയ സാദ്ധ്യതകൾ ഒഴിവാക്കാൻ കഴിയുന്ന വിധത്തിൽ നീർത്തടവികസനം, ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണം, അറ്റകുറ്റപ്പണികൾ, ചെക്ക്ഡാം, നീരൊഴുക്ക് തുടങ്ങിയവ സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. പ്രളയസമയത്ത് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണം എന്നിവയും ഇതിലുൾപ്പെടുത്താം. വരൾച്ചാബാധിത പ്രദേശങ്ങളിലെ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, അടിയണ നിർമ്മാണം, സമഗ്രമായ നീർത്തട വികസന പരിപാടികൾ, വിവിധ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകേണ്ടതാണ്. വരൾച്ച പ്രതിരോധിക്കാൻ കഴിയുന്ന വിത്തിനങ്ങളുടെ ഉപയോഗം, സൂക്ഷ്മജീവാണുക്കളുടെയും ജൈവ നിവേശങ്ങളുടെയും പ്രയോഗം, മറ്റു വരൾച്ചാപ്രതിരോധ സാങ്കേതികവിദ്യകൾ എന്നിവ പ്രോത്സാഹിപ്പിക്കാം. വനവൽക്കരണം, കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം, മിയാവാക്കി/പച്ചത്തുരുത്ത് നിർമ്മാണം എന്നിവയും ഏറ്റെടുക്കാം.

(7) പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിനുള്ള മുന്നറിയിപ്പ് സംവിധാനം, രക്ഷാ പ്രവർത്തനം (Search and Rescue), ദുരന്തത്തിനിരയാകുന്നവരെ താമസിപ്പിക്കുന്നതിനുള്ള അഭയ

കേന്ദ്രങ്ങൾ, പുനരധിവാസം, ദുരന്താഘാത ലഘൂകരണം, കാലാവസ്ഥാ വ്യതിയാനത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ എന്നിവയുള്ള പ്രോജക്ടുകൾക്ക് രൂപം നൽകണം.

(8) പ്രകൃതി ദുരന്തങ്ങളുടെ സാദ്ധ്യത മുൻനിർത്തി വളർത്തു മൃഗങ്ങളെയും പക്ഷികളെയും സംരക്ഷിക്കുന്നതിനുള്ള തൊഴുത്ത് നിർമ്മാണം (എലിവേറ്റഡ്), പകർച്ചവ്യാധികൾ തടയുന്നതിനുള്ള മുൻകരുതൽ സംവിധാനം എന്നിവയും നടപ്പാക്കാവുന്നതാണ്. ബദൽ ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുക, പൊതു ശുചിത്വ സംവിധാനങ്ങളുടെ നിർമ്മാണം, ടോയിലറ്റ് നിർമ്മാണം, ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ദുരന്ത നിവാരണത്തിനുള്ള വൈദ്യുതിയടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ, തദ്ദേശീയർക്ക് ദുരന്ത മാനേജ്മെന്റിൽ അവബോധവും പരിശീലനവും നൽകൽ, ദുരന്തനിവാരണ സേനകളുടെ സംഘാടനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

(9) 2021-22ൽ ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കാത്ത ഗ്രാമപഞ്ചായത്തുകൾ 2022-23ൽ അത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 7.3 കാലാവസ്ഥാ വ്യതിയാനം – പ്രാദേശിക കർമ്മ പദ്ധതി

Local Action Plan on Climate Change (LAPCC)

(1) കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതികളുടെ ആവശ്യകത വർദ്ധിച്ചുവരുന്നു. ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഇത്തരത്തിലുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് (NAPCC-National Action Plan on Climate Change & SAPCC- State Action Plan on Climate Change). ഒരോ തദ്ദേശഭരണ സ്ഥാപനവും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി, ജനപ്രകൃതി, സമ്പദ് വ്യവസ്ഥ എന്നീ പൊതുവിവരങ്ങളും പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥയിലെ കഴിഞ്ഞ ദശാബ്ദങ്ങളിലെ വ്യതിയാനവും സംബന്ധിച്ച വിശദാംശങ്ങൾ ഇതിനായി രേഖപ്പെടുത്തേണ്ടതുണ്ട്. വിവിധ കാലാവസ്ഥാ പഠനകേന്ദ്രങ്ങളിൽ നിന്നും ഗവേഷണ ഏജൻസികളിൽ നിന്നുമുള്ള വിവരങ്ങൾ ഇതിനായി ക്രോഡീകരിക്കണം. തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ മനുഷ്യരുടെ ജീവിതത്തിലും ജീവനോപാധികളിലും വന്നിട്ടുള്ള മാറ്റങ്ങൾ, വിവിധ ഉല്പാദന മേഖലകളിലും ആരോഗ്യ മുൾപ്പെടെയുള്ള സേവനമേഖലകളിലും കാലാവസ്ഥാവ്യതിയാനം മൂലം വന്നിട്ടുള്ള വ്യത്യാസം എന്നിവ വിലയിരുത്തണം. മാത്രമല്ല, പ്രദേശത്തെ പ്രകൃതി വിഭവങ്ങൾ, ജൈവവൈവിധ്യം എന്നിവയിലുണ്ടായിട്ടുള്ള മാറ്റങ്ങളും നിരീക്ഷിക്കണം. കാലാവസ്ഥാ മാറ്റം കൊണ്ടുള്ള

പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിന് ഓരോ വികസനമേഖലയിലും സ്വീകരിക്കാവുന്ന വികസനതന്ത്രം, സാങ്കേതികവിദ്യകൾ മുതലായവ കണ്ടെത്തുകയും പ്രയോഗിക്കുകയും വേണം.

(3) താഴെ പറയുന്ന പ്രധാന ഘടകങ്ങൾ പ്രാദേശിക കർമ്മ പദ്ധതിയുടെ ഭാഗമാകണം.

(i) ജല സംരക്ഷണം, മണ്ണിന്റെ ദൃഢത, തീരശോഷണ നിയന്ത്രണം, പച്ചപ്പുകൾ സംരക്ഷിക്കൽ, പ്രകൃതിയെ സമ്പുഷ്ടമാക്കി പരിപാലിക്കൽ എന്നിവയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പ്രകൃതി വിഭവ പരിപാലനം.

(ii) ഊർജ്ജ കാര്യക്ഷമതയും ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കലും

(iii) സുസ്ഥിര ജല പരിപാലന രീതികൾ

(iv) കാർബൺ ബഹിർഗമനം കുറയ്ക്കൽ

(v) ദുരന്ത ലഘൂകരണം

(vi) മുകളിൽ സൂചിപ്പിച്ചവയുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകുകയും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുയും ചെയ്യുക.

(4) മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്തൊക്കെ, എങ്ങനെയൊക്കെ ചെയ്യണമെന്നും തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനപരിപാടിയിൽ കാലാവസ്ഥാ വ്യതിയാനത്തെ അഭിമുഖീകരിക്കുന്നതിനുള്ള ഘടകങ്ങൾ എങ്ങനെ ഉൾപ്പെടുത്തണമെന്നും പ്രാദേശിക കാലാവ സ്ഥാവ്യതിയാന കർമ്മപദ്ധതി (Local Action Plan on Climate Change) എങ്ങനെ തയ്യാറാക്കണമെന്നും സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. ഇതു സംബന്ധിച്ച പരിശീലനം കില (KILA) നൽകും. പ്രാദേശിക കാലാവസ്ഥാവ്യതിയാന കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രോജക്ടിനുവേണ്ടി 2022-23 വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ്.

## 7.4 പതിനഞ്ചാം ധനകാര്യകമ്മീഷൻ അനുവദിച്ചിട്ടുള്ള ആരോഗ്യ മേഖലാ ഗ്രാന്റിന്റെ (Health Sector Grant) വിനിയോഗം

1. പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ആകെ 2968.28 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ ഗ്രാമീണ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ആരോഗ്യ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാമീണ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആരോഗ്യ ഗ്രാന്റ്**

**(കോടി രൂപയിൽ)**

| ക്രമ നം | ഇനം/ഘടകം | 2021 -22 | 2022-23 | 2023-24 | 2024-25 | 2025-26 | ആകെ |
|---|---|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായം | **39.61** | **39.61** | **41.60** | **43.68** | **45.86** | **210.36** |
| 2 | പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായം | 49.58 | 49.58 | 52.06 | 54.66 | 57.39 | 263.2 |
| 3 | ബ്ലോക്ക്തല പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം | 30.59 | 30.59 | 32.12 | 33.72 | 35.41 | 162.43 |
| 4 | കെട്ടിടങ്ങൾ ഇല്ലാത്ത ഉപകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സഹായം | 0.50 | 0.50 | 0.52 | 0.55 | 0.58 | 2.65 |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും, ഉപകേന്ദ്രങ്ങളെയും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിനുള്ള സഹായം | 105.43 | 105.43 | 110.70 | 116.23 | 122.04 | 559.8 |
| ആകെ | | 225.71 | 225.71 | 237.00 | 248.84 | 261.28 | 1198.54 |

(2) മുകളിൽ സൂചിപ്പിച്ച അഞ്ച് ഇനങ്ങളിൽ ഓരോന്നിനുമായി ഗ്രാന്റ് വിഭജിച്ച് അനുവദിച്ചിരിക്കുന്നതുകൊണ്ടും അവയ്ക്ക് ഓരോന്നിനും കുറഞ്ഞ വിഹിതമേ ഉള്ളൂ എന്നതുകൊണ്ടും വികസന ഫണ്ട് അനുവദിക്കുന്നതുപോലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി ആരോഗ്യ ഗ്രാന്റ് വിഭജിച്ച് നൽകാനാവില്ല. പകരം ഓരോ ആരോഗ്യ സ്ഥാപനത്തിലെയും മേൽപ്പറഞ്ഞ ഓരോ ഇനവുമായി ബന്ധപ്പെട്ട സൗകര്യങ്ങളിലെ കുറവുകൾ (Gaps) കണ്ടെത്തി അതിനെ അടിസ്ഥാനമാക്കി മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് അഞ്ച് വർഷങ്ങളിലായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ച് നൽകുന്ന രീതി അവലംബിക്കുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ജില്ലാതല കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും അതിനനുസൃതമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനുള്ള

പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. വിശദമായ മാർഗ്ഗരേഖ സർക്കാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

## 7.5 നഗരസഞ്ചയങ്ങൾക്കുള്ളിലെ പദ്ധതി രൂപീകരണത്തിന് പ്രത്യേക സമീപനം

1) പതിനഞ്ചാം ധനകാര്യകമ്മീഷൻ (FFC), പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗര സഞ്ചയങ്ങൾക്ക് (Urban Agglomerations) 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷക്കാലയളവിലേയ്ക്ക് പ്രത്യേക ഗ്രാന്റ് (മില്ല്യൺ പ്ലസ് സിറ്റീസ് ചലഞ്ച് ഫണ്ട്) അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏഴ് നഗരസഞ്ചയങ്ങളാണുള്ളത് – തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ. ഒരു മുഖ്യനഗരവും അതിനോട് ചേർന്ന് കിടക്കുന്ന സെൻസസ് ടൗണുകളും സ്റ്റാറ്റ്യൂട്ടറി ടൗണുകളും ഔട്ട് ഗ്രോത്തുകളും ചേർന്നതാണ് നഗരസഞ്ചയ പ്രദേശം.

2) കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനും ജലാശയങ്ങളുടെ പുനരുജ്ജീവനം, മഴവെള്ളക്കൊയ്ത്ത്, മലിന ജലത്തിന്റെ പുനഃചംക്രമണം (recycling of water) എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുമാണ് ഈ ഗ്രാന്റ് ലഭ്യമാക്കുന്നത്. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(കൈ)നം. 272/2021/തസ്വഭവ, തീയതി 24.11.2021 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

3) മുകളിൽ സൂചിപ്പിച്ച മേഖലകളിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ലക്ഷ്യങ്ങൾ ഓരോ വർഷവും കൈവരിക്കുകയും ആ മേഖലകളിലെ സേവനനിലവാരം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ മാത്രമേ ഓരോ വർഷത്തേക്കും അനുവദിച്ചിട്ടുള്ള ഗ്രാന്റ് പൂർണ്ണമായി ലഭിക്കുകയുള്ളൂ. നഗരസഞ്ചയത്തിനുള്ളിലെ മൊത്തം പ്രദേശത്തും നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കണം. നഗരസഞ്ചയത്തിനുള്ളിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രത്യേകിച്ച് ടൈഡ് ഫണ്ട്), കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം എന്നിവയുമായുള്ള ഫലപ്രദമായ സംയോജന ത്തിലൂടെ മാത്രമേ ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുകയുള്ളൂ.

4) നഗരസഞ്ചയ പ്രദേശത്തെ പദ്ധതി ആസൂത്രണ, നിർവ്വഹണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് മുഖ്യ നഗരസഭയുടെ മേയർ/ചെയർ പേഴ്സൺ അദ്ധ്യക്ഷനായ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിലേക്കുള്ള (2021-26) നഗരസഞ്ചയ പഞ്ചവത്സര പദ്ധതി 2021-22 ൽ തയ്യാറാക്കിയിട്ടുണ്ട്.

5) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ നാല് വർഷങ്ങളിൽ ഓരോ വർഷവും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിനു മുമ്പ് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയുടെ യോഗം വിളിച്ച് ചേർത്ത് നഗരസഞ്ചയ പ്രദേശത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയ്ക്ക് രൂപം നൽകണം. നഗരസഞ്ചയ പഞ്ചവത്സര പദ്ധതിക്ക് അനുസൃതമായി വേണം വാർഷിക കർമ്മപദ്ധതിയ്ക്ക് രൂപം നൽകേണ്ടത്. പ്രസ്തുത വാർഷിക കർമ്മ പദ്ധതിയിൽ, നഗരസഞ്ചയ പ്രദേശത്തൊട്ടാകെ പൊതുവായ ലക്ഷ്യങ്ങൾ

കൈവരിക്കുന്നതിന് നഗരസഞ്ചയത്തിനുള്ളിലുള്ള ഓരോ തദ്ദേശഭരണ സ്ഥാപനവും സ്വീകരിക്കേണ്ട നടപടികളും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടാകണം.

6) നഗരസഞ്ചയത്തിനുള്ളിലുള്ള ഗ്രാമങ്ങളിലെ നഗരവത്കരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാകണം അടിസ്ഥാന സമീപനം. നഗരവൽക്കരണത്തിന്റെ ഫലമായി ശുചിത്വം, ജലം തുടങ്ങിയ മേഖലകളിൽ ഉണ്ടാകുന്ന അധിക സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കണം. അതിഥി തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പ്രത്യേകിച്ച് അവരുടെ താമസസ്ഥലത്തെ ശുചിത്വസൗകര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും വേണം. വാണിജ്യ/വാണിജ്യേതര ആവശ്യങ്ങൾക്കുള്ള പ്രദേശങ്ങളുടെ മേഖലകൾ നിർണ്ണയിക്കുന്നതിനുള്ള (Zoning) സാദ്ധ്യതകളും പരിശോധിക്കണം.

7) ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കുന്ന കർമ്മപദ്ധതി കൂടി പരിഗണിച്ച് കൊണ്ടാകണം ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തുകൾ ഉൾപ്പെടെ നഗരസഞ്ചയ പ്രദേശത്തിനുള്ളിലുള്ള എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവയുടെ വാർഷിക പദ്ധതിയ്ക്ക് രൂപം നൽകേണ്ടത്.

8) നഗരസഞ്ചയ പ്രദേശത്തെ മുഖ്യനഗരസഭയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളും കൂട്ടായി നഗരസഞ്ചയപദ്ധതി നിർവ്വഹണത്തിനും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും അത് ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയും ജില്ലാ ആസൂത്രണസമിതിയും മോണിട്ടർ ചെയ്യേണ്ടതുമാണ്.

### 7.6 പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development Plan – LED Plan)

(1) തൊഴിൽ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുവരെ മുഖ്യമായും വ്യക്തിഗത/ഗ്രൂപ്പ് അധിഷ്ഠിത തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ, തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്. സംരംഭകർ അടക്കമുള്ള തൊഴിൽദായക സംവിധാനങ്ങൾ ആരംഭിക്കുന്ന തിനും അവയെ ശക്തിപ്പെടുത്തുന്നതിനും സംരംഭങ്ങൾക്ക് ആവശ്യമായ അനുകൂല കാലാവസ്ഥ ഒരുക്കുന്നതിനും സംരംഭങ്ങൾക്ക് ആവശ്യമായ ഘടകങ്ങൾ ഏർപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, ഇപ്പോൾ ചെയ്തുവരുന്ന പ്രവർത്തനങ്ങൾക്കൊപ്പം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഫെസിലിറ്റേറ്റിംഗ് ഏജൻസിയായി കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കണം. പ്രാദേശിക സാമ്പത്തിക വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ മികച്ച സംരംഭ സൗഹൃദ അന്തരീക്ഷത്തിലേക്ക് മാറുക എന്നാണ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യത്തോടെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്.

(2) ഈ പ്രത്യേക പദ്ധതി വിജയകരമായി നടപ്പാക്കുകയും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ പരിപാടി, Kerala Development and Innovation

Strategic Council (K-DISC) ന്റെ തൊഴിലവസര വികസന പരിപാടി എന്നിവ തദ്ദേശഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ഏറ്റെടുക്കുകയും വേണം.

(3) കുടുംബശ്രീ ഓക്സിലറി യൂണിറ്റ് സംവിധാനങ്ങൾ, ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം, പ്രവാസികൾക്കായുള്ള പദ്ധതികൾ, സ്റ്റാർട്ട് അപ്പ് മിഷൻ പദ്ധതികൾ എന്നിവയുടെ എല്ലാം സാധ്യതകളെ ഏകോപിപ്പിച്ച് സൂക്ഷമതല സംരംഭക പ്രോത്സാഹന പദ്ധതി ഉണ്ടാകണം . .ഇവർക്ക് ആവശ്യമായ പരിശീലന ഏകോപനം സംരംഭക ക്ലസ്റ്ററുകൾ രൂപീകരിച്ച് ആകാം സംരംഭകത്വ ആശയങ്ങൾ കണ്ടെത്തൽ, ബിസിനസ്സ് പ്ലാൻ തയ്യാറാക്കൽ, സംരംഭക മാനേജ്മെന്റ്, വിപണം എന്നിവയിൽ വിദഗ്ധ സ്ഥാപനങ്ങളെ ഉപയോഗിച്ച് പരിശീലനങ്ങൾ ആസൂത്രണം ചെയ്യാം.

(4) പതിനാലാം പദ്ധതിയിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development Plan – LED Plan) ഉണ്ടായിരിക്കണം. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഊന്നിക്കൊണ്ടുള്ള ഒരു സമീപനമാണ് പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയിൽ സ്വീകരിക്കേണ്ടത്.

(5) പ്രാദേശിക സാമ്പത്തിക വികസനത്തിൽ സംരംഭകത്വ വികസനം, നൈപുണ്യ വികസനം എന്നിങ്ങനെ രണ്ടുതരം പ്രവർത്തനങ്ങൾക്കാണ് സാദ്ധ്യതയുള്ളത്.

**(എ) സംരംഭകത്വ വികസനം**

(i) മുഖ്യമായും താഴെപ്പറയുന്ന അഞ്ച് തരം സംരംഭകത്വ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പി ക്കേണ്ടതുണ്ട്.

(a) സംരംഭകരുടെ സ്വന്തം മുതൽ മുടക്കിൽ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾ

(b) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾ

(c) തദ്ദേശഭരണ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരും ചേർന്ന് സംയുക്ത ഉടമസ്ഥതയിൽ ആരംഭിക്കുന്ന സംരംഭങ്ങൾ

(d) നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണം

(e) പ്രാദേശിക സേവന സാദ്ധ്യതകളെ ആധാരമാക്കി പ്രവർത്തിക്കുന്ന സേവന സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

(ii) സംരംഭങ്ങൾക്ക് ആവശ്യമായ അനുകൂല കാലാസ്ഥ ഒരുക്കുന്നതിനൊപ്പം സംരംഭകർക്ക് ധനകാര്യ/സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ തരപ്പെടുത്തിക്കൊടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. ചെറുകിട–ഇടത്തരം–സൂക്ഷ്മ സംരംഭങ്ങൾക്ക് ഇൻ്ററസ്റ്റ് സബ് വെൻഷൻ വാർഷിക പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കാവുന്നതാണ്. പുതിയ സംരംഭങ്ങൾ വിജയിക്കുന്നുവെന്ന് ഉറപ്പാക്കണം. സൂക്ഷ്മ സംരംഭ മേഖലയിലെ കൺസൾട്ടന്റുമാരുടെ സേവനം

സംരംഭകർക്ക് ലഭ്യമാക്കാനും ശ്രമിക്കണം. ഇന്നവേഷൻ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ബിസിനസ് ഇൻസെന്റീവ് ഗ്രാന്റ് എന്നിവ ഉപയോഗപ്പെടുത്തുന്ന സംരംഭങ്ങളുടെ/സ്റ്റാർട്ട്-അപ്പുകളുടെ സാദ്ധ്യതയും പരിശോധിക്കണം. പ്രാദേശിക തലത്തിലുള്ള ഉത്പ്പന്ന സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളാക്കി രൂപപ്പെടുത്തുന്നതിനായി ഹാക്കത്തണുകൾ സംഘടിപ്പിക്കണം.

(iii) കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളും കെ.എസ്.ഐ.ഡി.സി. പോലെയുള്ള ഏജൻസികളും നിലവിൽ നടപ്പാക്കിവരുന്ന സംരംഭകത്വ സ്കീമുകളിൽ നിന്നുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുകയും അത് സംരംഭകർക്ക് നേടിക്കൊടുക്കുന്നതിനുള്ള ഫെസിലിറ്റേഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുകയും വേണം.

**(ബി) നൈപുണ്യ വികസനം**

വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവുമുള്ള തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ ലഭിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ഒന്നാമത്തേത്. നൈപുണ്യവികസനത്തിലൂടെ തൊഴിൽ ഉറപ്പാ ക്കലാണ് രണ്ടാമത്തെ മാർഗ്ഗം. പരിശീലനത്തിലൂടെ നിലവിലെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പരിശീലനച്ചെലവ് പൂർണ്ണമായോ ഭാഗികമായോ അതത് വ്യക്തികൾ തന്നെ വഹിക്കുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. പരിശീലനാർത്ഥി ഭാഗികമായി പരിശീലന ചെലവ് വഹിക്കുന്ന സന്ദർഭത്തിൽ ബാക്കി തുക കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വ്യത്യസ്ത സ്കീമുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി എന്നിവയുമായുള്ള സംയോജനത്തിലൂടെ കണ്ടെത്തണം.

(5) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും മറ്റു സംഘടനാപരമായ പ്രവർത്തനങ്ങൾക്കുമായി താഴെപ്പറയുന്ന ചെലവുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി വഹിക്കാവുന്നതാണ്.

a. അവസ്ഥാപഠനം നടത്തൽ

b. സാദ്ധ്യതാ പ്ലാൻ തയ്യാറാക്കൽ

c. ബിസിനസ് പ്ലാൻ തയ്യാറാക്കൽ (സാങ്കേതിക വിദഗ്ദ്ധരുടെ സഹായവും ചെലവും വഹിക്കാവുന്നതാണ്)

d. സ്കിൽ ഗ്യാപ് അനാലിസിസ് നടത്തൽ

e. ബിസിനസ് വികസന ശില്പശാലകൾ/ഇൻവസ്റ്റേഴ്സ് മീറ്റ് നടത്തൽ

f. എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ

(6) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

## 8. വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ, നിബന്ധനകൾ

### 8.1 ഹരിതകേരളം മിഷൻ

(1) നവകേരളം കർമ്മ പദ്ധതി - 2 ന്റെ ഭാഗമായ ഹരിതകേരളം മിഷന്റെ മാർഗ്ഗരേഖ സ്വാംശീകരിച്ചുകൊണ്ടാകണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക, ജലസംരക്ഷണ, മാലിന്യസംസ്കരണ മേഖലകളിലെ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

(2) 'ഹരിതകേരളം' മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഇതിൽ ശുചിത്വ-മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കൃഷിയും ജലസംരക്ഷണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നവയുമാണ്. ഹരിതകേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ്.

(3) സംയോജനം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട മേഖലാവർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണ സമിതി, പഞ്ചായത്ത്തല മിഷൻ സമിതി എന്നിവയുടെ സംയുക്തയോഗം ചേർന്ന് മൂന്ന് മേഖലയിലെയും പ്രോജക്ട് ആശയങ്ങൾക്ക് അന്തിമരൂപം നൽകുന്ന രീതി അവലംബിക്കാവുന്നതാണ്.

(4) മൂന്ന് ഉപദൗത്യങ്ങളിലും പതിനാലാംപദ്ധതിയുടെ ഓരോ വർഷവും കൈവരിക്കേണ്ട ഭൗതിക നേട്ടവും ഗുണപരതയിൽ വരുത്തേണ്ട മാറ്റങ്ങളും പട്ടികപ്പെടുത്തി പദ്ധതിരേഖയുടെ ഭാഗമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്.

(5) ഈ മേഖലകളിൽ പദ്ധതി തയ്യാറാക്കുമ്പോൾ ചുവടെ പ്രതിപാദിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്

### 8.1 (എ) കൃഷി വികസനം

(1) കാർഷിക-അനുബന്ധ മേഖലകളിലെ പ്രോജക്ടുകൾക്ക് സംയോജിത നീർത്തടപരിപാലന സമീപനം ഉണ്ടായിരിക്കണം.

(2) ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ലക്ഷ്യത്തോടെ രൂപീകരിക്കുന്ന പ്രോജക്ടുകൾക്ക് നൈരന്തര്യ സ്വഭാവം ഉണ്ടായിരിക്കുന്നതിന് ശ്രദ്ധിക്കണം

(3) കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിങ്ങനെയുള്ള കൃഷികൾ ഉൾപ്പെടുന്ന സംയോജിത കൃഷി സമ്പ്രദായം (IFS) അവലംബിച്ച് കൃഷി ഭൂമിയിൽ നിന്ന് പരമാവധി വരുമാനം കർഷകന് ലഭിക്കുന്ന പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. ഇതിനായി ഓരോ കൃഷിയിടത്തിന്റെയും ഉല്പാദന പദ്ധതി (Farm Plan) തയ്യാറാക്കാൻ ശ്രദ്ധിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദകർക്ക് സഹായം നൽകാൻ പ്രോജക്ടുകൾ തയ്യാറാക്കണം.

(4) മണ്ണ്-ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനവത്ക്കരണം തുടങ്ങിയ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

(5) ഭക്ഷ്യവിളകളുടെ വിളവിസ്തൃതി, ഉത്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം.

(6) ജൈവകൃഷിയും ജൈവവളങ്ങളുടേയും ജൈവകീടനാശിനികളുടേയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾക്ക് പരിഗണന നൽകണം.

(7) കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവ് പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ ഗ്രാമ – ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് തനതായോ സംയുക്തമായോ ഏറ്റെടുക്കാവുന്നതാണ്.

(8) പഴം, പച്ചക്കറി എന്നിവയുടെ വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ, മറ്റ് വിപണന സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കണം.

(9) പഴം, പച്ചക്കറി ഉത്പാദന കൗൺസിൽ (VFPCK), ഹോർട്ടികൾച്ചർ കോർപ്പറേഷൻ (HORTICORP) മുതലായ ഏജൻസികൾ ആരംഭിക്കുന്ന കാർഷിക വിഭവ സംഭരണ – വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(10) കാർഷിക പദ്ധതികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തണം.

(11) സ്വകാര്യ ഭൂമിയിലും പൊതു സ്ഥലങ്ങളിലും ഫല വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ വൃക്ഷതൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും തൈകൾ നട്ടുവളർത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. തൊഴിലുറപ്പ പദ്ധതിയുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം.

(12) തൊടികളിലും പൊതുസ്ഥലങ്ങളിലും മഴവെള്ളം ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിന് മഴക്കുഴികളും സമാനമായ സംവിധാനങ്ങളും ഒരുക്കുന്നതിന് ശ്രമിക്കണം. തൊഴിലുറപ്പ പദ്ധതിയുടെ സാദ്ധ്യതയും പ്രയോജനപ്പെടുത്തണം.

(13) ഓരോ ദേശത്തിന്റേയും ഭൂപരിസ്ഥിതിയ്ക്കനുസരിച്ച് വ്യത്യസ്ത ഉപാധികളിലൂടെ മഴവെള്ളം ഫലപ്രദമായി സംഭരിക്കുന്ന പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

(14) സംഘകൃഷിക്ക് ഗ്രൂപ്പുകൾ സംഘടിപ്പിച്ച് സ്ഥലം പാട്ടത്തിനെടുത്ത് ഭൂമി ഒരുക്കുമ്പോൾ ജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം.

(15) കർഷകകൂട്ടായ്മകൾ മുഖേന ഉത്പന്നസംഭരണം, പ്രാഥമികസംസ്കരണം, വിപണനം തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകണം.

(16) ഉല്പന്ന സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ AIF (Agricultural Infrastructure Fund), AHIDF (Animal Husbandry Infrastructure Development Fund), DIDF (Diary Infrastructure Development Fund), PMMSY (Pradan Manthri Matsya Samprada Yojana) എന്നിവയുടെ ഗുണഭോക്താക്കളായ സ്വകാര്യ സംരംഭകർ, ഗ്രൂപ്പ് സംരംഭങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവർക്ക്

ലഭ്യമാകുന്ന രീതിയിൽ 2% ഇന്ററസ്റ്റ് സബ് വെൻഷൻ നൽകുന്നതിന് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നീക്കിവയ്ക്കാം.

(17) ഉത്പന്ന സംഭരണം, പ്രാഥമിക സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളിൽ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനു വേണ്ടി ജില്ലാതലത്തിൽ ഇൻകുബേഷൻ സെന്റർ ആരംഭിക്കേണ്ടതാണ്

(18) ബ്ലോക്കുതലത്തിൽ നിലവിലുള്ള BLAKC – യെ (Block Level Agricultural Knowledge Centre), കാർഷിക കാലാവസ്ഥാ മേഖലകൾക്കനുസൃതമായുള്ള കാർഷികോപദേശങ്ങൾ നൽകുന്നതിനും Post Harvest Management & Process മേഖലയിലെ നൈപുണ്യ വികസനത്തിനും കാർഷിക മേഖലയിലെ വിവിധ സംരംഭകത്വ വികസന പരിപാടികൾക്കും സാങ്കേതിക സഹായം നൽകുന്നതിനും കർഷകർക്കും സംരംഭകർക്കും പരിശീലനം നൽകുന്നതിനുമുള്ള കേന്ദ്രമാക്കി ഉയർത്തണം.

(19) കാർഷികഉല്പാദനം, സംസ്കരണം, ഉൽപന്ന വൈവിധ്യവൽക്കരണം, വിപണനം എന്നിവക്കായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കർഷക ഉല്പാദന കമ്പനികളുടെ (Farmer Producer Companies) രൂപവൽക്കരണം പ്രോത്സാഹിക്കാവുന്നതാണ്

(20) കുടുംബശ്രീ/സംഘകൃഷി ഗ്രൂപ്പുകൾ മുഖേന ബാങ്ക് വായ്പ ബന്ധപ്പെടുത്തിയുള്ള ഉത്പാദന പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. ഇത്തരം ഗ്രൂപ്പുകൾക്ക് വിത്ത്, ജൈവവളം എന്നിവ നൽകാനും വിപണനസൗകര്യം ഒരുക്കുന്നതിനും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(21) ഹരിതകേരളം മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ തരിശ് രഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നുമായി ബന്ധപ്പെട്ട സംയോജിത പ്രോജക്ട് നിർബന്ധമായും ഉണ്ടാകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള കൃഷിയോഗ്യമായതും അല്ലാത്തതുമായ തരിശുഭൂമിയെ സംബന്ധിച്ച കൃത്യമായ കണക്ക് ജനകീയ പങ്കാളിത്തത്തോടെ ശേഖരിക്കണം.

(22) തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ പരമാവധി ശ്രദ്ധ നൽകണം

(23) തരിശായി കിടക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കാർഷികോൽപ്പാദന പ്രവർത്തനങ്ങൾക്ക് ചെറുകിട യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

(24) കൃഷി ഇറക്കാതെ തരിശിട്ടിട്ടുള്ള നെൽവയലുകൾ കണ്ടെത്തി അവ കൃഷി ചെയ്യിക്കുന്നതിനുള്ള നടപടികൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതും ആവശ്യമെങ്കിൽ പ്രസ്തുത നിയമപ്രകാരം തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതുമാണ്.

(25) പയറിനങ്ങൾ, എള്ള് തുടങ്ങിയ വിളകളുടെ കൃഷിക്ക് പ്രത്യേക പരിഗണന നൽകണം.

(26) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ചുരുങ്ങിയത് ഒരു പച്ചത്തുരുത്തെങ്കിലും ഓരോ വർഷവും സ്ഥാപിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള പച്ചത്തുരുത്തുകളിൽ തിരഞ്ഞെടുക്ക പ്പെട്ടവ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാതൃകാ പച്ചത്തുരുത്തുകളായി വികസിപ്പിക്കുന്നതിന് പ്രോജക്ട് രൂപീകരിക്കാനാകണം. കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്കും വികസനഫണ്ട് ഉപയോഗപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

(27) വെള്ളം കെട്ടിക്കിടക്കുന്ന തരിശുപാടങ്ങളിൽ അനുയോജ്യമായ ചങ്ങാടകൃഷി മാതൃകകൾ നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിക്കാവുന്നതാണ്.

(28) എൽ.ഇ.ഡി ഉപയോഗിച്ചുള്ള ഇൻഡോർ ഇലക്കറികൃഷി, മൈക്രോ ഗ്രീൻ എന്നിവയിൽ യുവ സംരംഭകർ, പ്രവാസികൾ എന്നിവർക്ക് തൊഴിൽ സാദ്ധ്യതയുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

(29) കാർഷിക മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ കൃഷി-ജലസേചന വകുപ്പുകളുമായുള്ള സംയോജനം ഉറപ്പാക്കേണ്ടതാണ്.

(30) സീഡ് വില്ലേജ്, നഴ്സറികൾ എന്നിവയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണം.

**8.1 (ബി) മണ്ണ് – ജല സംരക്ഷണ (ജല സമൃദ്ധി) വും കുടിവെള്ളവും**

(1) ജല സംരക്ഷണ സാങ്കേതിക സമിതി പുനഃസംഘടിപ്പിച്ചുകൊണ്ട് ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ഈ സമിതി മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന നീർത്തട മാസ്റ്റർപ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട വിവിധതരം പ്രവൃത്തികളുടെ മുൻഗണനാക്രമവും പ്രവൃത്തികളുടെ സ്വഭാവവുമനുസരിച്ച് സംയോജിപ്പിക്കേണ്ട വകുപ്പുകൾ/ഏജൻസികൾ/വിഭവ സ്രോതസ്സുകൾ എന്നിവയടങ്ങുന്ന കൺവർജൻസ് പ്ലാൻ തയ്യാറാക്കുകയും വേണം. ഇപ്രകാരം രൂപം നൽകുന്ന കൺവർജൻസ് പ്ലാൻ ആധാരമാക്കി വേണം MGNREGS വാർഷിക കർമ്മ പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജല സംരക്ഷണ പ്രവർത്തനങ്ങൾ, ജലസേചന വകുപ്പ്, മണ്ണ് ജല സംരക്ഷണ വകുപ്പ് തുടങ്ങിയവയുടെയും വിവിധ ഏജൻസികളായ RIDF, PMKSY, KLDC എന്നിവയുടെയും പദ്ധതികൾ ഏറ്റെടുക്കേണ്ടത്.

(2) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ ജനകീയമായി ജലബജറ്റും ജലസുരക്ഷാപ്ലാനും തയ്യാറാക്കാവുന്നതാണ്.

(3) ജലസ്രോതസ്സുകൾ വീണ്ടെടുക്കുകയും, വീണ്ടെടുക്കുന്ന ജലസ്രോതസുകളുടെ സംരക്ഷണവും ഉപയോഗവും ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപംനൽകുകയും വേണം. നീർച്ചാലുകളുടെ പരിപാലനവും നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമാക്കണം.

(4) മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, ജലസേചന / ജലനിർഗ്ഗമന പ്രോജക്ടുകൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വന വൽക്കരണ പ്രവൃത്തികൾ എന്നിവ നീർത്തട മാസ്റ്റർ പ്ലാനിനെ ആധാരമാക്കി വേണം നടപ്പിലാക്കേണ്ടത്.

(5) ആവശ്യമെങ്കിൽ കൂടുതൽ സാങ്കേതിക തികവോടെ പുതിയ നീർത്തട വികസന പദ്ധതികൾക്ക് രൂപം നൽകാനും ശ്രമിക്കാവുന്നതാണ്.

(6) നിലവിൽ തയ്യാറാക്കിയിട്ടുള്ള ചെറുനീർത്തട പ്ലാനിന്റെ പരിശോധന, പരിഷ്കരണം ഡിജിറ്റൈസേഷൻ എന്നിവ നടത്തണം.

(7) ജലസ്രോതസുകളുടെ വിവരശേഖരണവും ഡാറ്റ സൂക്ഷിക്കുന്ന പ്രവർത്തനവും നടത്തുകയും അതിലൂടെ ജലസ്രോതസുകൾ കയ്യേറ്റം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുകയും ചെയ്യുന്നതിനാവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിക്കണം.

(8) നിലവിലെ നീർത്തടപ്ലാനുകൾ പരിശോധിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ പ്രവർത്തനങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ പുതുക്കൽ നടത്തുകയും പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് മുൻഗണനാടിസ്ഥാനത്തിൽ നീർത്തടപ്ലാനുകളിൽ ഉൾപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കുകയും ചെയ്യണം. (ഒരു നീർത്തടത്തിന് ഒരു പ്ലാൻ എന്ന രീതി അനുവർത്തിക്കണം).

(9) വെള്ളപ്പൊക്ക സാദ്ധ്യതയുള്ള പ്രദേശങ്ങൾ മാപ്പ് ചെയ്യുന്നതിനും ഭാവിയിലെ സ്ഥാപന നിർമ്മാണത്തിന് അത്തരം സ്ഥലങ്ങൾ ഒഴിവാക്കുന്നതിനും ശ്രദ്ധിക്കണം.

(10) ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/റെഗുലേറ്റർ ശൃംഖല പണിത് പുഴകളെ ജലസംഭരണികളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

(11) ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

(12) മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവ വികസനഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാമെങ്കിലും തൊഴിലുറപ്പ പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

(13) 'ഇനി ഞാൻ ഒഴുകട്ടെ' മാതൃകയിൽ സമയബന്ധിത കാമ്പയിനുകൾ സംഘടിപ്പിക്കാവുന്നതാണ്. ഐ.ടി മിഷന്റെ മാപ്പത്തോൺ ശക്തിപ്പെടുത്തി 'ജലശക്തി അഭിയാൻ, പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ 'സ്പേഷ്യൽ പ്ലാനിംഗ്' എന്നിവ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ രൂപീകരണം സാദ്ധ്യമാക്കുന്നതിനായി ജലസ്രോതസ്സുകളെ 'ജിയോ റഫറൻസ്' ചെയ്യുന്ന പ്രവർത്തനം ഏറ്റെടുക്കാവുന്നതാണ്.

(14) എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം.

(15) ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്.

(16) ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് മുൻഗണന നൽകണം. ഘടക സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകളുടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

(17) ജലലഭ്യത ഉറപ്പുവരുത്തി വിദഗ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജലസ്രോതസ്സ് തീരുമാനിച്ചതിന് ശേഷം മാത്രമേ കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുവാൻ പാടുള്ളൂ. സബ്സിഡി നിബന്ധനയ്ക്ക് വിധേയമായി ഗാർഹിക കണക്ഷനും നൽകാവുന്നതാണ്.

(18) ജല ഗുണനിലവാരം ഉറപ്പാക്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് തങ്ങളുടെ നിയന്ത്രണത്തിലുള്ള ഹയർ സെക്കൻഡറി സ്കൂൾ ലാബുകളോടനുബന്ധിച്ച് ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ലാബുകളുടെ തുടർ പ്രവർത്തനത്തിനാവശ്യമായ തുക ജില്ലാപഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തണം. ജലഗുണനിലവാരം സംബന്ധിച്ച് ശേഖരിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുകയും അത് ആരോഗ്യ വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടിയും സ്വീകരിക്കണം. എം.എൽ.എ ഫണ്ടിൽ നിന്നും ആ സ്കൂളിലേക്ക് ഇതിനായി തുക അനുവദിച്ചിട്ടില്ലെങ്കിൽ മാത്രമേ ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുക്കാവൂ.

(19) അണുനശീകരണം, വാട്ടർ ട്രീറ്റ്മെന്റ് എന്നിവയ്ക്കുള്ള പ്രോജക്ടുകളും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണം. (കിണറുകളുൾപ്പടെ, എല്ലാ ജല സ്രോതസ്സുകൾക്കും)

(20) കിണർ (പൊതു/സ്വകാര്യ) റീചാർജ്ജിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

(21) അങ്കണവാടികൾ, കൈമാറിയ സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.

(22) ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(23) ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള 'ജൽജീവൻ മിഷൻ' പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ 15% വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും ആ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇതിനായി വിനിയോഗിക്കാവുന്നതാണ്.

(24) ജലസേചന പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി/കർഷക കൂട്ടായ്മ/ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം.

(25) കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ ഗുണഭോക്തൃ സമിതികളുടെ നിയന്ത്രണത്തിന് അതീതമായി ഗണ്യമായ തുക വേണ്ടി വരുന്ന വിധത്തിലുള്ള കേടായ

മോട്ടോർ പുനഃസ്ഥാപിക്കൽ പോലുള്ള മേജർ അറ്റകുറ്റപ്പണികൾ, നടത്തുന്നതിനായി അനിവാര്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

(26) ആവർത്തനച്ചെലവുകളിലെ പട്ടികജാതി ഗുണഭോക്താക്കളുടെ വിഹിതം പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വിഹിതം പട്ടികവർഗ്ഗ ഉപപദ്ധതി തുകയിലും, ആവശ്യമെങ്കിൽ വകയിരുത്താവുന്നതാണ് .

### 8.1 (സി) ശുചിത്വ – മാലിന്യ സംസ്കരണം

1. ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

2. ശുചിത്വ – മാലിന്യ സംസ്കരണരംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തനാവസ്ഥ സംബന്ധിച്ച് ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം. ഖര – ദ്രവ മാലിന്യ സംസ്കരണരംഗത്തെ നിലവിലെ അവസ്ഥ കൃത്യമായി തിട്ടപ്പെടുത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ സമഗ്ര ശുചിത്വ – മാലിന്യ സംസ്കരണത്തിനുള്ള കർമ്മപരിപാടിക്ക് രൂപം നൽകണം.

3. ഓരോ തദ്ദേശഭരണ സ്ഥാപനവും ശുചിത്വ – മാലിന്യ സംസ്കരണ രംഗത്ത് ഓരോ വർഷവും കൈവരിക്കാൻ ലക്ഷ്യമിടുന്നവ വർഷം തിരിച്ച് കർമ്മ പരിപാടിയിൽ പ്രതിപാദിക്കേണ്ടതാണ്. ഇതിനുള്ള സൂചകങ്ങൾ ശുചിത്വമിഷൻ നിശ്ചയിച്ച് നൽകുന്നതായിരിക്കും.

4. കർമ്മപരിപാടിയിലെ ആവശ്യമായ ഘടകങ്ങൾക്ക് വിശദപദ്ധതി റിപ്പോർട്ടുകൾ (DPR) തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന കർമ്മ പരിപാടിയെയും വിശദപദ്ധതി റിപ്പോർട്ടുകളെയും അടിസ്ഥാനമാക്കി മാത്രമേ തദ്ദേശഭരണ സ്ഥാപന പരിധിയിൽ കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരം ലഭ്യമാകുന്ന വിഭവത്തിന്റെ വിനിയോഗം ഉൾപ്പെടെയുള്ള എല്ലാ ശുചിത്വ-മാലിന്യ പ്രവർത്തനങ്ങളും നടപ്പാക്കാൻ പാടുള്ളൂ.

5 പതിനാലാം പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ തന്നെ ഖര, ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ പ്രോജക്ടുകൾ നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ പദവി ആർജ്ജിക്കാൻ കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിയണം.

6 പൊതു ശൗചാലയങ്ങൾ ഇനിയും ഇല്ലാത്തയിടങ്ങളിൽ അതിനുള്ള പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

7 ഹരിതകർമ്മസേനയുടെ ഭാഗമായി രൂപീകരിക്കുന്ന സൂക്ഷ്മസംരംഭങ്ങൾ - പരിസ്ഥിതി സൗഹൃദ യൂണിറ്റുകൾ - എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും രൂപീകരിക്കണം. സൂക്ഷ്മസംരംഭങ്ങൾക്ക് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തന്നെ അവയ്ക്ക് റിവോൾവിംഗ് ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിവ ലഭ്യമാക്കുകയും വേണം.

8. ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, എഫ്.എസ്.റ്റി.പി (Faecal Sludge Treatment Plant), റീജിയണൽ സാനിറ്ററി ലാൻഡ്ഫിൽ എന്നിവയ്ക്ക് സംയുക്തമായും സ്വന്തമായും സ്ഥലം വാങ്ങുകയും അവ സ്ഥാപിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാനുമുള്ള നടപടികൾ ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് സ്വീകരിയ്ക്കാം.

9. സഹകരണ-സ്വകാര്യ മേഖലകളുമായി സഹകരിച്ചോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായോ ജില്ലയിൽ കുറഞ്ഞത് ഒരു അറവുശാലയും ഒരു ശ്മശാനവും എങ്കിലും സ്ഥാപിക്കുന്ന തിനുള്ള പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിമുൻകൈയെടുത്ത് സ്ഥാപിക്കേണ്ടതാണ്.

10. അജൈവ മാലിന്യ പരിപാലനത്തിന്റെ ഭാഗമായ മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ മികച്ച സൗകര്യങ്ങളോടെ സജ്ജമാക്കണം. ആർ.ആർ.എഫ് ബ്ലോക്ക് തലത്തിൽ ഒന്ന് എന്ന രീതിയിൽ സ്ഥാപിക്കുന്നതാകും അഭികാമ്യം.

11. സോക്ക് പിറ്റുകൾ, കംപോസ്റ്റ് പിറ്റുകൾ, എന്നിവ കൂടാതെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, മിനി എം.സി.എഫ് എന്നിവ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്

12. നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് സംശയ നിവാരണം വരുത്തുന്നതിനും യൂസർഫീ അടയ്ക്കുന്നതിനുള്ള സൗകര്യവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഉപാധികൾ, കിച്ചൻ ബിൻ, ബയോബിൻ, റിംഗ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ് മുതലായവ വാങ്ങുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ (തുണി, സഞ്ചി, പേപ്പർ ബാഗ്, പേപ്പർ പേന) എന്നിവയുടെ വിപണനവും സാദ്ധ്യമാക്കുന്ന ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കാവുന്നതാണ്.

13. വഴിയോര വിശ്രമകേന്ദ്രങ്ങളായ 'ടേക്ക് എ ബ്രേക്ക്' പദ്ധതിയ്ക്ക് കീഴിൽ ഒന്ന് വീതം പൊതു ശൗചാലയങ്ങളും, ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥാപിക്കാവുന്നതാണ്. കേന്ദ്രത്തിൽ വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻ വെൻഡിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തണം. [27.07.2020-ലെ സ.ഉ.(സാധാ)നം.1401/2020/തസ്വഭവ ഉത്തരവ് കാണുക]

14. ഹരിതകർമ്മ സേനകൾ വഴിയുള്ള അജൈവ മാലിന്യശേഖരണം, ഉറവിട മാലിന്യസംസ്കരണം, ജൈവമാലിന്യസംസ്കരണത്തിന് തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ പദ്ധതികൾ എന്നിവയിലൂടെ ഖരമാലിന്യ സംസ്കരണത്തിൽ ഏറെ മുൻപോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലെ വിടവുകളെ അഭിസംബോധന ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഇതിനായി ഗാർഹിക തലത്തിൽ ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ, സ്ഥാപനതല പദ്ധതികൾ, തദ്ദേശ സ്ഥാപനതല പദ്ധതികൾ എന്നിവ നടപ്പിലാക്കണം. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഗ്രാമതലത്തിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ ഭാരത് മിഷൻ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതം, അർബൻ അഗ്ലോമറേഷൻ വിഹിതം എന്നിവയുടെ സാദ്ധ്യതകൾ ഉപയോഗിക്കണം.

15. മാലിന്യ സംസ്കരണ മേഖലയിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. മിക്സഡ് വേസ്റ്റ് പൂർണ്ണമായി നീക്കം ചെയ്യൽ, പദ്ധതികളുടെ ഭാഗമാകണം.

16. ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന്, എല്ലാ ജില്ലകളിലും ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭ സാദ്ധ്യത കൂടി പരിഗണിച്ച് ഒരു കേന്ദ്രമെങ്കിലും, സജ്ജമാക്കണം.

17. ഇറച്ചി മാലിന്യം, മുടി മാലിന്യം, സാനിട്ടറി മാലിന്യം, പുനഃചംക്രമണം സാദ്ധ്യമല്ലാത്ത വസ്തുക്കൾ, കൺസ്ട്രക്ഷൻ ആന്റ് ഡീമോളീഷൻ വേസ്റ്റ് എന്നിവയുടെ ശേഖരണത്തിനും ശാസ്ത്രീയമായ സംസ്കരണത്തിനും മേഖലാ തലത്തിൽ സംവിധാനങ്ങൾ ഒരുക്കണം. സ്വകാര്യമേഖലയുമായുള്ള പങ്കാളിത്ത സാദ്ധ്യതയും പരിഗണിക്കാവുന്നതാണ്. ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിനായി തുടക്കത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൈയ്യിൽ ഒരു കേന്ദ്രമെങ്കിലും സജ്ജ മാക്കേണ്ടതാണ്.

18. സ്ഥിരമായി മാലിന്യം നിക്ഷേപിക്കപ്പെടുന്ന സ്ഥലങ്ങളിലെയും (dump sites) പൊതുനിരത്തു കളിലെയും മാലിന്യം നീക്കം ചെയ്ത് നിരത്തുകൾ ആകർഷകമാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളും നടപടി സ്വീകരിക്കേണ്ടതാണ്. ഡംപ് സൈറ്റുകളിലെ മാലിന്യം നീക്കം ചെയ്ത ശേഷം അവിടങ്ങളിൽ തുടർന്ന് മാലിന്യം നിക്ഷേപിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കണം. പൊതു നിരത്തുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക്, ലെതർ, ഇ-വേസ്റ്റ്, ടയർ, ചെരുപ്പുകൾ, ബാറ്ററികൾ, ലോഹാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക്കിലും ഗ്ലാസ്സിലുമുള്ള ശീതളപാനീയങ്ങളുടെയും മദ്യത്തിന്റെയും ഒഴിഞ്ഞ കുപ്പികൾ, ടെട്രാപായ്ക്കുകൾ, തെർമോകോൾ, കേബിളുകൾ, പാഴ് തുണികൾ, പഴയ ബാഗുകൾ, കെട്ടിടാവശിഷ്ടങ്ങൾ, പാഴ് തടികൾ, മരുന്നു സ്ട്രിപ്പുകൾ, പേസ്റ്റിന്റെ ട്യൂബുകളും കവറുകളും മുതലായ അജൈവ മാലിന്യങ്ങളും നീക്കം ചെയ്ത് നിരത്തുകൾ ആകർഷകമാക്കണം. ഈ പ്രവൃത്തികൾ ശുചീകരണ തൊഴിലാളികളെ മാത്രം ഉപയോഗിച്ചുകൊണ്ട് നിറവേറ്റാൻ കഴിയാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്. പൊതുവിഭാഗം സാധാരണ വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട് ഉൾപ്പെടെ), തനതു ഫണ്ട് എന്നിവ ഇതിനായി വകയിരുത്താ വുന്നതാണ്. ഹരിത കർമ്മ സേനകൾ, കുടുംബശ്രീ യൂണിറ്റുകൾ, സർക്കാർ അംഗീകാരം നൽകുന്ന ഏജൻസികൾ, ശുചീകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികൾ എന്നിവരുടെ സേവനം ഉപയോഗിച്ച് ഈ പ്രോജക്ട് നടപ്പാക്കാവുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ മാത്രമാണ് കൈയ്യൊഴിയുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

19. ജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിത കർമ്മസേന/സംരംഭങ്ങൾ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം വിലയ്ക്ക് വാങ്ങി കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്. ഇതിന്റെ വില ജില്ലാസമിതി നിശ്ചയിച്ചു നൽകണം.

20 അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിനായി മുളയും ഈറ്റയും ഉപയോഗിച്ച് കേരള ബാംബൂ കോർപ്പറേഷൻ നിർമ്മിക്കുന്ന കുട്ടകൾ വാങ്ങി നൽകുന്ന

പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

21 തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം, മാലിന്യ വിവരശേഖരണം എന്നിവ സംബന്ധിച്ച എം.ഐ.എസ് സംവിധാനം നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം (ഹരിത മിത്രം) പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. [സ.ഉ (സാധാ)നം.2307/2021/തസ്വഭവ തീയതി 18.11.2021 കാണുക]

22. മലിനജല സംസ്കരണം, കക്കൂസ് മാലിന്യ സംസ്കരണം എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കണം. ഇതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ്ഭാരത് മിഷൻ-2, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ സംയോജന സാദ്ധ്യതകൾ ഉപയോഗിക്കണം. ഗാർഹികതല പദ്ധതികൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗിക്കണം.

23. ചന്തകൾ, ടൗൺഷിപ്പുകൾ, കൂടുതൽ ജനങ്ങൾ താമസിക്കുന്ന സങ്കേതങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഉണ്ടാകുന്ന മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

24. ജലസ്രോതസ്സുകൾ, പൊതു സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റി ഹാൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിലും പരിസരങ്ങളിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വ്യാപാരി വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പ്രദേശവാസികൾ, സ്കൂൾ പി.റ്റി.എ, എച്ച്.എം.സി. എന്നിവരുടെ സഹായത്തോടെ സി.സി. ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

25. ദ്രവമാലിന്യ സംസ്കരണത്തിനായി 50 അല്ലെങ്കിൽ പരിമിതപ്പെടുത്താവുന്ന എണ്ണം വീടുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ രൂപപ്പെടുത്തി ക്ലസ്റ്ററിലെ വീടുകൾക്ക്/സ്ഥാപനങ്ങൾക്ക് ഉപയോഗ പ്പെടുത്താൻ കഴിയും വിധം ആ പ്രദേശത്തിനകത്ത് ലഭ്യമാകുന്ന സ്കൂൾ/പൊതു സ്ഥാപനങ്ങൾ എന്നിവയുടെ ഭൂമിയിൽ ചെറുകിട ഇ.റ്റി.പി (Effluent Treatment Plant), എസ്.റ്റി.പി (Sewage Treatment Plant) എന്നിവ സ്ഥാപിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

26. മാലിന്യസംസ്ക്കരണ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഇല്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ ലളിതമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തു കളിലെ വി.ഇ.ഒ.മാർക്ക് തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സാങ്കേതിക സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

27. ദ്രവമാലിന്യ സംസ്കരണം – തെളിനീരൊഴുകും നവകേരളം

(i) സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളുടേയും ശുദ്ധീകരണത്തിന് വിപുലമായ ഒരു ജനകീയ ക്യാമ്പയിൻ ഈ പദ്ധതി വർഷത്തിൽ സർക്കാർ ഏറ്റെടുക്കുകയാണ്. 'തെളിനീരൊഴുകും നവകേരളം' എന്ന പേരിലുള്ള സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം വാർഡ്തലം മുതലുള്ള ജനകീയ സമിതികളുടെ നേതൃത്വപരമായ പങ്ക് വിഭാവനം ചെയ്യുന്നു.[സ.ഉ.(എം.എസ്) നം.59/2022/തസ്വഭവ തീയതി 14.03.2022 പ്രകാരമുള്ള മാർഗ്ഗരേഖ കാണുക]

(ii) വാർഡ് തല ശുചിത്വ, ആരോഗ്യ സമിതികൾ വഴി ജലസ്രോതസ്സുകൾ മലിനമാകുന്ന ഇടങ്ങൾ കണ്ടെത്തൽ, മാലിന്യത്തിന്റെ സ്രോതസ്സ് തിരിച്ചറിയൽ, ജലാശയങ്ങളിലേക്ക് മലിനജലം, ഖരമാലിന്യം എന്നിവ കലരുന്ന സ്ഥലങ്ങളുടെ മാപ്പിങ്ങ്, മലിനീകരണം തടയുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കൽ, സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരെക്കൊണ്ട് ആവശ്യമായ പരിഹാര നടപടികൾ എടുപ്പിക്കൽ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാണ്.

(iii) മൊബൈൽ ആപ്പും, ജി.ഐ.എസ് സംവിധാനവും ഉപയോഗിച്ചുള്ള സ്ഥലീയ വിവരശേഖരണം പരിശീലനം ലഭിച്ച ആളുകളെ ഉപയോഗിച്ച് ജനകീയമായി തയ്യാറാക്കാനാകും. വിപുലമായ ഈ ബഹുജന ക്യാമ്പയിനിലൂടെ കേരളത്തിലെ നദികൾ, കായലുകൾ, തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ എന്നിവ അടങ്ങിയ ജലവ്യവസ്ഥയെ സമ്പൂർണ്ണ ശുചിത്വം ഉള്ളതാക്കി മാറ്റുക എന്നതാണ് ലക്ഷ്യം.

(iv) വാർഡ്, തദ്ദേശ സ്ഥാപന തല ജനകീയ സമിതികളെ സജീവമാക്കൽ, സന്നദ്ധ പ്രവർത്തരെ കണ്ടെത്തൽ, മാലിന്യ ഇടങ്ങളുടേയും മലിനീകരണ സ്രോതസ്സുകളുടേയും മാപ്പിങ്ങ്, ആവശ്യമായ തുടർ നടപടികൾ പദ്ധതികളിൽ ഉൾപ്പെടുത്തിയും അല്ലാതെയും സ്വീകരിക്കൽ എന്നിങ്ങനെ നേതൃത്വ പരമായ പങ്കാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ ക്യാമ്പയിനിൽ നിർവ്വഹിക്കാൻ ഉള്ളത്. സാദ്ധ്യതകൾക്ക് അനുസരിച്ച് ഗാർഹികതല പദ്ധതികൾ, സ്ഥാപനതല പദ്ധതികൾ, തദ്ദേശസ്ഥാപനതലത്തിൽ പൊതുപദ്ധതികൾ എന്നിവ ആവിഷ്കരിക്കണം.

### 8.2 മൃഗസംരക്ഷണം, ക്ഷീര വികസനം

(1) പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതായിരിക്കണം പ്രോജക്ടുകളുടെ ലക്ഷ്യം.

(2) മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്യണം

(3) മൃഗ ചികിത്സാ രംഗത്തെ സേവന ഗുണനിലവാരവും സേവന ലഭ്യതയും മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

(4) പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാ ഹിപ്പിക്കുന്നതിനും സഹായിക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്യാവുന്നതാണ്.

(5) മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

(6) മൃഗ പരിപാലനം, മൃഗജന്യ രോഗങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട പൊതു ആരോഗ്യ പ്രശ്നങ്ങളിൽ വൺ ഹെൽത്ത് (ഏകാരോഗ്യം) സമീപനം അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തന ങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(7) മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ മഹാത്മാഗന്ധി ദേശീയ തൊഴിലുറപ്പ പദ്ധതിയുമായി സംയോജനത്തിനു ശ്രമിക്കേണ്ടതാണ് .

### 8.3 മത്സ്യബന്ധനം

(1) കടൽ, ഉൾനാടൻ മേഖലയിലെ മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണം, ജൈവ വൈവിധ്യ സംരക്ഷണം, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുസ്ഥിരമായ ഉപജീവനം എന്നിവ ഉറപ്പുവരുത്തുകയായിരിക്കണം മത്സ്യ മേഖലാ വികസനത്തിലെ മുഖ്യ ലക്ഷ്യം.

(2) മത്സ്യോൽപ്പാദനം, ഹാച്ചറി, മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ, വിപണനം, മത്സ്യമേഖലയിലെ സേവനങ്ങൾ, എന്നീ മേഖലകളിൽ തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പി ക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

(3) മത്സ്യ വിപണനം ആധുനികവൽക്കരിക്കുന്നതിനും അത് നടത്തുന്നവർക്കുള്ള അടിസ്ഥാന സൗകര്യം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

(4) മത്സ്യമേഖല ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത മത്സ്യ തൊഴിലാളി കളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും പുനരധിവാസത്തിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേ ണ്ടതാണ്.

(5) കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള തീരസംരക്ഷണ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കണം.

(6) കാലാവസ്ഥാ വ്യതിയാനം മുൻനിർത്തിയുള്ള മുൻകരുതൽ/പ്രതിരോധ നടപടികൾക്ക് പ്രാധാന്യം നൽകണം. പ്രകൃതി ദുരന്ത മുൻകരുതൽ/പ്രതിരോധ നടപടികൾക്ക് പ്രത്യേക പരിഗണന നൽകണം.

(7) കൃഷി – അനുബന്ധ മേഖലകളുമായി ചേർന്ന് സംയോജിത പ്രോജക്ടുകൾ നടപ്പാക്കാം.

### 8.4 ചെറുകിട വ്യവസായങ്ങളും പരിശീലനവും

#### 8.4.1 ചെറുകിട വ്യവസായങ്ങൾ

(1) കാർഷികവികസനം, മൃഗ സംരക്ഷണം, ക്ഷീര വികസനം, മത്സ്യവികസനം എന്നീ മേഖലകളിലെ ഉത്പന്നങ്ങൾ മൂല്യവർദ്ധിതമായി രൂപാന്തരപ്പെടുത്തി അവയുടെ വിപണനം പ്രോത്സാഹിപ്പിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം.

(2) സംരംഭകത്വ വികസനത്തിൽ നൈപുണ്യവികസനം പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കണം.

(3) പരമ്പരാഗത വ്യവസായങ്ങൾ നവീന ശാസ്ത്ര സാങ്കേതിക ഉപാധികൾ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കണം.

(4) കുടുംബശ്രീയുടെ സംരംഭവികസനം, നൈപുണ്യവികസനം എന്നീ പരിപാടികളുമായി സംയോജിപ്പിച്ച് സംരംഭക പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്.

(5) പരിസ്ഥിതിക്ക് അനുയോജ്യവും ലളിതമായ വൈദഗ്ധ്യപ്രയോഗത്താൽ പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യതയുള്ളതുമായ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(6) കുടുംബശ്രീ നിലവിൽ ഉപയോഗപ്പെടുത്തുന്ന ഓൺലൈൻ വിപണന സൗകര്യങ്ങൾ പ്രാദേശിക ഉല്പന്നങ്ങളുടെ വിപണനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

### 8.4.2 സൂക്ഷ്മ സംരംഭങ്ങൾ

(1) നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിന് നോർക്ക ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ ഏജൻസികളുമായി സഹകരിച്ചോ, സ്വന്തം നിലയിലോ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

(2) പ്രാദേശിക വിഭവസമ്പത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉത്പാദന യൂണിറ്റുകളും സൂക്ഷ്മ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കണം.

(3) വായ്പാബന്ധിത തൊഴിൽ സംരംഭകത്വ പ്രോജക്ടുകളെ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) തൊഴിൽ സംരംഭങ്ങളിൽ മുൻപിൻ ബന്ധങ്ങൾ ഉറപ്പുവരുത്തണം.

(5) സംരംഭക വികസനത്തിന് കുടുംബശ്രീ പരിപാടികളുമായി ബന്ധിപ്പിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

(6) സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ സാദ്ധ്യത പരമാവധി വർദ്ധിപ്പിക്കുന്നതിനായി സമാന സ്വഭാവമുള്ള സംരംഭങ്ങളെ തദ്ദേശഭരണ തലത്തിൽ ഏകോപിപ്പിച്ച് വിപണി സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം പ്രോത്സാഹിപ്പിക്കാവുന്നതാണ്. പട്ടികജാതി / പട്ടികവർഗ്ഗക്കാരുടേതുൾപ്പെടെയുള്ള സംരംഭങ്ങളിലെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി മാർക്കറ്റിംഗ് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പൊതു വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതും പരിഗണിക്കാവുന്നതാണ്.

(7) നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങൾ പരിപോഷിപ്പിക്കുന്നതിനായി ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് വേണ്ട ധന സഹായം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

(8) സേവന മേഖലയിലെ സംരംഭകത്വ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. ഉദാഹരണത്തിന് ഇതിനായി ടാക്സി സേവനങ്ങൾ, ഗാർഹിക ശുചീകരണ സേവനങ്ങൾ, ഗാർഹിക കാർഷിക

സേവനങ്ങൾ, ഊർജ്ജ സേവനങ്ങൾ, പരിചരണം ആവശ്യമുള്ള വ്യക്തികളുടെ പരിചരണം, ഭക്ഷണ വിതരണം മുതലായ സേവനങ്ങൾ ചെയ്യുന്നതിനുള്ള സേവന ദാതാക്കളുടെ കൂട്ടായ്മകൾ സംരംഭകത്വ മാതൃകയിൽ രൂപീകരിക്കാം. വീടുകൾ, സ്ഥാപന ഇടങ്ങൾ എന്നിവ വാടകക്ക് എടുക്കൽ, താമസ സൗകര്യങ്ങൾ ഒരുക്കൽ മുതലായവയേയും പൊതുസേവന ശൃംഖലയിലേക്ക് കൊണ്ടുവരാവുന്നതാണ്. അതിഥി തൊഴിലാളികൾക്ക് ആവശ്യമായ സേവനങ്ങൾ, കേരളത്തിന് പുറത്തുള്ള പ്രവാസി കുടുംബാംഗങ്ങൾക്ക് നൽകാവുന്ന സേവനങ്ങൾ എന്നിവയും ഈ ശൃംഖലയിൽ കൊണ്ടുവരാം. ഈ സേവന ശൃംഖലകളെ ഐ.ടി സംവിധാനം വഴി ബന്ധിപ്പിക്കാം. യുവതി യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനുള്ള സംരംഭക, പ്രോത്സാഹന സംവിധാനമായി ഇവ കാലക്രമേണ വികസിക്കുന്നുവെന്ന് ഉറപ്പാക്കണം

### 8.4.3 തൊഴിൽ പരിശീലനങ്ങൾ

(1) തൊഴിൽ സംരംഭക ഗ്രൂപ്പുകളിലെ 18-നും 60-നും മദ്ധ്യേ പ്രായമുള്ളതും സബ്സിഡി മാർഗ്ഗരേഖപ്രകാരം നിശ്ചയിച്ചിട്ടുള്ള വരുമാനപരിധിയിൽ താഴെ വരുന്നതുമായ അംഗങ്ങൾക്ക് അവർ ഏർപ്പെട്ടിട്ടുള്ള തൊഴിൽ മേഖലയിൽ പരിശീലനം നൽകാവുന്നതാണ്.

(2) പരിശീലനം നേടാൻ താൽപര്യമുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത, പരിശീലനം ആവശ്യമുള്ള മേഖല എന്നിവ വ്യക്തമാക്കി ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട സംവിധാനം ഗ്രാമപഞ്ചായത്തുകൾ ആവിഷ്കരിക്കേണ്ടതാണ്.

(3) തൊഴിൽ/നൈപുണ്യ വികസന പരിശീലന പരിപാടികൾ അംഗീകൃത പരിശീലന ഏജൻസികൾ മുഖേന നടത്തേണ്ടതാണ്.

(4) നൈപുണ്യ പോഷണ പ്രോജക്ടുകൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(5) നിലവിലെ വിദ്യാഭ്യാസത്തിന്റെയും തൊഴിൽ പരിചയത്തിന്റെയും നൈപുണ്യത്തിന്റെയും തോത് കണ്ടെത്തി അതനുസരിച്ച് വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

(6) ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമായ മാനവ വിഭവശേഷിയുടെ വിവരങ്ങൾ ശേഖരിച്ച് മാൻപവർ ബാങ്കുകൾ ആരംഭിക്കാവുന്നതാണ്.

(7) പ്രാദേശിക സാദ്ധ്യതകൾക്കനുസരിച്ച് ആധുനിക അടിസ്ഥാന സൗകര്യങ്ങളുള്ള തൊഴിലിടങ്ങൾ ഒരുക്കുന്നതിന് 'വർക്ക് ഫ്രം നെയിബർഹുഡ്' പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതും നിലവിലുള്ള കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകളെ 'വർക്ക് ഫ്രം നെയിബർഹുഡ്' സൗകര്യങ്ങളുമായി ബന്ധിപ്പിക്കാവുന്നതുമാണ്.

(8) പ്രാദേശികമായി തൊഴിൽ സാദ്ധ്യത ഉറപ്പുള്ള സാഹചര്യത്തിൽ, വിവിധ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം നൽകി തൊഴിലുമായി ബന്ധിപ്പിക്കാവുന്നതാണ്.

(9) ട്രേഡ് സ്പെസിഫിക് കോഴ്സുകൾ നൽകി നേരിട്ട് തൊഴിലിലേക്ക് ബന്ധിപ്പിക്കാവുന്നവർ, ഹ്രസ്വകാല ബ്രിഡ്ജ് കോഴ്സുകൾ നൽകി തൊഴിലിലേക്ക് ബന്ധിപ്പിക്കാവുന്നവർ, RPL (Recognition of prior learning) നൽകേണ്ടവർ, Soft Skills, PIP (Performance Improvement programme) തുടങ്ങി വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകാവുന്നതാണ്.

(10) ജില്ലാ, ബ്ലോക്ക് തലങ്ങളിൽ എംപ്ലോയ്മെന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിയ്ക്കാവുന്നതും തൊഴിൽ മേളകൾ സംഘടിപ്പിക്കാവുന്നതുമാണ്.

(11) ഈറ്റ, മുളാധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം കേരള ബാംബൂ കോർപ്പറേഷൻ മുഖേന നൽകാവുന്നതാണ്.

### 8.5 ഊർജ്ജം

(1) പ്രാദേശികമായി സാദ്ധ്യമായ ഊർജ്ജോത്പാദന യൂണിറ്റുകൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാ വുന്നതാണ്.

(2) വൈദ്യുതി എത്താത്ത പ്രദേശങ്ങളും വീടുകളും ഉണ്ടെങ്കിൽ അവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.

(3) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായോ ഒറ്റയ്ക്കോ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(4) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി സൗരോർജ്ജ വൈദ്യുതി ഉത്പാദന യൂണിറ്റുകൾ സർക്കാർ ഏജൻസികൾ മുഖേന സ്ഥാപിക്കാവുന്നതാണ്. അത്തരം പ്രോജക്ടുകളിൽ അനർട്ടിന്റെ (ANERT) മാനദണ്ഡങ്ങളും സ്പെസിഫിക്കേഷനും പാലിക്കേണ്ടതാണ്.

(5) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകണം.

(6) അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അവയുടെ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(7) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലും പരിപാലനത്തിലുമുള്ള പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് പ്രോജക്ടിന്റെ മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നമ്പർ 202/2020 തസ്വഭവ തീയതി : 25.12.2020] പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിന് ആവശ്യമായ തുക/കിഫ്ബിക്ക് തിരിച്ചടവ് നടത്തുന്നതിനുള്ള തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണ്.

(8) നിലാവ് പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിക്കുന്ന എൽ.ഇ.ഡി ലൈറ്റുകളുടെ വൈദ്യുതി ഉപഭോഗം കണക്കാക്കുവാൻ മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുക്കേണ്ടതാണ്.

(9) ജല വൈദ്യുത പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററിന്റെ (EMC) സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്താവുന്നതാണ്.

## 8.6 വിദ്യാഭ്യാസം

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ 'വിദ്യാകിരണം' പരിപാടിയുടെ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

(2) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആകണം മുൻഗണന നൽകേണ്ടത്.

(3) ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

(4) തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ഓരോ വർഷവും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്. എസ്.കെയ്ക്ക് നൽകേണ്ട വിഹിതം എത്രയാണെന്ന് എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ, തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനൊപ്പം ബന്ധപ്പെട്ട വകുപ്പ മേധാവികളെ കൂടി അറിയിക്കണം. ഒപ്പം പദ്ധതി രൂപീകരണ/അംഗീകാര നടപടി സുഗമാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിക്കും ഈ വിവരങ്ങൾ നൽകണം.

(5) പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ സർഗാത്മകശേഷികൾ വികസി പ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.കെ, വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയ തിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(6) സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ അവയുടെ നടത്തിപ്പിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും ശുചിത്വം ഉറപ്പാക്കാനുള്ള സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുക എന്നതുമാത്രമാണ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല. അടുക്കള, അടുക്കളയോട് അനുബന്ധിച്ച് സംഭരണമുറി എന്നിവ ഏർപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകേണ്ടതാണ്.

(7) എല്ലാ സ്കൂളുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് അടുക്കള, ഡൈനിംഗ് ഹാൾ, ടോയിലറ്റ് എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

(8) സ്കൂളുകളിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം.

(9) സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഖണ്ഡിക 8.8.3 (2) (i) ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഏറ്റെടുക്കാവുന്നതാണ്.

(10) സന്നദ്ധ പ്രവർത്തകരായ യുവതീ യുവാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥി കൾക്ക് പഠന പരിപോഷണം (Remedial Coaching) ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്കരി ക്കാവുന്നതാണ്.

(11) എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം കുടിവെള്ളവും യൂറിനലുകളും ടോയിലറ്റും വാഷ്ബെയിസിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം എയിഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താ വുന്നതാണ്.

(12) സർക്കാർ ഹൈസ്കൂളിനോട്/ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ.പി, യു,പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(13) ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി, യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(14) ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള പഞ്ചായത്ത് ലൈബ്രറികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കമ്പ്യൂട്ടർവൽക്കരണമുൾപ്പെടെയുള്ള ആധുനികവൽക്കരണ ത്തിനും ഗ്രാമ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

(15) ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർ വൽക്കരണം ഉൾപ്പെടെ ആധുനിക വൽക്കരണത്തിനുമുള്ള പ്രോജക്ടുകൾ ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്

(16) സ്കൂളുകളിലെ ജൈവ വൈവിദ്ധ്യ ഉദ്യാനം, മാലിന്യസംസ്കരണ പരിപാടി, ഊർജ്ജ സംരക്ഷണ പരിപാടി എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്.

(17) സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില

നൽകുക, സാക്ഷരതാ മിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(18) വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന 'നിർഭയ' പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വാണ്ട, ജൂഡോ, കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധന കലകളിൽ ഹൈസ്ക്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പ്രോജക്ടുകളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്.

(19) സ്കൂളുകൾക്ക് വേണ്ടി വിവിധ പദ്ധതികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെയും ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല.

(20) ഹയർ സെക്കണ്ടറി സ്കൂളുകളിലേയും ഹൈസ്കൂളുകളിലെയും വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കായി ദുരന്തനിവാരണ പരിശീലനപരിപാടികൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(21) പൗരബോധം, പരിസ്ഥിതി ബോധം, ലിംഗസമത്വം, കാർഷികാഭിരുചി, ശുചിത്വബോധം, മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അവബോധം സൃഷ്ടിക്കു ന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് മുൻഗണന നൽകണം.

(22) സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ ഭാഗമായി എല്ലാവർഷവും ജൂൺ മാസത്തിൽ വിദഗ്ധ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ ബ്ലോക്ക്തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സേവനങ്ങൾ, സഹായ ഉപകരണങ്ങൾ, മറ്റ് അവശ്യം വേണ്ട പിന്തുണാ സംവിധാനങ്ങൾ എന്നിവ നിശ്ചയിക്കുന്നുണ്ട്. തീവ്ര ചലനപരിമിതി മൂലം ഇത്തരം ഓട്ടിസം സെന്ററിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് അവരുടെ വീടുകളിൽ തെറാപ്പി സേവനം എത്തിക്കുന്നതിനുള്ള പ്രോജക്ടുകൾ എസ്.എസ്.കെ.യുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാ വുന്നതാണ്.

(23) സമഗ്രശിക്ഷാ കേരളം പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന അധിക പഠനപിന്തുണാ സംവിധാനമായ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ, ആവശ്യമെങ്കിൽ, പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് അധിക പഠനപിന്തുണ (Remedial Education) നൽകുന്നതിനായി എസ്.എസ്.കെ. മാതൃകയിൽ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആരംഭിക്കാവുന്നതാണ്.

## 8.7 ആരോഗ്യ സുരക്ഷ

### 8.7.1 ആരോഗ്യ സംരക്ഷണം

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ നവകേരളം കർമ്മ പദ്ധതി -2 ലെ 'ആർദ്രം' മിഷനുമായി സമന്വയിപ്പിച്ച് നടപ്പാക്കുന്ന രീതിയിൽ തയ്യാറാക്കണം.

(2) കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകണം.

(3) എല്ലാ ഗ്രാമപഞ്ചായത്തുകളും സ.ഉ. (സാധാ)നം. 553/2019/തസ്വഭവ, തീയതി 07.03.2019 നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രവർത്തനങ്ങൾ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(4) ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങളും സ്ക്രീനിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(5) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം, പുനർ നിർമ്മാണം, അറ്റകുറ്റപണികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ എടുക്കുന്ന പ്രോജക്ടിലേയ്ക്ക് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

(6) പ്രത്യേക സാഹചര്യങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കരാറടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് അനുവദനീയമായ വേതനം, സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിധേയമായി വികസന/തനതുഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

(7) ദേശീയ ആയുഷ് മിഷനിലൂടെ രാജ്യത്തൊട്ടാകെയായി 12,500 Ayush Health Wellness Centre (HWC) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ 600 HWC സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളാണ് Ayush HWC ആയി മാറ്റുന്നത്. ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനം അതുവഴി സുഖ പ്രസവം, കുട്ടികളുടെ ആരോഗ്യം, വയോജന പരിപാലനം (ആരോഗ്യമുള്ള വാർദ്ധക്യം) ഇവയാണ് പ്രധാന ലക്ഷ്യങ്ങൾ. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ഈ പദ്ധതിയ്ക്ക് സാമ്പത്തിക സഹായവും മനുഷ്യ വിഭവവും കേന്ദ്രസർക്കാർ നൽകും. ഈ പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കണം.

(8) വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും സംബന്ധിച്ച പ്രവർത്തനങ്ങളിൽ ആയുർവേദത്തിന്റെ സാദ്ധ്യത കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. ആയുർവേദ സാന്ത്വന പരിചരണ പദ്ധതിയായ 'അരികെ' പദ്ധതിയുമായി ഇവ സംയോജിപ്പിച്ച് നടപ്പാക്കാവുന്നതാണ്.

(9) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ ആയുർവേദം, ഹോമിയോ എന്നീ വകുപ്പുകളേയും കൂടി ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

### 8.7.2 രോഗ പ്രതിരോധ നടപടികൾ

(1) ക്യാൻസർ, കിഡ്നി - കരൾ രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധനാ ക്യാമ്പുകൾ ഗ്രാമ പഞ്ചായത്തുകൾക്ക് തനതായും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായ ത്തോടെയും സംഘടിപ്പിക്കാവുന്നതാണ്.

(2) ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും മാനസിക ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നൽകുന്നതിനുള്ള പ്രോജക്ടുകൾ, വനിതാശിശു വികസന വകുപ്പിന്റെ ഇതു സംബന്ധിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി, ഏറ്റെടുക്കാവുന്നതാണ്.

(3) രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ബോധവൽക്കരണ പരിപാടികൾ, സർവേകൾ, മറ്റ് വിവരശേഖരണം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ലെങ്കിലും മറ്റൊരു പ്രോജക്ടിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ഇവ ഏറ്റെടുക്കാവുന്നതാണ്.

(4) സ്കൂൾ ആരോഗ്യ പരിപാടി ഫലപ്രദമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(5) മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ദേശീയ ആരോഗ്യ ദൗത്യം, സ്വച്ഛ് ഭാരത് മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ ധനസഹായം ലഭിക്കുമെങ്കിൽ അവ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംയോജിത പ്രോജക്ടുകൾ തയ്യാറാക്കണം.

(6) സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, മറ്റ് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവ നടത്തുന്നതിന്റെ ഭാഗമായുള്ള വാഹന വാടക നൽകുന്നതിനുള്ള പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ വാഹനം വാങ്ങാൻ പാടില്ല.

(7) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യങ്ങളിലും ദുരന്ത നിവാരണത്തിന്റെ ഭാഗമായും, പകർച്ചേതര വ്യാധികളുടെ സമഗ്ര നിയന്ത്രണത്തിനും വേണ്ടി മെഡിക്കൽ ക്യാമ്പുകൾ ഗ്രാമപഞ്ചായത്തുകൾക്ക് സംഘടിപ്പിക്കാവുന്നതാണ്.

(8) പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'ആരോഗ്യ ജാഗ്രതാ പദ്ധതി' നടപ്പാക്കുന്നതിന് വേണ്ട നിശ്ചിത വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്താ വുന്നതാണ്.

## 8.8 സാമൂഹ്യനീതി

### 8.8.1 സാമൂഹ്യനീതി - പൊതു നിർദ്ദേശങ്ങൾ

(1) ശിശുക്കൾ (0-6 വയസ്സ്), കുട്ടികൾ (06-18 വയസ്സ്), ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, വിവാഹമോചിതരായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ, 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾ, ചൂഷണത്തിനും അതിക്രമത്തിനും ഇരയായ സ്ത്രീകൾ, ട്രാൻസ്ജെന്റർ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ജീവിതത്തിൽ ഒറ്റപ്പെട്ടു പോയവർ, ഗുരുതര

രോഗം ബാധിച്ചവർ, എച്ച്.ഐ.വി ബാധിച്ചവർ, അഗതികൾ, കിടപ്പുരോഗികൾ, ഇതര സംസ്ഥാന തൊഴിലാളികൾ, യാചകർ, ജയിൽ മോചിതർ, സാമൂഹ്യ സുരക്ഷ ആവശ്യമായ മറ്റ് വിഭാഗങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, കായിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ക്ഷേമ-വികസന- പുനരധിവാസ പ്രവർത്തനങ്ങൾ പരിഗണിക്കപ്പെടണം. പ്രവാസ ജീവിതം കഴിഞ്ഞ് കേരളത്തിലേയ്ക്ക് തിരിച്ചു വന്നവരിലും സമൂഹത്തിന്റെ കൈത്താങ്ങും, പരിഗണനയും ഇല്ലാതെ മുന്നോട്ട് പോകാൻ കഴിയാത്തവരുണ്ട്. അവർക്കുവേണ്ടിയും ഉചിതമായ ക്ഷേമ – പുനരധിവാസ പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.

(2) ബഡ്സ് സ്കൂളുകളും ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ കുടുംബശ്രീമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ബഡ്സ് സ്കൂളുകൾ/ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. പുതിയതായി ആരംഭിക്കുന്ന ബഡ്സ് സ്കൂളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചുവേണം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ആരംഭിക്കുന്ന ബഡ്സ് സ്കൂളിൽ/ബഡ്സ് പുനരധിവാസ കേന്ദ്രത്തിൽ കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ, ആകർഷകമായ ചിത്ര പെയിന്റിംഗുകൾ എന്നിവ ഒരുക്കുന്ന പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും ഏറ്റെടുക്കാവുന്നതാണ്.

(3) സാമൂഹ്യതിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി ഉപയോഗ വിപത്തുകൾക്കെതിരെയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരുടെയും ഇടയിൽ ബോധവൽക്കരണം നടത്തുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തു കൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(4) ഏതെങ്കിലും സംഘടനയുടേയോ സമുദായത്തിന്റേയോ നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ ഉള്ള ശ്മശാനം ഗ്രാമപഞ്ചായത്തിന് വിട്ടുതരികയാണെങ്കിൽ വസ്തു ആർജ്ജിക്കൽ ചട്ടങ്ങൾ പ്രകാരം അത് ഏറ്റെടുത്ത് വികസന പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. എന്നാൽ പട്ടികജാതി / പട്ടികവർഗ്ഗ സമുദായക്കാരുടെ ഉടമസ്ഥതയിലുള്ള ശ്മശാനങ്ങളിൽ അവ ഗ്രാമപഞ്ചായത്തിന് കൈമാറാതെ തന്നെ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ മറ്റ് സൗകര്യ മൊരുക്കൽ തുടങ്ങിയവ ഏറ്റെടുക്കാവുന്നതാണ്.

### 8.8.2 അങ്കണവാടികൾ പരിപാലിക്കൽ

(1) അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യ മാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം.

(2) എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യ ത്തോടെ പ്രവർത്തിക്കേണ്ടതാണ്. MGNREGS ഉം വനിത ശിശുവികസന വകുപ്പുമായും സഹകരിച്ച് വേണം ഇതിനായി പ്രവർത്തിക്കേണ്ടത്. ഇത് സാദ്ധ്യമാക്കുന്നതിന് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(3) അങ്കണവാടികളിൽ മുടങ്ങാതെ ഹാജരാകുന്ന കുട്ടികൾ, പോഷകാഹാരം ലഭിക്കുവാൻ അർഹതയുള്ളവരും അത് സ്വീകരിക്കാൻ തയ്യാറുള്ളവരുമായ മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് മാത്രമേ അങ്കണവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യേണ്ടതുള്ളൂ.

(4) അങ്കണവാടി പോഷകാഹാര വിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്നുറപ്പ് വരുത്താൻ അങ്കണവാടി തല മോണിട്ടറിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി, മാതൃസമിതി ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകുന്ന രീതിയിൽ അവയുടെ പ്രവർത്തനം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ മുഖേന ക്രമീകരിക്കണം.

**8.8.3 ഭക്ഷണ വിതരണ പരിപാടികൾ**

(1) ജില്ലാ പഞ്ചായത്തുകൾക്ക് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച്.ഐ.വി. അണുബാധിതർക്ക് പോഷകാഹാരം നൽകാവുന്നതാണ്.

(2) ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന ഭക്ഷണ വിതരണ പരിപാടികൾ ചുവടെ വിവരിക്കുന്നു.

(i) സർക്കാർ സ്കൂളുകളിൽ യു.പി. വിഭാഗം (ഏഴാം ക്ലാസ്) വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലേയും തീരദേശമേഖലയിലേയും സ്കൂളുകളിൽ ഈ പരിപാടി നിർബന്ധമായും നടപ്പിലാക്കണം. അദ്ധ്യാപക – രക്ഷാകർതൃ സമിതിയുടെ ചുമതലയിൽ നടപ്പാക്കുന്ന ഈ പ്രോജക്ടിന് സ്പോൺസർഷിപ്പിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണ്. സർക്കാർ സ്കൂളുകളിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിലെ യു.പി വിഭാഗം വരെയുമുള്ള അർഹരായ കുട്ടികൾക്കും പ്രഭാതഭക്ഷണം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കാവുന്നതാണ്. ഹൈസ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന യു.പി വിഭാഗം വരെയുള്ള കുട്ടികളുടെ പ്രഭാത ഭക്ഷണത്തിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്

(ii) പട്ടികവർഗ്ഗ പരിചരണ സേവന പാക്കേജ് പ്രകാരം അർഹതയുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അങ്കണവാടി മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ഇതുപോലെ പട്ടികവർഗ്ഗക്കാരിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും പാകം ചെയ്ത ഭക്ഷണം ലഭ്യമാക്കാവുന്നതാണ്.

(iii) അഗതി രഹിത കേരളം (ആശ്രയ) പദ്ധതി പ്രകാരം അർഹതയുള്ള അഗതികൾക്ക് അങ്കണവാടി മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് .

(iv) നിർദ്ധനരായ രോഗികൾക്ക്, അവർ ആശുപത്രിയിൽ കഴിയുന്ന ദിവസങ്ങളിൽ, കുടുംബശ്രീ മുഖേന ഭക്ഷണം പാകം ചെയ്ത് നൽകുന്ന പ്രോജക്ട് ഏറ്റെടുക്കുവുന്നതാണ്. ഈ പദ്ധതിക്ക് ആവശ്യമായ തുക ആശുപത്രി അധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീക്ക് നൽകാവുന്നതാണ്.

(v) ബഡ്സ് സ്കൂളിലെ കുട്ടികൾക്കും ബഡ്സ് പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്കും പ്രഭാത ഭക്ഷണവും അനുപൂരക പോഷകാഹാരവും ഉച്ചഭക്ഷണവും പാകം ചെയ്ത് നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

(vi) വയോക്ലബുകളിലെ/പകൽവീടുകളിലെ സൗകര്യം പ്രയോജനപ്പെടുത്തുന്നവരിൽ അർഹതയുള്ള വർക്ക് പാകം ചെയ്ത ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് .

3) ജനകീയ ഹോട്ടലുകൾ :- വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നടത്തിപ്പിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 20 രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ഹോട്ടൽ സംരംഭമായ ജനകീയ ഹോട്ടലുകൾ ആരംഭിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഒരു ഗ്രാമ പഞ്ചായത്തിൽ ഒന്നിലേറെ ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതാണ്. ജനകീയ ഹോട്ടലു കളിൽ നിന്ന് 10% ഊണ് അർഹതപ്പെട്ടവർക്ക് സൗജന്യമായി നല്കണം. ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിനുള്ള വാടക, വൈദ്യുതി-വാട്ടർ ചാർജ്ജുകൾ, ശുചിത്വ സൗകര്യങ്ങൾ, ഫർണിച്ചർ എന്നിവയ്ക്കുള്ള ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്. ഗ്രാമപ്രദേശത്തെ ജനകീയ ഹോട്ടലുകൾക്ക് 10,000 രൂപ വീതം ജില്ലാപഞ്ചായത്തിനും, 20,000/- രൂപ വിതം ബ്ലോക്ക് പഞ്ചായത്തിനും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. ഇതിനാവശ്യമയ തുക തനത്/വികസന ഫണ്ടിൽ നിന്ന് വിനിയോഗിക്കേണ്ടതാണ്. തൊഴിൽ സംരംഭത്തിനുള്ള പ്രോത്സാഹനമെന്ന നിലയ്ക്ക് ഇത്തരം പ്രോജക്ടുകൾ ഉല്പാദനമേഖലയിൽ ഉൾപ്പെടുത്താ വുന്നതാണ്.

## 8.9 അതിഥി തൊഴിലാളി ക്ഷേമം

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ തേടി കേരളത്തിൽ എത്തി വിവിധ തൊഴിലുകൾ ചെയ്യുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പ്, പോലീസ്, റവന്യൂ അധികാരികളുമായി ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. അവരുടെ ക്ഷേമം ഉറപ്പാക്കുന്ന തിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാവുന്നതാണ്.

(1) അതിഥി തൊഴിലാളികളുടെ താമസസ്ഥലങ്ങളിലെ ശുചിത്വം ഉറപ്പാക്കുക.

(2) അതിഥി തൊഴിലാളികളുടെ ഡാറ്റ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുക

(3) അതിഥി തൊഴിലാളികളുടെ ചികിത്സക്കായി പ്രത്യേക ക്ലിനിക്കുകളും മെഡിക്കൽ ക്യാമ്പുകളും നടത്തുക

(4) അതിഥി തൊഴിലാളികൾക്കും അവരുടെ കുട്ടികൾക്കുമായി അവരുടെ പ്രാദേശിക ഭാഷയിൽ രാത്രി സ്കൂൾ അല്ലെങ്കിൽ സ്പെഷ്യൽ സ്കൂളുകൾ നടത്തുക.

### 8.10 പാർപ്പിടം

(1) പാർപ്പിട മേഖലയിലെ ഇടപെടൽ നവകേരളം കർമ്മപദ്ധതി – 2 ലെ  ലൈഫ് മാർഗ്ഗരേഖയ്ക്ക് അനുസൃതമായിരിക്കണം.

(2) പാർപ്പിട മേഖലയ്ക്ക് ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗത്തിലെ സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള തുക നിർബന്ധമായും മാറ്റിവെക്കേണ്ടതാണ് [5.4.1 (1), (2) എന്നീ ഖണ്ഡികകൾ കാണുക]. പാർപ്പിട മേഖലയിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

**(എ) ലൈഫ് (സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി)**

(i) ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള 'മനസ്സോടിത്തിരി മണ്ണ്' എന്ന പരിപാടി വിജയിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രഥമ പരിഗണന നൽകേണ്ടതാണ്.

(ii) ലൈഫ് മിഷൻ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം നൽകുക.

(iii) ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾ ഭൂമി നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങുകയാണെങ്കിൽ നിശ്ചിത നിരക്കിൽ ധനസഹായം നൽകുക.

(iv) ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പാർപ്പിട മേഖലയ്ക്ക് വകയിരുത്തുന്ന വഹിതത്തിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന  ലൈഫ് പദ്ധതിക്ക്  വിഹിതം  നൽകേണ്ടതാണ്

**(ബി) പി.എം.എ.വൈ – ഗ്രാമീൺ**

(i) പി.എം.എ.വൈ പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾക്ക് ഉപരിയായി നൽകേണ്ട അധികവിഹിതം അനുവദിക്കുക.

(ii) പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള വീടുകൾക്ക് വേണ്ടിവരുന്ന അധികതുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35  എന്ന അനുപാത പ്രകാരം വകയിരുത്തേണ്ടതാണ്.

### 8.11 കായിക വിനോദ സൗകര്യങ്ങൾ

(1) കായിക രംഗത്ത്  തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ  സജീവമായി  ഇടപെടേണ്ടതാണ്. ഈ രംഗത്ത് സംസ്ഥാനത്തിന് നഷ്ടപ്പെട്ട മുൻകൈ തിരിച്ച് പിടിക്കാനും ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ വരുത്താനും  ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഇത് ആവശ്യമാണ്.

(2) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്ന ലക്ഷ്യം പൂർത്തീകരിക്കണം. കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ

(സ്ഥലം വാങ്ങൽ ഉൾപ്പെടെ) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കായിക യുവജനകാര്യ വകുപ്പുമായി സഹകരിച്ചോ തനതായോ ഏറ്റെടുക്കാവുന്നതാണ്.

(3) സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ മേന്മവൽക്കരണത്തിന് പ്രാധാന്യം നൽകേണ്ടതാണ്.

(4) 04.02.2010-ലെ 8378/ഡി.എ1/2010/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം ഗ്രാമ തല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ അവ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്

(5) ഗ്രാമപഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും, കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

(6) ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ്- ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

(7) തദ്ദേശഭരണ സ്ഥാപനത്തിന്റെ സാദ്ധ്യതയ്ക്ക് അനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ സ്ഥാപനതല ടീമിനെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുക്കാൻ സഹായിക്കുകയും ചെയ്യാവുന്നതാണ്.

(8) വ്യായാമ കേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ, ടർഫ് കോർട്ട്, ഓപ്പൺ ജിം, നീന്തൽകുളം, മുതലായവ ഏറ്റെടുക്കാവുന്നതാണ്.

(9) സ്പോർട്സ് കൗൺസിൽ, സർക്കാർ/സഹകരണ മേഖലയിലുള്ള അംഗീകൃത സ്പോർട്സ് അക്കാദമികൾ, ഫയർ ഫോഴ്സ്, സ്കൂളുകളിലെയും കോളേജുകളിലെയും കായിക വിഭാഗങ്ങൾ, അദ്ധ്യാപക രക്ഷകർതൃ സമിതികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ അവധിക്കാലങ്ങളിൽ എൽ.പി. സ്കൂൾ തലം മുതലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം, കായിക പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റും നൽകാവുന്നതാണ്.

(10) സർക്കാർ/സഹകരണ മേഖലയിലുള്ള അംഗീകൃത സ്പോർട്സ് അക്കാദമികൾക്ക് പരിശീലന ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(11) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ, പെൺകുട്ടികൾക്കായി ഫിറ്റ്നെസ് സെന്ററുകൾ ജില്ലാ പഞ്ചായത്തുകൾക്ക് ആരംഭിക്കാവുന്നതാണ്.

(12) യുവജനക്ഷേമ മേഖലയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ച കൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

**8.12 കലയും സംസ്ക്കാരവും**

(1) പുരോഗമനാത്മകമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വം കൊടുക്കേണ്ടതാണ്.

(2) പ്രാദേശിക/പാരമ്പര്യ കലകളുടെയും കലാകാരന്മാരുടെയും വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാവുന്നതാണ്.

(3) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്ക്കാരിക നിലയങ്ങൾ, വായനശാലകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പ്രാദേശിക/പാരമ്പര്യ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. പ്രാദേശിക/പാരമ്പര്യ കലാകാരന്മാർക്ക് അവസരം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണം. ഇതിനായി ഇപ്പോൾ നിലവിലുള്ള വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാർ, വിവിധ ജനകീയ സമിതികളുടെയും സന്നദ്ധ സംഘടനകളുടേയും സഹായം എന്നിവ ഉപയോഗിക്കേണ്ടതാണ്.

(4) വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാർക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

(5) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകളെ പ്രാദേശിക ഭരണ സംവിധാനത്തിനുള്ള പിന്തുണാസംവിധാനമായി മാറ്റിയെടുക്കുകയും ഇൻഫർമേഷൻ കേന്ദ്രങ്ങളാക്കി മാറ്റുകയും, വിവരശേഖരണം, കാര്യശേഷി വികസനം, തൊഴിൽ മത്സര പരീക്ഷ പരിശീലനങ്ങൾ എന്നിവ ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതുമാണ്.

(6) (കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനുള്ള വിജ്ഞാന-വിനോദ കേന്ദ്രങ്ങളായി ഗ്രന്ഥശാലകളെയും വായനശാലകളെയും ഉപയോഗിക്കണം.

(7) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക വിഭവങ്ങൾ കൂടി ഉൾപ്പെടുത്തി ഗ്രന്ഥശാലകളോടനുബന്ധിച്ച് വിനോദ വിജ്ഞാനകേന്ദ്രങ്ങൾ ആരംഭിക്കാവുന്ന താണ്.

### 8.13 സഹകരണം

(1) പ്രവർത്തനക്ഷമതയുള്ള സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക, അവയുടെ ആധുനികവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കായിരിക്കണം സഹകരണ മേഖലയിൽ ഊന്നൽ നൽകേണ്ടത്.

(2) പ്രാദേശിക സാമ്പത്തിക വികസനത്തിന് പൂരകമായ ഒരു സഹകരണ വായ്പാനയം തദ്ദേശഭരണ സ്ഥാപനതലത്തിൽ ആവിഷ്കരിക്കുന്നതിന് ആവശ്യമായ ഇടപെടൽ ബി.എൽ.ബി.സി വഴി നടത്തേണ്ടതാണ്.

(3) പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ വൈവിദ്ധ്യവൽക്കരണവും ഇതര സഹകരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും സഹകരണമേഖലയിൽ വിഭാവനം ചെയ്യുന്ന മുഖ്യ കാര്യപരിപാടി ആയിരിക്കണം.

(4) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം, ടൂറിസം, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിലെ വളർച്ച ഉറപ്പാക്കുവാൻ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പരിശ്രമിക്കണം. തദ്ദേശഭരണ സ്ഥാപനവും സഹകരണ സ്ഥാപന

ങ്ങളും ചേർന്നുള്ള സംയുക്തപ്രോജക്റ്റുകൾ നടപ്പാക്കാവുന്നതാണ്. ഇതിൽ സംരംഭകത്വ പദ്ധതികൾക്ക് പ്രാമുഖ്യം നൽകണം.

(5) കാർഷിക, വ്യാവസായിക, സേവന മേഖലകളിലെ ഉല്പാദക സഹകരണസംഘങ്ങളുടെ വൈവിദ്ധ്യവൽക്കരണം, സംരംഭകത്വം , ശാക്തീകരണം, പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകണം.

(6) പുതിയ സഹകരണ സംഘങ്ങൾ നിർദ്ദേശിക്കുമ്പോൾ അത് തദ്ദേശഭരണ സ്ഥാപന പരിധിക്കുള്ളിൽ നിലവിലില്ലാത്ത മേഖലകളുടെ പ്രവർത്തനത്തിനാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(7) സഹകരണ സംഘങ്ങളുടെ വിഭവശേഷിയും അധിക വിഭവവും വിനിയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്ന കൺസോർഷ്യം രൂപീകരിക്കാവുന്നതാണ്.

(8) കേരള ബാങ്കിന്റെ വിവിധ വായ്പാ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കണം.

(9) മുഴുവൻ അംഗങ്ങളും സ്ത്രീകൾ ആയിട്ടുള്ള സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കണം.

## 8.14 ഗതാഗതം

(1) ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം. റോഡ് കണക്ടിവിറ്റിയോടൊപ്പം തന്നെ സ്വാഭാവിക ജല നിർഗമനം സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് (സ്വാഭാവിക നീരൊഴുക്ക്) സംവിധാനം ഉറപ്പ് വരുത്തണം.

(2) ജില്ലാപഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണമായും ഗതാഗതയോഗ്യമാക്കിയതിനുശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്.

(3) ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്റ്റുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(4) ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾക്കു വേണ്ടി പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.

(i) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണം.

(ii) പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയ ശേഷമാണ് ഗ്രാമപഞ്ചായത്തിന്റെ റോഡ് മെച്ചപ്പെടുത്തലിനായി ഏറ്റെടുക്കുന്നതെന്ന് ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം.

(5) അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ.

(6) തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ ഓടകളിലെ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

(7) റോഡ് നിർമ്മാണം, റോഡ് പുനരുദ്ധാരണം/ മെച്ചപ്പെടുത്തൽ എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ ചെയ്യുന്നത് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് അനുവദനീയമായ സ്ഥലങ്ങളിൽ മാത്രമാകണം.

(8) ജംഗ്ഷനുകളുടെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

(9) നാറ്റ്പാക്ക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(10) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ (Road safety measures) ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. അപകട സാദ്ധ്യതാ പ്രദേശങ്ങളിൽ അപായ മുന്നറിയിപ്പ് ബോർഡുകൾ, ചിഹ്നങ്ങൾ, ക്രാഷ് ബാരിയേഴ്സ് തുടങ്ങിയവ സ്ഥാപിക്കണം. ജില്ലാ പഞ്ചായത്തുകളുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

(11) ഈടുറ്റതും ഗുണമേന്മ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഓരോ വാർഷിക പദ്ധതിയിലും കുറഞ്ഞത് ഒരു റോഡെങ്കിലും അഞ്ച് വർഷത്തെ ഗ്യാരന്റിയോടുകൂടി നിർമ്മിക്കേണ്ടതാണ്.

(12) ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നടപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ പൊതു വിഭാഗത്തിലോ പട്ടികജാതി ഉപപദ്ധതിയിലോ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ ആ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ഊരുകളുടെ ഉപയോഗത്തിന് മാത്രമുള്ള നടപ്പാതകളുടെയും നടപ്പാലങ്ങളുടേയും പടവുകളുടേയും നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(13) പ്രധാനമന്ത്രി സഡക്ക് യോജന (PMGSY) പ്രകാരം സംസ്ഥാനത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ സംരക്ഷണ ചുമതല ജില്ലാപഞ്ചായത്തുകൾക്കാണ്. പ്രസ്തുത പരിപാടിയിലെ ആദ്യരണ്ട് ഘട്ടങ്ങളിലായി (PMGSY – I, PMGSY – II) പൂർത്തിയാക്കിയ റോഡുകളിൽ അഞ്ച്

വർഷത്തെ ഗ്യാരന്റി കാലാവധി കഴിഞ്ഞ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

(14) വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ, പൊതുനിരത്തുകളിലെ സുഗമമായ വാഹന ഗതാഗതത്തിനും കാൽനടയ്ക്കും നഗരസ്വഭാവമുള്ള പ്രദേശങ്ങളിൽ വലിയ തടസ്സം നേരിടുന്നുണ്ട്. നിരത്തുവശങ്ങളിലെ വാഹന പാർക്കിംഗ് ഒഴിവാക്കുന്നതിനായി, ഗ്രാമപഞ്ചായത്തുകൾക്ക്, നഗരസ്വഭാവമുള്ള പ്രദേശങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ വാഹന പാർക്കിംഗ് സൗകര്യം (ആധുനിക സൗകര്യങ്ങളോടെയുള്ള മൾട്ടിലെവൽ പാർക്കിംഗ്/റോട്ടറി പാർക്കിംഗ് ഉൾപ്പെടെ) ഏർപ്പെടുത്തു ന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. സ്വകാര്യ/സഹകരണ മേഖലകളുമായി സഹകരിച്ചും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാം. ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും ഇതിനോടനുബന്ധിച്ച് ഒരുക്കാവുന്നതാണ്.

### 8.15 വിനോദ സഞ്ചാരം

1) തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനു ശ്രമിക്കേണ്ടതാണ്. അതിനുള്ള സാദ്ധ്യതാപഠനങ്ങൾക്കായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. സാദ്ധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

2) നമ്മുടെ നാടിന്റെ സവിശേഷതകൾ, ജീവിത രീതി, പാരമ്പര്യം, ആചാരം, ആഘോഷം, ഭാഷ, സംസ്കാരം, പ്രകൃതി, തൊഴിൽ, വളർത്ത് മൃഗങ്ങൾ, പക്ഷികൾ, ഭക്ഷണം എന്നിവയെല്ലാമാണ് പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരത്തിന്റെ ഭാഗമായി പുനരാവിഷ്കരിക്കേണ്ടത്.

3) ടൂറിസം വികസന സാദ്ധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായി ടൂറിസം വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പരിപാടികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

4) തനത് പ്രാദേശിക സംസ്കാരം, കല, കൃഷി, കരകൗശലം എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള ഉത്തരവാദിത്വ ടൂറിസം പരിപാടികൾക്ക് രൂപം നൽകാവുന്നതാണ്.

5) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കാവുന്ന താണ്.

6) ജില്ലാപഞ്ചായത്തുകളുടെ അധീനതയിലുള്ള ജില്ലാഫാമുകളിൽ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്ന തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

### 8.16 പ്രവാസി ക്ഷേമം

ലോകത്താകമാനം പടർന്നുപിടിച്ച കോവിഡ് മഹാമാരിയുടെ ഫലമായി ധാരാളം പ്രവാസികൾക്ക് വിദേശങ്ങളിലെ അവരുടെ തൊഴിൽ നഷ്ടപ്പെട്ട് വിദേശത്ത് നിന്നും നാട്ടിലേക്ക് തിരികെ വരേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇവരുടെ പുനരധിവാസം നമ്മുടെ ബാദ്ധ്യതയും

ഉത്തരവാദിത്തവുമാണ്. അവരുടെ വരുമാന വർദ്ധനവിന് ഉതകുന്നതും അത്തരം വിഭാഗക്കാർ ഒറ്റക്കും കൂട്ടായും ആരംഭിക്കുന്നതുമായ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്റ്റുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

## 9. പദ്ധതി ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾ

(1) തദ്ദേശഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി പദ്ധതി ആസൂത്രണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾ എന്ന പേരിൽ ഒരു പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിനായി ഒന്നിലധികം പ്രോജക്റ്റുകൾ പാടില്ല.

(2) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന വർക്കിംഗ് ഗ്രൂപ്പിലെയും, ആസൂത്രണസമിതിയിലെയും അനൗദ്യോഗിക അംഗങ്ങൾക്ക് ഈ പ്രോജക്റ്റിൽ നിന്നും യാത്രാബത്ത നൽകാവുന്നതാണ്.

(3) പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയുമായി ബന്ധപ്പെട്ട ഫീൽഡ്തല ചെലവുകൾ (ഭക്ഷണചെലവ് ഉൾപ്പെടെ) ഈ പ്രോജക്റ്റിൽ നിന്നും നൽകേണ്ടതാണ്.

(4) ആകെ വികസന ഫണ്ടിന്റെ (പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള നഗരസഞ്ചയ ഗ്രാന്റും ആരോഗ്യമേഖലാഗ്രാന്റും ഒഴികെയുള്ള വിഹിതത്തിന്റെ) അടിസ്ഥാനത്തിലാണ് ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്ക് തുക വകയിരുത്തേണ്ടത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി രൂപീകരണം, (ശതമാനവും തുകയും) | നിർവ്വഹണം,മോണിട്ടറിംഗ് (ശതമാനവും തുകയും) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 2 % (പരമാവധി 3.25 ലക്ഷം രൂപ) | 1 % (പരമാവധി 1.75 ലക്ഷം രൂപ) |
| ബ്ലോക്ക് പഞ്ചായത്ത് | 1 % (പരമാവധി 2.25 ലക്ഷം രൂപ) | 1 % (പരമാവധി 1.75 ലക്ഷം രൂപ) |
| ജില്ലാ പഞ്ചായത്ത് | 0.1 % (പരമാവധി 3.50 ലക്ഷം രൂപ) | 0.2 % (പരമാവധി 4.5 ലക്ഷം രൂപ) |

(5) തദ്ദേശഭരണ സ്ഥാപനതലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ പദ്ധതി മോണിട്ടറിംഗ് ഫലപ്രദമായി നടക്കുന്നുണ്ടെന്ന് ആസൂത്രണ സമിതിഉറപ്പാക്കണം.

(6) ആസൂത്രണ – നിർവ്വഹണ – മോണിട്ടറിംഗ് പ്രവർത്തനങ്ങൾക്ക് ഒരു പ്രോജക്റ്റാണ് തയ്യാറാക്കുന്നതെങ്കിലും, ആഡിറ്റ് ആവശ്യങ്ങൾക്കായി കണക്കുകൾ നൽകുമ്പോൾ രണ്ട് പ്രവർത്തനങ്ങളുടേയും കണക്കുകൾ പ്രത്യേകം തയ്യാറാക്കി നൽകേണ്ടതാണ്.

## 10. വാർഷിക പദ്ധതിയും ബജറ്റും

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. എതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലായെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി

കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ്.

## 11. സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കൽ

11.1 വാർഷിക പദ്ധതിക്ക് മാർച്ച് 31 ന് മുമ്പ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കേണ്ടതും പുതുക്കിയ വാർഷിക പദ്ധതിക്ക് മെയ് 15 –നകം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. അതിന് ചുവടെ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിക്കണം.

(1) മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം.

(2) നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാം.

(3) ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ് ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കാം.

(4) നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം ഏപ്രിൽ 1 മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണ്. ഇവയുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടെയോ ജില്ലാ ആസൂത്രണ സമിതിയുടേയോ അംഗീകാരം ആവശ്യമില്ല. എന്നാൽ ഇത്തരത്തിൽ നിർവ്വഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളും നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

(5) അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്പിൽ ഓവറായി അടുത്ത വർഷം തുടരുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ചശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതുമാണ്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമാക്കി വെറ്റിംഗ് ഓഫീസറുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരം നേടിയതിനുശേഷം മാത്രമേ തുടർന്ന് നിർവ്വഹണം നടത്താൻ പാടുള്ളു.

(6) മാർച്ച് 31-ന് മുൻപ് അടുത്ത വർഷത്തെ പദ്ധതിക്ക് അംഗീകാരം നേടുന്നതിന് കഴിഞ്ഞിട്ടില്ലെങ്കിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പൂർണ്ണ വാർഷിക പദ്ധതി വേണം അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടത്.

## 12. പദ്ധതി നിർവ്വഹണം

### 12.1. നിർവ്വഹണ പദ്ധതി തയ്യാറാക്കി നിർവ്വഹണ നടപടികൾ ആരംഭിക്കൽ

(1) വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരവും പ്രോജക്റ്റുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരവും സാങ്കേതിക പ്രോജക്റ്റുകൾക്ക് സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് ഭരണ സമിതിയോഗം ചേർന്ന് സാമ്പത്തികാനുമതി നൽകുന്ന (Financial Sanction) പ്രമേയം പാസ്സാക്കി പ്രോജക്റ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്.

(2) നിർവ്വഹണാനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രോജക്റ്റുകളുടെ നിർവ്വഹണം സംബന്ധിച്ച് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. തുടർന്ന് എല്ലാ പ്രോജക്റ്റുകളുടേയും നിർവ്വഹണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവ്വഹണ പദ്ധതി തയ്യാറാക്കണം. ഇത്തരത്തിൽ തയ്യാറാക്കുന്ന നിർവ്വഹണ പദ്ധതി തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പ്രോജക്റ്റ് നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിനും അവലംബമാക്കേണ്ടതാണ്.

(3) നിർവ്വഹണ പദ്ധതി പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഭരണസമിതി നിർദ്ദേശം നൽകേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനവും ഉറപ്പാക്കേണ്ടതുമാണ്.

### 12.2 നിർമ്മാണ പ്രോജക്റ്റുകളുടെ നിർവ്വഹണ നടപടികൾ

(1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം ആയിരിക്കണം നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടത്. എല്ലാ നിർമ്മാണ പ്രവൃത്തികളുടേയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും മറ്റ് പ്രവർത്തനങ്ങളും ഡി.എസ്.ആർ പ്രകാരം പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് നിർവഹിക്കേണ്ടതാണ്.

(2) നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി/സ്ഥാപനവുമായി/ കരാറുകാരനുമായി തദ്ദേശഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട ഏജൻസികളോ നിഷ്കർഷിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണെന്ന് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യണം.

(3) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡ്, പാലം, കെട്ടിടം അടക്കമുള്ള നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ, 25.11.2019 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 161/2019/ഫിൻ പ്രകാരമുള്ള 'Defect Liability Period' നിർബന്ധമാക്കേണ്ടതാണ്.

(4) പൊതുമരാമത്ത് പ്രവൃത്തികൾ ജിയോ ടാഗ് ചെയ്യുന്നതിനുള്ള നടപടികൾ അതിനായുള്ള സാങ്കേതിക സംവിധാനം ഐ.കെ.എം. ഒരുക്കുന്ന മുറയ്ക്ക് സ്വീകരിക്കേണ്ടതാണ്.

(5) ഒരു പൊതുമരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം ഏതു രീതിയിൽ വേണമെന്ന് ചുവടെ പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനത്തിന് തീരുമാനിക്കാവുന്നതാണ്.

**(എ) ഗുണഭോക്തൃ സമിതി**

ഒരു ലക്ഷം രൂപയോ അതിന് താഴെയോ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ ഒരു ലക്ഷം രൂപവരെയുള്ള ഒരു പ്രവൃത്തിക്ക് ഇ-ടെണ്ടർ രീതിയോ അതല്ലെങ്കിൽ ടെണ്ടർ രീതിയോ അവലംബിക്കണമെന്നുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന് അപ്രകാരം ചെയ്യാവുന്നതാണ്.

**(ബി) അംഗീകൃത സമിതികൾ**

സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക - രക്ഷാകർതൃ സമിതികളെ ബന്ധപ്പെട്ട സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ കൂടാതെ, ഗുണഭോക്തൃസമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്. ഈ രീതി അവലംബിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളുടെ അടങ്കൽ തുകയുടെ പരിധി 25 ലക്ഷം രൂപയായിരിക്കും.

**(സി) അക്രഡിറ്റഡ് ഏജൻസികൾ**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികളുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികളെ (പി.എം.സി/നോൺ പി.എം.സി) ഏൽപ്പിക്കാവുന്നതാണ്. പി.എം.സി/നോൺ പി.എം.സികൾ മുഖേന പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ ധനവകുപ്പിന്റെ ഉത്തരവുകൾ [04.07.2019 ലെ G.O (P) നം. 77/2019/ധന, 28.04.2021 ലെ G.O (P) നം. 67/2021/ധന, 17.01.2022 ലെ G.O(P) നം.7/2022/ധന] പ്രകാരമുള്ള ബിഡ്ഡിംഗ്/ലിമിറ്റഡ് ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഒപ്പം ധനവകുപ്പിന്റെ ഉത്തരവു പ്രകാരം പി.എം.സി/നോൺ പി.എം.സി അംഗീകാരം ഏതുതരം പ്രവൃത്തികൾക്കാണെന്നും പ്രവൃത്തി ഏൽപ്പിക്കുന്ന സമയത്ത് അക്രഡിറ്റേഷൻ നിലവിലുണ്ടോ എന്നും പരിശോധിച്ച് അത്തരം പ്രവൃത്തികളുടെ നിർവ്വഹണം മാത്രമേ ബന്ധപ്പെട്ട ഏജൻസികളെ ഏൽപ്പിക്കുന്നുള്ളൂവെന്നും ഉറപ്പാക്കണം.

**(ഡി) ഡെപ്പോസിറ്റ് വർക്കുകൾ**

(i) വൈദ്യുതി ലൈൻ ദീർഘിപ്പിക്കാനുള്ള പ്രോജക്ടുകൾ കെ.എസ്.ഇ.ബി. മുഖേനയും കുടിവെള്ള സ്കീമുകൾ കേരള ജല അതോറിറ്റി/ ഭൂജലവകുപ്പ് മുഖേനയും ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പാക്കാവുന്നതാണ്. പ്രത്യേക ഉത്തരവ് മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പാക്കുന്നതിന് സർക്കാർ അനുവാദം നൽകുന്ന മറ്റ് പ്രവൃത്തികൾക്കും ഈ രീതി അവലംബിക്കാവുന്നതാണ്.

(ii) കേരള ജല അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട

സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഇത്തരം പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ.

(iii) ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് KWA, KSEB എന്നീ സ്ഥാപനങ്ങൾ സെന്റേജ് ചാർജ്ജ് ഈടാക്കുന്നതായി കാണുന്നു. അത് വികസന ഫണ്ടിൽ നിന്നും അടയ്ക്കാവുന്നതാണ്.

(iv) ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി. പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്.

**(ഇ) ഇ-ടെണ്ടർ / ടെണ്ടർ**

(i) തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് നിർവ്വഹണം നടത്താൻ കഴിയാത്തതോ, മുകളിൽ പ്രതിപാദിച്ച മറ്റ് നിർവ്വഹണ രീതികൾ അവലംബിക്കാൻ കഴിയാത്തതോ ആയ എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യേണ്ടതാണ്. അതിന് ചുവടെ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

(ii) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക് ഇ- ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതാണ്.

(iii) ഒരു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയോ സാധാരണ ടെണ്ടർ മുഖേനയോ ഗുണഭോക്തൃ സമിതി മുഖേനയോ നടപ്പാക്കാവുന്നതാണ്.

(6) ഗുണഭോക്തൃസമിതികളെയോ അംഗീകൃത ഏജൻസികളെയോ ഏൽപ്പിക്കുന്നതിനു വേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് അനുവദനീയമല്ല.

(7) ടെണ്ടർ ചെയ്യുന്നതിനുള്ള വർദ്ധിച്ച പരസ്യച്ചെലവ് ഒഴിവാക്കുന്നതിന് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കഴിവതും ഒരുമിച്ച് ടെണ്ടർ ചെയ്യേണ്ടതാണ്.

(8) നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കു വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണം. ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണം.

(9) ബഹുവർഷ നിർമ്മാണ പ്രവൃത്തികൾ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കാതെ പൂർത്തിയാക്കുന്ന രീതിയിൽ ആദ്യ വർഷം തന്നെ ടെണ്ടർ ചെയ്യാവുന്നതാണ്.

**12.3 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ:-**

(1) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളെ സംബന്ധിച്ച് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ചുകൂട്ടുന്ന ഗ്രാമസഭകളാണ്.

(2) ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഗ്രാമസഭാ സംഘാടനത്തിന് മുമ്പു തന്നെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

(3) പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ (ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പടെ), കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ (ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഇത്തരം പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ ഉൾപ്പടെ) തിരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

(4) അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയതിയും, സമയവും നിശ്ചയിച്ച് നൽകണം. എല്ലാവിധ പൊതു സാമൂഹ്യസംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യണം. വ്യാപകമായ പ്രചാരണം നൽകണം.

(5) അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായ അപേക്ഷകരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായ ത്തോടെ തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കണം.

(6) അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ അപേക്ഷകരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം. ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകണം.

(7) അർഹരായ അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കണം. പത്ത് ദിവസത്തെ സമയം നൽകാം.

(8) ആക്ഷേപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന കരട് മുൻഗണനാലിസ്റ്റ്, അപേക്ഷകൾ സഹിതം, ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം.

(9) ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ മുൻഗണനാ ക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്.

(10) അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം.

(11) ഭരണസമിതി അംഗീകരിച്ച തദ്ദേശഭരണ സ്ഥാപന മുൻഗണനാ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറണം.

(12) പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്ന എണ്ണത്തെക്കാൾ കൂടുതലാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണമെങ്കിൽ ഓരോ വാർഡിലെയും അർഹരായ

അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി വേണം ആനുകൂല്യം നൽകേണ്ടത്. [ഖണ്ഡിക 12.3 (13) കാണുക].

(13) ഓരോ വാർഡിലെയും, അർഹരായ അപേക്ഷകരുടെ എണ്ണത്തിന് അനുപാതികമായി ആനുകൂല്യം നൽകേണ്ട ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്ന വിധം:- ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലെയും അർഹരായ അപേക്ഷകരുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ പ്രോജക്ട് പ്രകാരം തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഈ രീതിയിൽ ഓരോ വാർഡിനും കണക്കാക്കണം.

(14) അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാവൂ. സമാനസ്വഭാവമുള്ള പ്രോജക്ട് തുടർവർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിനു വേണ്ട ഗുണഭോക്താക്കളേയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് മുൻഗണനാക്രമത്തിൽ 12.3 (13) ഖണ്ഡികയിലെ വ്യവസ്ഥകൾ പാലിച്ച് എടുക്കേണ്ടതാണ്.

(15) ഗുണഭോക്താവിന് ആനുകൂല്യങ്ങൾ നൽകുന്നതിന് മുമ്പ് ഗുണഭോക്താവിന്റെ അർഹത നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും ആനുകൂല്യങ്ങൾക്ക് തികച്ചും അർഹനാണെന്ന് ബോധ്യപ്പെട്ട ശേഷം മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്.

(16) തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ (അനർഹർ ലിസ്റ്റിലുണ്ടെന്നോ അർഹർ ഒഴിവായിപ്പോയെന്നോ കരുതുന്നുവെങ്കിൽ) അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം.

(17) ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ പ്രോജക്ട് പൂർത്തിയായാൽ ഉടൻ ആ പ്രോജക്ടിൽ ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

### 12.4 പൂർത്തീകരണ പത്രവും ഭൗതികനേട്ടങ്ങളും

(1) നിർവഹണം പൂർത്തിയാക്കി ഫൈനൽ ബിൽ തയ്യാറാക്കുന്നതിനൊപ്പം തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണപത്രം സുലേഖ സോഫ്റ്റ് വെയറിൽ നിർബന്ധമായും

തയ്യാറാക്കേണ്ടതാണ്. പൂർത്തീകരണപത്രം തയ്യാറാക്കുന്നതിനൊപ്പം നിർമ്മിച്ച ആസ്തിയുടെ/ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ചേർക്കുകയും വേണം.

(2) ഓരോ സാമ്പത്തിക വർഷാവസാനവും തൊഴിൽ സൃഷ്ടി, ഉല്പാദനം, ഭൗതിക ആസ്തികൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളും ഭൗതിക നേട്ടങ്ങളും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലും മുകൾത്തട്ടുകളിലും ക്രോഡീകരിക്കണം. എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നിയോഗിച്ചിട്ടുള്ള ഡാറ്റാ മാനേജർമാരുടെ സേവനം ഇതിനായി ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം ഭൗതിക നേട്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തുന്നതാണ്.

### 13 വാർഷിക പദ്ധതി ഭേദഗതി

വാർഷിക പദ്ധതിയും പ്രോജക്ടുകളും ഭേദഗതി ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

### 14. മോണിട്ടറിംഗ്

(1) പ്രോജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥയല്ലാത്ത /ഉദ്യോഗസ്ഥനല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥ(ൻ), എന്നിവർ ഉൾപ്പെടുന്ന മൂന്നിൽ കുറയാത്ത അംഗങ്ങൾ ഉള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതിയോ മോണിട്ടറിംഗ് കമ്മിറ്റികളായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്.

(2) വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിട്ടറിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണ സമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്.

(3) മോണിട്ടറിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിട്ടറിംഗ് കമ്മിറ്റിയ്ക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക്(ന്) നൽകാവുന്നതാണ്.

(4) പൊതുമരാമത്ത് പ്രവർത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധമുള്ള മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണം. തുടക്കമെന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ

ഒരു ശതമാനം പ്രോജക്ടുകളെങ്കിലും റാൻഡം രീതിയിൽ തിരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(5) സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ സമിതികളെയും പ്രാദേശിക മോണിട്ടറിംഗിന് ചുമതലപ്പെടുത്താവുന്നതാണ്.

(6) പദ്ധതി നിർവ്വഹണ പുരോഗതിയും ഭൗതികനേട്ടവും മുകൾതലങ്ങളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന സംവിധാനം പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. അതിന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ചുമതല നിശ്ചയിച്ച് നൽകിയിട്ടുള്ള ഉദ്യോഗസ്ഥരെ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന പദ്ധതി നിർവ്വഹണ പുരോഗതി അവലോകനയോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.

(7) പൊതുമരാമത്ത് പണികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതത് പണിസ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

(8) പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ചതിനു തെളിവായി സൂക്ഷിക്കേണ്ട എല്ലാ രേഖകളും, തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓഫീസിൽ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. അതുപോലെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കി അച്ചടിച്ചതും അല്ലാത്തതുമായ എല്ലാ രേഖകളും പദ്ധതി അംഗീകാരം ലഭിച്ചതിനുള്ള രേഖകളും അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും രജിസ്റ്ററുകളും വൗച്ചറുകളും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതാണ്.

**15. പദ്ധതി അവലോകനത്തിന് സോഷ്യൽ ഓഡിറ്റ് സംവിധാനം**

(1) തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പാക്കുന്നതും പ്രാദേശിക പദ്ധതിയിൽ ഉൾപ്പെട്ടതുമായ എല്ലാ വികസന പ്രോജക്ടുകളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗം എത്രമാത്രം ജനങ്ങൾക്ക് പ്രയോജനകരമായിട്ടു ണ്ടെന്ന് ജനങ്ങളുടെ പങ്കാളിത്തത്തോടെ വിലയിരുത്തുകയാണ് സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യം. പദ്ധതിയുടെ ഗുണഭോക്താക്കളായ ജനങ്ങളാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്. ഗ്രാമസഭകളുടെയും, വാർഡ്സഭകളുടെയും ചുമതലയിലും ഉത്തരവാദിത്വത്തിലുമാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ഏറ്റെടുക്കുന്നതും അതിലൂടെ പദ്ധതിയുടെ ഫലക്ഷമത വിലയിരുത്തുകയും ചെയ്യുന്നത്.

(2) സോഷ്യൽ ഓഡിറ്റ് പ്രവർത്തനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ ചുമതലയുള്ളവരുടെ സഹായത്തോടെ, തികച്ചും സ്വതന്ത്രമായിട്ടായിരിക്കണം നടപ്പാക്കേണ്ടത്. തദ്ദേശഭരണ തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് 10 മുതൽ 12 പേർ വരെ അടങ്ങിയ സോഷ്യൽ ഓഡിറ്റ് സമിതിക്കും വാർഡ്തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് 5 മുതൽ 7 പേർ വരെ അടങ്ങിയ വാർഡ്തല സോഷ്യൽ ഓഡിറ്റ് സമിതികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി രൂപം നൽകേണ്ടതാണ്. കുറ്റമറ്റ വിശ്വാസ്യതയും അംഗീകാരവും ഉള്ളവരും പ്രാദേശിക വികസനത്തിൽ വൈദഗ്ദ്ധ്യമുള്ളവരും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധരും പ്രതിബദ്ധതയുള്ളവരും ആയിരിക്കണം സോഷ്യൽ ഓഡിറ്റ് സമിതിയിൽ ഉൾപ്പെടേണ്ടത്.

(3) എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതി പ്രോജക്ടുകളും സംസ്ഥാനാവിഷ്കൃത പദ്ധതി പ്രോജക്ടുകളും പ്രാദേശിക പദ്ധതിയുടെ ഭാഗമായുള്ള പ്രോജക്ടുകളും ജനകീയ പങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സഹായകമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്നതാണ്.

## 16. വാർഷിക പദ്ധതി രൂപീകരണ മുന്നൊരുക്കം

(1) പദ്ധതി നിർവഹണം ആരംഭിക്കുന്ന മുറയ്ക്കുതന്നെ വരും വർഷത്തേയ്ക്കുള്ള പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രയത്നം ആരംഭിക്കണം. പ്രാദേശിക തലത്തിൽ രൂപം നൽകിയിട്ടുള്ള ആസൂത്രണ സമിതിയ്ക്ക് ഭരണ സമിതിയെ ഇക്കാര്യത്തിൽ സഹായിക്കാനാകും. ആദ്യം വേണ്ടത് പഠനങ്ങൾ ഏറ്റെടുക്കുകയും അനൗപചാരിക ചർച്ചകൾ ആരംഭിക്കുകയുമാണ്. ആസൂത്രണ ത്തിനാവാശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും നിലവിലുള്ളവ പരിഷ്കരിക്കുകയും ചെയ്യേണ്ടത് ഈ ഘട്ടത്തിൽ വളരെ പ്രധാനമാണ്. തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഇൻവെസ്റ്റിഗേറ്ററുടെയും തദ്ദേശഭരണ സ്ഥാപനതലത്തിൽ നിയോഗിക്കുന്ന റിസോഴ്സ് പേഴ്സന്റെയും സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

(2) ആസൂത്രണ ഗ്രാമസഭകൾ എല്ലാ വർഷവും ഡിസംബർ മാസത്തിൽ തന്നെ നടത്താൻ കഴിയണം. പുതിയ പദ്ധതിക്കുള്ള ജില്ലാ ആസൂത്രണ സമിതിഅംഗീകാരം ജനുവരി മാസത്തിൽ തന്നെ പൂർത്തിയാക്കി ഏപ്രിൽ 1 ന് നിർവ്വഹണം ആരംഭിക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

## 17. വാർഷിക പദ്ധതി തയ്യാറാക്കൽ: സമയക്രമം

17.1 ഓരോ വർഷവും പദ്ധതി തയ്യാറാക്കുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് ഇവിടെ നൽകിയിട്ടുള്ളത്. അവസാന തീയതിക്ക് മുൻപ് തന്നെ ഓരോ ഘട്ടവും പൂർത്തിയാക്കുന്നതിന് ശ്രമിക്കണം. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പണത്തിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി നിർബന്ധമായും പാലിക്കേണ്ടതാണ്.

### (എ) 2022-23 വാർഷിക പദ്ധതി

അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ നിർദ്ദേശങ്ങൾ 26.11.2021-ലെ സ.ഉ(എം.എസ്) 275/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിനു തുടർച്ചയായി നടത്തേണ്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന തിനുള്ള കലണ്ടർ ചുവടെ നൽകുന്നു.

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ (ആവശ്യമെങ്കിൽ മാത്രം) | : | 2022 ഏപ്രിൽ 27 |
| 2 | അവസ്ഥാരേഖ പൂർണ്ണമാക്കൽ | : | 2022 ഏപ്രിൽ 30 |
| 3 | ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി. തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ (ഖണ്ഡിക 2.6) | : | 2022 മേയ് 3 |
| 4 | സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം [ഖണ്ഡിക 3.5.6(2)] | : | 2022 മേയ് 5 |
| 5 | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | 2022 മേയ് 7 |
| 6 | ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം [ഖണ്ഡിക 3.5.4(6)] | : | 2022 മേയ് 10 |
| 7 | സംയുക്ത പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം [ഖണ്ഡിക 3.5.4(1)] | : | 2022 മേയ് 11 |
| 8 | നഗര സഞ്ചയ പ്രദേശത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയെയും ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ജില്ലാ തല കർമ്മ പദ്ധതിയെയും അടിസ്ഥാനമാക്കി ഡി.പി.സി. തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ (ഖണ്ഡിക 7.5, 7.4) | : | 2022 മേയ് 12 |
| 9 | സബ്സിഡി ഇനങ്ങൾക്ക് ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ | : | 2022 മേയ് 12 |
| 10 | ഗ്രാമസഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | 2022 മേയ് 14 |
| 11 | ഗ്രാമസഭാ യോഗങ്ങൾ | : | 2022 മേയ് 16-27 |
| 12 | കരട് വികസന രേഖയും കരട് വാർഷിക പദ്ധതി രേഖയും തയ്യാറാക്കൽ | : | 2022 മേയ് 30 |

| | | | |
|---|---|---|---|
| 13 | വികസന സെമിനാർ | : | 2022 ജൂൺ 1 |
| 14 | വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | 2022 ജൂൺ 3 |
| 15 | പ്രോജക്ടുകൾ തയ്യാറാക്കൽ | : | 2022 ജൂൺ 9 |
| 16 | വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | 2022 ജൂൺ 10 |
| 17 | വാർഷിക പദ്ധതി സമർപ്പണം | : | 2022 ജൂൺ 15 |
| 18 | ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2022 ജൂൺ 20 |
| 19 | അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തി ബജറ്റ് പരിഷ്കരിക്കൽ | : | 2022 ജൂൺ 25 |

**(ബി) 2023-24 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ**

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ | : | നവംബർ 1 |
| 2 | അവസ്ഥാരേഖ പരിഷ്കരിക്കൽ | : | നവംബർ 15 |
| 3 | ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ (ഖണ്ഡിക 2.6) | : | നവംബർ 15 |
| 4 | നഗര സഞ്ചയ പ്രദേശത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയെയും ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ജില്ലാ തല കർമ്മ പദ്ധതിയെയും അടിസ്ഥാനമാക്കി ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ നൽകൽ (ഖണ്ഡികകൾ 7.4, 7.5) | : | നവംബർ 15 |
| 5 | സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം [ഖണ്ഡിക 3.5.6(2)] | : | നവംബർ 18 |
| 6 | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | നവംബർ 23 |
| 7 | ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം [ഖണ്ഡിക 3.5.4(6)] | : | നവംബർ 26 |
| 8 | സംയുക്ത പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം [ഖണ്ഡിക 3.5.4(1)] | : | നവംബർ 28 |
| 9 | ഗ്രാമസഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | ഡിസംബർ 2 |
| 10 | ഗ്രാമസഭാ യോഗങ്ങൾ | : | ഡിസംബർ 3-15 |
| 11 | ഗ്രാമ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ | : | ഡിസംബർ 18 |

| | | | |
|---|---|---|---|
| | തയ്യാറാക്കൽ | | |
| 12 | ഗ്രാമ പഞ്ചായത്തുകളുടെ വികസന സെമിനാർ | : | ഡിസംബർ 20 |
| 13 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | ഡിസംബർ 31 |
| 14 | ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ തയ്യാറാക്കൽ | : | ജനുവരി 5 |
| 15 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | ജനുവരി 7 |
| 16 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | : | ജനുവരി 15 |
| 17 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | ജനുവരി 22 |
| | **ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ** | | |
| 18 | ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | ഡിസംബർ 31 |
| 19 | ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന സെമിനാർ | : | ജനുവരി 2 |
| 20 | ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | ജനുവരി 4 |
| 21 | ജില്ലാ പഞ്ചായത്തുകളുടെ വികസന സെമിനാർ | : | ജനുവരി 6 |
| 22 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | ജനുവരി 8 |
| 23 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ തയ്യാറാക്കൽ | : | ജനുവരി 15 |
| 24 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | ജനുവരി 17 |
| 25 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | : | ജനുവരി 23 |
| 26 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | ജനുവരി 26 |
| 27 | ഗ്രാമ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | മാർച്ച് 7 |

**അനുബന്ധം 1**

## ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം

**[ഖണ്ഡിക 3.1.2(എ)(2)കാണുക]**

### (എ) ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | വർക്കിംഗ് ഗ്രൂപ്പ് കൺവീനർ | ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ- ഗവേണൻസ്, തനത് വരുമാന വർദ്ധനവ്, വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, സേവന പ്രദാനം മെച്ചപ്പെടുത്തൽ, സദ്ഭരണം, വാതിൽപ്പടി സേവനം മുതലായവ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ധനകാര്യം |
| 2 | കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), മത്സ്യബന്ധനം*, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം, മുതലായവ | കൃഷി ഓഫീസർ | വികസനം |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | വെറ്ററിനറി സർജൻ, മൃഗാശുപത്രി | വികസനം |
| 4 | പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, കുടുംബശ്രീ, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം, മുതലായവ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വികസനം |
| 5 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ക്ഷേമകാര്യം |
| 6 | സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, മുതലായവ) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ക്ഷേമകാര്യം |
| 7 | ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ക്ഷേമകാര്യം |
| 8 | പട്ടികജാതി വികസനം / പട്ടികവർഗ്ഗവികസനം** | അസിസ്റ്റന്റ് സെക്രട്ടറി | ക്ഷേമകാര്യം |
| 9 | ആരോഗ്യം | മെഡിക്കൽ ഓഫീസർ പ്രൈമറി / ഫാമിലി ഹെൽത്ത്സെന്റർ | ആരോഗ്യവും വിദ്യാഭ്യാസവും |
| 10 | കുടിവെള്ളം, ശുചിത്വം മുതലായവ | അസിസ്റ്റന്റ്എഞ്ചിനീയർ | ആരോഗ്യവും വിദ്യാഭ്യാസവും |

| | | | |
|---|---|---|---|
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് പ്രൈമറി സ്കൂൾ | ആരോഗ്യവും വിദ്യാഭ്യാസവും |
| 12 | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | അസിസ്റ്റന്റ് എഞ്ചിനീയർ | വികസനം |
| 13 | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | സെക്രട്ടറി | വികസനം |

* മത്സ്യ വകുപ്പിലെ ഉദ്യോഗസ്ഥ(ൻ) ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥയെ(നെ) കൺവീനറാക്കി പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. അല്ലെങ്കിൽ കൃഷി ഓഫീസർ തന്നെ കൺവീനറാകണം [ഖണ്ഡിക 3.1.2 (എ) (4) കാണുക].

** പട്ടികവർഗ്ഗ വികസനത്തിന് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായ ഒരു ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥ(ൻ) ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥയെ(നെ) കൺവീനറാക്കി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. അല്ലെങ്കിൽ അസിസ്റ്റന്റ് സെക്രട്ടറി കൺവീനറാകണം [ ഖണ്ഡിക 3.1.2 (എ) (5) കാണുക].

**(ബി) ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | വർക്കിംഗ് ഗ്രൂപ്പ് കൺവീനർ | ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ- ഗവേണൻസ്, തനത് വരുമാന വർദ്ധനവ്, സേവന പ്രദാനം, മെച്ചപ്പെടുത്തൽ സദ്ഭരണം, വാതിൽപ്പടി സേവനം മുതലായവ) | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | ധനകാര്യം |
| 2. | കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), മത്സ്യബന്ധനം തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം, മുതലായവ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | വികസനം |
| 3. | മൃഗസംരക്ഷണവും, ക്ഷീര വികസനവും | സീനിയർ വെറ്ററിനറി സർജൻ/ ക്ഷീര വികസന ഓഫീസർ | വികസനം |
| 4. | പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം, മുതലായവ | വ്യവസായ വികസന ഓഫീസർ | വികസനം |
| 5. | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | ക്ഷേമകാര്യം |

| | | | |
|---|---|---|---|
| 6. | സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, മുതലായവ) | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ക്ഷേമകാര്യം |
| 7. | ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ക്ഷേമകാര്യം |
| 8. | പട്ടികജാതി വികസനം / പട്ടികവർഗ്ഗവികസനം* | പട്ടികജാതി വികസന ഓഫീസർ | ക്ഷേമകാര്യം |
| 9. | ആരോഗ്യം | മെഡിക്കൽ ഓഫീസർ സി.എച്ച്.സി / താലൂക്ക് ആശുപത്രി | ആരോഗ്യവും വിദ്യാഭ്യാസവും |
| 10. | കുടിവെള്ളം, ശുചിത്വം മുതലായവ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ആരോഗ്യവും വിദ്യാഭ്യാസവും |
| 11. | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | ആരോഗ്യവും വിദ്യാഭ്യാസവും |
| 12. | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വികസനം |
| 13. | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | സെക്രട്ടറി | വികസനം |

* പട്ടികവർഗ്ഗ വികസനത്തിന് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായ ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ (ൻ) ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥയെ(നെ) കൺവീനറാക്കി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. അല്ലെങ്കിൽ പട്ടികജാതി വികസന ഓഫീസർ കൺവീനറാകണം [ഖണ്ഡിക 3.1.2 (എ) (5) കാണുക].

**(സി) ജില്ലാപഞ്ചായത്ത്**

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | വർക്കിംഗ് ഗ്രൂപ്പ് കൺവീനർ | ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ- ഗവേണൻസ്, തനത് വരുമാന വർദ്ധനവ്, സേവന പ്രദാനം, മെച്ചപ്പെട്ടുത്തൽ സദ്ഭരണം, വാതിൽപ്പടി സേവനം മുതലായവ) | സെക്രട്ടറി ജില്ലാപഞ്ചായത്ത് | ധനകാര്യം |
| 2. | കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം, മുതലായവ | പ്രിൻസിപ്പൽ കൃഷി ഓഫീസർ | വികസനം |

| | | | |
|---|---|---|---|
| 3. | മത്സ്യബന്ധനം | ഡെപ്യൂട്ടി ഡയറക്ടർ/ അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് | വികസനം |
| 4. | മൃഗസംരക്ഷണവും, ക്ഷീരവികസനവും | ജില്ലാമൃഗസംരക്ഷണ ഓഫീസർ | വികസനം |
| 5. | പ്രാദേശികസാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം, മുതലായവ | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | വികസനം |
| 6. | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണം | ക്ഷേമകാര്യം |
| 7. | സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, മുതലായവ) | ജില്ലാ സാമൂഹ്യനീതി ഓഫീസർ | ക്ഷേമകാര്യം |
| 8. | ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും | ജില്ലാ വനിതാ ശിശുവികസന ഓഫീസർ | ക്ഷേമകാര്യം |
| 9. | പട്ടികജാതി വികസനം | ജില്ലാ പട്ടികജാതി വികസന ഓഫീസർ | ക്ഷേമകാര്യം |
| 10. | പട്ടികവർഗ്ഗ വികസനം | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി/ പട്ടികവർഗ്ഗവികസന ഓഫീസർ | ക്ഷേമകാര്യം |
| 11. | ആരോഗ്യം | ജില്ലാമെഡിക്കൽ ഓഫീസർ | ആരോഗ്യവും വിദ്യാഭ്യാസവും |
| 12. | കുടിവെള്ളം, ശുചിത്വം മുതലായവ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | ആരോഗ്യവും വിദ്യാഭ്യാസവും |
| 13. | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ആരോഗ്യവും വിദ്യാഭ്യാസവും |
| 14. | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് | പൊതുമരാമത്ത് |
| 15. | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | സെക്രട്ടറി ജില്ലാ പഞ്ചായത്ത് | പൊതുമരാമത്ത് |

**അനുബന്ധം 2**

## 'ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രത്യേക ചുമതലതകൾ

**[ഖണ്ഡിക 3.1.2 (ബി)(15) കാണുക]**

**(എ) ദുരന്ത നിവാരണം**

(1) നിലവിലുള്ള ദുരന്ത നിവാരണ പ്ലാൻ അവലോകനം ചെയ്ത് അവസ്ഥാ വിശകലനം കൂടി നടത്തിയ ശേഷം അവ കാലാനുസൃതമാക്കുക .

(2) എല്ലാ മേഖലയിലേയും ദുരന്ത നിവാരണ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് നേതൃത്വം നൽകുക.

(3) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തടസ്സമായേക്കാവുന്ന നിർമ്മിതികൾ പരമാവധി കുറയ്ക്കുന്നതിന് സഹായകരമാകുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

(4) ദുരന്ത നിവാരണ വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ഗ്രൂപ്പ് രൂപീകരിക്കുക

**(ബി) കാലാവസ്ഥാ വ്യതിയാനം – പരിസ്ഥിതി സംരക്ഷണം**

(1) കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങൾ (Green house Gases) പരമാവധി കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.

(2) ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന്/ലഘൂകരിക്കുന്നതിന് ദേശീയ, സംസ്ഥാന സർക്കാരുകൾ ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ ചുവടു പിടിച്ച് പ്രാദേശിക കർമ്മ പദ്ധതിക്ക് രൂപം നൽകുക.

(3) പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ സംവിധാനങ്ങൾ സ്വീകരിക്കുന്നതിനും സഹായകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക.

(4) ക്ലൈമറ്റ് റെസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തന പദ്ധതി ആവിഷ്ക്കരിക്കുക.

(5) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക

(6) കാർബൺ ന്യൂട്രൽ തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക.

(7) പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി പരിഹാര നടപടികൾ നിർദ്ദേശിക്കുക.

**(സി) ജൈവ വൈവിദ്ധ്യം**

(1) ജൈവവൈവിധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുന്നതിന് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ സഹായിക്കുക.

(2) ജൈവവിവിധ്യ പരിപാലനത്തിനുള്ള തദ്ദേശഭരണ സ്ഥാപനതല പദ്ധതി തയ്യാറാക്കുന്നതിന് നേതൃത്വം നൽകുക.

(3) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, സാമൂഹ്യ സംഘടനകളുടെ സ്ഥലങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.

(4) അധിനിവേശ സസ്യങ്ങൾ, ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക.

അനുബന്ധം 3

## വികസന മുൻഗണന – അഭിപ്രായ സർവേ

[ഖണ്ഡിക 3.2.1 (8) കാണുക]

| ക്രമ നമ്പർ | വികസന പ്രശ്നങ്ങൾ / വികസന സാദ്ധ്യതകൾ* | മുൻഗണനാക്രമം റാങ്ക് നൽകി അടയാളപ്പെടുത്തുക |
|---|---|---|
| 1 | കൃഷി : നെല്ലിന്റേയും പച്ചക്കറിയുടേയും ഉത്പാദനം | |
| 2 | മൃഗ പരിപാലനം : പാൽ, മുട്ട, ഇറച്ചി ഉത്പാദനം | |
| 3 | മാലിന്യം : മാലിന്യ നിർമ്മാർജ്ജനം | |
| 4 | പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുക | |
| 5 | പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുക | |
| 6 | തൊഴിലവസരങ്ങൾ സൃഷ്ടിക്കുക | |
| 7 | സംരംഭകത്വ വികസനം | |
| 8 | കുടിവെള്ളം, ജലസംരക്ഷണം | |
| 9 | റോഡും ഗതാഗതവും | |
| 10 | പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമവും വികസനവും | |
| 11 | സ്ത്രീ സുരക്ഷ –സ്ത്രീ ശാക്തീകരണം | |
| 12 | കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമം | |
| 13 | കലയും കായിക വിനോദവും വികസിപ്പിക്കൽ | |
| 14 | പഞ്ചായത്ത് ഓഫീസിന്റെ സേവനം മെച്ചപ്പെടുത്തുക | |
| | | |
| | | |
| | | |
| | | |

കുറിപ്പ്:-താങ്കളുടെ അഭിപ്രായത്തിൽ ഏറ്റവും ഉയർന്ന പരിഗണന എന്ന് തോന്നുന്ന ഇനത്തിന് റാങ്ക് നമ്പർ 1 എന്നും തുടർന്നുള്ളവയ്ക്ക് അവയുടെ പരിഗണനാ ക്രമത്തിലും റാങ്ക് നമ്പർ നൽകേണ്ടതാണ്.

* മുകളിൽ പ്രതിപാദിച്ചവയ്ക്ക് പുറമെ അധികമായി ഉൾപ്പെടുത്തണം എന്നു തദ്ദേശഭരണ സ്ഥാപനം കരുതുന്ന പ്രശ്നങ്ങൾ എഴുതി ചേർത്ത് ഗ്രാമസഭയുടെ പരിഗണനയ്ക്ക് നൽകാവുന്നതാണ്.

**അനുബന്ധം 4**

## പദ്ധതി ആസൂത്രണ ഗ്രാമസഭാ യോഗത്തിന്റെ കാര്യപരിപാടി (മാതൃക)

**[ഖണ്ഡിക 3.2.3 (8) കാണുക]**

| | ഇനം | | ചുമതലപ്പെട്ടവർ |
|---|---|---|---|
| 1. | സ്വാഗതം | : | ഗ്രാമസഭാ കൺവീനർ |
| 2 | പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് നയസമീപനം (വിശദീകരണം) | : | പ്രസിഡന്റ്/വൈസ് പ്രസിഡന്റ് |
| 3 | മിഷൻ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയും | : | സന്നദ്ധ പ്രവർത്തക/നായ വിദഗ്ദ്ധ/ൻ |
| 4 | മുൻ വാർഷിക പദ്ധതി നിർവ്വഹണത്തെയും നടപ്പ് വാർഷിക പദ്ധതി നിർവ്വഹണ പുരോഗതിയെയും സംബന്ധിക്കുന്ന റിപ്പോർട്ട് അവതരണം | : | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ(ൻ) |
| 5 | അടുത്ത വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയുടെ അവതരണം | : | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരിൽ ഒരാൾ |
| 6 | പൊതു ചർച്ചയും ചോദ്യോത്തരങ്ങളും | : | ചോദ്യങ്ങൾ മുൻകൂട്ടിയോ തൽസമയമോ എഴുതി വാങ്ങിക്കാവുന്നതാണ്. തത്സമയം ചോദ്യങ്ങൾ ചോദിക്കുവാൻ അനുവദിക്കേണ്ടതാണ് |
| 7 | ഗ്രൂപ്പ് ചർച്ച (കരട് പ്രോജക്ട് നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ച) | : | തദ്ദേശഭരണ സ്ഥാപനതലത്തിൽ എത്ര വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടോ അത്രയും ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി പൊതു നിർദ്ദേശങ്ങളും മുൻഗണനകളും തയ്യാറാക്കണം. ഓരോ ഗ്രൂപ്പിലും ഒരു ഫെസിലിറ്റേറ്ററുടെ സേവനം പഞ്ചായത്ത് ലഭ്യമാക്കണം |
| 8 | ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ടിംഗ് (പ്ലീനറി സെഷൻ) | : | ഓരോ ഗ്രൂപ്പിന്റെയും എഴുതി തയ്യാറാക്കിയ നിർദ്ദേശങ്ങളുടെ അവതരണം |
| 9 | കരട് പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച പൊതു ചർച്ച | : | |
| 10 | ചർച്ചകളുടെ ക്രോഡീകരണം, തീരുമാനങ്ങൾ അറിയിക്കൽ | : | പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ |
| 11 | മിനിട്സ്, തീരുമാനങ്ങൾ എന്നിവ എഴുതി പൂർത്തിയാക്കിയ ശേഷം ഒപ്പ് രേഖപ്പെടുത്തൽ | : | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് പുറമേ ഗ്രാമസഭാ യോഗത്തിൽ പങ്കെടുത്ത ഏത് അംഗത്തിനും ഒപ്പ് വയ്ക്കാവുന്നതാണ്. |
| 12 | സമാപനം, നന്ദി | : | ഗ്രാമസഭാ കോഓർഡിനേറ്റർ/സെക്രട്ടറി |

കുറിപ്പ് (1) ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംഘടിപ്പിക്കുന്ന ഗ്രാമസഭയ്ക്ക് സമാനമായ യോഗത്തിന് ഈകാര്യപരിപാടി അനുയോജ്യമായ മാറ്റങ്ങളോടെ അവലംബിക്കാവുന്നതാണ്.

2) ഊരുകൂട്ട യോഗങ്ങൾക്കും ഈ കാര്യപരിപാടി മാതൃകയാക്കാവുന്നതാണ്.

അനുബന്ധം 5

## പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടേയും ചുമതലകൾ

**[ഖണ്ഡിക 3.4.2 (3) കാണുക]**

1. **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക, പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ശുപാർശ ചെയ്യുക, ശുപാർശ ചെയ്ത പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി അംഗീകരിച്ച് പദ്ധതി സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുവാൻ ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്.

2. **വികസന സ്റ്റാന്റിംഗ് കമ്മിറ്റി**

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക, ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണസമിതിയിൽ എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട എല്ലാ രേഖകളും കൃത്യമായും ചിട്ടയായും തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ മുഴുവൻ രേഖകൾ സഹിതം പദ്ധതി യഥാസമയം പരിശോധനയ്ക്കായി സമർപ്പിക്കുക, പദ്ധതി/പ്രോജക്ട് പരിശോധനാ ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ചു നൽകുക എന്നിവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൂടാതെ ചുവടെ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പറഞ്ഞിട്ടുള്ള എല്ലാ ചുമതലകളും വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉണ്ടായിരിക്കുന്നതാണ്.

3. **മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾ**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതുവികസന കാഴ്ചപ്പാടിന് അനുസൃതമായി, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആക്ട് പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുക, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിഷയ ചുമതലയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചുചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, അവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തുക, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിഷയവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക, അപ്രകാരമുള്ള പ്രോജക്ടുകളുടെ കൃത്യതയും നിയമ സാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തു ന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളാണ്.

4. **സ്റ്റിയറിംഗ് കമ്മിറ്റി**

മേൽ പ്രവർത്തനങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ട ചുമതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് ആയിരിക്കും. ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിർവഹിക്കുന്നില്ലെങ്കിൽ പഞ്ചായത്ത് തീരുമാനപ്രകാരം സ്റ്റിയറിംഗ് കമ്മിറ്റിക്ക് ആ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവഹിക്കാവുന്നതാണ്

**അനുബന്ധം 6**

## പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് പരിചരണ സേവനങ്ങളുടെ പാക്കേജ്

**[ഖണ്ഡിക 6.2 (4)കാണുക]**

1 പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് കുറഞ്ഞത് 50 ശതമാനം തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തണം. പരിചരണ സേവനങ്ങളുടെ പാക്കേജിന് അർഹരായ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിന് രണ്ട് ഘട്ടങ്ങളിലെ തിരച്ചിൽ പ്രക്രിയ അനുവർത്തിക്കണം. അതുപ്രകാരം പ്രാഥമിക പരിശോധനയ്ക്കുള്ള മാനദണ്ഡങ്ങളും അഗതി കുടുംബമായി പരിഗണിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങളും ചുവടെ വിവരിക്കുന്നു.

### 1.1 അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

(1) ഭൂരഹിതർ/10 സെന്റിൽ താഴെ ഭൂമിയുള്ളവർ

(2) ഭവന രഹിതർ/ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ

(3) 300 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ലാത്ത കുടുംബങ്ങൾ

(4) ശുചിത്വ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ

(5) ജോലിയുള്ള ഒരാൾപോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി)

(6) വനിത കുടുംബനാഥയായിട്ടുള്ള കുടുംബം

(7) ഭിന്നശേഷിയുള്ളവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം

(8) പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം

### 1.2 അഗതി കുടുംബമായി പരിഗണിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങൾ

(1) ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടേയും പാടശേഖരങ്ങളുടേയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ)

(2) രാത്രികാലം പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

(3) അവിവാഹിതയായ അമ്മ/അമ്മയും കുഞ്ഞും മാത്രം/ഭർത്താവ് ഉപേക്ഷിച്ചതും ദുരിതമനുഭവിക്കുന്നതുമായ വനിതകൾ

(4) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന, അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

(5) തീരാവ്യാധികൾ/ ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും

(6) കുടുംബത്തിൽ ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം

(7) ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ

(8) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

**1.3 അഗതി കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കൽ**

അഗതികളെ കണ്ടെത്തുന്നതിന് അവലംബമാക്കിയിട്ടുള്ള 8 മാനദണ്ഡങ്ങളിൽ 6 മാനദണ്ഡങ്ങളെങ്കിലും ബാധകമായിട്ടുള്ള എല്ലാ കുടുംബങ്ങളുടേയും പട്ടിക തയ്യാറാക്കണം. ഇപ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള കുടുംബങ്ങളെ ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കണം. തുടർന്ന് 8 ക്ലേശ ഘടകങ്ങളിൽ ഏതെങ്കിലും ഒരു ഘടകം ബാധകമായിട്ടുള്ള കുടുംബത്തെ അഗതി കുടുംബമായി കണക്കാക്കാവുന്നതാണ്. രണ്ട് ഘട്ടങ്ങളിലേയും പരിശോധനയും പട്ടിക തയ്യാറാക്കലും നടത്തുകയെന്നത് ഊരുകൂട്ടത്തിന്റെ ചുമതലയാണ്.

**1.4 അന്തിമ പട്ടിക അംഗീകരിക്കൽ**

(1) മുകളിൽ വിവരിച്ച പ്രകാരം അഗതി കുടുംബങ്ങളുടെ പട്ടിക ഊരുകൂട്ടം തയ്യാറാക്കി കഴിഞ്ഞാൽ ഊരുകൂട്ട അംഗങ്ങൾ കഴിയുന്നിടത്തോളം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കൊപ്പം ഗ്രൂപ്പുകളായി ഓരോ അഗതി കുടുംബവും സന്ദർശിക്കണം.

(2) ഓരോ ഗ്രൂപ്പും, സന്ദർശിക്കുന്ന അഗതി കുടുംബത്തിന്റെ വിശദാംശങ്ങൾ പ്രത്യേകം തയ്യാറാക്കണം. ഇതിനാവശ്യമായ ഫോറങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ലഭ്യമാക്കുന്നതാണ്.

(3) കുടുംബ സന്ദർശനത്തിലൂടെ കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ പട്ടിക ഊരുകൂട്ട യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം തേടണം. ഇത് സംബന്ധിച്ച് ഉണ്ടാകുന്ന ഓരോ പരാതിയും സൂക്ഷ്മമായി പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് ഊരുകൂട്ടത്തിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(4) ഒരു കുടുംബം അഗതി കുടുംബമാണോ എന്ന് തീരുമാനിക്കേണ്ടത് ഊരുകൂട്ടമാണ്.

**2. അർഹരായ പട്ടികവർഗ്ഗ അഗതികൾക്ക് നൽകേണ്ട പരിചരണ സേവനങ്ങളുടെ പാക്കേജ്.**

**2.1 ഭക്ഷണം**

(1) 65 വയസിനു മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ അഗതികൾക്കും അന്നപൂർണ പദ്ധതിപ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി നൽകണം.

(2) യാതൊരു വരുമാനമാർഗ്ഗവും ഇല്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന പട്ടികവർഗ്ഗ അഗതികുടുംബങ്ങൾക്ക്, അന്ത്യോദയ അന്നയോജന പരിപാടി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യം നൽകുന്നതിനാവശ്യമായ തുക പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻ കടയിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.

(3) വേതന തൊഴിൽ ഉറപ്പുവരുത്തുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും (MGNREGS) വേതന തൊഴിലും ഭക്ഷ്യധാന്യവും ഉറപ്പുവരുത്തുന്നതിന് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പരിപാടിയിലും പട്ടികവർഗ്ഗ കുടുംബങ്ങളിലെ അഗതികളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിച്ച് തൊഴിൽ ലഭ്യമാക്കണം.

(4) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന ഫുഡ് സപ്പോർട്ട് പ്രോഗ്രാമിലൂടെയുള്ള (Food Support Programme) ഭക്ഷ്യധാന്യ വിതരണം പട്ടികവർഗ്ഗ കുടുംബശ്രീ അയൽക്കൂട്ട ശൃംഖല മുഖേന ആയിരിക്കണം.

(5) ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗ ബാധിതർ, നിത്യരോഗികൾ, വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ഒരാൾപോലും ഇല്ലാത്തതുമായ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് അംഗൻവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം.

(i) ഈ ചുമതല കുടുംബശ്രീയുടെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളേയും ഏരിയാ ഡെവലപ്‌മെന്റ് സൊസൈറ്റികളേയും ഏൽപ്പിക്കാവുന്നതാണ്.

(ii) ഈ വിഭാഗത്തിലെ അഗതികൾക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

(iii) അപ്രകാരം ഒരു മാസം ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനാവശ്യമായ തുക ഏരിയാ ഡെവലപ്‌മെന്റ് സൊസൈറ്റികൾക്ക് മുൻകൂറായി നൽകാവുന്നതാണ്.

**2.2 ആരോഗ്യ സുരക്ഷ**

(1) ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള പട്ടികവർഗ്ഗ അഗതികളുടെ ചികിത്സയ്ക്കായി, കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം പ്രത്യേക നടപടി സ്വീകരിക്കണം.

(2) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ വ്യത്യസ്തങ്ങളായ ആരോഗ്യ ആവശ്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട ചുമതല ബന്ധപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രം/ഫാമിലിഹെൽത്ത് സെന്ററിനാണ്.

(3) പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് ഏതു രീതിയിലാണ് സേവനം പ്രദാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രവും ഗ്രാമപഞ്ചായത്തും കൂടിയാലോചിച്ചായിരിക്കണം.

(4) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, മറ്റ് സ്രോതസുകൾ എന്നിവയിൽ നിന്ന് ഗ്രാമപഞ്ചായത്തുകൾ പട്ടികവർഗ്ഗ പരിചരണ പാക്കേജിന് ആവശ്യമായ വിഭവം കണ്ടെത്തേണ്ടതാണ്.

(5) ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ മുതലായ രോഗങ്ങളുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ

ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടു ത്തേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതുമാണ്.

(6) ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെകൊണ്ട് രോഗബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യുന്നതിന് ഗ്രാപഞ്ചായത്തുകൾ പരിശ്രമിക്കേണ്ടതാണ്.

(7) പ്രധാനമന്ത്രിയുടെ/മുഖ്യമന്ത്രിയുടെ/പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികവർഗ്ഗ അഗതികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

(8) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം. മരുന്ന് ലഭ്യമാക്കുന്നതിൽ പ്രാഥമിക ആരോഗ്യകേന്ദ്രം/ഇതര സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ആവശ്യമെങ്കിൽ മരുന്ന് വാങ്ങുന്നതിന് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും വിനിയോഗിക്കാവുന്നതാണ്. ഈ പ്രക്രിയയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് ആരോഗ്യ മേഖലാവിദഗ്ധർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി ആവശ്യമായ മരുന്നുകൾ ഏതെന്ന് നിശ്ചയിക്കേണ്ടതും അവ വാങ്ങി രോഗികൾക്ക് നേരിട്ട് നൽകേണ്ടതുമാണ്. രോഗികൾക്ക് യഥാസമയം കൃത്യമായി മരുന്നുകൾ ലഭ്യമാക്കുന്നുവെന്ന് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(9) പരോപകാര തൽപരരായ വ്യക്തികളേയും ധർമ്മ സ്ഥാപനങ്ങളേയും പട്ടികവർഗ്ഗ അഗതികളുടെ ചികിത്സാ ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്ത നങ്ങൾ, ബോധവൽക്കരണ ചർച്ചകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.

(10) ഗ്രാമപഞ്ചായത്ത് സന്നദ്ധസേവന തൽപരരായ ആതുര ശുശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും പട്ടികവർഗ്ഗ അഗതികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

### 2.3 പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിയുള്ളവർക്ക് ആശ്വാസം നൽകൽ

(1) കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ഭിന്നശേഷിക്കാർ അംഗങ്ങളായി ഉള്ള പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കേണ്ടതാണ്.

(2) പട്ടികവർഗ്ഗ അഗതികൾക്ക്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പി ക്കാവുന്നതാണ്.

(3) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും ദേശീയ ഗ്രാമീണ ഉപജീവന മിഷൻ വിഹിതവും ഉപയോഗിച്ച് പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) ഭിന്നശേഷിയുള്ളവരായ പട്ടികവർഗ്ഗക്കാരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര – സംസ്ഥാന സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡുകളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

**2.4 സാമൂഹ്യ സുരക്ഷാ പെൻഷനുകളും വയോജന ക്ഷേമവും**

(1) പട്ടികവർഗ്ഗ അഗതികളിൽ അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകളും മറ്റു ധനസഹായങ്ങളും അനുവദിക്കുന്നതിന് ഉയർന്ന മുൻഗണന നൽകണം.

(2) പട്ടികവർഗ്ഗ വിഭാഗത്തിലെ വയോജനക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2.5 പാർപ്പിടം**

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭവന രഹിതർക്കും ഭൂരഹിത- ഭവനരഹിതർക്കുമുള്ള ആനുകൂല്യങ്ങൾ നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായുള്ള ലൈഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ലഭ്യമാക്കേണ്ടതാണ്.

**2.6 കുടിവെള്ളം**

(1) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായിരിക്കണം ആദ്യ പരിഗണന നൽകേണ്ടത്.

(2) നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.

(3) പട്ടികവർഗ്ഗ ഊരുകൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പ്രോജക്ടുകൾ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ആരംഭിക്കേണ്ടതാണ്.

(4) പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(5) പട്ടികവർഗ്ഗ ഊരുകളിൽ തുറസായ കിണർ കുഴിക്കാവുന്നതാണ്.

**2.7 വിദ്യാഭ്യാസം**

(1) സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഓരോ ഊരിലും സർവേ നടത്തി സ്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ്ഗ കുട്ടികളെ കണ്ടെത്തി അവരെ സ്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

(2) വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ കുട്ടികളും അവരുടെ കുടുംബസ്ഥിതി പരിഗണിക്കാതെ തന്നെ വിദ്യാഭ്യാസം തുടരുന്നുവെന്ന് ഉറപ്പുവരുത്തണം.

(3) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രീമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നൽകാവുന്ന ധനസഹായത്തിന്റെ നിരക്ക് ചുവടെ നൽകുന്നു.

| ഇനം | വാർഷിക അലവൻസിന്റെ പരിധി (രൂപ) |
|---|---|
| **(a) സ്കൂൾ യൂണിഫോം വാങ്ങുന്നതിന്** | |
| (i) 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക്<br>(എട്ടാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് S.S.K യുടെ ഭാഗമായി സ്കൂൾ യൂണിഫോം സൗജന്യമായി ലഭിക്കുന്നുണ്ട്.) | 2000 |
| **(b) നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന്** | |
| (i) ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക്<br>(ii) അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | 750<br>1000 |
| (iii) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | 1300 |
| (c) കുട, ചെരുപ്പ്, ഷൂസ്, സ്കൂൾബാഗ്, പെൻസിൽ, പേന എന്നിവ വാങ്ങുന്നതിന് (എല്ലാ സ്റ്റാൻഡേർഡുകളിലേയും വിദ്യാർത്ഥികൾക്ക്) | 1500 |

(4) ഇപ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായം ഗ്രാമ പഞ്ചായത്തുകൾ മാത്രമേ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകേണ്ടതുള്ളൂ.

(5) പട്ടികവർഗ്ഗ കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികളുടേയും പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തണം. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ, മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് തദ്ദേശഭരണ സ്ഥാപനത്തിൽ രൂപീകരിക്കണം. സപ്പോർട്ട് ഗ്രൂപ്പിന്റെ സംഘടനാ ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് ഓണറേറിയം നൽകാൻ പാടില്ല.

### 2.8 സാമൂഹ്യമായ ഒറ്റപ്പെടൽ

(1) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ അംഗങ്ങളെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ നടപടി സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ അവസാനിപ്പിക്കേണ്ടതാണ്.

(2) പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവ്വഹണം, മേൽനോട്ടം, മോണിട്ടറിംഗ് മുതലായവ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുടെ ചുമതലയാണ്.

(3) പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗര സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അഗതികളെ കണ്ടെത്തുന്നതിനുള്ള സർവേ എന്നിവ ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഏറ്റെടുക്കേണ്ടതാണ്.

(4) പട്ടികവർഗ്ഗ അഗതികളുടെ സർഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റ വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുമുള്ള ആത്മബലം നൽകുന്നതിനും അനുയോജ്യമായ കൗൺസലിംഗ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കണം.

(5) പട്ടികവർഗ്ഗ അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മനഃശാസ്ത്രജ്ഞരുടേയും വിദഗ്ദ്ധരുടേയും പ്രൊഫഷണലു കളുടേയും ഉപദേശാനുസരണം സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

### 2.9 ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ സഹായം ലഭ്യമാക്കൽ

ഗ്രാമപഞ്ചായത്തുകൾ നടത്തുന്ന പട്ടികവർഗ്ഗ അഗതി കുടുംബ പരിചരണ സേവന പാക്കേജിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സഹായം ലഭ്യമാക്കേണ്ടതാണ്.

**അനുബന്ധം 7**

## ജെൻഡർ റിസോഴ്സ് സെന്ററുകൾ (GRC) – വിവിധ തലങ്ങളിൽ

**[ഖണ്ഡിക 6.3.1 (1) കാണുക]**

### (എ) ജില്ലാതല ജെൻഡർ റിസോഴ്സ് സെന്റർ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ റിസോഴ്സ് സെന്ററുകൾക്ക് പിന്തുണ നൽകുന്ന കേന്ദ്ര സംവിധാനമാണ് ജില്ലാതല ജെൻഡർ റിസോഴ്സ് സെന്റർ. ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതി ജെൻഡർ റിസോഴ്സ് സെന്റർ രൂപീകരിക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന ജില്ലാ ആസൂത്രണസമിതിയിലെ ഒരു വനിതാ അംഗം അദ്ധ്യക്ഷയും വനിതാ പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറുമായി 15 അംഗങ്ങളിൽ അധികരിക്കാത്ത ജി.ആർ.സിക്ക് രൂപം നൽകേണ്ടതാണ്. ഇതിൽ വനിതാ സെൽ സി.ഐ, ലീഗൽ സർവീസസ് അതോറിറ്റി പ്രതിനിധി, വനിതാ വികസന ഓഫീസർ, ജെൻഡർ സ്റ്റഡീസ്/വിമൻ സ്റ്റഡീസ് എന്നിവ ഐച്ഛിക വിഷയമായി പഠിച്ചവർ / റിസർച്ച് നടത്തിയവർ, ജെൻഡർ/വിമൻ എന്നീ വിഷയങ്ങളിൽ പ്രവർത്തന പരിചയമുള്ളവർ (അതിൽ ഒരാളെങ്കിലും ട്രാൻസ് ജെൻഡർ /ഇന്റർ സെക്സ് വ്യക്തി ആയിരിക്കേണ്ടതാണ്), കുടുംബശ്രീ ജില്ലാ മിഷൻ പ്രതിനിധി, വികേന്ദ്രീകൃത ആസൂത്രണത്തിൽ പരിജ്ഞാനമുള്ളവർ എന്നിവർ അംഗങ്ങളാവേണ്ടതാണ്. ചുവടെ പറയുന്ന ചുമതലകളും പ്രവർത്തനങ്ങളും ജില്ലാതല ജെൻഡർ റിസോഴ്സ് സെന്റർ നിർവ്വഹിക്കേണ്ടതാണ്.

(1) സ്കൂളുകൾ ഉൾപ്പടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾക്കുള്ള വൈദഗ്ദ്ധ്യം, പിന്തുണ, ഏകോപനം എന്നിവ ഉറപ്പാക്കുക.

(2) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലിംഗനീതിയുമായി ബന്ധപ്പെട്ട പരിപാടികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുക

(3) ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകുക

(4) ലിംഗനീതിയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക സഹായം നൽകൽ, വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ, പരിശീലനം, നൂതന ആശയങ്ങൾ വികസിപ്പിക്കൽ, പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ.

### (ബി) ബ്ലോക്ക്തല ജെൻഡർ റിസോഴ്സ് സെന്റർ

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വനിത അല്ലെങ്കിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ, ബ്ലോക്ക്പഞ്ചായത്ത് നിശ്ചയിക്കുന്ന വനിതാ അംഗം) EOWW(Extension Officer-women welfare) കൺവീനറുമായി 15 പേരിൽ അധികരിക്കാത്ത GRC രൂപീകരിക്കേണ്ടതാണ്. ഇതിൽ CDPO, ഒരു CDS ചെയർപേഴ്സൺ, രണ്ട് വനിത ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ജെൻഡർ/വിമൻ വിഷയങ്ങളിൽ പ്രവർത്തന പരിചയമുള്ളവർ ഈ വിഷയങ്ങളിലെ വിദഗ്ദ്ധർ,

റിസർച്ച് സ്കോളേഴ്സ് എന്നിവർ അംഗങ്ങളാകേണ്ടതാണ്. ചുവടെ പറയുന്ന ചുമതലകളും പ്രവർത്തനങ്ങളും ബ്ലോക്ക്തല ജെൻഡർ റിസോഴ്സ് സെന്റർ നിർവ്വഹിക്കേണ്ടതാണ്.

(1) ബ്ലോക്ക്പഞ്ചായത്തിന്റെ വനിതാ ഘടക പദ്ധതി (WCP) യുക്തി ഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും ഫലപ്രദമായ നിർവ്വഹണം നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക

(2) ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ നടത്തുന്ന ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, ഏകോപനം, പരിശീലനം, സാങ്കേതിക സഹായം, പ്രചരണ പ്രവർത്തനങ്ങൾ മുതലായവ ബ്ലോക്ക്തല ജി.ആർ.സി ഏറ്റെടുക്കേണ്ടതാണ്.

(3) ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ നൽകൽ, ഗ്രാമപഞ്ചായത്ത്തല ജി.ആർ.സികൾ സജീവമാക്കുന്നതിനുള്ള ഇടപെടലുകൾ എന്നിവയും ബ്ലോക്ക് തല ജി.ആർ.സി ഏറ്റെടുക്കേണ്ടതാണ്.

**(സി) ഗ്രാമപഞ്ചായത്ത്തല ജെൻഡർ റിസോഴ്സ് സെന്റർ**

ഗ്രാമപഞ്ചായത്ത്തലത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയും (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വനിത അല്ലെങ്കിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന വനിതാ അംഗം) കുടുംബശ്രീ മെമ്പർ സെക്രട്ടറി കൺവീനറുമായി 15 പേരിൽ അധികരിക്കാത്ത GRC രൂപീകരിക്കേണ്ടതാണ്. ഇതിൽ ICDS സൂപ്പർവൈസർ, CDS ചെയർപേഴ്സൺ, രണ്ട് വനിത ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകരായ 3 വനിതകൾ, കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർ, ജെൻഡർ/വിമൻ എന്നീ വിഷയങ്ങളിൽ പ്രവർത്തന പരിചയമുള്ള 3 പേർ, ഈ വിഷയങ്ങളിലെ വിദഗ്ധരായ 2 പേർ എന്നിവർ അംഗങ്ങളാവേണ്ടതാണ്. ഗ്രാമപഞ്ചായത്ത് തല ജെൻഡർ റിസോഴ്സ് സെന്ററിന്റെ ചുമതലകളും പ്രവർത്തനങ്ങളും ചുവടെ പറയുന്നു.

(1) ഗ്രാമപഞ്ചായത്തിന്റെ വനിതാ ഘടക പദ്ധതി (WCP) യുക്തി ഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും ഫലപ്രദമായ നിർവ്വഹണം നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക

(2) പ്രദേശത്തെ സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക.

(3) തദ്ദേശസ്ഥാപന പരിധിയ്ക്കകത്ത് താമസിക്കുന്ന ട്രാൻസ് ജെൻഡർ/ഇന്റർ സെക്സ് വ്യക്തികളുടെ അവസ്ഥയും പദവിയും മനസ്സിലാക്കുകയും അവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും നടത്തുകയും ചെയ്യുക.

(4) തദ്ദേശഭരണ സ്ഥാപനങ്ങളും ഘടക സ്ഥാപനങ്ങളും ജെൻഡർ സൗഹൃദമാക്കുന്നതിന് ഇടപെടലുകൾ നടത്തുക.

(5) ലിംഗപദവി/ സ്ത്രീപദവി പഠനം നടത്തുക.

(6) ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം, ബോധവൽക്കരണം, കൗൺസിലിംഗ് തുടങ്ങിയവയ്ക്ക് പിന്തുണ നൽകുക.

(7) തദ്ദേശഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾക്കും ഉള്ള വൈദഗ്ധ്യം, പിന്തുണ, ഏകോപനം പരിശീലനം മുതലായവ നൽകുക.

(8) എല്ലാ വർഷവും ലിംഗതുല്യത പെർഫോമൻസ് റിപ്പോർട്ട് തയ്യാറാക്കി പ്രസി ദ്ധീകരിക്കുക.

അനുബന്ധം 8

## ജെൻഡർ ഡെസ്കുകൾ

### [ഖണ്ഡിക 6.3.1(3) കാണുക]

(1) സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകളിലെ പെൺകുട്ടികൾ/ ട്രാൻസ്ജെൻഡർ/ ഇന്റർസെക്സ് കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒന്നോ അതിലധികമോ സ്കൂളുകൾ ഒരു യൂണിറ്റായി കണക്കാക്കി ഒരു കൗൺസിലർക്ക് ചുമതല നൽകികൊണ്ട് ജെൻഡർ ഡെസ്കുകൾ, ജില്ലാപഞ്ചായത്തുകൾക്ക് രൂപീകരിക്കാവുന്നതാണ്. സാമൂഹ്യനീതി, വിദ്യാഭ്യാസം, വനിതാ ശിശു വികസന വകുപ്പുകൾ നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലേഴ്സിനെ ഉപയോഗിച്ച് എല്ലാ ഹൈസ്കൂൾ/ഹയർസെക്കൻഡറി സ്കൂളുകളിലും കൗൺസിലറുടെ സേവനം ഉറപ്പാക്കണം. കൗൺസിലർമാർ അധികമായി വേണ്ടി വരികയാണെങ്കിൽ കരാർ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകൾക്ക് നിയോഗിക്കാവുന്നതും പത്ത് മാസത്തേക്ക് വേതനം നൽകാവുന്നതുമാണ്. സാമൂഹ്യനീതി/ വനിതാ ശിശു വികസന വകുപ്പുകളിലെ മാനദണ്ഡപ്രകാരം യോഗ്യതയും വേതനവും നിശ്ചയിക്കേണ്ടതാണ്.

(2) ചുവടെ ചേർക്കുന്നവർ അംഗങ്ങളായ ജില്ലാതല മോണിട്ടറിംഗ് സമിതി കൗൺസിലർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

| | |
|---|---|
| ചെയർപേഴ്സൺ | ഡി.പി.സി.ചെയർപേഴ്സൺ |
| കൺവീനർ | ജില്ലാ വനിത ശിശു വികസന ഓഫീസർ |
| അംഗങ്ങൾ | ജില്ലാ വനിതാ ക്ഷേമ ഓഫീസർ |
| | ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് |
| | സാങ്കേതിക വിദ്യാഭ്യാസം/ സാങ്കേതിക വൈദഗ്ധ്യം ഉള്ള ഒരു സന്നദ്ധ പ്രവർത്തക/ൻ |
| | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| | ജില്ലാ മെഡിക്കൽ ഓഫീസർ |

അനുബന്ധം 9

## ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ : 2030

**[ഖണ്ഡിക 7.1 (4) കാണുക]**

1. എല്ലാ തരത്തിലും എല്ലായിടത്തുമുള്ള ദാരിദ്ര്യത്തിന് അറുതിവരുത്തുക
2. വിശപ്പ് ഇല്ലായ്മ ചെയ്യൽ, ഭക്ഷ്യസുരക്ഷ, മെച്ചപ്പെട്ട പോഷകാഹാരം എന്നിവ ഉറപ്പ വരുത്തൽ, സുസ്ഥിര കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കൽ
3. എല്ലാ പ്രായത്തിലുമുള്ള എല്ലാ ജനങ്ങൾക്കും ക്ഷേമവും ആരോഗ്യ ജീവിതവും ഉറപ്പാക്കൽ
4. എല്ലാവരെയും ഉൾക്കൊള്ളുന്ന തുല്യതയും ഗുണപരതയുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും വിജ്ഞാനം ആർജ്ജിക്കുന്നതിനുള്ള ആയുഷ്കാല അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. ലിംഗസമത്വം കൈവരിക്കുകയും സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും ചെയ്യുക.
6. ജലത്തിന്റെ ലഭ്യതയും സുസ്ഥിര പരിപാലനവും ശുചിത്വവും ഏവർക്കും ഉറപ്പ വരുത്തുക.
7. താങ്ങാവുന്നതും അവലംബിക്കാവുന്നതും സുസ്ഥിരവും ആധുനികവുമായ ഊർജ്ജത്തിന്റെ, പ്രാപ്യത എല്ലാവർക്കും ഉറപ്പ വരുത്തുക
8. ഏവർക്കും നിലയ്ക്കാത്തതും സർവ്വോന്മുഖവുമായ സുസ്ഥിര സാമ്പത്തിക വളർച്ചയും, ഗുണപരവും ലാഭകരവും മാന്യവുമായ തൊഴിലും ഉറപ്പാക്കൽ
9. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, സുസ്ഥിരവും ഉൾച്ചേർക്കപ്പെട്ടതുമായ വ്യാവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക, നൂതനാശയങ്ങൾ പരിപോഷിപ്പിക്കുക.
10. രാജ്യത്തിനകത്തും രാജ്യങ്ങൾക്കിടയിലുമുള്ള അസമത്വം കുറയ്ക്കുക
11. എല്ലാവരേയും ഉൾക്കൊള്ളാവുന്നതും സുരക്ഷിതവുമായ മാറ്റങ്ങൾക്ക് അനുയോജ്യവുമായ രീതിയിൽ നഗരങ്ങളെയും മനുഷ്യ ആവാസവ്യവസ്ഥകളെയും സുസ്ഥിരമാക്കുക.
12. സുസ്ഥിര ഉപഭോഗവും ഉത്പാദനക്രമങ്ങളും ഉറപ്പാക്കുക.
13. കാലാവസ്ഥാവ്യതിയാനവും അതിന്റെ പ്രത്യാഘാതങ്ങളും നേരിടുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുക.
14. സുസ്ഥിര വികസനത്തിനായി മഹാസമുദ്രങ്ങൾ, കടൽ, സമുദ്രവിഭവങ്ങൾ എന്നിവ സംരക്ഷിച്ച് സുസ്ഥിരതയോടെ ഉപയോഗിക്കുക.
15. ഭൗമ-വന ആവാസവ്യവസ്ഥകളുടെ സുസ്ഥിര ഉപയോഗവും സംരക്ഷണവും പുനരുജ്ജീവനവും പ്രോത്സാഹിപ്പിക്കുക വഴി ജൈവവൈവിദ്ധ്യശോഷണത്തിനും മരുവൽക്കരണ പ്രക്രിയക്കും അറുതിവരുത്തി പൂർവ്വസ്ഥിതിയിലാക്കുക.
16. എല്ലാവർക്കും നീതി ഉറപ്പാക്കി, എല്ലാതലങ്ങളിലും കാര്യക്ഷമമായതും ഉത്തരവാദിത്വപൂർണ്ണവും ഉൾച്ചേർക്കപ്പെട്ടതുമായ സ്ഥാപനങ്ങളെ സൃഷ്ടിക്കുകയും സുസ്ഥിര വികസനത്തിനായി സമാധാനപൂർണ്ണവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുക.
17. സുസ്ഥിര വികസനത്തിനായുള്ള ആഗോള പങ്കാളിത്തം പുനരുജ്ജീവിക്കാനാവശ്യമായ നിർവ്വഹണ ഉപാധികൾ ശാക്തീകരിക്കുക.

ഫോറം 1

**പതിനാലാം പഞ്ചവത്സര പദ്ധതി (2022 – 27)**

**ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ**

**[ഖണ്ഡിക 3.1.1 (എ) (1) കാണുക]**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് :

ഭരണസമിതി തീരുമാന നമ്പരും തീയതിയും : വാർഷിക പദ്ധതി......................................

| ക്ര.ന. | പേരും വിലാസവും | ഫോൺ ഇ-മെയിൽഐ.ഡി | പുനസംഘടിപ്പിച്ച ആസൂത്രണസമിതിയിലെ സ്ഥാനം* | ഉൾപ്പെടുന്ന വിഭാഗം** | സ്ത്രീ/ പുരുഷൻ | എസ്.സി/ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം/ പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | | | | | | | | | |
| 2 | | | | | | | | | |
| 3 | | | | | | | | | |
| 4 | | | | | | | | | |
| 5 | | | | | | | | | |
| 6 | | | | | | | | | |
| 7 | | | | | | | | | |
| 8 | | | | | | | | | |
| 9 | | | | | | | | | |
| 10 | | | | | | | | | |
| 11 | | | | | | | | | |
| 12 | | | | | | | | | |
| 13 | | | | | | | | | |
| 14 | | | | | | | | | |
| 15 | | | | | | | | | |
| 16 | | | | | | | | | |

*അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ/കൺവീനർ/അംഗം

** തദ്ദേശഭരണ അദ്ധ്യക്ഷൻ/ സെക്രട്ടറി/ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ/വിദഗ്ധ അംഗം/ സന്നദ്ധപ്രവർത്തകർ

സ്ഥലം :

തീയതി : സെക്രട്ടറിയുടെ പേരും ഒപ്പം

ഫോറം 2

**പതിനാലാം പഞ്ചവത്സര പദ്ധതി (2022 – 27)**
**വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ**
**[ഖണ്ഡിക 3.1.2 (എ) (18) കാണുക]**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : വാർഷിക പദ്ധതി.................................................................

ഭരണസമിതി തീരുമാന നമ്പരും തീയതിയും : വർക്കിംഗ് ഗ്രൂപ്പിന്റെ പേര്.....................................................

| ക്ര.ന. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം* | സ്ത്രീ/ പുരുഷൻ | എസ്.സി/ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം/പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |
| 11 | | | | | | | | |
| 12 | | | | | | | | |
| 13 | | | | | | | | |
| 14 | | | | | | | | |
| 15 | | | | | | | | |

*ചെയർപേഴ്സൺ/വൈസ് ചെയർപേഴ്സൺ/കൺവീനർ/അംഗം

ഓരോ വർക്കിംഗ് ഗ്രൂപ്പിനും പ്രത്യേകം ഫോറം തയ്യാറാക്കണം,

തീയതി : സെക്രട്ടറിയുടെ പേരും ഒപ്പും

**ഫോറം 3**

**പതിനാലാം പഞ്ചവത്സര പദ്ധതി**

**പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും**

**[ഖണ്ഡിക 3.3.6 (3) കാണുക]**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് :...............................................

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:................................... വാർഷിക പദ്ധതി...............................

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത ( ✓ ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാദ്ധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചാത്ത് തലത്തിൽ | മുകൾതട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തൽ |
| | | | | | | | | | | |

*തദ്ദേശഭരണത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാദ്ധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തുകൊണ്ടായിരിക്കണം സാദ്ധ്യതകൾ പരിഗണിക്കേണ്ടത്

സ്ഥലം

തീയതി

ഒപ്പ്

പേര്

കൺവീനർ

ഫോറം 4

**പതിനാലാം പഞ്ചവത്സര പദ്ധതി**

**മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ**

(പൂർത്തിയാകാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ഉൾപ്പെടെ)

**[ഖണ്ഡിക 3.1.2 (ബി) (7) കാണുക]**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് :................................................

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:.................................... വർഷം.....................

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | S.O./ New | GEN/ SCSP/ TSP | പ്രോജക്ടിന്റെ അവസ്ഥ* | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | | |
| | | | | | | | | | | | |
| | ആകെ | | | | | | | | | | |

*പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം :

തീയതി :

ഒപ്പ് :

പേര് :

കൺവീനർ

................................................(വർക്കിംഗ് ഗ്രൂപ്പ്)

**കുറിപ്പ്** :

(1) യഥാർത്ഥ പ്രയോജനം – ഉദാ- ഒരു കുടിവെള്ള പദ്ധതിയുടെ യഥാർത്ഥ പ്രയോജനം എന്നത് 55 കുടുംബങ്ങൾക്ക് പ്രതിദിനം 300 ലിറ്റർ വീതം കുടിവെള്ളം വർഷം മുഴുവൻ ലഭ്യമാക്കുക.

ഫോറം 5

## പതിനാലാം പഞ്ചവത്സര പദ്ധതി
## തൻ വർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ
## [ഖണ്ഡിക 3.1.2 (ബി) (7) കാണുക]

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്.............................................

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്.................................................................. വാർഷിക പദ്ധതി.............................................

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | S.O/New | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| | | | | | | | | | |

*പൂർത്തീകരിച്ചു/ തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം :

തീയതി :

ഒപ്പ്:

പേര്:

കൺവീനർ

--------------------വർക്കിംഗ് ഗ്രൂപ്പ്

ഫോറം 6

**പതിനാലാം പഞ്ചവത്സര പദ്ധതി**

**ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്ന അടുത്ത വർഷത്തെ പ്രോജക്ടുകൾ**

**[3.1.2 (ബി) (7), 3.1.2. (സി) (1) എന്നീ ഖണ്ഡികകൾ കാണുക]**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്....................................................

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്............................................................................ ......................................................വാർഷിക പദ്ധതി

| ക്രമ നം | നിർദ്ദേശിക്കുന്ന പ്രോജക്ടിന്റെ പേര് | ലക്ഷ്യങ്ങൾ എന്തെല്ലാം | ഗുണഭോക്തൃ വിഭാഗം, എണ്ണം, ഗുണഭോക്തൃ പ്രദേശം ഏത് | പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം? എത്ര അളവിൽ (2) | വികസന ഫണ്ട് | മെയിന്റനൻസ് ഫണ്ട് | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | സംസ്ഥാനാവിഷ്കൃതം | വായ്പ | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ അടങ്കൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| | | | | | | | | | | | | | |
| X | ആകെ | X | X | | | | | | | | | | |

**സ്ഥലം :**
**തീയതി :**

**ഒപ്പ്:**
**പേര്:**
**കൺവീനർ**
**........................വർക്കിംഗ് ഗ്രൂപ്പ്**

1. ഗുണഭോക്താക്കളുടെ എണ്ണം അവർ ഏത് വിഭാഗത്തിലുള്ളവർ അല്ലെങ്കിൽ ഏത് പ്രദേശത്തിലുള്ളവർ എന്ന് എഴുതണം
2. എന്തെല്ലാം പ്രവർത്തനങ്ങൾ എന്നും അവ എത്ര അളവിൽ എന്നും എഴുതണം. ബാധകമായ സംഗതികൾ എവിടെ എന്നും എഴുതണം. ഒന്നിലധികം പ്രദേശങ്ങളിൽ നടത്തേണ്ട നിർമ്മാണ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്ടായി നിർദ്ദേശിക്കാൻ പാടില്ല.

**ഫോറം 7**

## പതിനാലാം പഞ്ചവത്സര പദ്ധതി : വിഭവ വകയിരുത്തൽ

**[ഖണ്ഡിക 3.3.6 (5) കാണുക]**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:…......................................................................................

വാർഷിക പദ്ധതി.........................................

1.വിഭവ സ്രോതസ്സുകൾ

| ക്രമ നം | വിഭവ സ്രോതസ്സുകൾ | | | വകയിരുത്തുന്ന തുക (രൂപ) |
|---|---|---|---|---|
| (1) | (2) | | | (3) |
| 1 | വികസന ഫണ്ട് (i) | സാധാരണ വിഹിതം | | |
| | (ii) | പട്ടികജാതി ഉപപദ്ധതി | | |
| | (iii) | പട്ടികവർഗ്ഗ ഉപപദ്ധതി | | |
| | (iv) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് | |
| | | | അൺടൈഡ് | |
| | | ആകെ | | |
| 2 | മെയിന്റനൻസ് ഫണ്ട് (i) | റോഡ് ഇതരം | | |
| | (ii) | റോഡ് | | |
| | | ആകെ | | |
| 3 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാന്റ് | | | |
| 4 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ് | | | |
| 5 | തനത് ഫണ്ട്(ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെ) | | | |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | | |
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | | |
| 8 | വായ്പ – സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | | |
| 9 | വായ്പ- മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | | |
| 10 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽഅടയ്ക്കുന്നത് | | | |
| 11 | ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം - | | | |
| 12 | സന്നദ്ധ സേവനം | | | |
| 13 | സംഭാവന | | | |
| 14 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | (i)ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | | |
| | | (ii) ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് | | |
| | | (iii) ജില്ലാ പഞ്ചായത്തിൽ നിന്ന് | | |
| | | (iv) മുനിസിപ്പാലിറ്റികളിൽ നിന്ന് | | |
| | | (v) കോർപ്പറേഷനിൽനിന്ന് | | |
| | | (vi) നഗരസഞ്ചയ ഗ്രാന്റിൽ നിന്നുള്ള വിഹിതം | | |
| | | ആകെ | | |
| 15 | മറ്റുള്ളവ | | | |
| | **ആകെ മൊത്തം** | x | | |

**2 വികസനഫണ്ടിന്റെ മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തൽ** (രൂപ)

| ക്രമ നം | വിഭാഗം | ആകെ വിഹിതം | മേഖലാ വിഭജനത്തിൽ നിന്നും ഒഴിവാക്കിയ തുക* | ബാക്കി തുക (3-4) | ഉല്പാദന മേഖല | | സേവന മേഖല | | പശ്ചാത്തല മേഖല | |
|---|---|---|---|---|---|---|---|---|---|---|
| | | | | | തുക | ശതമാനം | തുക | ശതമാനം | തുക | ശതമാനം |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | സാധാരണ വിഹിതം | | | | | | | | | |
| 2 | പട്ടികജാതി ഉപപദ്ധതി | | | | | | | | | |
| 3 | പട്ടികവർഗ്ഗ ഉപ പദ്ധതി | | | | | | | | | |
| 4 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് — ബേസിക് ഗ്രാന്റ് | | | | | | | | | |
| | ടൈഡ് ഗ്രാന്റ് | | | | | | | | | |
| 5 | **ആകെ** | | | | | | | | | |

*ലൈഫ് ഭവനപദ്ധതിയ്ക്ക് നീക്കിവെയ്ക്കുന്ന 20 ശതമാനം തുക

**3. നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള / പ്രത്യേക പദ്ധതികൾക്കുള്ള വകയിരുത്തൽ**

| ക്രമ നം | നിർബന്ധമായി തുക വകയിരുത്തേണ്ട വിഭാഗത്തിന്റെ /പ്രത്യേക പദ്ധതിയുടെ പേര് | വകയിരുത്തേണ്ട തുക (രൂപ) | വകയിരുത്തിയ തുക (രൂപ) | | |
|---|---|---|---|---|---|
| | | | വികസന ഫണ്ട് | മറ്റുള്ളവ | ആകെ |
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| X | ആകെ | | | | |

| വി ക്രമ നം | വികസന മേഖല | വകയിരുത്തൽ (രൂപ) | | | | | |
|---|---|---|---|---|---|---|---|
| | | സാധാരണ വിഹിതം | പട്ടികജാതി ഉപപദ്ധതി | പട്ടികവർഗ്ഗ ഉപപദ്ധതി | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | ആകെ |
| | | | | | ബേസിക് ഗ്രാന്റ് | ടൈഡ് ഗ്രാന്റ് | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | കൃഷി | | | | | | |
| 2 | മൃഗസംരക്ഷണം | | | | | | |
| 3 | ക്ഷീര വികസനം | | | | | | |
| 4 | ജലസേചനം | | | | | | |
| 5 | മണ്ണ്-ജലസംരക്ഷണം | | | | | | |
| 6 | പരിസ്ഥിതി സംരക്ഷണം | | | | | | |
| 7 | വിദ്യാഭ്യാസം | | | | | | |
| 8 | കല, സംസ്കാരം, യുവജനക്ഷേമം | | | | | | |
| 9 | ആരോഗ്യം | | | | | | |
| 10 | കുടിവെള്ളം | | | | | | |
| 11 | ശുചിത്വം, മാലിന്യ സംസ്കരണം | | | | | | |
| 12 | പാർപ്പിടം | | | | | | |
| 13 | സാമൂഹ്യക്ഷേമം | | | | | | |
| 14 | ഊർജ്ജം | | | | | | |
| 15 | പൊതുമരാമത്ത് | | | | | | |
| 16 | മറ്റുള്ളവ | | | | | | |
| | ആകെ | | | | | | |

ഫോറം 8

## പതിനാലാം പഞ്ചവത്സര പദ്ധതി : സമഗ്ര പരിപാടി തയ്യാറാക്കുന്നതിനുള്ള ഫോറം

**[ഖണ്ഡിക 3.5.5 (4) കാണുക]**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ...............................................

വാർഷിക പദ്ധതി :.......................................

### I. പരിപാടിയുടെ സംഗ്രഹം

| ക്രമ നം. | ഇനം | വിവരണം |
|---|---|---|
| 1 | പരിപാടിയുടെ പേര് | |
| 2 | പരിപാടിയുടെ നമ്പർ * | |
| 3 | നോഡൽ ഓഫീസർ ** | |
| 4 | പ്രധാന ലക്ഷ്യങ്ങൾ | |
| 5 | പ്രധാന പ്രവർത്തനങ്ങൾ | |
| 6 | പങ്കാളികളാകുന്ന സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ | |
| 7 | നിർദ്ദേശിക്കുന്ന ഏകോപന, സംയോജന സാദ്ധ്യതകളും സംയോജിപ്പിക്കുന്ന പരിപാടികളും | |
| 8 | പ്രതീക്ഷിത ആകെ ചെലവ് | |
| 9 | മോണിട്ടറിംഗ് സംവിധാനം | |

* പരിപാടികൾക്ക് C1,C2,C3 …… എന്നിങ്ങനെ ക്രമനമ്പർ നൽകണം.

** ഒരു സമഗ്ര പരിപാടിക്ക് ഒരു നോഡൽ ഓഫീസർ ഉണ്ടാകണം. [ഖണ്ഡിക 3.5.5 (3) കാണുക.]

### II. തദ്ദേശഭരണ സ്ഥാപനം വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മേഖല | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | **ആകെ** | | | | x |

### III. മറ്റ് പ്രവർത്തനങ്ങൾ

| ക്രമ നം | ഇനം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന ഏജൻസികൾ | പ്രതീക്ഷിത ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥ (ൻ) |
|---|---|---|---|---|---|
| 1 | തദ്ദേശഭരണ സ്ഥാപനം പ്രോജക്ടിലൂടെ അല്ലാതെ ഏതെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് | | | | |

| | | | | | |
|---|---|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ. | | X | | |
| 2 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ നടത്തുന്നവ | | | | |
| 3 | സന്നദ്ധ സംഘടനകൾ, ഗുണഭോക്തൃ ഗ്രൂപ്പുകൾ, ഗുണഭോക്താക്കൾ എന്നിവ ചെയ്യേണ്ടവ. | | | | X |
| | ആകെ | X | X | | X |

കുറിപ്പ്:1. ഒരു സമഗ്രപരിപാടിയിലെ പ്രോജക്ടുകൾ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്നാണ് നടപ്പാക്കുന്നതെങ്കിലും സമഗ്രപരിപാടി ആവിഷ്കരിച്ച തദ്ദേശഭരണ സ്ഥാപനം മാത്രമേ ഈ ഫോറം തയ്യാറാക്കേണ്ടതുള്ളു.

2. നോഡൽ ഓഫീസറാണ് ഈ ഫോറം തയ്യാറാക്കേണ്ടത്.

3. ഓരോ സമഗ്ര പരിപാടിക്കും പ്രത്യേകം ഫോറം തയ്യാറാക്കണം.

ഫോറം 9

## പതിനാലാം പഞ്ചവത്സര പദ്ധതി

## വാർഷിക പദ്ധതിക്ക് ലഭ്യമാകുന്ന തനത് ഫണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

## [ഖണ്ഡിക 5.1 (13) കാണുക]

**ഭാഗം 1 : (തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കേണ്ടത്)**

തദ്ദേശഭരണ സ്ഥാപനം :------------------------------------------ ബ്ലോക്ക്....................................

ജില്ല................................................................. വർഷം..........................

| | | |
|---|---|---|
| 1. | തനത് വരുമാനത്തിന്റെ പ്രാരംഭ ബാക്കി | |
| 2. | തൻ വർഷം ബജറ്റ് പ്രകാരമുള്ള തനത് വരുമാനം | |
| | (i) നികുതി വരുമാനം | |
| | (ii) നികുതിയേതര വരുമാനം | |
| | (iii) ആകെ | |
| 3 | സംസ്ഥാന ബജറ്റിലൂടെ തൻവർഷം ലഭിക്കുന്ന ജനറൽ പർപ്പസ് ഫണ്ട് | |
| 4 | ആകെ തനത് വരുമാനം (1+2+3) | |
| 5 | ബജറ്റ് പ്രകാരം ഭരണ/ നിർബന്ധിത/അസാധാരണ ചെലവുകൾക്ക് വകയിരുത്തിയിട്ടുള്ള തുക | |
| 6 | ഭരണ/ നിർബന്ധിത/അസാധാരണ ചെലവുകൾക്ക് ആവശ്യമായത് കഴിച്ചുള്ള ബാക്കി തുക ( 4-5) | |
| 7 | ഖണ്ഡിക 5.1.(11) പ്രകാരം അടിയന്തിര പ്രോജക്ടുകൾക്ക് മാറ്റി വയ്ക്കുന്ന തുക | |
| 8 | വാർഷിക പദ്ധതിക്ക് ലഭ്യമാക്കേണ്ട തുക (6-7) | |
| 9 | മുൻ വർഷം തനത് ഫണ്ടിനത്തിൽ വാർഷിക പദ്ധതിക്ക് ചെലവഴിച്ച തുക | |
| 10 | ഇനം 9-ലെ തുകയോടൊപ്പം അതിന്റെ 15% കൂട്ടിയാൽ ലഭിക്കുന്ന തുക (ഇനം 9 ലെ സംഖ്യയുടെ 115%) | |
| 11 | മുൻ വർഷം തനത് ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ 115 ശതമാനത്തിൽ കൂടുതൽ തുക വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടോ? | ഉണ്ട്/ ഇല്ല |

സെക്രട്ടറിയുടെ പേരും ഒപ്പം

സ്ഥലം,

തീയതി. ഓഫീസ് മുദ്ര

**ഭാഗം 2:** (മുൻ വർഷം തനത് ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ 115 ശതമാനത്തിൽ കൂടുതൽ തുക അടുത്ത വാർഷിക പദ്ധതിയിൽ വകയിരുത്തുകയാണെങ്കിൽ മാത്രമേ രണ്ടാം ഭാഗം ആവശ്യമുള്ളൂ)

1. കണക്കുകൾ പരിശോധിച്ച ഉദ്യോഗസ്ഥയുടെ (ന്റെ) അഭിപ്രായം (ആവശ്യമെങ്കിൽ പ്രത്യേകം കുറിപ്പ് നൽകുക)

---------------------------------------------------------------------------------------------------------------------------------------

---------------------------------------------------------------------------------------------------------------------------------------

------------------------------------------------------------------------------------------

2. ലഭ്യമായ കണക്കുകളും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്ന് ....................................................... തുക വാർഷിക പദ്ധതിയിൽ വകയിരുത്താമെന്ന് ശുപാർശ ചെയ്യുന്നു.

ഒപ്പ് :

സ്ഥലം,

തീയതി. ഓഫീസ് മുദ്ര പേര് :

തസ്തിക: